# മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Five Star Offset printers, Cochin

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

ചൈനീസ് ഭാഷയിലേയ്ക്ക് വേദപുസ്തകം തർജ്ജമ ചെയ്ത മിഷനറിയായിരുന്നു റോബർട്ട് മോറിസൺ. സ്നേഹവും പ്രോത്സാഹനവുമാണ് ജീവിതത്തിന്റെ ഊഷരതയും നൈരാശ്യവും മാറ്റുന്നത് എന്നതിന്റെ മകുടോദാഹരണമാണ് റോബർട്ട് മോറിസൺ. വർഷങ്ങൾക്ക് മുമ്പ് സ്കോട്ട്ലന്റിലെ ഒരു മഹതി, വഴിയോരത്ത് അലഞ്ഞുതിരിഞ്ഞ് നടന്ന കുട്ടികളെ തെരഞ്ഞുപിടിച്ച് ദൈവവചനം പഠിപ്പിച്ചു. ആ കുട്ടികൾ വിട്ടുപോകാതിരിപ്പാൻ ഓരോരുത്തർക്കും പുതിയ സ്യൂട്ട് മേടിച്ച് കൊടുത്തു.

എന്നാൽ ഒരു കുട്ടി പിന്നീട് വന്നില്ല. ആ കുട്ടിയെ തേടി മഹതി പുറപ്പെട്ടപ്പോൾ അഴുക്കു പുരണ്ട കീറിയ വസ്ത്രങ്ങൾ ധരിച്ച് ആ ബാലനെ ലക്ഷ്യമില്ലാതെ അലഞ്ഞു തിരിയുന്നവനായി കണ്ടെത്തി. അവനെ വിളിച്ചുകൊണ്ടുവന്ന് വേറെ പുതിയൊരു സ്യൂട്ട് അവനെ ധരിപ്പിച്ചു. വീണ്ടും അവൻ ആ സണ്ടേസ്കൂളിൽ വരാതായി. പഠിപ്പിക്കുന്ന ടീച്ചർ ഇനി അവനെ അന്വേഷിക്കേണ്ടതില്ല എന്ന് പറഞ്ഞിട്ടും അവനെ തേടി കണ്ടെത്തിയ ആ മഹതി അവന് മൂന്നാമതും ഒരു സ്യൂട്ട് വാങ്ങിക്കൊടുക്കാമെന്ന് തീരുമാനിച്ചു. സ്നേഹമോലുന്ന ആ മഹതിയുടെ പെരുമാറ്റം അവനെ ക്രിസ്തുവിലേക്കടുപ്പിച്ചു.

അവൻ ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു. അവനാണ് ചൈനയിലെ എണ്ണമില്ലാത്ത ആളുകൾക്ക് ചൈനീസ് ഭാഷയിലേക്ക് വേദപുസ്തകം തർജ്ജമ ചെയ്ത റോബർട്ട് മോറിസൺ.

നിരാശമുറ്റിയ ജീവിതത്തിൽ പുതുനാമ്പുകൾ കിളിർക്കുവാൻ തിരുവചനത്തിന്റെ അത്ഭുതശക്തി എക്കാലത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവർ ജീവിതത്തിൽ മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുന്നവരാണ്. സാമുവൽ ജോൺ മിൽസ് ആത്മാക്കളെക്കുറിച്ചുള്ള ദാഹംകൊണ്ട് പൗരസ്ത്യ ദേശങ്ങളിലേക്ക് മിഷനറിമാരെ അയയ്ക്കുവാൻ പരിശ്രമിച്ചു.

1806-ൽ വില്യംസ് കോളേജിലെ അഞ്ചു വിദ്യാർത്ഥികൾ കൊടുങ്കാറ്റിൽനിന്ന് രക്ഷപ്പെടാൻ ഒരു വൈക്കോൽ കൂനയുടെ പിന്നിൽ ഒന്നിച്ചിരുന്ന് പ്രാർത്ഥന ആരംഭിച്ചു. ആ പ്രാർത്ഥനയുടെ ഫലമായിട്ടാണ് വിദേശത്തേക്ക് സുവിശേഷം അറിയിപ്പാൻ വിശ്വാസികളെ അയയ്ക്കാനിടയായത്. അവരിൽ ഒരാളാണ് 1812-ൽ ഏഷ്യയിലെ സുവിശേഷവേലയ്ക്ക് പുറപ്പെട്ട അഡോണിറാം ജെഡ്സൺ.

അമേരിക്കൻ ബൈബിൾ സൊസൈറ്റിയും യുണൈറ്റഡ് ഫോറിൻ മിഷണറി സൊസൈറ്റിയും 1250 മിഷണറിമാരെ ദൈവവേലയ്ക്കുവേണ്ടി അയച്ചു. 150 വർഷങ്ങൾക്കുശേഷം അമേരിക്കൻ ബോർഡ് അയ്യായിരം മിഷണറിമാരെ വിവിധ രാജ്യങ്ങളിലേക്ക് പറഞ്ഞയച്ചു. ഈ വലിയ സുവിശേഷയത്നത്തിനു പിന്നിൽ വൈക്കോൽ കൂനയുടെ പിറകിൽ മറഞ്ഞിരുന്ന അഞ്ച് യുവാക്കന്മാരുടെ സമർപ്പണമാണ് കാരണമായത്.

ജീവിതം മടുത്ത് ലക്ഷ്യബോധം നഷ്ടപ്പെട്ട് വരണ്ടു

ണങ്ങിയ ഹൃദയങ്ങളുമായി വലയുന്ന മനുഷ്യർക്ക് ക്രിസ്തുവിനെ ലഭിച്ചാൽ അവർ മൊട്ടക്കുന്നിന്മേൽ വിജയക്കൊടി നാട്ടുന്നവരായിത്തീരും. എന്നും കൂടെക്കൂടെ പാപത്തോട് പോരാടി തോറ്റ് വിഷാദവിവശരായി കഴിയുന്ന ഏതൊരാൾക്കും ക്രിസ്തുവിന്റെ ക്രൂശുമരണത്തിലേക്ക് നോക്കി വിജയമകുടം ചൂടാം.

കുരിശ് ഒരു പരാജയമല്ല. അത് വിജയവൈജയന്തിയാണ്. ഒരു നറുനാമ്പും വിരിയാത്ത മൊട്ടക്കുന്നിന്മേൽ ക്രിസ്തുവിന്റെ ജയക്കൊടി നാട്ടുമ്പോൾ സ്നേഹത്തിന്റെയും നന്ദിയുടെയും സ്തുതിഗീതങ്ങൾ പൊഴിയും. പാപത്തോടും പിശാചിനോടും പോരാടി തളർന്ന മനുഷ്യൻ ക്രൂശിലെ ത്യാഗോജ്ജ്വലമായ നിത്യസ്നേഹത്തെ കണ്ടെത്തുമ്പോൾ വിജയാഹ്ലാദംകൊണ്ട് ക്രിസ്തുവിനെ സ്തുതിക്കും.

ഈ ആശയത്തിന്റെ വിപുലീകരണമാണ് എന്റെ, “മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ” എന്ന ലഘു ഗ്രന്ഥം. ഈ പുസ്തകം വായിക്കുന്നവർക്ക് പുത്തൻ പ്രതീക്ഷകൾ ഉണരുമെന്ന് ഞാൻ ആശിക്കുന്നു, പ്രതീക്ഷിക്കുന്നു.

എന്റെ സ്വന്തം അനുഭവത്തിൽ നിരാശ തളർത്തിയ മൊട്ടക്കുന്നുകളായിരുന്നു എന്റെ ദിനരാത്രങ്ങൾ. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ച് നിരാശനായി, അനാഥനായി, നിസ്സഹായനായി, നിരാശയിലാണ്ടുപോയ എനിക്ക് പ്രത്യാശയുടെ കൊടി ഉയർത്തിയ യേശുക്രിസ്തുവിനോടുള്ള സ്നേഹവും കടപ്പാടുമാണ് ഈ പുസ്തകം രചിക്കുവാൻ പ്രേരകമായത്.

ഈ ഗ്രന്ഥരചനയിൽ എന്നെ പ്രോത്സാഹിപ്പിക്കു

കയും DTP, കവർപേജ്, എഡിറ്റിംഗ് മുതലായ വിവിധ രംഗങ്ങളിൽ സഹായിക്കുകയും ചെയ്ത എന്റെ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരോടുള്ള എന്റെ നിസ്സീമമായ കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിക്കട്ടെ.

ഇത് വായിക്കുന്ന അനുവാചകരുടെ ഹൃദയത്തിൽ അത്ഭുതകരമായ വിജയാനുഭവം സംപ്രാപ്തമാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*‘‘ആമോസിന്റെ മകനായ യെശയ്യാവ് ബാബേലിനെക്കുറിച്ചു ദർശിച്ച പ്രവാചകം: മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ; അവർ പ്രഭുക്കന്മാരുടെ വാതിലുകൾക്കകത്തു കടക്കേണ്ടതിന് ശബ്ദം ഉയർത്തി അവരെ കൈകാട്ടി വിളിപ്പിൻ.”           യെശയ്യാവ് 13 : 1, 2*

“മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ.” ഇന്ന് നമ്മുടെ പലരുടേയും ഹൃദയം മൊട്ടക്കുന്നുപോലെയാണ്. വളരെ ഉയരമുള്ള കുന്നാണ്. പക്ഷേ, അതിൽ ഒരു ചെറിയ സസ്യം പോലും മുളയ്ക്കുകയില്ല; ഊഷരഭൂമിയാണ്. ഒരു മരുപ്പറമ്പു പോലെയാണത്. അവിടെ എന്തു നട്ടാലും വളരുകയില്ല, ഫലം കിട്ടുകയില്ല. അവിടം തികച്ചും ഉണങ്ങിയ ഭൂമിയാണ്; വരൾച്ച! മൊട്ടക്കുന്ന്!

കർത്താവായ യേശുക്രിസ്തു, നിരാശപ്പെട്ടിരിക്കാതെ മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്താനാണ് നമ്മോട് പറയുന്നത്. നമ്മുടെ പലരുടേയും വീടുകൾ മൊട്ടക്കുന്നു കളാണ്. എന്നും കലഹം, എന്നും അഭിപ്രായ വ്യത്യാസം, എന്നും വാഗ്വാദങ്ങൾ! എന്നും മനസ്സ് നീറിപ്പുകയുന്ന അനുഭവങ്ങൾ! നിരാശപൂണ്ട അനുഭവങ്ങൾ! ആകെ തളർന്ന ജീവിതം!

ഐശ്വര്യമായി ഒന്നും അവിടെ വളരുകയില്ല. പ്രയോജ നമുള്ള ഒന്നും അവിടെ വളരുകയില്ല. ചീത്തവാക്കുകൾ,

പ്രാക്ക്, ശാപം, അസഭ്യസംഭാഷണം, അശ്ലീലമായ സംഭാഷണം, വൃത്തികെട്ട പെരുമാറ്റങ്ങൾ! ഓരോ വീടും ഇന്ന് മൊട്ടക്കുന്നുകളാണ്.

നിങ്ങളുടെ വീട് മൊട്ടക്കുന്നല്ലേ? ഒരു സംതൃപ്തിയുണ്ടോ? മതി, കർത്താവേ മതി, സന്തോഷമാണ് കർത്താവേ എന്നു പറയാൻ പറ്റുന്നുണ്ടോ? അയ്യോ! അല്ല കർത്താവേ! എന്നും ദുരിതമാണല്ലോ, എന്നും അസമാധാനമാണല്ലോ, സ്വസ്ഥതയില്ലല്ലോ.

ഒന്നിനു മീതെ ഒന്നായി ഓരോരോ പ്രതിസന്ധികൾ എന്റെ ജീവിതത്തിലേക്കു വരികയാണല്ലോ. എന്റെ കർത്താവേ, എന്റെ ജീവിതമാകെ തകർന്നുപോയല്ലോ. മനോഹരമായ ഒരു പാത്രം ഉടഞ്ഞു പോകുന്നതുപോലെ എന്റെ ജീവിതം ഉടഞ്ഞു പോയല്ലോ. ഭാവിയെക്കുറിച്ചുള്ള എന്റെ പ്രതീക്ഷകളെല്ലാം മങ്ങിപ്പോയല്ലോ.

ഭാവിയെക്കുറിച്ച് മോഹനപ്രതീക്ഷകൾ പലതും ഉണ്ടായിരുന്നു. എല്ലാം നഷ്ടപ്പെട്ടു. ഞാൻ ചില സ്വപ്നങ്ങൾ നെയ്തെടുത്തിരുന്നു. പക്ഷേ, എന്റെ സ്വപ്നങ്ങളെല്ലാം കരിഞ്ഞുണങ്ങിപ്പോയി. എന്റെ കർത്താവേ, എന്റെ വീട് മൊട്ടക്കുന്നായിരിക്കുന്നു. എന്റെ കുടുംബം ഇന്ന് കുടുംബമെന്ന് പറയാൻ നിർവ്വാഹമില്ല. ഇന്ന് അത് വെറും 'വീടു' മാത്രമായിരിക്കുന്നു. അവിടെ പരസ്പരം സ്നേഹമില്ല, പരസ്പരം അഭിപ്രായവ്യത്യാസമാണ്. ചിലപ്പോൾ ഒരു നിസ്സാരകാര്യമായിരിക്കും. കുറച്ചു കഴിഞ്ഞു ചിന്തിക്കുമ്പോൾ എന്തിനാണു വഴക്കു കൂടിയതെന്ന് മനസ്സിലാകുന്നില്ല. കോപിക്കേണ്ട കാര്യമൊന്നുമില്ലായിരുന്നല്ലോ എന്നു തോന്നും. പക്ഷേ, പെട്ടെന്ന് ശുണ്ഠിയും കോപവും വന്നു കഴിഞ്ഞു.

ഭാര്യ, ഭർത്താവ്, അപ്പൻ, അമ്മ, മക്കൾ, ആർക്കാണെങ്കിലും നിസ്സാരകാര്യം മതി പെട്ടെന്ന് ശുണ്ഠി വരാൻ. മനസ്സിൽ പല നാളുകളായി ഉറഞ്ഞു കൂടിയിരുന്ന വിദ്വേഷവും മത്സരചിന്തകളും

നൈരാശ്യവും എല്ലാം കൂടിച്ചേർന്ന് അവിടെ ശാപവാക്കുകൾ പൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്. ശാപവാക്കുകൾ! ചിലപ്പോൾ മദ്യം കുടിച്ച് ലക്കില്ലാതെ ഭർത്താവ് വന്ന് ഭാര്യയെ ഉപദ്രവിക്കുകയായിരിക്കും. മക്കൾക്ക് പഠിക്കാൻ സാധിക്കുന്നില്ല. അപ്പൻ അമ്മയെ തല്ലുന്നതു കണ്ടുകൊണ്ട് മക്കൾ എങ്ങനെ പഠിക്കും? അവരുടെ ജീവിതം വിരസമായിത്തീരുന്നു.

വൈവാഹിക ജീവിതത്തിലേക്കു വന്നു കഴിയുമ്പോൾ ഒരു കുഞ്ഞിനെ കിട്ടുകയെന്നത് നമ്മുടെ ആവശ്യമാണ്; ആഗ്രഹമാണ് എന്നാൽ ഒരു കുഞ്ഞിനെ കിട്ടുന്നില്ല. ഡോക്ടർമാർ നോക്കി, കുഴപ്പമൊന്നും കാണുന്നില്ല. പക്ഷേ, ഒരു കുഞ്ഞ് പിറക്കാനുള്ള സാധ്യതയില്ല. മൊട്ടക്കുന്നാണ്.

എന്നാൽ മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്താൻ കർത്താവ് പറയുന്നു. ജീവിതത്തിലെ അനേകം പ്രതിസന്ധി കളുടേയും പ്രശ്നങ്ങളുടേയും നടുവിൽ ഊഷരമായ മരുഭൂമി പോലുള്ള നിങ്ങളുടെ ഹൃദയത്തിൽ, നിങ്ങളുടെ ജീവിതത്തിൽ കൊടി ഉയർത്താനാണ് കർത്താവ് പറയുന്നത്. ഭാവിയെക്കുറിച്ച് പ്രതീക്ഷയുണ്ടെന്നാണ് കർത്താവ് പറയുന്നത്. നിങ്ങൾ നിരാശപ്പെട്ടു മാറണ്ട, നിങ്ങളുടെ ഭാവിയെക്കുറിച്ച് ഇനിയും പ്രത്യാശയുണ്ടെന്ന് കർത്താവ് പറയുന്നു. നീ കരഞ്ഞുതളർന്ന് വലഞ്ഞിരിക്കുകയായിരുന്നു. പക്ഷേ, ഇനിയും ആശയ്ക്കു വകയുണ്ട് എന്നാണ് കർത്താവ് പറയുന്നത്.

> *"നിന്റെ ഭാവിയെക്കുറിച്ചു പ്രത്യാശയുണ്ട്; നിന്റെ മക്കൾ തങ്ങളുടെ ദേശത്തേക്കു മടങ്ങിവരും എന്നു യഹോവയുടെ അരുളപ്പാട്."*
>
> *യിരമ്യാവ് 31 : 17*

നിന്റെ മക്കൾ, നഷ്ടപ്പെട്ടുപോയ മക്കൾ, ഇന്നു താന്തോന്നികളായി നടക്കുന്ന മക്കൾ, ഇന്നു കഞ്ചാവിന്റെ അടിമകളായ മക്കൾ, ദുശ്ശീലങ്ങൾക്ക് അടിമകളായ മക്കൾ,

അവർ മടങ്ങിവരും. ഇന്ന് രോഗഗ്രസ്തമായ ശരീരം പുതുജീവൻ പ്രാപിക്കും. ചൈതന്യത്തോടെ എഴുന്നേറ്റുവരും. നിന്റെ ജീവിതത്തിൽ ഇനിയും നല്ല കാലങ്ങളുണ്ട്. നിന്റെ ഭാവിയെക്കുറിച്ച് പ്രത്യാശയുണ്ട്.

നഷ്ടപ്പെട്ടുപോയ, ദുഷ്ടപ്പിശാച് നരകത്തിലേക്ക് തള്ളിയിടാനായി പാപത്തിലേക്ക് ചങ്ങലയിട്ട് വലിച്ചു കൊണ്ടു പോയ നിന്റെ മക്കൾ, നിന്റെ അരികിലേക്കു മടങ്ങിവരും.

> *"യെഖൊന്യരാജാവും രാജമാതാവും ഷണ്ഡന്മാരും യെഹൂദയിലും യെരൂശലേമിലും ഉള്ള പ്രഭുക്കന്മാരും ശില്പികളും കൊല്ലന്മാരും യെരൂശലേം വിട്ടു പോയശേഷം, യിരെമ്യാ പ്രവാചകൻ ബദ്ധന്മാരുടെ മൂപ്പന്മാരിൽ ശേഷിപ്പുള്ളവർക്കും പുരോഹിതന്മാർക്കും പ്രവാചകന്മാർക്കും നെബൂഖദ്നേസർ യെരൂശലേമിൽനിന്നു ബാബേലിലേക്കു പിടിച്ചുകൊണ്ടുപോയിരുന്ന സകലജനത്തിനും യെഹൂദാരാജാവായ സിദെക്കീയാവു ബാബേൽ രാജാവായ നെബൂഖദ്നേസറിന്റെ അടുക്കൽ ബാബേലിലേക്ക് അയച്ച ശാഫാന്റെ മകനായ എലാസയുടെയും ഹിൽക്കീയാവിന്റെ മകനായ ഗെമര്യാവിന്റെയും കൈവശം യെരൂശലേമിൽ നിന്നു കൊടുത്തയച്ച ലേഖനത്തിലെ വിവരം എന്തെന്നാൽ: യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ, താൻ യെരൂശലേമിൽനിന്നു ബാബേലിലേക്കു പിടിച്ചുകൊണ്ടു പോകുമാറാക്കിയ സകല ബദ്ധന്മാരോടും ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ വീടുകളെ പണിതു പാർപ്പിൻ; തോട്ടങ്ങളെ ഉണ്ടാക്കി ഫലം അനുഭവിപ്പിൻ." യിരമ്യാവ് 29 : 1 – 5*

നെബൂഖദ്നേസർ രാജാവ് പിടിച്ചുകൊണ്ടുപോയി

അടിമത്തത്തിൽ ഇരിക്കുന്നവർക്കുവേണ്ടി യിരമ്യാവ് പറയുകയാണ്:

> *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ബാബേലിലെ എഴുപതു സംവത്സരം കഴിഞ്ഞ ശേഷമേ ഞാൻ നിങ്ങളെ സന്ദർശിച്ചു ഈ സ്ഥലത്തേക്കു മടക്കി വരുത്തുമെന്നു നിങ്ങളോടുള്ള എന്റെ വചനം ഞാൻ നിവർത്തിക്കയുള്ളൂ." യിരമ്യാവ് 29 : 10*

ഇന്ന് നിങ്ങൾ ബാബിലോണിയയിൽ നെബൂഖദ്നേസർ രാജാവിന്റെ അടിമത്വത്തിൽ കഴിയുകയാണ്. എന്നാൽ നിങ്ങളെ യെരൂശലേമിലേക്ക് മടക്കി വരുത്തും. ഇന്ന് നിങ്ങൾ വിദേശത്തിലെ പ്രഭുവിന്റെ കീഴിൽ കഴിയുകയാണ്. പിശാച് നിങ്ങളെ അടിമകളാക്കി വച്ചുകൊണ്ടിരിക്കുകയാണ്.

നിങ്ങളെക്കൊണ്ട് അവൻ എന്തൊക്കെയാണ് ചെയ്യിക്കുന്നത്? ഏതെല്ലാം ചീത്ത പ്രവൃത്തികളിലേക്കാണ് അവൻ വിളിച്ചുകൊണ്ട് പോകുന്നത്? വ്യാജം പറയുന്നത്, മറ്റുള്ളവരെ ദുഷിക്കുന്നത്, മറ്റുള്ളവരെ ദ്വേഷിക്കുന്നത്, മറ്റുള്ളവരോട് പിണക്കമായി കഴിയുന്നത്, ഇങ്ങനെ ദുഷ്ടപ്പിശാച് എവിടെയെല്ലാമാണ് നിങ്ങളെ കെട്ടിയിട്ടിരിക്കുന്നത്?

എന്നാൽ നിങ്ങൾ ഇന്ന് നിങ്ങളുടെ പഴയ പ്രതാപത്തി ലേക്ക് മടങ്ങിവരും എന്നാണ് നിത്യനായ ദൈവം അരുളിച്ചെ യ്യുന്നത്.

> *"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു." യിരമ്യാവ് 29 : 11*

നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി നിങ്ങൾക്കു വരും. ഇന്ന് എല്ലാം അശുഭമായിട്ടാണ് കാണുന്നത്. നിങ്ങൾ ഇന്ന്

സാത്താന്റെ പണിപ്പുരയിൽ വേലചെയ്യുന്ന പാവകളാണ്; അവന്റെ അടിമകളാണ്. എന്നാൽ നിങ്ങൾക്ക് ഇനിയും ശോഭനമായ ഒരു കാലം ലഭിക്കുമെന്ന് എനിക്ക് നിങ്ങളെക്കുറിച്ച് പ്രതീക്ഷയുണ്ട് എന്നാണ് ദൈവം പറയുന്നത്.

*"അവ തിന്മയ്ക്കല്ല, നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്."*

*യിരമ്യാവ് 29 : 11*

ദൈവത്തിന് നിങ്ങളെക്കുറിച്ചുള്ള നിരൂപണങ്ങൾ ഒരിക്കലും തിന്മയ്ക്കല്ല. നിങ്ങൾക്ക് നഷ്ടം വരുത്തുന്നതോ നാശം വരുത്തുന്നതോ ഒന്നുമല്ല കർത്താവ് ചിന്തിക്കുന്നത്. അവ തിന്മയ്ക്കല്ല നന്മയ്ക്കത്രെ.

*"നിങ്ങൾ എന്നോട് അപേക്ഷിച്ച് എന്റെ സന്നിധിയിൽ വന്ന് പ്രാർത്ഥിക്കയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കയും ചെയ്യും."*

*യിരമ്യാവ് 29 : 12*

നിങ്ങൾ ഒരു കാര്യം മാത്രം ചെയ്താൽ മതി. എന്റെ സന്നിധിയിലേക്ക് വന്ന് അപേക്ഷിച്ചാൽ മതി, ഒന്നു വിനയപ്പെട്ടാൽ മതി. നിങ്ങൾ എന്റെ അരികിലേക്ക് വന്ന് എളിമയോടെ പ്രാർത്ഥിക്കുമ്പോൾ ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കും.

*"നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും."* *യിരമ്യാവ് 29 :13*

ഇതുവരേയും നിങ്ങൾ ലോക ഇമ്പങ്ങൾ അന്വേഷിച്ചു; വെറിക്കൂത്തുകൾ അന്വേഷിച്ചു. ലോകത്തിലെ സുഖസൗകര്യങ്ങൾ, ഈ ലോകത്തിലെ പ്രതാപവും പേരും പെരുമയും നിങ്ങൾ അന്വേഷിച്ചു. ഈ ലോകത്തിലെ സന്തോഷങ്ങൾ നിങ്ങൾ അന്വേഷിച്ചു. അത് മാറ്റിയിട്ട് സാക്ഷാൽ ജീവനുള്ള

ദൈവത്തെ, നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ അന്വേഷിപ്പിൻ.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഇന്ന് പല തരത്തിൽ ദുരിതപ്പെട്ട് മൊട്ടക്കുന്നായി നിങ്ങളുടെ ജീവിതം തീർന്നിട്ടുണ്ടോ, ഒരു ഫലവും പുറപ്പെടുവിക്കാത്ത രീതിയിൽ നിങ്ങളുടെ ഹൃദയം വിരസമായി തീർന്നിട്ടുണ്ടോ, മടുത്തുപോയിട്ടുണ്ടോ, നിങ്ങൾ തളരണ്ട. നിങ്ങൾ ക്രിസ്തുവിനെ അന്വേഷിപ്പിൻ. പരമാർത്ഥ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ അവനെ കണ്ടെത്തും.

മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ! മൊട്ടക്കുന്ന്! അവിടെ കൊടി ഉയർന്നു നിൽക്കും. മനോഹരമായ ഒരു നല്ല പൂന്തോട്ടം പോലെ പ്രശോഭിക്കാൻ തുടങ്ങും.

നമ്മുടെ ജീവിതത്തിൽ അനുഗ്രഹം വേണമെങ്കിൽ ഓരോ സമയത്തും വന്നുപോയ പാപങ്ങൾ നാം കണ്ടെത്തണം. ഈ മൊട്ടക്കുന്നിന്മേൽ കൊടി ഉയരണമെങ്കിൽ, ഈ മൊട്ടക്കുന്ന് നല്ല ഉദ്യാനംപോലെ പ്രശോഭിതമായി തീരണമെങ്കിൽ ആദ്യം നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ കർത്താവിനോട് ഏറ്റുപറയണം.

കർത്താവേ, എന്റെ ജീവിതത്തിൽ ഇന്നിന്ന പാകപ്പിഴകൾ വന്നുപോയി. കർത്താവേ, എന്നെക്കൊണ്ട് ഈ മൊട്ടക്കുന്ന് മനോഹരമായ ഉദ്യാനമാക്കാൻ പറ്റുകയില്ല. ഇവിടെയൊരു കൊടി ഉയർത്തുവാൻ എന്നെക്കൊണ്ട് സാധിക്കുകയില്ല. ഞാൻ നിസ്സഹായനാണ്. എന്നാൽ നിനക്കത് ചെയ്യാൻ സാധിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. അതിനുള്ള വ്യവസ്ഥകൾ ഞാൻ പാലിക്കുന്നു. എന്റെ ജീവിതത്തിൽ ഓരോ സമയത്തും വന്നുപോയ പാപങ്ങൾ ഒന്നൊന്നായി ഏറ്റുപറഞ്ഞ് അനുതപിച്ച് എന്റെ കർത്താവിനോട് ഞാൻ ക്ഷമ ചോദിക്കും.

അപ്പോൾ കാണാം നിങ്ങളുടെ ജീവിതം പുഷ്ടിപ്പെടുന്നത്.

ജീവിതത്തിലെ വിരസതയും മടുപ്പും നിരാശയും മാറും. ജീവിതത്തിലെ തിന്മകൾ നിങ്ങളിൽനിന്ന് വിട്ടുപോകും. നിങ്ങൾക്ക് ഒരു സുബോധം ലഭിക്കും.

അനേകർ ഇന്ന് സുബോധമില്ലാത്തവരെപ്പോലെയാണ് ഇരിക്കുന്നത്. പിശാച് നിങ്ങളുടെ ആന്തരിക ബോധമനസ്സിനെ അന്ധകാരംകൊണ്ട് മൂടിയിരിക്കുകയാണ്. പിശാച് തെറ്റുകൾ നിങ്ങൾക്കു മനസ്സിലാകാത്ത വിധത്തിൽ മൂടിപ്പിടിച്ചിരിക്കയാണ്. തെറ്റ് തെറ്റാണെന്നു കാണാൻ സാധിക്കുന്നില്ല. സാത്താൻ ഇരുളുകൊണ്ട് മൂടിയിരിക്കുന്നു.

എന്തെല്ലാം നന്മകൾ നിനക്കുണ്ടെന്നു പറഞ്ഞാലും നിന്റെ ജീവിതത്തിലുള്ള തിന്മകൾ കണ്ട് ഓരോന്നോരോന്നായി എണ്ണിയെണ്ണി ഏറ്റുപറഞ്ഞ് ദൈവത്തോട് കരുണയ്ക്കുവേണ്ടി യാചിച്ചില്ലെങ്കിൽ മകനേ, നീ കൈവിടപ്പെട്ടുപോകും. മകളേ, നീ നിരാശയിലായി പോകേണ്ടി വരും.

*“യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ പരുക്ക് മാറാത്തതും നിന്റെ മുറിവ് വിഷമമുള്ളതു മാകുന്നു. നിന്റെ വ്യവഹാരം നടത്തുവാൻ ആരുമില്ല; നിന്റെ മുറിവിന്ന് ഇടുവാൻ മരുന്നും കുഴമ്പും ഇല്ല. നിന്റെ സ്നേഹിതന്മാർ ഒക്കെയും നിന്നെ മറന്നിരിക്കുന്നു; നിന്റെ അകൃത്യത്തിന്റെ ആധിക്യം നിമിത്തവും നിന്റെ പാപത്തിന്റെ പെരുപ്പം നിമിത്തവും ഞാൻ നിന്നെ ശത്രു അടിക്കുന്നതുപോലെയും ക്രൂരൻ ശിക്ഷിക്കു ന്നതുപോലെയും അടിച്ചിരിക്കകൊണ്ട് അവർ നിന്നെ നോക്കുന്നില്ല.” യിരമ്യാവ് 30 : 12 – 14*

ശത്രു അടിക്കുന്നതുപോലെ ഞാൻ നിന്നെ അടിച്ചിരിക്കയാണ്. ക്രൂരൻ ശിക്ഷിക്കുന്നതുപോലെ ഞാൻ നിന്നെ ശിക്ഷിച്ചിരിക്കയാണ്. അങ്ങനെ നീ ഇന്ന് വലിയ വേദന

യിലായിരിക്കുന്നു. ഇതിന് മരുന്നും കുഴമ്പും ഇല്ല. ഭയങ്കരമായ പാപമാണ് നിന്നിൽ വന്നിരിക്കുന്നത്. ശാപകരമായ പാപമാണ് നിന്നിൽ വന്നിരിക്കുന്നത്. നിന്റെ പരുക്കു മാറാത്തതും നിന്റെ മുറിവു വിഷമമുള്ളതുമാകുന്നു.

*"നിന്റെ പരുക്കിനെയും മാറാത്ത വേദനയെയും കുറിച്ചു നിലവിളിക്കുന്നത് എന്തിന്? നിന്റെ അകൃത്യത്തിന്റെ ആധിക്യം നിമിത്തവും നിന്റെ പാപത്തിന്റെ പെരുപ്പം നിമിത്തവും അല്ലോ ഞാൻ ഇത് നിന്നോട് ചെയ്തിരിക്കുന്നത്."*

*യിരമ്യാവ് 30 : 15*

നിന്റെ പരുക്കിനെക്കുറിച്ചും മാറാത്ത വേദനയെക്കുറിച്ചും എന്തിനാണ് നിരാശയോടെ നിലവിളിച്ചുകൊണ്ടിരിക്കുന്നത്? മനോഹരമായ ഉദ്യാനം ഇന്നു മൊട്ടക്കുന്നായി പോകാൻ കാരണമുണ്ട്. നല്ല തഴച്ചു വളർന്നിരുന്ന നിന്റെ ജീവിതത്തിൽ, ഐശ്വര്യത്തിലേക്ക്, നല്ല സമൃദ്ധിയിലേക്ക് കുതിച്ചു കൊണ്ടിരുന്ന നിന്റെ ജീവിതത്തിൽ ഇന്ന് വരൾച്ച വരാൻ കാരണമുണ്ട്. "നിന്റെ അകൃത്യത്തിന്റെ ആധിക്യം നിമിത്തവും നിന്റെ പാപത്തിന്റെ പെരുപ്പം നിമിത്തവും അല്ലോ ഞാൻ ഇത് നിന്നോട് ചെയ്തിരിക്കുന്നത്."

വ്യക്തമായി കർത്താവ് പറയുകയാണ്; പാപത്തെ ചൂണ്ടിക്കാണിക്കുകയാണ്. നിനക്ക് മനസ്സിലാക്കാൻ വേണ്ടി ദൈവം കാര്യങ്ങൾ തുറന്ന് പറയുകയാണ്. മനുഷ്യൻ ഒന്ന് അനുതപിച്ചാൽ മതി. അങ്ങനെ നീ അനുതപിക്കുമെങ്കിൽ നിനക്ക് ലഭിക്കാൻ പോകുന്നത് എന്താണ്?

*"അവയിൽ നിന്നു സ്തോത്രവും സന്തോഷിക്കുന്നവരുടെ ഘോഷവും പുറപ്പെടും; ഞാൻ അവരെ വർദ്ധിപ്പിക്കും; അവർ കുറഞ്ഞുപോകയില്ല; ഞാൻ അവരെ മഹത്വീകരിക്കും; അവർ എളിമപ്പെടുകയുമില്ല."* *യിരമ്യാവ് 30 : 19*

ഇതുവരെയും ഏങ്ങലടികൾ ഉയർന്നിരുന്ന ഭവനത്തിൽ നിന്ന് സന്തോഷത്തിന്റെ ഘോഷം പുറപ്പെടും. ഇതുവരെയും നെടുവീർപ്പോടെ കരഞ്ഞുകൊണ്ടിരുന്ന വീട്ടിൽ നിന്ന് സന്തോഷത്തിന്റെ ധ്വനികൾ പുറപ്പെടും. ഞാൻ അവരെ വർദ്ധിപ്പിക്കും. ഇനിയും വർദ്ധനവിന്റെ കാലം ഉണ്ടാകും. ഐശ്വര്യം മടങ്ങിവരും. വിട്ടുപോയ മഹത്വം മടങ്ങി വരും.

ഈഖാബോദ്-മഹത്വം പോയ്പ്പോയി-എന്നു പറഞ്ഞു കൊണ്ടിരിക്കുന്നവരുടെ അടുക്കലേക്ക് മഹത്വം തിരികെ വരും. അനേകരുടെ ജീവിതത്തിൽനിന്ന് മഹത്വം പോയ്പ്പോയി. ഒരു കാലത്ത് പ്രാർത്ഥനയുണ്ടായിരുന്നു, വചനത്തിൽ വിശ്വാസമുണ്ടായിരുന്നു, വചനത്തോട് ഒരു ആഭിമുഖ്യ മുണ്ടായിരുന്നു, ദൈവമക്കളെ സ്നേഹമായിരുന്നു, ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എപ്പോഴും അനുതപിക്കാനുള്ള ഒരു മനസ്സുണ്ടായിരുന്നു. തകർന്നതും നുറുങ്ങിയതുമായ ഒരു ഹൃദയമുണ്ടായിരുന്നു.

എന്നാൽ ഇന്ന് നിന്റെ ജീവിതത്തിലെ എല്ലാവശങ്ങളും അടഞ്ഞുപോയിരിക്കുന്നു. നിനക്ക് അനുതാപമില്ല. പശ്ചാത്താപമില്ല; നിന്റെ പാപത്തെ നീ തിരിച്ചറിയുന്നില്ല; നീ മറ്റുള്ളവരെ കുറ്റം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഭർത്താവിനെയോ അല്ലെങ്കിൽ ഭാര്യയെയോ മക്കളെയോ മാതാപിതാക്കളെയോ കൂടെ ജോലിചെയ്യുന്നവരെയോ നീ കുറ്റംപറയുന്നു.

എന്നാൽ നീ നിന്നെത്തന്നെ കാണുന്നില്ല. നിന്റെ പേരിൽ എഴുതപ്പെട്ടിരിക്കുന്ന പാപങ്ങൾ തിരിച്ചറിഞ്ഞ്, അവ ക്ഷമിച്ചു കിട്ടുന്നതിനായി പ്രാർത്ഥിക്കണം. നിനക്ക് അഭിവൃദ്ധി കിട്ടണമെങ്കിൽ, നിന്റെ പരുക്കു മാറണമെങ്കിൽ, നിന്റെ വേദന തീരണമെങ്കിൽ ഒരേയൊരു പോംവഴി മാത്രമേയുള്ളൂ. കർത്താവേ, നീ എന്റെ പാപങ്ങൾ ക്ഷമിച്ചു തരണമേ എന്ന് മുട്ടിപ്പായി പ്രാർത്ഥിക്കണം.

"അലിവൊടു കൃപ ചെയ്യുക നാഥാ!
ആഹ്വാനം-ചെയ്യും പാപികളിൽ
കൃപയെ വിലക്കാത്തോൻ ദേവാ!
ആർദ്രതയാൽ കോപത്തിൻ വടിയും
താഡനവും നീക്കീടണമേ
ആനന്ദൈശ്വര്യങ്ങളെഴും
മാസാബ്ദങ്ങളെ നൽകണമെ
സ്ളീബായുടെ വൻ റൂശ്മായാൽ
വിദ്ധ്വംസിക്കുക ദുഷ്ടനെ നി -
ന്നാർദ്രതയെ വാഴ്ത്തും ഞങ്ങൾ"

ദുഷ്ടപ്പിശാചിനെ എന്നിൽനിന്ന് മാറ്റുമ്പോൾ ഞാൻ നിന്റെ ആർദ്രതയെ വാഴ്ത്തിപ്പാടും. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ ഞാൻ യോഗ്യനായി തീരും.

നീ നിന്റെ പാപത്തെ ഓർത്ത് അനുതപിക്കൂ. നീ തിരിഞ്ഞു വരൂ. നീ ദൂരെ ദൂരെ പോയിരിക്കുന്നു. അവിടെ നിന്ന് നീ വേദനയോടെ ഓരോ ചുവടും വച്ച് അനുതാപത്തിന്റെ കണ്ണീരുകൊണ്ട് കർത്താവിന്റെ പാദം നനച്ചുകൊണ്ട് വേഗം വരൂ.

*"ആ കാലത്ത് ഞാൻ യിസ്രായേലിന്റെ സകല വംശങ്ങൾക്കും ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു." യിരമ്യാവ് 31 : 1*

നിങ്ങൾ എന്നെ വിശ്വസ്തതയോടെ വിളിച്ചു, പ്രാർത്ഥിച്ചു, അപേക്ഷിച്ചു. ഞാൻ പ്രാർത്ഥനകേട്ടു. നിങ്ങൾ എനിക്കു വിശ്വസ്ത ജനമായിരിക്കും.

*"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: വാളിനു*

*തെറ്റി ശേഷിച്ച ജനം മരുഭൂമിയിൽ കൃപ കണ്ടെത്തി; ഞാൻ യിസ്രായേലിനു വിശ്രാമം വരുത്തുവാൻ പോകുന്നു.” യിരമ്യാവ് 31 : 2*

കർത്താവ് പറയുകയാണ്: വാളിനു തെറ്റി ശേഷിച്ച ജനം, അവർ മരുഭൂമിയിൽ കൃപ കണ്ടെത്തി. എന്റെ ജനത്തിന് ഞാനൊരു വിശ്രമം കൊടുക്കുവാൻ പോവുകയാണ്. അവർ വലഞ്ഞു വിഷമിക്കുന്നത് ഞാൻ കാണുന്നുണ്ട്. പാവപ്പെട്ട എന്റെ മക്കൾ, എന്റെ ജനം, അവർ യാതനയേറ്റു പിടയുന്നു. ദുരിതമേറ്റു വലയുന്നു. അവരുടെ ഹൃദയം ഉഴന്നുഴന്നു പോകുന്നു.

എനിക്ക് അവരെ ആശ്വസിപ്പിക്കാൻ ആഗ്രഹമുണ്ട്. എന്റെ ജനത്തിന് ഞാൻ വിശ്രാമം വരുത്തുവാൻ പോകുന്നു.

*“യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തത്: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ട് ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു. യിസ്രായേൽ കന്യകേ, ഞാൻ നിനക്കു വീണ്ടും അഭിവൃദ്ധി വരുത്തുകയും നീ അഭിവൃദ്ധി പ്രാപിക്കയും ചെയ്യും; നീ ഇനിയും ചേലോടെ തപ്പ് എടുത്തുകൊണ്ടു സന്തോഷിച്ച്, നൃത്തം ചെയ്യുന്നവരുടെ നിരയിൽ പുറപ്പെടും.” യിരമ്യാവ് 31 : 3, 4*

ദൂരെ ദൂരെ അങ്ങ് ആകാശമണ്ഡലത്തിനും അപ്പുറെനിന്ന്, ഗോളാഗോളങ്ങൾക്കും ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങൾക്കും അപ്പുറത്തുനിന്ന്, ബഹിരാകാശത്തിന്റെയും ഈ പ്രപഞ്ച ത്തിലുള്ള സകലത്തിന്റെയും അപ്പുറത്തുനിന്ന് ദൈവം അരുളിച്ചെയ്തു: മകനേ, നീ ഒന്നറിയൂ, നിത്യസ്നേഹമാണ് എനിക്ക് നിന്നോട്. ഒരിക്കലും മാറാത്ത സ്നേഹം! നിത്യസ്നേഹം എനിക്കുള്ളതുകൊണ്ട് നീ എന്തെല്ലാം തെറ്റുകൾ ചെയ്തെ

ങ്കിലും അതെല്ലാം ഞാൻ ക്ഷമിച്ചു തരും. എന്റെ ദയ നിനക്കു ദീർഘമാക്കിയിരിക്കുന്നു.

നീ നൃത്തം ചെയ്തുകൊണ്ടു വരും. നിനക്കു സന്തോഷ മുണ്ടാകും. നല്ല കാലങ്ങൾ ഇതാ, നിനക്കു വരാൻ പോകുന്നു. നീ ഒരു കാര്യം മാത്രം ചെയ്താൽ മതി. നിന്റെ അകൃത്യങ്ങൾ സമ്മതിക്ക മാത്രം ചെയ്ക. നിന്റെ പാപങ്ങൾ ഓരോന്നോരോന്ന് എണ്ണിയെണ്ണി പെറുക്കിയെടുത്ത് നീ അനുതപിക്കുക. അനുതാപത്തോടെ, വേദനയോടെ, കണ്ണീരോടെ എന്റെ പാദത്തിങ്കൽ വന്ന് അഭയം പ്രാപിക്കുക.

അങ്ങനെ നീ ചെയ്യുമ്പോൾ സംഭവിക്കുന്നതെന്താണ്?

*"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക; നിന്റെ പ്രവൃത്തിക്ക് പ്രതിഫലമുണ്ടാകും; അവർ ശത്രുവിന്റെ ദേശത്തുനിന്നു മടങ്ങി വരും എന്നു യഹോവയുടെ അരുളപ്പാട്." യിരമ്യാവ് 31 : 16*

നീ ഇനി കരയണ്ട. മോനേ, നിന്റെ പ്രവൃത്തിക്ക് പ്രതിഫലമുണ്ടാകും. കണ്ണുനീർ വാർക്കണ്ട. നിന്റെ കരച്ചിൽ മാറും. നിന്റെ ജീവിതത്തിലെ എല്ലാ ഊഷരതകളും മാറും. ബഹുലമായ പാപങ്ങൾ മാറുമ്പോൾ നിന്റെ ജീവിതത്തിൽനിന്ന് ആപത്തുകളും അനർത്ഥങ്ങളും മാറിക്കിട്ടും. നിനക്കൊരു നല്ല കാലം വരും.

പ്രിയപ്പെട്ടവരേ, തീർച്ചയായും നിങ്ങൾക്ക് അഭിമാനിക്കാൻ വകയൊന്നും ഇല്ല. ദൈവസന്നിധിയിൽ ഏങ്ങലടികളോടെ മാത്രമേ വരാൻ സാധിക്കുകയുള്ളൂ. കരഞ്ഞുകൊണ്ട്, വേദനിച്ചുകൊണ്ട്, തെറ്റുപറ്റിയെന്ന് സമ്മതിച്ചുകൊണ്ട് കടന്നു വരിക. കർത്താവേ, ഞാൻ പാപം ചെയ്തുപോയി. നിന്റെ ആത്മാവിനോട് ഞാൻ മറുതലിച്ചുപോയി. നിന്റെ

പരിശുദ്ധാത്മാവിനെ ഞാൻ വെറുത്തു പോയി. കർത്താവേ, ക്ഷമിക്കണമേ. പരിശുദ്ധാത്മാവിനെ ഞാൻ വേദനിപ്പിച്ചുപോയി, കുത്തി മുറിവേല്പിച്ചുപോയി. എനിക്ക് നല്ലത് ഉപദേശിച്ചു തന്ന പരിശുദ്ധാത്മാവിനെ ഞാൻ എതിർത്തുപോയി. എനിക്ക് ശോഭനമായ ഭാവി തരാൻ എന്റെ അടുക്കൽ വന്ന, എന്നോട് നിരന്തരം വാദിച്ചുകൊണ്ടിരുന്ന പരിശുദ്ധാത്മാവിനെ ഞാൻ അവഗണിച്ചു. എന്റെ കർത്താവേ, തെറ്റുകൾ ഏറെ എനിക്കു സംഭവിച്ചുപോയി.

പ്രിയപ്പെട്ടവരേ, അങ്ങനെ നാം ദൈവസന്നിധിയിൽ ചെന്ന് അനുതപിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും. പാപത്തെ ഉപേക്ഷിച്ച് ഇന്ന് നിങ്ങളെ അടക്കിവച്ചിരിക്കുന്ന പിശാചിന്റെ എല്ലാ കെട്ടുകളും പൊട്ടിച്ചു തരുവാൻ കർത്താവ് ശക്തനാണെന്ന് വിശ്വസിച്ച് വാസ്തവമായി വിളിച്ചപേക്ഷിച്ചാൽ കർത്താവ് നിങ്ങളുടെ അരികിലേക്കു വരും. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തും!

അനേകരുടെ ഹൃദയം ഇന്ന് മൊട്ടക്കുന്നുപോലെയാണ്. ഒരു കാലത്ത് ഉല്ലാസമുണ്ടായിരുന്നു; സന്തോഷമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഹൃദയം മൊട്ടക്കുന്നുപോലെയിരിക്കുന്നു. ജീവിതം നൈരാശ്യംപൂണ്ടു വലഞ്ഞിരിക്കുന്നു. എന്തിനു വേണ്ടി ജീവിക്കണം? ആർക്കുവേണ്ടി ജീവിക്കണം? ഇതാണ് ചിന്ത.

സഹോദരങ്ങളേ, നിങ്ങൾക്ക് കുടുംബസമാധാനമുണ്ടോ? മരുമകളെ സ്നേഹിച്ചിട്ടുണ്ടോ? അമ്മായിയമ്മയെ വിനയത്തോടെ സ്വീകരിച്ച് അനുസരിച്ചിട്ടുണ്ടോ? അമ്മായിയമ്മയുടെ സ്നേഹത്തെ സ്വന്തമാക്കിയെടുത്ത് അമ്മായിയമ്മയെ കരുതാനും വാത്സല്ലിക്കാനും നിനക്കു തോന്നിയിട്ടുണ്ടോ? മകളേ, നിന്റെ ജീവിതത്തിലേക്ക് ഓരോന്നോരോന്ന് തിരിഞ്ഞു നോക്കൂ. മൊട്ടക്കുന്നാണ് ഇന്ന്.

കുടുംബങ്ങളും ഹൃദയങ്ങളും മൊട്ടക്കുന്ന്. സ്ഥാപനങ്ങൾ ഇന്ന് മൊട്ടക്കുന്നാണ്. ഓരോ സ്ഥാപനത്തിലും ആകപ്പാടെ അതൃപ്തരായ ഒരു കൂട്ടം ജോലിക്കാർ. എല്ലാവർക്കും അസംതൃപ്തിയാണ്. പുറമേ കാണിച്ചാൽ ചിലപ്പോൾ പറഞ്ഞുവിടുമല്ലോ എന്നോർത്ത് പുറമേ കാണിക്കുന്നില്ല. പക്ഷേ, അസംതൃപ്തി ഹൃദയത്തിൽ നിറഞ്ഞു നില്ക്കുകയാണ്.

ഒരു ജോലി കിട്ടാൻ നേരത്ത് അതൃപ്തിയൊന്നും ഉണ്ടായിരുന്നില്ല. അന്ന് വിനയത്തോടെ വന്ന് എനിക്കൊരു ജോലി തരണേ എന്ന് അപേക്ഷിച്ചതാണ്. പക്ഷേ, ജോലി കിട്ടിക്കഴിഞ്ഞു. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ ഇപ്പോൾ നിനക്ക് അതൃപ്തിയാണ്.

ഇങ്ങനെ നിങ്ങളുടെ ഹൃദയം മൊട്ടക്കുന്നായിരിക്കുക യാണ്. സഹോദരങ്ങളേ, ഞാൻ വളരെ വേദനയോടെ പറയുകയാണ്. ഇന്ന് സ്ഥാപനങ്ങൾ, കോളേജുകൾ, അഗതി മന്ദിരങ്ങൾ, അനാഥശാലകൾ എല്ലാം മൊട്ടക്കുന്നുകളാണ്. സ്ഥാപിച്ച കാലത്ത് ശുദ്ധോദ്ദേശമുണ്ടായിരുന്നു. പക്ഷേ, ആദ്യത്തെ തലമുറ കഴിഞ്ഞ് അടുത്ത തലമുറയായപ്പോഴേക്കും അത് മൊട്ടക്കുന്നായി തീർന്നു. ഇന്ന് സ്നേഹമില്ലാതെ, പരിചരണമില്ലാതെ, വേണ്ടത്ര ശുശ്രൂഷയില്ലാതെ പാവപ്പെട്ടവരെ കവർന്നെടുക്കുന്ന മൊട്ടക്കുന്നുകൾ ധാരാളമുണ്ട്.

സഭകളിന്ന് മൊട്ടക്കുന്നായി തീർന്നിരിക്കുന്നു. സഭകളിൽ സ്നേഹമില്ല. വിശ്വാസികളോട് കൊണ്ടുവാ, കൊണ്ടുവാ എന്നാണ് പറയുന്നത്. എന്നും കവർ പിരിവ്. പള്ളിയിലേക്ക് തരണമെന്നേ പറയുന്നുള്ളൂ. പാവപ്പെട്ടവർക്ക് കൊടുക്കാൻ ഒന്നുമില്ല. പാവപ്പെട്ടവന് ഇറ്റ് ആശ്വാസം കൊടുക്കാൻ ഇല്ല. സമാധാനം കൊടുക്കാൻ ഇല്ല. പള്ളികൾ ഇന്ന് മൊട്ടക്കുന്നാ യിരിക്കുന്നു.

ഹൃദയം നൊന്തുകൊണ്ടാണ് ഞാനിത് എഴുതുന്നത്.

അനേകം പള്ളികളിൽ ഇന്ന് സുവിശേഷമില്ല. നിർമ്മല സുവിശേഷം, സത്യവചനം എവിടെയുണ്ട്? ആർക്കും വേണ്ട ഈ വചനശുശ്രൂഷ. പോത്തിനെ വെട്ടി ഗംഭീര സദ്യകൾ നടത്തി പെരുന്നാളുകൾ ആഘോഷമായി നടത്തും. പക്ഷേ, എന്തു ഫലം? എല്ലാം മൊട്ടക്കുന്നാണ്. വലിയ മനോഹരമായ റാസകൾ! പാവപ്പെട്ട വിശ്വാസികൾ മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ട് റാസയിൽ പങ്കെടുക്കും. എന്താണ് അവിടെ പ്രാർത്ഥിക്കുന്നത്? ഒന്നും അറിയില്ല.

'യജമാനൻ വരുമന്നേരത്ത് ഉണർവ്വുള്ളവരായി മുന്തിരി ത്തോപ്പിൽ പണി ചെയ്യുന്ന ദാസന്മാരത്രേ ധന്യന്മാർ' എന്നു പാടിക്കൊണ്ടുപോകും. പക്ഷേ, ആ പാടുന്നതൊന്നും ഈ പാവപ്പെട്ടവൻ കേൾക്കുന്നുമില്ല അറിയുന്നുമില്ല. അവൻ തന്റെ അടുത്ത നിരയിൽ നിൽക്കുന്ന സ്ത്രീകളെ നോക്കി കമന്റ് പറഞ്ഞുകൊണ്ടും വേണ്ടാതീനം കാണിച്ചും നടക്കുകയാണ്. കൊടി പിടിച്ചിട്ടുണ്ട്. മെഴുകുതിരി കത്തിച്ചു പിടിച്ചിട്ടുമുണ്ട്. മൊട്ടക്കുന്നാണ് ഇന്ന്.

ഇന്ന് എന്റെ ഭവനം മൊട്ടക്കുന്നാണ് എന്നാൽ അവിടെ സ്നേഹത്തിന്റെ സുഗന്ധം പരത്തുന്ന ഒരു പുഷ്പമായി ഞാൻ നിൽക്കും. ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ, ഞാൻ പ്രവർത്തിക്കുന്ന രംഗത്ത് എവിടെയാണെങ്കിലും അവിടെ ഞാനൊരു ശോഭയുള്ള പുഷ്പമായി നിൽക്കും. എന്റെ ഭംഗി മറ്റുള്ളവർക്ക് ആസ്വാദ്യകരമായിരിക്കും.

എന്റെ ഹൃദയമാകുന്ന മൊട്ടക്കുന്നിൽ, നിരാശകളും വിരസതകളും നൈരാശ്യങ്ങളും മാറിയിട്ട് അവിടെ പ്രത്യാശയുടെ പുതുമുകുളങ്ങൾ വിരിയട്ടെ. എന്റെ ജീവിതം അനേകർക്ക് ആശ്വാസപ്രദമായിത്തീരട്ടെ; ആനന്ദപ്രദമായിത്തീരട്ടെ. അനേകരിലേക്ക് മധുരം പകരുന്നതായിത്തീരട്ടെ.

ഞാൻ നിന്നോടു വാക്കുപറയുകയാണ്. എന്റെ

ഹൃദയത്തിന്റെ ആഗ്രഹം പറയുകയാണ്. നാഥാ! എനിക്കു വേറൊരു വഴിയുമില്ല. എനിക്ക് വേറൊന്നും പറയാൻ അറിയില്ല. എനിക്കാകെ ഒന്നു മാത്രമറിയാം. എന്റെ യേശു എനിക്കുവേണ്ടി ഒരു സുഗന്ധമായി ബലിയർപ്പിക്കപ്പെട്ടു. ആ സുഗന്ധം, ആ നറുമണം ഞാൻ പേറുകയാണ്. ഞാൻ സ്വീകരിക്കുകയാണ്.

മൊട്ടക്കുന്നിന്മേൽ കൊടി ഉയരും. ഇന്ന് ഊഷരമായ മരുഭൂമിയിൽ പൂങ്കാവനം ഉളവാകും. വരണ്ടുപോയ മരുപ്പറമ്പിൽ നല്ല ഉദ്യാനം പ്രശോഭിക്കും. നല്ല സുന്ദരപുഷ്പങ്ങൾ അവിടെ വിരിയും. സത്ഫലങ്ങൾ അവിടെ കായ്ക്കും. ഇന്ന് മൊട്ടക്കുന്നാണ്. എന്നാൽ നിങ്ങൾക്ക് അവിടെ കൊടി ഉയർത്താം.

ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾ നിങ്ങൾക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയ, ഒരു പാപവും ചെയ്യാതെ ഒരു കുറ്റവാളിയെപ്പോലെ കുരിശിൽ കിടന്നു പിടഞ്ഞ കർത്താവിനെ നിങ്ങൾ വിളിക്കൂ. യേശു നിങ്ങളുടെ അരികിലേക്കു വരട്ടെ. യേശു തന്റെ കരം നിങ്ങളുടെ നേരെ നീട്ടട്ടെ. വിശ്വാസത്തോടെ ആ തൃക്കരങ്ങളിലേക്ക് നിങ്ങൾ നോക്കൂ. നിങ്ങൾക്കുവേണ്ടി ആണി തറയ്ക്കപ്പെട്ട ആ കൈകളിലെ ആണിപ്പഴുതുകളിൽ നിന്ന് രക്തമൊഴുകുന്നത് നിങ്ങൾക്ക് കാണാം. ആ തിരുരക്തം നിങ്ങളുടെ പാപങ്ങളെ കഴുകും. വന്നുപോയ സകല പാപങ്ങളും പോക്കി നിങ്ങളെ ശുദ്ധീകരിക്കും. എല്ലാ പാപങ്ങളും പോക്കി ശുദ്ധീകരിക്കുന്ന തിരുരക്തം നിങ്ങളെ സമീപിക്കുകയാണ്. ആ തൃക്കരം നിങ്ങളുടെ അരികിലേക്ക് നീട്ടുകയാണ്.

മകനേ, നീ ആ കരം കാണുക. ആ കരത്തെ നീ ചുംബിക്കുക. മകളേ, ആ തൃക്കരം നിന്റെ നേരെ നീട്ടുന്നത് നിന്നെ സ്വീകരിക്കാനാണ്, നിന്റെ ജീവിതത്തിലെ ഊഷരതകൾ മാറ്റാനാണ്, വരൾച്ചകൾ മാറ്റാനാണ്, മൊട്ടക്കുന്നുകൾ മാറ്റി അവിടെ പൂങ്കാവനം സൃഷ്ടിക്കാനാണ്.

മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ! സ്നേഹിതരേ, ഇപ്പോൾത്തന്നെ നിങ്ങൾ ക്രിസ്തുവിനെ വിളിക്കുവിൻ. കർത്താവേ, ഞാൻ എന്റെ ഹൃദയത്തിൽ കൊടി ഉയർത്തും. രക്ഷയുടെ നിദാനമായ കുരിശ്, ഈ മൊട്ടക്കുന്നിന്മേൽ ഉയർത്തും. കുരിശാകുന്ന കൊടി ഞാൻ എന്റെ ചങ്കിന്മേൽ ഉയർത്തും. കുരിശിലെ ത്യാഗം, കുരിശിലെ സ്നേഹം ഞാൻ കാണും. കുരിശിലെ രക്ഷകനെ ഞാൻ കാണും.

ഇപ്പോൾ നിങ്ങൾക്ക് സമർപ്പിക്കാം. മൊട്ടക്കുന്നിന്മേൽ നിങ്ങൾക്ക് കൊടി ഉയർത്താം. അനുഗൃഹീതമായ സുന്ദരകാലങ്ങൾ നിങ്ങൾക്കു ലഭിക്കും. സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ അനുഗ്രഹിക്കും. എല്ലാ നന്മകളും നിങ്ങൾക്ക് തരും. നഷ്ടപ്പെട്ടതെല്ലാം കർത്താവ് വീണ്ടും തരും. നഷ്ടപ്പെട്ട സൗഭാഗ്യങ്ങൾ തിരികെ തരും. എല്ലാ നന്മകളാലും നിങ്ങളെ അലങ്കരിക്കും.

നിങ്ങൾ പ്രാർത്ഥിക്കൂ. കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കൂ. യേശുവിനോട് നിങ്ങൾ വാക്കുപറയൂ. എന്റെ യേശുവേ, ഇന്നിതാ ഞാൻ എന്റെ ജീവിതം നിനക്കായി വേർതിരിച്ച് തരുന്നു. എന്റെ ഭാവി, എന്റെ ഹൃദയം നിനക്കായി ഞാൻ വേർതിരിച്ചു തരുന്നു. ഇനി ഞാനല്ല, യേശുവത്രേ. ഞാൻ എന്നു പറയുന്ന പഴയ മനുഷ്യൻ ഇതാ മരിക്കുന്നു. യേശു ഇതാ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും.

# രണ്ട്

*''ആമോസിന്റെ മകനായ യെശയ്യാവ് ബാബേലിനെക്കുറിച്ചു ദർശിച്ച പ്രവാചകം: മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ; അവർ പ്രഭുക്കന്മാരുടെ വാതിലുകൾക്കകത്തു കടക്കേണ്ടതിനു ശബ്ദം ഉയർത്തി അവരെ കൈ കാട്ടി വിളിപ്പിൻ.'' യെശയ്യാവ് 13 : 1, 2*

വിശുദ്ധീകരിക്കപ്പെട്ടവരോടുള്ള ദൈവത്തിന്റെ കല്പനയാണ്, 'മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ.'

മൊട്ടക്കുന്ന്! വരണ്ടുപോയ സ്ഥലം! ഒരു ചെറിയ ചെടിപോലും മുളയ്ക്കാൻ സാദ്ധ്യമല്ലാത്ത സ്ഥലം! പ്രതീക്ഷയില്ലാത്ത, ഉണങ്ങിപ്പോയ, നാമ്പ് എടുക്കാത്ത, കൂമ്പ് വരാത്ത, ഒരു ചെറിയ പുൽക്കൊടിപോലും മുളച്ച് വരാൻ സാദ്ധ്യതയില്ലാത്ത സ്ഥലം! അനേക ഹൃദയങ്ങൾ ഇന്ന് മൊട്ടക്കുന്നുകളാണ്!

മനുഷ്യരുടെ ഹൃദയം ഇന്ന് പല രീതിയിലുള്ള അസ്വസ്ഥതകൾകൊണ്ട്, പലതരത്തിലുള്ള പ്രയാസങ്ങൾ കൊണ്ട് തിങ്ങിയിരിക്കുകയാണ്. ഭാവിയെക്കുറിച്ചുള്ള നല്ല പ്രതീക്ഷകളെല്ലാം അറ്റ് പോയിരിക്കുകയാണ്. നാളെ എന്ത് എന്നതിനെക്കുറിച്ചുള്ള അമ്പരപ്പും വെപ്രാളവും മനുഷ്യ ഹൃദയത്തിൽ ഇടംപിടിച്ചിരിക്കുകയാണ്. ചെറിയതോ വലിയതോ ആയ പ്രശ്നങ്ങൾകൊണ്ട് മനസ്സെല്ലാം

കലങ്ങിയിരിക്കുന്നു.

മൊട്ടക്കുന്ന്! ഭാവിയെക്കുറിച്ച് ഒരു പ്രതീക്ഷയുമില്ല. ഈ മൊട്ടക്കുന്നിൽ എന്തെങ്കിലും മുളച്ചുവരുമെന്ന് ഒരു പ്രതീക്ഷയുമില്ല. മൊട്ടക്കുന്നായതുകൊണ്ട് അവിടെ എന്തു ചെയ്താലും പ്രയോജനമില്ല എന്നുള്ളതാണ് നമ്മുടെ അനുഭവം.

ഈ മൊട്ടക്കുന്നിന്റെ അനുഭവം എന്റെ ജീവിതത്തിൽ എത്രമാത്രമുണ്ട്? ഞാൻ വരണ്ടിരിക്കുകയാണോ? എന്റെ ഭാവിപ്രതീക്ഷകൾ അറ്റുപോയിരിക്കുകയാണോ? എന്റെ ജീവിതത്തിന്റെ സ്വസ്ഥതകൾ നശിച്ചിരിക്കുകയാണോ? നിരാശയെന്നെ ബാധിച്ചിരിക്കുകയാണോ? എന്റെ കുടുംബത്തെക്കുറിച്ച്, എന്റെ ഭാവിതലമുറകളെക്കുറിച്ചുള്ള ആവലാതി എന്നെ വല്ലാതെ വരട്ടുന്നുണ്ടോ? വിഷമിപ്പിക്കുന്നുണ്ടോ?

ഇതെല്ലാം ചിന്തിച്ച് വരുമ്പോഴാണ് നമുക്ക് മനസ്സിലാവുന്നത് നമ്മുടെ ഹൃദയം ഒരു മൊട്ടക്കുന്നാണെന്ന്. നമ്മുടെ പലരുടേയും വീടും ഹൃദയവും ജീവിതവും മൊട്ടക്കുന്നാണ്. എല്ലാം തകർന്നടിഞ്ഞ അനുഭവം! നിരാശമുറ്റിയ അനുഭവം!

നിരാശമുറ്റിയ ഒരു സമൂഹം! നിരാശമുറ്റിയ ഒരു തലമുറ!

എവിടെയുണ്ട് ഒരു പ്രതീക്ഷ? എവിടെയുണ്ട് സമാധാനം? വാസ്തവത്തിൽ ക്രിസ്തു അകത്തുള്ളവർക്ക് സമാധാനമുണ്ട്. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ ജീവിക്കുന്നുണ്ടെങ്കിൽ വലിയൊരു ശാന്തിയും സ്വസ്ഥതയും സമാധാനവും നമുക്ക് അനുഭവിക്കാൻ സാധിക്കും.

കൊടുങ്കാറ്റിന്റെ മദ്ധ്യത്തിലെ ശാന്തി! കൊടുങ്കാറ്റ് ഊതിക്കൊണ്ടിരിക്കും, ചുഴലിക്കാറ്റ് വീശി അടിച്ചുകൊണ്ടിരിക്കും. തിരമാലകൾ ആഞ്ഞ് തിമിർത്ത് പൊങ്ങിക്കൊണ്ടിരിക്കും.

വേലിയേറ്റം കൊള്ളുന്ന സമുദ്രത്തിന്റെ തിരത്തള്ളലിൽ പലരും വലഞ്ഞു പോകും, ശരിയാണ്. എന്നാൽ കൊടുങ്കാറ്റുകളുടേയും ചുഴലിക്കാറ്റുകളുടേയും ദുരിതങ്ങളുടേയും ഓളങ്ങളുടേയും തിരമാലകളുടേയും നടുവിൽ ഒരു സമാധാനമുണ്ട്.

ജീവിതത്തിൽ ഈ സമാധാനം നാം അനുഭവിക്കുന്നതാണ് വാസ്തവത്തിൽ ക്രിസ്തീയജീവിതം.

ജയവീരനായ യേശുവിനോടുകൂടെ നാം പോകുന്നു എങ്കിൽ, ജയാളിയായ യേശുവിന്റെ കൂടെ യാത്ര ചെയ്യുന്നുവെങ്കിൽ, ജയവീരനായ യേശു എന്റെ ഹൃദയത്തിൽ വസിക്കുന്നു എങ്കിൽ കഷ്ടങ്ങൾ ഉണ്ടെങ്കിൽപ്പോലും ഒരു സമാധാനം നമുക്ക് അനുഭവിക്കാൻ സാധിക്കും.

യേശുക്രിസ്തു ഒരു മതം സ്ഥാപിച്ചിട്ടില്ല. യേശുക്രിസ്തു ഒരു മതസ്ഥാപകനുമല്ല. യേശുക്രിസ്തു ലോകരക്ഷിതാവാണ്, ലോകത്തിന്റെ സ്രഷ്ടാവാണ്. യേശുക്രിസ്തു നമ്മിൽനിന്ന് എന്തെങ്കിലും വാങ്ങാൻ വന്നതല്ല, നമുക്ക് തരാൻ വന്നതാണ്. ഭൂമിയിലെ മനുഷ്യർക്ക് തന്നെത്തന്നെ തരുവാൻ വേണ്ടിയാണ് ക്രിസ്തു വന്നത്.

ക്രിസ്തുവിന് മതഭേദമില്ല, ജാതി വ്യത്യാസമില്ല. ക്രിസ്തു എല്ലാവരുടേയും നാഥനാണ്, നായകനാണ്, രക്ഷകനാണ്, വീണ്ടെടുപ്പുകാരനാണ്. ക്രിസ്തുവിന് ആരോടും പ്രത്യേകിച്ച് ഒരു അടുപ്പമോ അകൽച്ചയോ ഇല്ല. എല്ലാവരേയും ഒരുപോലെ സ്നേഹിക്കുന്നു. ഈ യേശുവിനെ നമുക്ക് കിട്ടിക്കഴിഞ്ഞാൽ നമ്മുടെ ജീവിതം സുഭഗമായിത്തീരും, സുന്ദരമായിത്തീരും.

എനിക്ക് ഒരപ്പനുണ്ട്, ഒരു നാഥനുണ്ട്, എനിക്കൊരു കർത്താവുണ്ട്, എനിക്കൊരു രക്ഷകർത്താവുണ്ട്. എനിക്ക് കാര്യങ്ങൾ പറയാൻ പറ്റിയ ഒരാളുണ്ട്. എന്റെ കർത്താവ്

എനിക്കുവേണ്ടി അത്ഭുതം പ്രവർത്തിച്ച് എനിക്ക് സമാധാനം തരും. ഒരു നല്ല കാലം എനിക്ക് തരും. ഒരു ശുഭകാലം എനിക്ക് തരും. ആ വിശ്വാസം വരുന്നതാണ് വാസ്തവത്തിൽ മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുന്നത്.

യാതനയും വേദനയും കൊണ്ട് വലഞ്ഞുപോകുന്ന അനുഭവമാണിന്ന്. പക്ഷേ, നിങ്ങൾ വിശ്വസിക്കൂ, എന്റെ യേശു ജീവിക്കുന്നു. കോടാനുകോടികൾക്ക് സമാധാനം കൊടുത്ത യേശു ജീവിക്കുന്നു.

പല ജാതിയിലുള്ളവർ, പല മതത്തിലുള്ളവർ, പല ദേശത്തുള്ളവർ, പല ഭാഷയിലുള്ളവർ, പല രീതിയിൽ ജീവിക്കുന്ന എത്രയോ പേർക്ക് കർത്താവ് സമാധാനം കൊടുത്തിരിക്കുന്നു! അവൻ എല്ലാവരുടേയും ദൈവമാണ്. ആ യേശു എനിക്കും സമാധാനം തരും. കാരണം യേശു എന്നെ വ്യക്തിപരമായി അറിയുന്നു.

മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുക. നമ്മുടെ ഹൃദയം ഇന്ന് ഒരു പാഴ്മരുഭൂമി പോലെയാണ്. ഊഷരമായ, ഉണങ്ങിവരണ്ട മരുഭൂമിപോലെ. അവിടെ ജയത്തിന്റെ കൊടി ഉയർത്തുക.

ജയക്കൊടി നാട്ടണം. ഈ ഭൂമിയിൽ ഒരു മനുഷ്യനും പരാജയപ്പെടാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. കർത്താവ് ജയത്തിന്റെ ഒരു വഴി കാണിച്ചുതരികയാണ്. ജയിച്ച് ജയിച്ച് മുന്നോട്ട് പോകുവാനുള്ള വഴി കാണിച്ചുതരികയാണ്.

**1. ജയത്തിന്റെ കൊടി.**

ഒന്നാമത് ഉയർത്തേണ്ട കൊടി ജയത്തിന്റെ കൊടിയാണ്. വിജയ വൈജയന്തി! – ജയക്കൊടി – The banner of victory! വിജയത്തിന്റെ കൊടി!

*“ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും;*

*ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ."*

*സങ്കീർത്തനങ്ങൾ 20 : 5*

കർത്താവേ, നിന്റെ ജയത്തിൽ ഞങ്ങൾ ഘോഷിച്ചുല്ലസിക്കും. നീയാണ് ജയം തരുന്നത്. എനിക്ക് സ്വന്തമായി ജയിക്കാൻ കഴിവില്ല. ഞാൻ പരാജയമടഞ്ഞ മനുഷ്യനാണ്. എനിക്ക് എന്നും തോൽവിയേ ഉള്ളൂ. ഞാൻ ജയിച്ചിട്ടില്ല. പക്ഷേ, എനിക്ക് ജയം തരുവാൻ നീ ഉണ്ട്. നിന്റെ നാമത്തിൽ ഞാൻ കൊടി ഉയർത്തും. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ ജയക്കൊടി നാട്ടും.

ദൈവനാമത്തിൽ നമുക്ക് കൊടി ഉയർത്താൻ സാധിക്കും. നമുക്ക് ആരേയും താഴ്ത്തിക്കെട്ടണമെന്നില്ല. മറ്റുള്ളവരെ ഉയർത്തണമെന്നാണ് നമ്മുടെ ആഗ്രഹം. ദൈവമക്കൾക്ക് ഓരോരുത്തർ ഉയർന്നുവരണമെന്നാണ് ആഗ്രഹം. ഒരുപക്ഷേ നമ്മുടെ അഭിപ്രായത്തോട് ചേരാത്തവരും നമ്മുടെ ചിന്താഗതിയോട് ഒരുമപ്പെടാൻ പറ്റാത്തവരും, അവരും ഉയർന്നുവരണമെന്നാണ് നാം ആഗ്രഹിക്കുന്നത്.

ക്രിസ്തുവിന്റെ മനോഭാവമാണ് നാം പുലർത്തുന്നത്. നമ്മെ ശത്രുക്കളായി കാണുന്നവരും ജയിച്ചുവരണം. അവരും പൊങ്ങിവരണം. അവരും വിജയശ്രീലാളിതരായി വരണം. അവരും വീണുകിടക്കരുത്. അവരും ദൈവരാജ്യത്തിന്റെ അവകാശികളായിത്തീരണം. എല്ലാവരും രക്ഷപ്പെടണം. ഇതാണ് നമ്മുടെ ആഗ്രഹം.

അവിടെ മതഭേദമില്ല. മതമോ, ജാതിയോ, വർഗ്ഗമോ, ദേശമോ, ഭാഷയോ ഒന്നും നോക്കാതെ എല്ലാവരും ജയാളികളായി തീരണമെന്നാണ് നമ്മുടെ കർത്താവിന്റെ ആഗ്രഹം. കർത്താവ് നമ്മുടെ ഹൃദയത്തിൽ വസിക്കുന്നതു

കൊണ്ട് നമ്മുടെയും ആഗ്രഹം അതാണ്. എല്ലാവരും ജയാളികളായിത്തീരണം.

"ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും."

ഞങ്ങളുടെ അല്ല ജയം. ജയം നേടിയത് ഞങ്ങൾ അല്ല. കർത്താവേ, ഞാനല്ല, നീയാണ് ജയം നേടിയത്.

എന്റെ ബലഹീനപ്രകൃതിയെ, ജയിക്കാനുള്ള പ്രകൃതിയാക്കി മാറ്റിയത് നിന്റെ കൃപയാണ്; നിന്റെ കുരിശിലെ സ്നേഹമാണ്. കുരിശിൽ ചൊരിഞ്ഞ രക്തത്താൽ നീ ജയം എനിക്ക് തന്നിരിക്കുകയാണ്. എന്റേതല്ല ജയം. ഞാൻ നോക്കിയാൽ തോൽക്കാനേ ഉള്ളൂ. ഏതു കാര്യത്തിലും ഏതൊരു കാര്യത്തിലും എന്റെ തനി പ്രകൃതി നോക്കിയാൽ ജയിക്കാനുള്ളതൊന്നും എന്റെ കൈയിൽ ഇല്ല.

എനിക്ക് ഒരു പശ്ചാത്തലവുമില്ല. വലിയ ആഭിജാത്യമോ തറവാടിത്തമോ ഒന്നും ഇല്ല. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ വിശുദ്ധന്മാരായ ദൈവമക്കൾ ആരുമില്ല, ഒരു പിൻബലവും ഇല്ല. പക്ഷേ, എനിക്ക് സ്വന്തമായി ഒരാളുണ്ട്. അവൻ എന്നെ ജയിപ്പിക്കും; എന്നെ ജയത്തിലേക്ക് നടത്തും. നിന്റെ ജയത്തിൽ ഞാൻ ഘോഷിച്ചുല്ലസിക്കുന്നു. നിന്റെ നാമത്തിൽ ഞാൻ കൊടി ഉയർത്തും. "ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കുന്നു."

സ്നേഹിതരേ, പല പല കാര്യങ്ങളിൽ നിങ്ങൾ പരാജയപ്പെട്ടവരല്ലേ? ബിസിനസ്സിൽ, കുടുംബജീവിതത്തിൽ, ഭാര്യാഭർത്തൃബന്ധത്തിൽ, സ്നേഹത്തിൽ, ആത്മീയരംഗത്ത്, വിശ്വാസത്തിൽ, പാപത്തിന്റെ കാര്യത്തിൽ, ഇങ്ങനെ ജയിക്കാൻ സാധിക്കാതെ പരാജയപ്പെട്ടവരുണ്ട്. ജയജീവിതം കിട്ടാത്തവരുണ്ട്. കോപം ഇതുവരേയും മാറാത്തവരുണ്ട്.

വചനം കേൾക്കുമ്പോൾ എല്ലാം ശാന്തമായിരിക്കും.

വേദപുസ്തകം കൈയിൽ ഉണ്ട്. പക്ഷേ, ഒരു സന്ദർഭം വരുമ്പോൾ പെട്ടെന്നാണ് കോപം വന്ന് പൊട്ടിത്തെറിക്കുന്നത്. അതുകൊണ്ട് കുടുംബാന്തരീക്ഷം പലപ്പോഴും കലങ്ങുകയാണ്. ആത്മീയജീവിതത്തിൽ ജയമില്ല, ക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കുന്നില്ല. നാം ജയാളികളായി തീരുവാൻ ദൈവം ആഗ്രഹിക്കുന്നു.

നമ്മെ ജയിപ്പിക്കാനാണ് കർത്താവ് തോൽവിയടഞ്ഞത്. എന്നെ ജയിപ്പിക്കാനാണ് യേശു ക്രൂശിൽ തോൽവിയടഞ്ഞവനെപ്പോലെ കിടന്നത്.

പീലാത്തോസിന്റെ അരമനയിൽ വിസ്തരിക്കുമ്പോൾ പടയാളികൾ കർത്താവിന്റെ മുഖത്തേക്ക് തുപ്പുന്നു. ചിലർ മുതുകത്ത് ഇടിക്കുന്നു. ചിലർ ചാട്ടവാറുകൊണ്ട് അടിക്കുന്നു. ചിലർ മുൾമുടി തലയിൽ വച്ചുകൊണ്ട് അടിക്കുന്നു. തലയോട്ടി തകർന്ന് ആ മുള്ള് തലയോട്ടിക്കപ്പുറത്തേക്കു പോകുന്നു. എത്രയോ വലിയ വേദനകൾ! എല്ലാം തോൽവിയല്ലേ?

സാക്ഷാൽ ദൈവപുത്രൻ ഒന്നു വിചാരിച്ചാൽ, ലെഗ്യോനുകളെപ്പോലെ ദൈവദൂതന്മാർ കൂട്ടംകൂട്ടമായി, ഗണംഗണമായി വരുമായിരുന്നുവല്ലോ. കർത്താവ് തോൽവിയടഞ്ഞവനായി. ജയിക്കാൻ കർത്താവ് ഒന്നും ചെയ്തില്ല. എന്തിന്?

യേശു തോൽവിയടഞ്ഞവനെപ്പോലെ ക്രൂശിൽ കിടന്നത്, ക്രൂശിൽ പിടഞ്ഞു മരിച്ചത് എന്റെ തോൽവി ജയമാക്കി മാറ്റാനാണ്. എന്നെ ജയിപ്പിക്കാനാണ്. എന്റെ അശുദ്ധിയുടെ മേൽ, ദുശ്ശീലങ്ങളുടെമേൽ, മദ്യപാനത്തിന്റെമേൽ, അശുദ്ധവികാരങ്ങളുടെമേൽ, നിയന്ത്രണമില്ലാത്ത അമിതാവേശത്തിന്മേൽ ജയം തരാനാണ്.

നിന്റെ മൊട്ടക്കുന്നായ ഹൃദയത്തിൽ, ഭവനത്തിൽ,

സമൂഹത്തിൽ കൊടി ഉയർത്തുവാൻ, ജയക്കൊടി നാട്ടാൻ, വിജയവൈജയന്തി ചൂടിക്കാൻ യേശു വന്നിരിക്കുന്നു.

കർത്താവ് ക്രൂശിന്മേൽ മരിച്ചു. ആരും തുണ നിന്നില്ല. എല്ലാവരും വിട്ട് ഓടിപ്പോയി. കർത്താവിന്റെകൂടെ നടന്ന, കർത്താവിനോട് ചേർന്നിരുന്ന പത്രോസ്ശ്ലീഹായും ഓടിപ്പോയി.

കിട്ടിയ വചനം പത്രോസ് കൈക്കൊണ്ടില്ല. സത്യമാണെന്ന് വിശ്വസിച്ചില്ല. തള്ളിപ്പറയുമെന്ന് പറഞ്ഞത് തള്ളിപ്പറയാൻ വേണ്ടിയല്ല എന്ന് പത്രോസ് മനസ്സിലാക്കിയില്ല. ജീവിതത്തിൽ ചില പുതിയ തീരുമാനങ്ങൾ എടുക്കുവാനും കർത്താവിന്റെ കൃപയിൽ ചാരുവാനും ദൈവം കൊടുത്ത നല്ല അവസരമായിരുന്നു. ആ അവസരം ഉപയോഗിച്ചില്ല.

പ്രിയപ്പെട്ടവരേ, നാളിതുവരെയുള്ള ജീവിതത്തിൽ പരാജയമടഞ്ഞവർ ആരെല്ലാമുണ്ട്? പരീക്ഷയിൽ തോറ്റവർ ആരെല്ലാമുണ്ട്? ഡിഗ്രിക്ക് തോറ്റവർ ആരെങ്കിലുമുണ്ടോ? എൻട്രൻസ് ടെസ്റ്റ് കിട്ടാതെ പോയവർ ആരെങ്കിലുമുണ്ടോ? ഒരിക്കലും നിരാശപ്പെടരുത്.

നിരാശ നമ്മുടെ ആയുധമല്ല. നമ്മുടെ ആയുധം പ്രത്യാശയാണ്. ഞാൻ എത്ര പ്രാവശ്യം തോറ്റുവെന്നത് വിഷയമല്ല. ജയിക്കുന്നതുവരെയും ഞാൻ പരീക്ഷ എഴുതും. ജയിക്കുന്നതുവരെയും ഞാൻ യുദ്ധം ചെയ്യും. ഞാൻ ജയിക്കും. കാരണം, എന്റെ യേശു എന്നോടുകൂടെയുണ്ട്. അവനെന്നെ ജയിപ്പിക്കും.

നിന്റെ നാമത്തിൽ ഞാൻ ജയക്കൊടി നാട്ടും. ഞാൻ ആനന്ദഘോഷത്തോടെ ഉല്ലസിച്ച് ദൈവത്തെ സ്തുതി പാടും. ഞാൻ നിനക്ക് സ്തുതി പാടുമ്പോൾ എന്റെ പ്രാണൻ അത്യന്തം സന്തോഷിക്കും. എന്റെ ശരീരം ആനന്ദിക്കും. എന്റെ നാവ് ഉല്ലസിക്കും. സന്തോഷധ്വനികൾ എന്നിൽനിന്ന്

പുറപ്പെടും.

> *"ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ."*
>
> *സങ്കീർത്തനങ്ങൾ 20 : 5*

ദൈവപൈതലേ, നീ ചോദിക്കുന്ന കാര്യങ്ങൾ എല്ലാം തരാൻ ദൈവം ശക്തനാണ്. എന്തെല്ലാമാണ് നിനക്ക് ചോദിക്കാനുള്ളത്?

"ഞാൻ നിന്നെ വാലല്ല തലയാക്കും" എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. ഭൗതികജീവിതത്തിലും ആത്മീയജീവിതത്തിലും നമ്മുടെ താഴ്ചയിൽനിന്നും ബലഹീനതകളിൽനിന്നും ഉദ്ധരിച്ച് നമുക്ക് ഒരു ജയജീവിതം തരാൻ കർത്താവ് ആഗ്രഹിക്കുന്നു.

ജയജീവിതം തരുന്ന ക്രിസ്തു. പാപങ്ങൾ വരാതിരിക്കുമ്പോൾ എന്തൊരു സുഖമാണ്! ചീത്ത ചിന്തകൾ വരാതിരിക്കുമ്പോൾ എന്തൊരു ആശ്വാസമാണ്! അശുദ്ധ ചിന്തകൾ ഒന്നും വരാതെ നമ്മുടെ ഹൃദയം പരിപാവനമായി സൂക്ഷിക്കാൻ സാധിക്കുമ്പോൾ എന്തൊരു ധൈര്യമാണ്! അരുതാത്തതൊന്നും വരുന്നില്ല. ആരോടും ഒരു പരിഭവം വരുന്നില്ല. ആരെക്കുറിച്ചും ഒരു മുഷിച്ചിലില്ല. എല്ലാവരേയും ഒരുപോലെ കാണുന്നു, സ്നേഹിക്കുന്നു. എന്തൊരു ശക്തിയാണെന്നോ?

നമ്മുടെ ഒന്നുമില്ലായ്മ നാം കർത്താവിനോടു സമ്മതിക്കണം. യേശുവേ, ഇതുവരേയും ഞാൻ അനേകമനേകം കാര്യങ്ങളിൽ പരാജയപ്പെട്ടവനാണ്, പരാജയപ്പെട്ടവളാണ്. ഒരു വാക്കുപോലും വിശ്വസ്തതയോടെ പാലിക്കാൻ എനിക്ക്

കഴിഞ്ഞിട്ടില്ല.

എന്റെ കർത്താവേ, എന്റെ നാവിനെ നിയന്ത്രിക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഒരവയവത്തിന്മേലും എനിക്ക് ജയം കിട്ടിയിട്ടില്ല, നിയന്ത്രണം കിട്ടിയിട്ടില്ല. എനിക്ക് ഇന്ദ്രിയജയം - അവയവങ്ങളിന്മേൽ ജയം - ഇല്ല.

നാവിനെ നിയന്ത്രിക്കാൻ നമുക്ക് സാധിക്കണം. ജയം കിട്ടണം. ഈ നാവ് അരുതാത്ത ഒരു വാക്ക്, ചീത്തവാക്ക്, അസഭ്യവാക്ക്, മറ്റുള്ളവരെ തരം താഴ്ത്തുന്ന, ആരേയും വിമർശിക്കുന്ന, ആരേയും പരിഹസിക്കുന്ന വാക്ക് വരാൻ പാടില്ല. പറയാൻ പാടില്ല. ഈ നാവ് ക്രിസ്തുവിന്റെ നാവാകാൻ വിട്ടുകൊടുത്തതാണ്. അതാണ് സമർപ്പണം. എന്റെ ഈ നാവ് എടുത്ത് കർത്താവിന് സംസാരിക്കാം.

എന്റെ കണ്ണിന്മേൽ എനിക്കു ജയം വേണം. ചീത്ത പടങ്ങൾ ആരെല്ലാം കാണിച്ചു തന്നാലും ഈ കണ്ണുകൾ കാണാൻ പാടില്ല. റാഗ് ചെയ്യാൻ സീനിയേഴ്സ് വിളിച്ച് ചീത്ത പടങ്ങളോ ചീത്ത പ്രവൃത്തികളോ കാണിച്ചു തന്നാൽ അയ്യോ, എന്നോടു പറയല്ലേ, എനിക്കു വയ്യാ എന്നു പറഞ്ഞ് കരയണം.

ഈ കൈ അരുതാത്തത് തൊടാൻ പാടില്ല. ഈ കൈ യേശുവിന്റെ കൈയായി ഞാൻ സമർപ്പിച്ചതാണ്. യേശുവിന്റെ കൈ അന്ന് നിശ്ചലമായി പോയി. രണ്ടായിരം വർഷം മുമ്പ് കുരുടന്റെ കണ്ണിൽ തൊട്ട കൈ, പത്രോസിനെ വെള്ളത്തിൽനിന്ന് വലിച്ചെടുത്ത കൈ ഇന്ന് നിശ്ചലമായി പോയി, ചലിക്കുന്നില്ല.

അന്നു കുഷ്ഠരോഗിയെ തൊട്ട കരം ഇന്നു ചലിക്കുന്നില്ല. കാരണം, അത് ക്രൂശിക്കപ്പെട്ടു കടന്നുപോയി. എന്നാൽ ഇന്ന് നാഥാ, നിനക്കുവേണ്ടി പ്രവർത്തിക്കാൻ, നിനക്കുവേണ്ടി സ്പർശിക്കാൻ ഈ കരം വിട്ടുതരുന്നു. നാഥാ, ഇത്രയും കാലം അരുതാത്തത് ചെയ്ത കരമാണ്, ഭാര്യയെ തല്ലിയ

കരമാണ്. ഭർത്താവിനെ വേദനിപ്പിച്ച കരമാണ്; അപ്പനെ നൊമ്പരപ്പെടുത്തിയ കരമാണ്. എന്റെ മക്കളെ ആവശ്യമില്ലാതെ ഉപദ്രവിച്ച കരമാണ്. എന്റെ വിദ്യാർത്ഥികളെ ഒരു കാരണവും ഇല്ലാതെ ഉപദ്രവിച്ച കരമാണ്. തെറ്റുകൾ പറ്റിയ കരമാണ്. യേശുവേ, ഇത് ഞാൻ ഇന്ന് വിട്ടുതരുന്നു. ഇങ്ങനെ നാം സമർപ്പിച്ചതുകൊണ്ട് ഈ കരം ഇനി തെറ്റു ചെയ്യാൻ പാടില്ല. ഇത് യേശുവിന്റെ കരം ആയിപ്പോയി.

നിങ്ങൾക്ക് ചില നിഷ്ഠകൾ, ചില പ്രതിഷ്ഠകൾ വേണം. കാരണം ഇത് യേശുവിനു കൊടുത്തുപോയി. കർത്താവ് ഇതിനു കൊടുത്ത വില തന്റെ സ്വന്തം ജീവൻ! സ്വന്തരക്തം കൊടുത്ത് കർത്താവ് വിലയ്ക്ക് വാങ്ങിപ്പോയി. ഓരോ അവയവവും നോക്കണം.

> *"ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല."*
>
> *ഗലാത്യർ 5 : 22, 23*

ഇന്ദ്രിയജയം! ഓരോ അവയവത്തിന്റെമേലും നമുക്ക് ജയം കിട്ടുകയാണ്. കൊച്ചു കുട്ടികളും പരിശീലിക്കണം. നിങ്ങളുടെ അവയവങ്ങൾ കർത്താവിന് വിട്ടുകൊടുത്തു ജയം നേടണം. യേശുവിന് വിട്ടുകൊടുക്കണം. കൊച്ചുകുട്ടികൾ ചെറുപ്രായത്തിൽത്തന്നെ കൊടുത്താൽ ഏറ്റവും നല്ലതാണ്. പിന്നെ അരുതാത്ത കാര്യങ്ങൾക്ക് പോവുകയില്ല.

കൊച്ചുകുട്ടികൾ ജീവിതത്തിൽ ഇത് പാലിക്കണം. പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കാര്യവും ചെയ്യണം. പഠിക്കാൻ ഇരിക്കുമ്പോൾ പ്രാർത്ഥിച്ചുകൊണ്ട് പഠിക്കണം. നിങ്ങൾ സ്ക്കൂളിൽ അല്ലെങ്കിൽ കോളേജിൽ പോകുമ്പോൾ പ്രാർത്ഥിച്ചു കൊണ്ട് പോകണം. കോളേജിന്റെ വരാന്തയിൽക്കൂടി നിങ്ങൾ

നടക്കുമ്പോൾ, ക്ലാസ്സിൽ ഇരിക്കുമ്പോൾ എന്റെ കർത്താവ് ദു:ഖിക്കരുത് എന്ന ചിന്ത നിങ്ങൾക്ക് വേണം.

പതിനെട്ടാമത്തെ വയസ്സുമുതൽ അറുപതാമത്തെ വയസ്സ് വരെ നാല്പത്തിരണ്ടുകൊല്ലം ഞാൻ കോളേജിലും സ്ക്കൂളിലുമായി പഠിപ്പിച്ചു. കോളേജ് തുടങ്ങിയ 1964 മുതൽ 1997 വരെ മുപ്പത്തിമൂന്ന് കൊല്ലം കോളേജിൽ പഠിപ്പിച്ചു. ഒൻപത് കൊല്ലം ഞാൻ വടവുകോട് രാജർഷി ഹൈസ്ക്കൂളിൽ പഠിപ്പിച്ചു.

പ്രിയപ്പെട്ടവരേ, കർത്താവിന്റെ കൃപയാൽ എനിക്കു തന്ന വിജയം! എപ്പോഴും കർത്താവിനെക്കുറിച്ചുള്ള ഓർമ്മ ഉണ്ടായിരുന്നു. യേശു വേണമെന്ന് നിർബ്ബന്ധമുണ്ടായിരുന്നു. യേശു കരയരുത് എന്ന നിർബ്ബന്ധമുണ്ടായിരുന്നു.

നിങ്ങൾ ഓരോരുത്തരും ഇന്ന് കർത്താവിനോട് പറയണം. കർത്താവേ, എനിക്ക് ഒരു ജയജീവിതം വേണം. എനിക്ക് ഇനി പരാജയപ്പെടുവാൻ സാദ്ധ്യമല്ല. പിശാചിന്റെ മുൻപിൽ ഞാൻ തോല്ക്കുകയില്ല. സാത്താൻ എന്നെ പരാജയപ്പെടുത്തുകയില്ല. യേശു ജയവീരനായി എന്റെ മുമ്പിലുണ്ട്. ഞാൻ യേശുവിന്റെ കരത്തിൽ പിടിച്ചിരിക്കുന്നു. എന്നെ പിടിച്ചിരിക്കുന്നവൻ ബലവാനാണ്. സർവ്വശക്തനാണ്. എന്റെ യേശു എന്നെ പിടിച്ചിരിക്കുന്നു. ഞാൻ തോല്ക്കുകയില്ല.

> *"നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും."*
>
> *സങ്കീർത്തനങ്ങൾ 18 : 28, 29*

ജയം പ്രാപിക്കാൻ ആഗ്രഹം തോന്നുന്നുണ്ടോ? എങ്കിൽ

യേശുവിനോടു പറയുക: കർത്താവേ ഞാൻ ഇതുവരെ കുടുംബജീവിതത്തിൽ പരാജയപ്പെട്ടവനാണ്. ഭർത്താവിനോട് ദേഷ്യപ്പെടുകയും മുഷിയുകയും പരിഭവപ്പെടുകയും ചിലപ്പോൾ മുഖം വീർപ്പിച്ചിരിക്കുകയും ചെയ്തുപോയിട്ടുണ്ട്. നിസ്സാരകാര്യത്തിന് ഞാൻ വഴക്കടിച്ചിട്ടുണ്ട്. എന്റെ ഭാര്യയോട് ഞാൻ വളരെ കോപിക്കയും എന്റെ ഹൃദയത്തിൽ നീരസമുണ്ടായിരിക്കയും കയ്പ്പ് വച്ചുകൊണ്ടിരിക്കയും ചെയ്തിട്ടുണ്ട്. നാളുകൾ ഞങ്ങൾ മിണ്ടാതെയിരുന്നിട്ടുണ്ട്.

എന്റെ കർത്താവേ, അങ്ങനെ പരാജയപ്പെട്ട ഒരു മനുഷ്യനാണ് ഞാൻ. ദുശ്ശീലങ്ങൾക്കും കഞ്ചാവിനും മയക്കുമരുന്നിനും പുകവലിയ്ക്കും മദ്യത്തിനും എല്ലാ തിന്മകൾക്കും പുറത്തുപറയാൻ ലജ്ജിക്കുന്ന അശുദ്ധ വികാരങ്ങൾക്കും അശുദ്ധ പ്രവൃത്തികൾക്കും എല്ലാം തോറ്റുപോയ ഒരു മനുഷ്യനാണ് ഞാൻ. കർത്താവേ, നീ ഒന്നു കാണണമേ.

എന്നെ ജയിപ്പിക്കാൻ കുരിശിലേറിയ രക്ഷകാ, കുരിശിൽ തിരുരക്തം ചിന്തിയ രക്ഷകാ; ഇപ്പോൾ നീ എന്റെ അരികത്തേക്ക് വന്ന് ആ ആണിപ്പാടുള്ള കരം, ആ തിരുരക്തം പുരണ്ട കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. യേശുവേ, നിന്റെ കരം എന്നെ പിടിക്കണമേ. എന്നെ ജയാളിയാക്കി തീർക്കണമേ. ജയഘോഷയാഗങ്ങളെ അർപ്പിക്കാൻ തക്കവണ്ണം എന്നെ യോഗ്യനാക്കി തീർക്കണമേ. കർത്താവിൽ സന്തോഷിച്ച് ഉല്ലസിപ്പാൻ എനിക്ക് ഭാഗ്യം തരണമേ.

ജയജീവിതത്തിന്റെ സാക്ഷ്യത്തോടെ, മൊട്ടക്കുന്നിന്മേൽ ജയക്കൊടി നാട്ടുവാൻ എനിക്ക് ഭാഗ്യം തരണമേ. എന്റെ മൊട്ടക്കുന്നായ, എല്ലാം നാനാവിധമായിപ്പോയ ജീവിതത്തിൽ, ഒരു പ്രതീക്ഷയുമില്ലാത്ത മൊട്ടക്കുന്നിന്മേൽ ജയത്തിന്റെ കൊടി നീ നാട്ടിത്തരണമേ. നാഥാ! നിന്റെ കരം എന്നെ പിടിക്കണമേ. എന്നെ നീ അനുഗ്രഹിക്കണമേ. എന്നോട് നീ

മനസ്സലിയണമേ. നിന്റെ രക്തത്താൽ ശുദ്ധീകരിക്കണമേ.

നാഥാ! നിന്റെ കരുണയുടെ സിംഹാസനത്തിൻ മുമ്പിലേക്ക് ഞാൻ ഇതാ വരുന്നു. നിന്റെ കരുണയുടെ പാദപീഠത്തിലേക്ക്, സ്നേഹത്തിന്റെ ബലിപീഠത്തിലേക്ക്, ആ ഗോഗുൽത്തായിലെ ക്രൂശിൻചുവട്ടിലേക്ക് ഞാനിതാ വരുന്നു. തിരുരക്തം ഒലിച്ചിറങ്ങുന്ന കുരിശിൻചുവട്ടിൽ കിടന്നു കരയുന്നു. നാഥാ! എന്നോടു മനസ്സലിയണമേ. ഒന്നുമാത്രം ഞാൻ നിന്നോടു പറയുന്നു. ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായിരിക്കും. ഒരു പുതിയ സൃഷ്ടിയായിരിക്കും. ഇന്നുമുതൽ പാപം തൊടാതെ ഞാൻ ജീവിക്കും. യേശുവിന്റെ സാക്ഷിയായി ഞാൻ ജീവിക്കും. ഇന്നുമുതൽ ഞാൻ ജയാളിയായി ജീവിക്കും. യേശുവേ, നിന്റെ ജയക്കൊടി എന്റെ കരത്തിൽ തരണമേ. ആ ജയക്കൊടി എന്റെ ഹൃദയത്തിൽ നാട്ടണമേ.

# മൂന്ന്

*"ആമോസിന്റെ മകനായ യെശയ്യാവ് ബാബേലി നെക്കുറിച്ച് ദർശിച്ച പ്രവാചകം: മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ."*            *യെശയ്യാവ് 13 : 1 , 2*

പലരുടേയും ജീവിതം മൊട്ടക്കുന്നാണ്. ഒന്നും മുള യ്ക്കുകയില്ല. ഒരു പുൽനാമ്പ് പോലും കാണുകയില്ല. അവിടെ മഴയില്ല, തണുപ്പില്ല, അല്പംപോലും സൗഖ്യവും ഇല്ല. എല്ലാം ഊഷരമായ ഒരു മരുപ്പറമ്പുപോലെ, ഉണങ്ങിവരണ്ട മരുഭൂമി പോലെ കിടക്കുന്നു.

മൊട്ടക്കുന്ന്! അവിടെ കുറെ കല്ലുകളോ, ചരൽക്കല്ലുകളോ, പാറകളോ ഒക്കെ കണ്ടുവെന്ന് വന്നേക്കാം. വിത്ത് ഇട്ടാൽ മുള യ്ക്കുകയില്ല. അത് ഫലശൂന്യമായ, ഒരു പുതിയ നാമ്പ് എടു ക്കാൻ പറ്റാത്ത മൊട്ടക്കുന്നാണ്.

ഇന്ന് അനേകരുടേയും ജീവിതം മൊട്ടക്കുന്നാണ്. നിങ്ങ ളുടെ ജീവിതം ചിലപ്പോൾ കടത്തിന്റെ ഭാരംകൊണ്ട് ഞെരു ങ്ങുന്നതും അല്പംപോലും സമാധാനമില്ലാത്തതുമായ മൊട്ട ക്കുന്നാണ്. ചിലർ വിവാഹിതരായി, മക്കളുണ്ടാകുന്നില്ല, മൊട്ട ക്കുന്നാണ്. ഒരു കുഞ്ഞിനെ കാണാൻ, എടുക്കാൻ, അതിനെ വളർത്താൻ ആഗ്രഹമുണ്ട്. പക്ഷെ കിട്ടുന്നില്ല, മൊട്ടക്കുന്നാ ണ്.

പല തൊഴിലുകൾ ഒന്നുമാറി ഒന്നുമാറി നോക്കി. പക്ഷേ, ഒരു കരകയറ്റം കിട്ടുന്നില്ല, മൊട്ടക്കുന്നാണ്. നിരാശാകരമായ ജീവിതമാണ്. ആകെ നിരാശ മാത്രമേയുള്ളൂ. നിങ്ങൾ ആരെ

ങ്കിലും ചിന്തിച്ചിട്ടുണ്ടോ എങ്ങനെയെങ്കിലും മരിച്ചാൽ മതിയായിരുന്നു എന്ന്. അത്രമാത്രം ഹൃദയം നിരാശയിലാണ്ടുപോയവർ.

ഒരുപക്ഷേ, നിങ്ങളുടെ അപ്പൻ, അല്ലെങ്കിൽ അമ്മ നേരത്തെ മരിച്ചുപോയതുകൊണ്ടാകാം. നിങ്ങൾക്ക് സ്വന്തം സഹോദരങ്ങൾ ഇല്ലാത്തതുകൊണ്ടാകാം. പരീക്ഷ പലപ്രാവശ്യം എഴുതി ഒരു നല്ല രീതിയിൽ പാസ്സാകാൻ പറ്റിയില്ല. എൻട്രൻസ് ടെസ്റ്റ് പാസ്സായി. പക്ഷേ ഒരു അഡ്മിഷൻ കിട്ടാനുള്ള സാധ്യത കാണുന്നില്ല. മൊട്ടക്കുന്നാണ്.

എന്നാൽ കർത്താവ് പറയുന്നത്: “മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ” എന്നാണ്. ഇന്ന് മൊട്ടക്കുന്നാണെങ്കിലും നിരാശ മുറ്റിയ ജീവിതമാണെങ്കിലും ജയത്തിന്റെ കൊടി ഉയർത്താമെന്നാണ് പറയുന്നത്.

> *“ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും.” സങ്കീർത്തനം 20 : 5*

കർത്താവേ, ഈയുള്ളവന്റെ അപേക്ഷ ഒക്കെയും നിവർത്തിച്ചു തരണമേ. ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ച് ഉല്ലസിക്കും. ജയം! ജയത്തിന്റെ കൊടി നാട്ടുക. മൊട്ടക്കുന്നാണ്. പക്ഷേ, കർത്താവ് അവിടെ ഇതാ ജയക്കൊടി നാട്ടാൻ പോകുന്നു.

മൊട്ടക്കുന്നാണ്. ഒരല്പംപോലും നനവിന്റെ കിനിവ് ഇല്ല. അവിടെ ഒന്നും മുളച്ച് വരാൻ സാധ്യതയുമില്ല. ഇതുവരെയും പരാജയമേ ഉണ്ടായിട്ടുള്ളൂ. തോൽവിയേ ഉണ്ടായിട്ടുള്ളൂ. കുടുംബജീവിതത്തിൽ, ഭാര്യാഭർത്തൃബന്ധത്തിൽ, മക്കളെ വളർത്തുന്നതിൽ, വിദ്യാഭ്യാസത്തിൽ, പരീക്ഷ എഴുതിയതിൽ, ഔദ്യോഗിക തലങ്ങളിൽ, ബിസിനസ്സിൽ എല്ലാറ്റിലും പരാജയപ്പെട്ടവരുണ്ട്. പക്ഷേ, പരാജയപ്പെട്ടവർ പറയുന്നു: ഞങ്ങൾ നിന്റെ നാമത്തിൽ ജയത്തിന്റെ കൊടി ഉയർത്തും.

അതൊരു ഭാഗ്യകരമായ അനുഭവമാണ്. നാം ഓരോരുത്തരും ജയാളികളായിത്തീരണം; ഒരിടത്തും തോല്ക്കരുത്.

ആത്മീയമായി പരാജയപ്പെട്ട ജീവിതങ്ങളുണ്ട്. പാപത്തിന്റെ മുമ്പിൽ പരാജയപ്പെട്ടുപോയി. തീരുമാനങ്ങൾ പലതും എടുത്തു, പ്രാർത്ഥിച്ചു. വചനം കേൾക്കുമ്പോൾ സമർപ്പിക്കുന്നുണ്ട്. കൈ രണ്ടും ഉയർത്തി ദൈവത്തെ സ്തുതിക്കുന്നുണ്ട്. പക്ഷേ, പാപത്തിന്റെ പ്രലോഭനങ്ങൾ വരുമ്പോൾ വീണുപോകുന്നു.

വിശുദ്ധിയിൽ തോൽവിയടഞ്ഞവർ! പാപത്തിന്റെ മേൽ ജയം കിട്ടാത്തവർ! വിശുദ്ധിയില്ലാത്തവർ! മലിനമായ ചിന്തകളും മ്ലേച്ഛമായ മോഹങ്ങളുമുള്ളവർ! അഴുക്കായ വികാരവിചാരങ്ങളുള്ളവർ! ലജ്ജാകരമായ ഒരു ജീവിതം. ജയം കിട്ടാത്തവരാണ്.

ഞാൻ ഈയിടെ വായിച്ചു. ബില്ലിഗ്രഹാമിന്റെ കൂടെ സുവിശേഷവേലയിൽ ഏറ്റവും മുൻപന്തിയിൽ നിന്ന വേറെ രണ്ടു ചെറുപ്പക്കാരുണ്ടായിരുന്നു. ഒരാളുടെ പേര് ക്ലിഫോഡ്. മറ്റേയാളുടെ പേര് വിമ്പിൾഡൺ. ഇവർ രണ്ടുപേരും അമേരിക്കയിലെ സുവിശേഷവേലയിൽ ഏറ്റവുമധികം മുതിർന്നവരുമായിരുന്നു.

അമേരിക്കയിലെ സുവിശേഷതാത്പര്യമുള്ള ആളുകൾ എല്ലാം വിചാരിച്ചു ഈ നൂറ്റാണ്ടിൽ അമേരിക്കയിലെ രണ്ട് വിശ്രുത സുവിശേഷകരായിരിക്കും ഇവരെന്ന്.

എന്നാൽ ഇവരെ വീഴിച്ചേ അടങ്ങൂ എന്ന് പിശാച് തീരുമാനിച്ചു. ബില്ലിഗ്രഹാം ഉറച്ചുനിന്നു. ധൈര്യത്തോടെ കർത്താവിൽ ആശ്രയിച്ചു നിന്നു. കർത്താവിന്റെ കൃപയാൽ, തിരുരക്തത്തിന്റെ ശക്തിയാൽ ബില്ലിഗ്രഹാം ജയിച്ചുനിന്നു.

പക്ഷേ, ഈ ചെറുപ്പക്കാർ രണ്ടുപേരും ക്ഷീണിതരായിപോയി. ഒരാൾ തെറ്റില്ലല്ലോ എന്ന് വിചാരിച്ച് ഒരു റേഡിയോനി

ലയത്തിൽ ന്യൂസ് റീഡിംഗിനായി പോയി. തെറ്റില്ലാത്ത കാര്യ മല്ലേ ന്യൂസ് റീഡ് ചെയ്യുന്നത്. പക്ഷേ, ആ സാഹചര്യം അദ്ദേ ഹത്തിന് ദോഷമായിത്തീർന്നു. റേഡിയോനിലയത്തിലുള്ള ആളുകളുമായി സംസാരിക്കയും ഇടപഴകുകയും ചെയ്ത് അദ്ദേഹത്തിന്റെ വീര്യം കുറേശ്ശെ കുറഞ്ഞുപോയി. ആ റേഡി യോനിലയത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ ക്രിസ്തുവിനെ വിശ്വസിക്കുന്നില്ല എന്ന്. ശക്തമായി സുവിശേഷം പ്രസംഗിച്ചയാൾ ഒടുവിൽ ഒരു നിരീശ്വരനായി മാറി!

മറ്റേയാൾ വളരെ ജ്വലിക്കുന്ന ഒരു സുവിശേഷകനായി രുന്നു. എന്നാൽ അദ്ദേഹം മദ്യത്തിന് അടിമപ്പെട്ടു. പാപത്തി ലേക്ക് പോകുന്നത് ഹൃദയത്തിൽ നൊമ്പരമില്ലാതെയായി. മദ്യാസക്തി പൂണ്ട് ജീവിതം തിന്മയിലേക്ക് തിരിച്ചു. അദ്ദേഹ ത്തിന് അവസാനം കരളിൽ രോഗം ബാധിച്ചു. സ്വന്തമായി ഒരു പാർപ്പിടമില്ല, ആരുമില്ല. അദ്ദേഹം ഒരു ലോഡ്ജിൽ കിടന്നു മരിച്ചു. അദ്ദേഹത്തിന്റെ ശവശരീരം അടക്കാൻ ആരും ഇല്ലാ ത്തതുകൊണ്ട് അവിടെയുള്ള തെരുവിലുള്ള ആളുകൾ പിരിച്ച് രൂപയുണ്ടാക്കി, പാവപ്പെട്ടവരെ അടക്കുന്ന ശവക്കോട്ടയിൽ അദ്ദേഹത്തെ കൊണ്ടുപോയി അടക്കി.

എത്ര വീരനാണെന്ന് തോന്നിയാലും എത്ര ബലശാലി യാണെന്ന് തോന്നിയാലും വീണുപോകാം. വീഴാതിരിക്കുന്നത് കർത്താവിന്റെ കൃപ.

ഞാൻ നിന്നതല്ല എന്നെ നിറുത്തിയതാണ്. എനിക്ക് കഴി വില്ല. പക്ഷേ, എന്നെ നിറുത്തുന്ന ഒരാൾ ഉണ്ട്. അവിടുന്ന് സർവ്വശക്തനാണ്. ആ യേശുവിൽ നിങ്ങൾ ചാരിക്കൊള്ളണം. എങ്കിലേ നിങ്ങൾക്ക് ജയത്തിന്റെ കൊടി നാട്ടാൻ ഒക്കുകയുള്ളൂ.

നമ്മുടെ സ്വന്തം കഴിവുകൊണ്ട് ജയിക്കുകയില്ല. അതിന് ഒരു പോംവഴിയുണ്ട്. ഈ ജയത്തിന്റെ പതാക കുരിശാണ്. കുരിശ് നിങ്ങളുടെ കൈവശം കിട്ടണം. ഏതു യാതന

വന്നാലും പതറാത്ത ഒരു ഹൃദയം. ആരെല്ലാം ഒറ്റപ്പെടുത്തിയാലും ഉപേക്ഷിച്ചാലും തള്ളിക്കളഞ്ഞാലും ഒട്ടും പതറാത്ത ഒരു ഹൃദയം. സ്വന്തം വീട്ടിൽ തന്നെ എതിർപ്പ് വന്നാലും ജീവിതത്തിൽ അനേകം പ്രതിസന്ധികൾ വന്നാലും അല്പം പോലും പാളിപ്പോകാത്ത ഒരു ഹൃദയം. എന്തും വന്നുകൊള്ളട്ടെ, എന്റെ യേശുവിനോടുള്ള സ്നേഹത്തിൽ നിന്ന് എന്നെ വേർപിരിക്കുന്നത് ആര് എന്ന് ദൈവസന്നിധിയിൽ ഉച്ചരിക്കാൻ ശക്തി തരുന്ന ഒരു ഹൃദയം.

*"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപോലെ ഞങ്ങളെ എണ്ണുന്നു" എന്ന് എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു." മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു." റോമർ 8 : 35 – 39*

ആരെല്ലാം തെറ്റിദ്ധരിച്ചാലെന്ത്? എന്റെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് എന്നെ വേർപിരിപ്പാൻ കഴിയുകയില്ല എന്ന ഉറപ്പ് വേണം.

നിങ്ങൾ പാപത്തിന്റെ മുമ്പിൽ തോറ്റുപോകരുത്. പിശാചിന്റെ മുമ്പിൽ തോറ്റുപോകരുത്. ഈ ലോകജീവിതം ഒരു യുദ്ധമാണ്; ദുർഘടമാർഗ്ഗമാണ്. ഇതിലേ പോകുന്നവർ വളരെ സൂക്ഷിച്ചുപോയാലേ ജയിച്ചുപോകാൻ പറ്റുകയുള്ളൂ. നിറയെ

മുള്ളുകളാണ്. വഴിയിൽ നിറയെ മുളളുകൾ. ഈ മുള്ളുക ളുടെ ഇടയിൽകൂടി പോകാൻ പറ്റുമോ?

മുഴുവൻ മുള്ളുകൾ നിരത്തിയിട്ടിരിക്കുന്നു. പക്ഷേ, നിങ്ങൾ അടുത്തേക്ക് ചെന്നുനോക്കിയപ്പോൾ ഭാഗ്യം! മുള്ളു കളുടെ ഇടയിൽ ഒരു കാല് വയ്ക്കാനുള്ള പഴുതുണ്ട്. അതിൽ കാൽവച്ച് അടുത്തതിലേക്ക് നോക്കുമ്പോൾ അവിടെ വേറൊരു പഴുതുണ്ട്. ചുറ്റും മുള്ള് തന്നെയാണ്. മുള്ളുകളുടെ ഇടയിലാണ് നാം ജീവിക്കുന്നത്.

ഭർത്താവിന്റെ കൂരമ്പ് പോലുള്ള വാക്കുകൾ മൂലം, ഭാര്യ യുടെ നിശിതവും കർശനവുമായ പെരുമാറ്റം മൂലം, മക്കളുടെ തോന്നിയതുപോലെയുള്ള ജീവിതം മൂലം ഇങ്ങനെ പലവിധ ത്തിൽ ഹൃദയത്തിൽ മുള്ളുകൾ തറയ്ക്കുന്നു.

ഈ മുള്ളുകളുടെ ഇടയിൽക്കൂടി പോകാൻ പഴുതുണ്ട്. സൂക്ഷിച്ചുനടക്കണമെന്നേയുള്ളൂ. വളരെ കരുതലോടെ നട ന്നാൽ ഇടയ്ക്ക് ആ പഴുതിൽക്കൂടി നടന്ന് മുന്നോട്ട് പോകാം. ആ ഓട്ടത്തിന്റെ അവസാനം വിജയക്കൊടി നാട്ടാം.

ജയത്തിന്റെ കൊടി നാട്ടിക്കഴിഞ്ഞാൽ അടുത്ത കൊടി ഉയർത്താം. സ്തുതിയുടെ കൊടി! സ്തുതി! അത് worship-ന്റെ കൊടിയാണ്, സ്തോത്രത്തിന്റെ കൊടിയാണ്.

“നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ ഞാൻ നിർത്തരുതേ,”എന്നു പിതാക്കന്മാർ പാടി.

സ്തുതി! അതാണ് ഘോഷിച്ചുല്ലസിക്കുന്നത്. “നിന്റെ ജയത്തിൽ ഞങ്ങൾ ഘോഷിച്ചുല്ലസിക്കും.” ഘോഷിക്കുന്നത് സന്തോഷമുള്ളപ്പോഴാണ്. നിന്റെ ജയത്തിൽ ഞങ്ങൾ ഘോഷിച്ച് ഉല്ലസിക്കുന്നു. ജയം കിട്ടിക്കഴിഞ്ഞാൽ സന്തോഷ മായി, സന്തോഷത്തിന്റെ അളവില്ലാത്ത ഒരു അനുഭവമായി; അനുഭൂതിയായി. ഈ ജയത്തിൽ ഘോഷിച്ചുല്ലസിക്കുന്ന അനുഭവം! സ്തുതിക്കുന്ന അനുഭവം!

നിങ്ങളുടെ ഉള്ളിൽ നിന്ന് ഈ സ്തുതി വരാറുണ്ടോ? കർത്താവ് തന്ന നന്മകൾ ഓർത്ത് സ്തുതിക്കാറുണ്ടോ? നിങ്ങൾക്ക് ഇത്രയും നാൾ ഭൂമിയിൽ ജീവിക്കാൻ കർത്താവ് ആയുസ്സ് തന്നല്ലോ. ഇന്നുള്ള കുടുംബജീവിതം തന്നല്ലോ. സ്നേഹമുള്ള മാതാപിതാക്കളെ തന്നല്ലോ. സ്നേഹമുള്ള ഒരു ഭാര്യയെ തന്നല്ലോ; നിങ്ങളെക്കുറിച്ച് കരുതലുള്ള, നിങ്ങളെ ബഹുമാനിക്കുന്ന, ആദരിക്കുന്ന ഭർത്താവിനെ തന്നല്ലോ. സ്തുതിക്കാൻ വകയുണ്ട്.

നിങ്ങൾക്ക് ഇന്ന് കഞ്ഞി കുടിക്കാൻ മാർഗ്ഗമുണ്ടല്ലോ, സ്തുതിക്കാൻ വകയുണ്ട്. ഇതൊന്നും ഇല്ലാത്ത എത്രയോ പേരുണ്ട്? ഒരു നല്ല കുടുംബജീവിതമില്ലാത്തവർ, കിടപ്പാടമില്ലാത്തവർ എത്രയോ പേർ ഉണ്ട്?

കർത്താവേ, രോഗക്കിടക്കയിൽ നിന്ന് നീ എന്നെ എഴുന്നേല്പിച്ചല്ലോ, സ്തുതി! കർത്താവേ, പാപത്തിൽ എനിക്ക് ജയം തന്നല്ലോ, സ്തുതി! എനിക്ക് പണ്ടത്തെപ്പോലെ നിരാശ വരുന്നില്ല; പണ്ടത്തെപ്പോലെ ഹൃദയം തളരുന്നില്ല. സ്തുതി.

ഇന്ന് വീട്ടിൽ വഴക്കും പിണക്കവുമില്ല. എല്ലാവരും ഐക്യമാണ്, സ്തുതി! ഓരോന്നോരോന്ന് നിങ്ങൾ ചിന്തിക്കൂ. സ്തുതിക്കാനുള്ള വിഷയങ്ങളേ ഉള്ളൂ. മരിച്ചുപോകണ്ട സ്ഥാനത്ത് ഈ ഭൂമിയിൽ കർത്താവ് ആയുസ്സ് തന്ന് ജീവനോടെ നിറുത്തി. ദൈവത്തെ സ്തുതിക്കാൻ വകയുണ്ട്.

“ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും” ജയത്തിന്റെ കൊടി നാട്ടും. ഘോഷിച്ച് ഉല്ലസിക്കുന്ന സ്തുതിയുടെ കൊടി നാട്ടും.

“നിൻ സ്തുതിയും-ഹാലേലൂയ്യായും
കർത്താവേ! ഞാൻ നിർത്തരുതേ;
വിധിനീതി-ക്കയ്യോ! ചെയ്യരുതേ;
ഞാൻ പാതകിയെന്നറിയുന്നേൻ,
സർവ്വകടങ്ങളുമാരാഞ്ഞാൽ

നരകം താനെന്നവകാശം
നിന്നെ വിളിപ്പാൻ കഴിവെന്യേ
മൗനം മൃതിയാൽ ഞാൻ പൂകും
നീക്കുക കൃപയാലെൻ പാപം"

പാപം ഉള്ളപ്പോൾ സ്തുതിയില്ല. ജീവിതത്തിൽ നിന്ന് പാപം മാറിയാലേ സ്തുതി ഉള്ളൂ.

നിന്നെ വിളിയ്ക്കാൻപോലും എനിക്ക് കഴിവില്ലാതെ ആയിപ്പോയിരിക്കുന്നു. പാപം അകത്തു നിൽക്കുന്നു. എന്റെ വായ് പിശാച് അടച്ചുപിടിച്ചിരിക്കുന്നു. എന്റെ നാവ് പിശാച് കെട്ടി ഇട്ടിരിക്കുന്നു. എന്റെ അധരങ്ങളെ തുറക്കണമേ. എന്നാൽ ഞാൻ നിന്റെ നാമത്തെ സ്തുതിക്കും എന്ന് ദാവീദ് പറഞ്ഞു. ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും.

ഇന്ന് ചുണ്ട് അടഞ്ഞുപോയി. ആരോടും ഒരു നല്ലവാക്ക് പറയാൻ കിട്ടുന്നില്ല. ചീത്തവാക്കുകളേ വരികയുള്ളു. അസഭ്യ വാക്കുകളേ വരികയുള്ളൂ. പുറത്ത് കേൾക്കാൻ പാടില്ലാത്ത രീതിയിലുള്ള ചീത്തവാക്കുകൾ വരുന്നു. അതെല്ലാം മാറി നാവിൽ സ്തുതി വരും.

നിങ്ങൾ രഹസ്യത്തിൽ ഇരിക്കുമ്പോൾ കർത്താവിനോട് പറയണം: കർത്താവേ, എന്റെ നാവിൽ നിന്റെ സ്തുതി ഒന്നു വരയ്ക്കണമേ എന്ന്.

"നിന്റെ വായ് വിസ്താരത്തിൽ തുറക്ക, ഞാൻ അതിനെ നിറയ്ക്കാം" എന്നാണ് കർത്താവ് പറഞ്ഞത്. സ്തുതി നിറച്ചു തരാമെന്ന്. ഇടതടവില്ലാതെ സ്തുതി!

"സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റു വാൻ ഞങ്ങളെ യോഗ്യരാക്കണമേ."

യോഗ്യരായിട്ടില്ല ഇന്ന്. യോഗ്യരാക്കണമേ എന്ന് നൂറ്റാണ്ടുകളായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ നല്ല യോഗ്യത

പ്രാപിക്കണം.

എന്തിനാണ് മേൽപ്പട്ടക്കാരേയും പട്ടക്കാരേയും ശെമ്മാശന്മാരേയും സഭയിൽ ഏർപ്പാടാക്കിയത്? അവർ തന്റെ സഭയിലുള്ള ജനങ്ങളെ, സഭയിലുള്ള ആടുകളെ സ്തുതി അഭ്യസിപ്പിക്കാനാണ്. സ്തുതിയുടെ വസ്ത്രം ധരിപ്പിക്കാനാണ്.

"മേൽപ്പട്ടക്കാർ പട്ടക്കാരൊടു ശെമ്മാശ്ശന്മാർ
ഏർപ്പാടാക്കി കർത്താവിവരെ ഭൂമിയതിങ്കൽ
അണിയിച്ചാരിവരനിശം തന്നുടെ സഭയേയിവിടെ
അനവരതം ചെയ്തേറ്റി വസിക്കും സ്തുതികളതാലേ."

മോനേ, നീ എനിക്കുവേണ്ടി ഈ തലമുറയിൽ ഒരു വിശുദ്ധനായി നിൽക്കുമോ? സ്നേഹത്തിന്റെ ഒരു വിളിയാണ്. അത് സ്നേഹത്തിന്റെ ആഹ്വാനമാണ്. ആ സ്നേഹത്തിന്റെ ആഹ്വാനത്തിന് നിങ്ങൾ എന്ത് മറുപടി കൊടുക്കും?

കർത്താവേ, അടിയൻ ഇതാ, അടിയനെ അയയ്ക്കണമേ. ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ. ഞാൻ ഏല്പിച്ചു തരുന്നു.

എന്റെ ഭാവി നിന്റെ കരങ്ങളിലേക്ക് ഞാൻ വച്ചുതരുന്നു. ഇനി എനിക്ക് സ്വന്തമായി ഒരു ജീവിതമില്ല. സ്വന്തം പദ്ധതി ഇല്ല. സ്വന്തം ആഗ്രഹമില്ല. സ്വന്തം ഭാവി ഇല്ല.

കർത്താവേ, നിന്നിലേക്ക് ഞാൻ എല്ലാം തന്നിരിക്കുന്നു. നിങ്ങൾ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കുമോ? എങ്കിൽ നിങ്ങളുടെ തലമേൽ കർത്താവിന്റെ കരം വരും. നിങ്ങൾ വാസ്തവമായി തീരുമാനമെടുക്കുന്നു എങ്കിൽ, യേശുക്രിസ്തുവിന്റെ അനുഗ്രഹിക്കുന്ന കരം, ആ മുറിവേറ്റ കരം നിങ്ങളുടെ തലമേൽ വയ്ക്കും. ആ മുറിവിൽ നിന്ന് ഒലിയ്ക്കുന്ന തിരുരക്തം നിങ്ങളെ കഴുകും. കഴിഞ്ഞകാല പാപങ്ങൾ എല്ലാം ക്ഷമിച്ചുതരും; എല്ലാം കഴുകിത്തരും. എത്ര ഹീന

മായ പാതകങ്ങളും ക്ഷമിച്ചുതരും.

എല്ലാം ക്ഷമിക്കുന്ന സ്നേഹം! എല്ലാം പൊറുക്കുന്ന സ്നേഹം! എല്ലാം വഹിക്കുന്ന സ്നേഹം! എല്ലാം മറന്നുകളയുന്ന സ്നേഹം! പാപങ്ങളെ എല്ലാം മായ്ക്കുന്ന സ്നേഹം!

ആ സ്നേഹം നിങ്ങളെ സന്ധിക്കും. സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാക്കിത്തീർക്കും. ഇന്ന് കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലുമെന്നുള്ള ഉറപ്പ് നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ യേശുവിന്റെ പ്രിയമക്കളായിത്തീരും. നിങ്ങൾ അനുഗ്രഹം പ്രാപിക്കും.

കർത്താവിന്റെ കൃപയിൽ ആശ്രയിച്ചുകൊണ്ട് നിങ്ങളുടെ തീരുമാനം പുതുക്കാം. യേശുവേ, ഇന്നുമുതൽ ഞാൻ ഒരു ജയശാലിയായി നിൽക്കും. ഇന്നുമുതൽ ഞാൻ ജയക്കൊടി നാട്ടും. ഇന്നുമുതൽ ഞാൻ സ്തുതിയുടെ കൊടി നാട്ടും. ഇന്നുമുതൽ ഞാൻ ഒരു ജയാളിയായി നിൽക്കും. ഇന്നുമുതൽ ഞാൻ ഒരു വിശുദ്ധനായി നിൽക്കും.

# നാല്

മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ! മൊട്ടക്കുന്നാണ്. ഒരു ചെറിയ പുൽനാമ്പു പോലും പൊടിക്കില്ല. പ്രതീക്ഷയ്ക്കു വകയില്ലാത്ത മൊട്ടക്കുന്നിൽ കൊടി ഉയർത്താനാണ് കർത്താവ് പറയുന്നത്.

ജയത്തിന്റെ, സത്യത്തിന്റെ, സ്നേഹത്തിന്റെ, വീണ്ടെടുപ്പിന്റെ കൊടി ഉയർത്തണം. ഈ മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തേണ്ടിയിരിക്കുന്നു. ഇന്ന് ഈ ഭൂമി ഒരു മൊട്ടക്കുന്നാണ്. ശാശ്വതമൂല്യങ്ങളുള്ള ഒന്നും ഈ ഭൂമിയിൽ കിട്ടുന്നില്ല. മരണത്തിന്റെ അപ്പുറമുള്ള ജീവിതത്തിലേക്ക് ഉതകുന്നതായി ഒന്നും ഈ ഭൂമിയിൽ ലഭ്യമല്ല.

പള്ളികൾ, കുരിശിൻതൊട്ടികൾ, കബറിടങ്ങൾ, നമസ്കാരങ്ങൾ, അതിമനോഹരമായ ഗീതങ്ങൾ, സുശോഭനമായ കീർത്തനങ്ങൾ, നല്ല നല്ല പ്രൊമിയോനുകളും സെദറാകളും നല്ല കുക്കിലിയോൻ ഗീതങ്ങളും എല്ലാം ഉണ്ട്. നമുക്കത് ഇമ്പമാണ്. പക്ഷേ, ഇതെല്ലാമുണ്ടെങ്കിലും ഇന്നു മൊട്ടക്കുന്നാണ്.

എവിടെയുണ്ട് പ്രതീക്ഷയുടെ നറുനാമ്പ്? എങ്ങും കാണാനില്ല. പ്രതീക്ഷയ്ക്കു വകയൊന്നുമില്ല. എല്ലാം നിരാശ മുറ്റിയ, വാടിക്കരിഞ്ഞുപോയ മനുഷ്യമുഖങ്ങൾ! ഓരോരോ കാര്യങ്ങൾ ഓർത്ത് നെടുവീർപ്പിടുന്ന മനുഷ്യർ! ജീവിതത്തിലെ ക്ലേശങ്ങൾ ഓർത്ത് എന്നും തോരാക്കണ്ണീരൊഴുക്കുന്ന ആളുകൾ! ഒന്നുമാറി ഒന്നുമാറി ആപത്തുകളും വിപത്തുകളും രോഗങ്ങളും ആവലാധികളും പ്രശ്നങ്ങളും തെറുത്തുയർന്നു വരുമ്പോൾ അതിന്റെ മുമ്പിൽ പകച്ചുപോകുന്ന മനുഷ്യർ!

ഓരോരുത്തരും ജീവിതത്തിന്റെ യാതനകളിലേക്ക് നോക്കി നെടുവീർപ്പിടുന്നു.

ഉള്ളം ഉരുകി തിളയ്ക്കുകയാണ്. ഹൃദയം വാടിക്കരിയുകയാണ്. മനസ്സിനു സമാധാനമില്ല. മൊട്ടക്കുന്നാണ്. ഒരു ചെറിയ നറുനാമ്പുപോലും വിരിയുന്നില്ല. കർത്താവ് പറയുന്നു: മൊട്ടക്കുന്നാണ്; എന്നാൽ എന്റെ ജനമായ നിങ്ങളെക്കുറിച്ച് ഞാൻ പ്രതീക്ഷ വയ്ക്കുകയാണ്. മൊട്ടക്കുന്നിന്മേൽ നിങ്ങൾ കൊടി ഉയർത്തണം.

വീട്, കുടുംബം, മക്കൾ, മാതാപിതാക്കൾ എല്ലാം മൊട്ടക്കുന്നാണ്. മദ്യപാനത്തിലും കഞ്ചാവിലും അഭയം തേടുന്ന അനേകമനേകം യുവാക്കന്മാർ! ഇന്ന് കോളേജുകളിലും മറ്റും നടക്കുന്ന റാഗിംഗ് എത്രയോ ക്രൂരമാണ്! ഒരു വിദ്യാർത്ഥിയെ കുനിച്ചു നിറുത്തിയിട്ട്, ഒന്നാം വർഷ വിദ്യാർത്ഥിയുടെ പുറത്ത് അവന്റെ പേര് ബ്ലേഡ്കൊണ്ട് എഴുതുന്നു. ബ്ലേഡ്കൊണ്ട് വരയുന്ന ഭാഗത്തെല്ലാം ചോര ഇങ്ങനെ പൊടിച്ചു പൊടിച്ചു നില്ക്കും. അതുകണ്ട് സീനിയർ വിദ്യാർത്ഥികൾ ചിരിക്കുന്നു. കോളേജുകളും കോളേജ് ഹോസ്റ്റലുകളും മൊട്ടക്കുന്നുകളാണ്.

എന്തിന്, പള്ളികൾപോലും മൊട്ടക്കുന്നായി പോയിരിക്കുന്നു! ജനത്തിന്റെ ആത്മിക ആവശ്യം എന്ത് എന്നറിഞ്ഞ് ജനത്തിന് കൊടുക്കാൻ വകയില്ലാത്ത പള്ളികൾ! പണമുണ്ട്. പക്ഷേ, ജനത്തിന് കിട്ടേണ്ടത് പണമല്ല, സമാധാനമാണ്. പാവപ്പെട്ട ജനത്തിന് കിട്ടേണ്ടത് ആശ്വാസമാണ്. നീറിപ്പുകയുന്ന മനസ്സോടുകൂടി പള്ളിയിൽ വരുന്നവർക്ക് ആശ്വാസം കിട്ടേണ്ടതാണ്. പക്ഷേ, കൊടുക്കാനാളില്ല. ആശ്വാസം വിതരണം ചെയ്യാൻ, സമാധാനം പകരാൻ ആളില്ല. മുകളിൽനിന്നു സമാധാനം ചോദിച്ചു വാങ്ങി കൊണ്ടുവന്ന് ജനത്തിന് വിളമ്പിക്കൊടുക്കുവാൻ ആളില്ല.

ഈ മൊട്ടക്കുന്നിന്മേൽ കൊടിയുയർത്തുവാൻ

കർത്താവ് നമ്മെ കണ്ടിരിക്കുന്നു. ഇന്നത്തെ ഊഷരഭൂമിയിൽ കൊടിയുയർത്താൻ, വരണ്ടുണങ്ങിയ ഈ മണൽക്കാടിൽ കൊടിയുയർത്താൻ ദൈവം നമ്മെ കണ്ടിരിക്കുന്നു.

*‘‘അന്നാളിൽ കർത്താവ് തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ അശ്ശൂരിൽനിന്നും മിസ്രയീമിൽനിന്നും പത്രോസിൽനിന്നും കൂശിൽ നിന്നും ഏലാമിൽ നിന്നും ശിനാരിൽനിന്നും ഹമാത്തിൽനിന്നും സമുദ്രത്തിലെ ദ്വീപുകളിൽ നിന്നും വീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം കൈനീട്ടും.’’ യെശയ്യാവ് 11 : 11*

കർത്താവ് ജനത്തെ വീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം കൈനീട്ടും.

*“അവൻ ജാതികൾക്ക് ഒരു കൊടി ഉയർത്തി, യിസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും യെഹൂദയുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാലു ദിക്കുകളിൽ നിന്നും ഒന്നിച്ചു കൂട്ടുകയും ചെയ്യും.” യെശയ്യാവ് 11 : 12*

**2. വീണ്ടെടുപ്പിൻ കൊടി.**

അവൻ ജാതികൾക്ക് ഒരു കൊടി ഉയർത്തും. വീണ്ടുകൊൾവാനുള്ള വീണ്ടെടുപ്പിൻ കൊടി. The banner of redemption! അനേകം ജാതികളും വംശങ്ങളും ഉണ്ട്. ഇവയുടെ മദ്ധ്യത്തിൽ വീണ്ടെടുപ്പിന്റെ കൊടി ഉയർത്താൻ ആരുണ്ട്?

നാം ഓരോരുത്തരും യേശുക്രിസ്തുവിന്റെ വകയായി തീർന്നിട്ട് വീണ്ടെടുപ്പിന്റെ കൊടി ഉയർത്തണം. നാം സാത്താന്റെ പിടിയിൽനിന്ന് വിടുവിക്കപ്പെടണം. വീണ്ടെടുപ്പ് സാത്താന്റെ പിടിയിൽ നിന്നുള്ള വിടുതലാണ്. സാത്താന്റെ ബന്ധനം അഴിഞ്ഞു കിട്ടുന്നതാണ്.

വെറുതെ വീണ്ടെടുക്കാൻ കഴിയില്ല. വീണ്ടെടുക്കുന്നതിന്

അതിന്റെ ഉടമസ്ഥന് പൈസ കൊടുക്കണം. ഒരു യജമാനന്റെ ഇഷ്ടം നിവർത്തിക്കാൻ കടപ്പെട്ടിരിക്കുന്ന അടിമയെ വില കൊടുത്തു വേറൊരാൾക്കു വാങ്ങാം.

നാം എല്ലാവരും സാത്താന്റെ അടിമകളായിരുന്നു. നാം ജനിച്ചതിനുശേഷം പാപം ചെയ്തതുകൊണ്ടു മാത്രമല്ല, ജനിക്കുമ്പോൾ തന്നെ നാം അടിമകളാണ്. അതാണ് ദാവീദ് പറഞ്ഞത്:

“ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു”

ജനിക്കുമ്പോൾ തന്നെ നാം ഓരോരുത്തരും പിശാചിന്റെ അടിമകളായിരുന്നു. അതുകൊണ്ടാണ് നാം കോപിക്കുന്നത്, വഴക്കുകൂടുന്നത്, വീട്ടിൽ അലോഹ്യമുണ്ടാക്കുന്നത്, പരസ്പരം ഭിന്നതയുണ്ടാക്കുന്നത്. അതുകൊണ്ടാണ് കത്തിക്കുത്തുകൾ നടക്കുന്നത്, വാശിയും വഴക്കും പിണക്കവും പെരുകുന്നത്, പള്ളികൾ തമ്മിൽ വൈരാഗ്യം ഉണ്ടാകുന്നത്, മനുഷ്യർ മൃഗത്തെപോലെ പ്രവർത്തിക്കുന്നത്.

അമ്മയെന്നോ പെങ്ങളെന്നോ ചിന്തയില്ലാതെ, എന്തും പ്രവർത്തിക്കാൻ മടിയില്ലാത്ത മൃഗത്തെപ്പോലെ ഇന്ന് മനുഷ്യർ അധ:പതിച്ചു പോയിരിക്കുന്നു. അത് സാത്താന്റെ ബന്ധനത്തിലായതുകൊണ്ടാണ്.

ഒന്നിനും കുറവില്ലാത്ത ഒരു വീട്. അപ്പനുമമ്മയ്ക്കും ജോലി. മക്കൾക്ക് നല്ല ബുദ്ധി; നല്ല വിദ്യാഭ്യാസം. സമൂഹത്തിൽ മാന്യമായ സ്ഥാനമാനങ്ങൾ. പക്ഷേ, അവിടെ ഉൾപ്പൊരുത്തമില്ല. അപ്പനും അമ്മയും തമ്മിൽ Harmony ഇല്ല; സ്നേഹമില്ല. അപ്പന് എന്നും അമ്മയെ സംശയമാണ്. അപ്പന്റെ വിചാരം ഇവൾ വേറെ ആരെയൊക്കെയോ സ്നേഹിക്കുന്നുണ്ട് എന്നാണ്. എന്തു ചെയ്യും! അതൊരു ഭൂതബാധയാണ്. പൈശാചിക ബാധയാണ്. പിശാചിന്റെ അടിമത്വത്തിൽ പെട്ടുപോയതു കൊണ്ടുള്ള കെടുതിയാണ്. അതുമാത്രമല്ല അത് ഒരു മാനസിക

രോഗവുമാണ്.

പാവം! ആ സ്ത്രീ ശുദ്ധഗതിയുള്ള സ്ത്രീയാണ്. തെറ്റായ വഴിക്കൊന്നും പോയിട്ടില്ല. പോകുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിവില്ലാത്ത സ്ത്രീയാണ്. എന്നാൽ ആ പുരുഷന്റെ ചിന്ത അവൾ വേറെ ആരോടോ രഹസ്യബന്ധം പുലർത്തുന്നു എന്നാണ്. അർദ്ധരാത്രിയിൽ ഒരുറക്കം കഴിഞ്ഞ് ഞെട്ടിയുണരും. ഭാര്യയെ കുലുക്കി വിളിക്കും. ഭാര്യ ഉറക്കച്ചടവോടെ കണ്ണു തുറന്നു നോക്കുമ്പോൾ: "നീ ഉറക്കം അഭിനയിച്ചു കിടക്കുകയാണ് അല്ലേ. ഞാൻ കണ്ടു, എല്ലാം ഞാൻ കണ്ടു."

പാവം ആ പെൺകുട്ടി! അവൾക്ക് ഒന്നും അറിയാൻ പാടില്ല. "എന്താ ഈ പറയുന്നത്?" "ഞാൻ കണ്ടു, നിന്റെ രഹസ്യത്തിലുള്ള ഒരു മനുഷ്യൻ ഈ മുറിയിൽ നിന്ന് ഇപ്പോൾ ഇറങ്ങിപ്പോകുന്നത് കണ്ടതുകൊണ്ടല്ലേ ഞാൻ സംസാരിക്കുന്നത്."

ആ സ്ത്രീ അമ്പരപ്പോടെ കണ്ണുമിഴിച്ചു നിൽക്കുകയാണ്.

"ഞാൻ കണ്ടു, ആരാണെന്നു പറ?"

"ഞാൻ എങ്ങനെ പറയും? അങ്ങനെ ഒരാൾ ഇവിടെ വന്നില്ല. ഞാനിവിടെ കിടന്ന് ഉറങ്ങുകയല്ലായിരുന്നോ?"

"സൂത്രമൊന്നും പറയണ്ട. ആരാണെന്നു പറ?"

പിന്നെ തല്ലും തൊഴിയും. ആ സാധു സ്ത്രീ പേടിച്ച് നിലവിളിക്കുന്നു. മക്കൾക്ക് വായിക്കാൻ പറ്റുന്നില്ല. പഠിക്കാൻ പറ്റുന്നില്ല. വീടാകെ കലമ്പലായി. അസ്വസ്ഥതയായി. സമാധാനക്കേടായി. അത് ഒരു മാനസികരോഗമാണ്. പോരാ, അത് ഭൂതബാധയാണ്. പിശാചിന്റെ കൈയിൽ അമർന്നാൽ ഇതെല്ലാം സംഭവിക്കും.

ആ ഭൂതബാധ വിട്ടുപോകണമെങ്കിൽ കർത്താവായ യേശുക്രിസ്തു വരണം.

*"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ*

*നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ." 1 പത്രോസ് 1 : 18, 19*

ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടാണ് വീണ്ടെടുത്തത്. വിലയേറിയ രക്തം!

സഹോദരങ്ങളേ, ഇതൊന്നു വിശ്വസിക്കാൻ കഴിഞ്ഞാൽ നിങ്ങൾക്കു രക്ഷപ്പെടാം. എനിക്കുവേണ്ടി ഒരാൾ വീണ്ടെടുപ്പുവില കൊടുത്തു കഴിഞ്ഞു. അത് കർത്താവായ യേശുക്രിസ്തുവാണ്.

പിശാചിന്റെ പിണിയാളുകളായ യഹൂദാപരിഷകൾ, മതമേധാവികൾ, പരീശന്മാർ, പള്ളിപ്രമാണിമാർ, സദൂക്യർ, ന്യായശാസ്ത്രിമാർ, പണ്ഡിതന്മാരായ ശാസ്ത്രിമാർ, ഇവരെല്ലാം ഒന്നിച്ചുകൂടി. കയ്യാഫാ മഹാപുരോഹിതനുണ്ട്, ഹന്നാ മഹാപുരോഹിതനുണ്ട്, ഹെരോദാരാജാവുണ്ട്, പീലാത്തോസ് മഹാഗവർണ്ണറുണ്ട്. എല്ലാവരും ഒരുപോലെ യേശുക്രിസ്തുവിന്റെ രക്തത്തിനു വേണ്ടി ദാഹിച്ചു.

പടയാളികൾ യേശുവിനെ മർദ്ദിച്ചു. കഠിനമായി ഉപദ്രവിച്ചു. എല്ലാം സഹിച്ചുകൊണ്ട് ക്രിസ്തു ക്രൂശിൽ കിടന്നു പിടഞ്ഞു. കിരാതമായ ഒരു ഭീകരമരണമാണ് ക്രിസ്തുവിന് അവർ കൊടുത്തത് - കുരിശിന്മേൽ തൂക്കുക.

മൂന്നാണികളാൽ ക്രൂശിന്മേൽ യേശു ബന്ധിക്കപ്പെട്ടു കിടക്കുന്നു. തലയും ശരീരത്തിന്റെ മുൻഭാഗങ്ങളും ശരീരത്തിന്റെ കനമുള്ള ഭാഗങ്ങളുമെല്ലാം മുന്നോട്ടാഞ്ഞ് തൂങ്ങിക്കിടക്കുന്നു. എത്ര ദയനീയമായ കിടപ്പ്! വാസ്തവത്തിൽ കുരിശിക്കപ്പെടുന്നവർ മരിക്കുന്നത് ആണി അടിച്ചു തകർത്തതുകൊണ്ടല്ല, ശ്വാസം കിട്ടാതെ വിഷമിച്ചാണ്. ഇങ്ങനെ ആഞ്ഞു തൂങ്ങി കിടക്കുമ്പോൾ

ശ്വാസം കിട്ടുന്നില്ല.

യേശുക്രിസ്തു ഇതെല്ലാം എന്തിനു സഹിച്ചു? എന്റെ പാപത്തിനുവേണ്ടി, നിങ്ങളുടെ പാപത്തിനുവേണ്ടി. പാപത്തിനു ശിക്ഷയുണ്ട്. പിതാവായ ദൈവം പുത്രൻതമ്പുരാൻ ക്രൂശിന്മേൽ കിടക്കുന്നതു കണ്ട് നോക്കാൻ പോലും വയ്യാതെ മുഖം തിരിച്ചു. കാരണം, കർത്താവായ യേശുക്രിസ്തു കുരിശിന്മേൽ പാപം ചുമന്നുകൊണ്ടു കിടക്കുകയാണ്.

എത്രകോടി ജനങ്ങളുടെ പാപമാണ് ക്രിസ്തുവിന്റെമേൽ വന്നുവീണത്! ഈ ഭയാനകമായ രംഗം, പാപം ചുമന്നുകൊണ്ട് ക്രിസ്തു ക്രൂശിന്മേൽ മരിക്കുന്ന രംഗം, അതുകണ്ട് മാലാഖമാർ അത്ഭുതംകൂറി നോക്കിനിന്നു.

എന്റെ സഹോദരങ്ങളേ, എത്ര ഭയങ്കരമായിരുന്നു ആ കിടപ്പ്! എത്ര ദയനീയമായിരുന്നു ആ കിടപ്പ്! രണ്ടു ഭാഗത്തും രണ്ടു കള്ളന്മാരാണ്; രണ്ടു കൊള്ളക്കാരാണ് അതുപോലെ ഒരാളായിട്ടേ യേശുവിനേയും ലോകം കാണുന്നുള്ളൂ. ഒന്നും അറിയാത്ത ജനം തൂക്കുക, തൂക്കുക എന്നട്ടഹസിച്ചു. യേശു നിരപരാധിയാണെന്നും നിഷ്കളങ്കനാണെന്നും അവർക്കാർക്കും അറിഞ്ഞുകൂടാ.

ക്രൂശിന്മേൽ കിടന്ന് പിടയുന്ന ആ യേശു എനിക്കു വേണ്ടിയാണ് ക്രൂശിൽ തൂങ്ങിയതെന്ന് ഞാൻ വിശ്വസിക്കുകയാണെങ്കിൽ, എന്റെ പാപത്തിനു വീണ്ടെടുപ്പു നിർവ്വഹിക്കാനാണ് ക്രിസ്തു രക്തം ചിന്തിയതെന്ന് ഞാൻ വിശ്വസിക്കുകയാണെങ്കിൽ ഞാൻ എല്ലാം വിട്ട് അവന്റെ പിന്നാലെ ഓടും. അവനുവേണ്ടി എന്നെത്തന്നെ ഞാൻ ബലി കഴിക്കും. എന്നെത്തന്നെ ഞാൻ മുഴുവൻ അർപ്പണം ചെയ്യും.

യേശുക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു എന്നുള്ളത് നിങ്ങൾക്ക് അനുഭവമായിത്തീർന്നാൽ, അത് വിശ്വസിക്കാൻ കഴിഞ്ഞാൽ നിങ്ങളുടെ ജീവിതം മാറും. എന്റെ ജീവിതത്തിൽ സംഭവിച്ചത് അതാണ്. എനിക്ക് ക്രൂശിന്റെ

അർത്ഥം അറിഞ്ഞുകൂടായിരുന്നു. ക്രൂശിന്റെ സന്ദേശം അറിഞ്ഞുകൂടായിരുന്നു. നമസ്കാരം ചൊല്ലും, പ്രാർത്ഥനകൾ ഉരുവിടും, കുമ്പിട്ടു നമസ്കരിക്കും, എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകും. പള്ളിയിൽ യോഗമുണ്ടെങ്കിൽ യോഗത്തിനും പോകും. പക്ഷേ, എനിക്കുവേണ്ടി യേശു ക്രൂശിൽ മരിച്ചു എന്നുള്ളത് എനിക്ക് മനസ്സിലായിരുന്നില്ല.

കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ! ഇത് കണ്ടെത്തുവാൻ വർഷങ്ങൾ പിടിച്ചു. 17-ാമത്തെ വയസ്സിൽ നിരാശ മുറ്റിയവനായി ഞാൻ ഞങ്ങളുടെ പള്ളിയിൽ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ ഈ അനുഭവം എനിക്കു വ്യക്തമായി തെളിഞ്ഞുകിട്ടി. അത് ഒരു അത്ഭുതമാണ്.

വിശ്വസിക്കാൻ കൊള്ളാവുന്നവന്റെ കൈയിലേക്ക് എന്റെ ജീവിതം ഞാൻ ഏല്പിച്ചു. അതോടുകൂടി ജീവിതം പ്രസാദ പൂർണ്ണമായി, സമാധാനം നിറഞ്ഞതായി. എപ്പോൾ മരിച്ചാൽ എന്ത്? ക്രിസ്തുവിന്റെ അരികിലേക്ക് പോകുന്നു. രോഗം വന്നാൽ എന്ത്? മാറ്റണമെങ്കിൽ കർത്താവിന് മാറ്റാം. ഇല്ലെങ്കിൽ വേണ്ട.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതം വിലയേറിയതാണ്. ഈ ജീവിതത്തിൽ നിങ്ങളുടെ സമ്പൂർണ്ണമായ ഉത്തരവാദിത്തം ക്രിസ്തുവിന്റെ കൈയിലേക്ക് കൊടുത്തുകൊണ്ട് നിങ്ങൾ ശാശ്വതനിധി നേടിയെടുക്കുക.

ഗോഗുൽത്തായിലെ കുരിശിൻ ചുവട്ടിലേക്ക് നിങ്ങൾ വന്നാൽ വീണ്ടെടുപ്പിന്റെ കൊടി നിങ്ങളുടെ കൈയിൽ കിട്ടും. കുരിശിൽ വീണ്ടെടുപ്പുണ്ട്.

> *"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം*

*പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു.”*

*റോമർ 3 : 23 – 25*

ആ തിരുരക്തമാണ് വീണ്ടെടുപ്പിന്റെ വില. തിരുരക്തം കൊടുത്ത് യേശു നമ്മെ വിലയ്ക്കു വാങ്ങി. പ്രിയപ്പെട്ടവരേ, നിങ്ങൾ ക്ലേശിക്കേണ്ട. നിങ്ങൾക്ക് മനസ്സിലായില്ലെങ്കിലും സാരമില്ല, വിശ്വസിക്കുക മാത്രം ചെയ്യുക.

“വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു.”

വിശ്വസിക്ക മാത്രം ചെയ്യുക. വേറെ ഒന്നും വേണ്ട. ഞാൻ ഒരു പാപിയാണെന്നു കാണുവാൻ, എനിക്ക് ഒരു രക്ഷകൻ ആവശ്യമാണെന്ന് കാണുവാൻ, എനിക്ക് വീണ്ടെടുപ്പ് കിട്ടേണ്ടത് ആവശ്യമാണെന്ന് കാണുവാൻ കണ്ണു തുറന്നു തരണമേയെന്നു പ്രാർത്ഥിക്കുക.

സാത്താന്റെ പിടിയിൽ ഞാൻ അമർന്നിരിക്കുകയാണെന്ന് കാണാൻ, സാത്താൻ ഈ ലോകത്തിന്റെ ഇമ്പങ്ങളിലേക്ക് വലിച്ചുകൊണ്ടുപോകുന്നതു കാണാൻ, സാത്താൻ ഈ ലോകത്തിലേക്ക് എന്നെ കെട്ടിയിട്ടിരിക്കുകയാണെന്നു കാണാൻ കണ്ണു തുറന്നു കിട്ടുക.

എന്റെ ബഹുമാന്യ സഹോദരീ സഹോദരങ്ങളെല്ലാവരും ഓർക്കൂ, നിങ്ങൾ ഇനി പാപത്തിൽ മരിക്കേണ്ട ആവശ്യമില്ല. നിങ്ങൾ നിരാശപ്പെടേണ്ട കാര്യമില്ല. ഒരേ ഒരു കാര്യം മാത്രം, നിങ്ങൾ വിശ്വസിക്കുക.

യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തം നിന്റെ വീണ്ടെടുപ്പിന്റെ വിലയാണ്. പിശാചിന്റെ അടിമത്വത്തിൽ നിന്ന് നിന്നെ വീണ്ടെടുക്കാൻ യേശുക്രിസ്തു

കുരിശിൽ രക്തം ചിന്തിയിരിക്കുന്നു. നിനക്ക് മനസ്സിലാകുന്നില്ലായിരിക്കാം. പക്ഷേ, ദൈവത്തിന്റെ വചനം നീ വിശ്വസിക്കുക. വചനം വള്ളിയും പുള്ളിയും മാറാത്തതാണ്.

വചനം വിശ്വസിക്കുക. അതായിരുന്നു എന്റെ ജീവിതത്തിലെ പ്രമാണം. എനിക്ക് പലതും മനസ്സിലാകുന്നില്ല. ഇന്നും വേദപുസ്തകത്തിലെ പലതും മനസ്സിലായിട്ടില്ല. പക്ഷേ, ഞാൻ പറയും: എന്റെ കർത്താവേ, ഞാൻ വിശ്വസിക്കുന്നു. കാരണം ദൈവത്തിന്റെ വചനമാണ് ഇത്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്. അതുകൊണ്ട് ഞാൻ വിശ്വസിക്കുന്നു.

അനുഗൃഹീതരായ ദൈവമക്കൾ പ്രസംഗിക്കുന്നത് കേട്ടുകൊണ്ടിരിക്കുമ്പോൾ എനിക്ക് ഒരു സംശയവും ഒരിക്കലും തോന്നിയിട്ടില്ല. ഞാൻ മുഴുവനും വിശ്വസിച്ചുകൊണ്ട് കേൾക്കുകയായിരുന്നു. സത്യവചനം കേൾക്കാൻ എത്ര ദൂരെയാണെങ്കിലും ഞാൻ ഓടിയിരുന്നു. വചനം കേൾക്കാനുള്ള കൊതിയായിരുന്നു. വചനം കേട്ടാലും കേട്ടാലും മതിവരാത്ത ആഗ്രഹമായിരുന്നു, ദാഹമായിരുന്നു.

സഹോദരങ്ങളേ, നിങ്ങൾക്ക് വീണ്ടെടുപ്പ് - സാത്താന്റെ കൈയിൽ നിന്നുള്ള വിടുതൽ-ആവശ്യമാണ്. ദുരാത്മാക്കൾ നിങ്ങളെ പാപത്തിൽ ബന്ധിച്ചിട്ടിരിക്കയാണ്, കെട്ടിയിട്ടിരിക്കയാണ്. പൈശാചികന്റെ പിണിയാളുകളായ ദുരാത്മാക്കൾ നിങ്ങളെ എന്നും കെട്ടിയിട്ട് ദണ്ഡിപ്പിച്ചുകൊണ്ടിരിക്കയാണ്.

നിങ്ങളുടെ ഹൃദയത്തിൽ മദ്യത്തിലേക്കുള്ള ആസക്തി വരുന്നത്, വെറിക്കൂത്തിനുള്ള ആഗ്രഹം വരുന്നത്, നാടകക്കളരി യിലേക്കും സിനിമാശാലയിലേക്കും നിങ്ങളുടെ കാൽ ബദ്ധപ്പെടുന്നത് എന്തുകൊണ്ടാണ് എന്നറിയാമോ? ദുഷിച്ച പടങ്ങളിലേക്കും ചീത്ത ചിത്രങ്ങളിലേക്കും നിങ്ങളുടെ മനസ്സ് പോകുന്നതും അഴുക്കിലേക്ക് നിങ്ങളെ വശീകരിക്കുന്നതും

പണത്തിന്റെ കൊഴുപ്പിലേക്ക് നിങ്ങളുടെ ഹൃദയം പോകുന്നതും പണം കിട്ടാൻ ഏതു നീചമാർഗ്ഗവും നോക്കുന്നതും എന്തുകൊണ്ടാണ്? പിശാചിന്റെ പിടിയിലായതുകൊണ്ടാണ്; അവന്റെ കെണിയിൽ ആയതുകൊണ്ടാണ്.

അനേകർ ഇന്ന് പണത്തിനുവേണ്ടി കൊലപാതകം ചെയ്യുവാനും പണത്തിനു വേണ്ടി എന്തും ചെയ്യുവാനും പേരിനും പ്രശസ്തിക്കും വേണ്ടി എന്തു വൃത്തികേട് ചെയ്യുവാനും മടിക്കുന്നില്ല. അനേകരുടേയും ജീവിതത്തിൽ ഇന്ന് പാപം കൊടികുത്തി വാഴുന്നു. പാപത്തിന്റെ കൊടി മാറ്റിയിട്ട് കർത്താവായ യേശുവിന്റെ വീണ്ടെടുപ്പിന്റെ കൊടി സ്ഥാപിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു.

വീണ്ടെടുപ്പിന്റെ കൊടി! സാത്താന്റെ ബന്ധനങ്ങളെ അഴിച്ച് വീണ്ടെടുപ്പ് തരുന്ന സ്വർഗ്ഗീയ കൊടി. "മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുക." നിരാശമുറ്റിയ ജീവിതത്തിൽ വീണ്ടെടുപ്പിന്റെ കൊടി ഉയർത്തുക.

വേണ്ട കർത്താവേ, എനിക്ക് വേറൊന്നും വേണ്ട. എന്റെ കടം എന്റെ പ്രശ്നം തന്നെയാണ്. പക്ഷേ, കടം മാറുന്നില്ല. രോഗം മാറുന്നത് എനിക്ക് ആവശ്യം തന്നെയാണ്. പക്ഷേ, രോഗം മാറുന്നില്ല. കർത്താവേ, കുടുംബത്തിൽ ചില ക്ലേശങ്ങൾ ഉണ്ട്. അത് മാറണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ, മാറുന്നില്ല. സാരമില്ല കർത്താവേ, ഞാൻ എന്റെ ജീവിതം നിനക്ക് തരികയാണ്. വീണ്ടെടുപ്പിന്റെ കൊടി എനിക്ക് തരണമേ.

എന്റെ ജീവിതമാകുന്ന മൊട്ടക്കുന്നിന്മേൽ, എന്റെ ജീവിതമാകുന്ന ഈ ഊഷരഭൂമിയിൽ, ഈ മരുപ്പറമ്പിൽ വീണ്ടെടുപ്പിന്റെ കൊടി ഞാൻ നാട്ടുകയാണ്. ലോകം എന്നെ വീണ്ടെടുപ്പിന്റെ കൊടി വഹിച്ചുകൊണ്ട് നില്ക്കുന്നത് കാണട്ടെ.

അറിവില്ലാത്ത, അജ്ഞരായ ആളുകൾ പരിഹസിക്കും,

നിന്ദിക്കും. ഇത് എന്താണെന്ന് അറിയാൻ പാടില്ലാത്തവർ-കണ്ണ് കുരുടരായവർ ആക്ഷേപിക്കും, സാരമില്ല. അതെല്ലാം ഞാൻ വഹിച്ചു കൊള്ളാം. അതെല്ലാം ഞാൻ ഏറ്റുകൊള്ളാം. കാരണം, നീ എനിക്ക് ഏറ്റവും വലിയ സ്വത്ത് തന്നിരിക്കുന്നു. മൊട്ടക്കുന്നിന്മേൽ വീണ്ടെടുപ്പിന്റെ കൊടി ഉയർത്തുകയാണ്.

ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് കർത്താവിന്റെ കൈയിൽനിന്ന് കൊടി, ജയമുള്ള സ്ലീബാ ഏറ്റുവാങ്ങാം. ആ സ്ലീബാ ഏറ്റുവാങ്ങിക്കൊണ്ട് നിങ്ങൾക്ക് കർത്താവിനോട് പറയാം: യേശുവേ, എന്റെ ജീവിതമാകുന്ന മൊട്ടക്കുന്നിന്മേൽ ഈ ജയക്കൊടി, സമാധാനത്തിന്റെ കൊടി, സാക്ഷ്യത്തിന്റെ കൊടി, വീണ്ടെടുപ്പിന്റെ കൊടി നാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു.

മനസ്സ് മടുത്ത് വിഷാദിച്ച് വിവശരായി, രോഗഗ്രസ്തരായി കിടക്കുന്ന അനേകമനേകം ആളുകളുടെ മുമ്പിൽ കർത്താവ് പറയുന്നു, മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ.

വീണ്ടെടുപ്പിന്റെ കൊടി ഉയർത്താൻ, സാക്ഷ്യത്തിന്റെ കൊടി, ജയത്തിന്റെ കൊടി, സത്യത്തിന്റെ കൊടി ഉയർത്താൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ?

ഇപ്പോൾ കർത്താവായ യേശുക്രിസ്തു നിങ്ങളുടെ അരികത്തേക്ക് മന്ദം മന്ദം വരുന്നുണ്ട്. നിങ്ങൾ കാണൂ. അവന്റെ തിരുശരീരത്തിൽ മുറിവേറ്റ പാടുകൾ ഉണ്ട്. രക്തത്തിന്റെ തിണർപ്പുകൾ ഉണ്ട്. അവന്റെ തിരുശരീരം അനേകം സ്ഥലങ്ങളിൽ മുറിഞ്ഞിരിക്കുന്നു.

ക്രൂശിക്കപ്പെട്ട യേശുവിനെ, ക്രൂശിക്കപ്പെട്ടവനെ, ക്രൂശിതനെ നിങ്ങൾ കാണുക. ആ കുരിശിന്റെ ദർശനം കിട്ടിയാൽ, കുരിശ് കാണാൻ പറ്റിയാൽ നിങ്ങൾ അനുഗൃഹീതരായി തീരും. ഏതാണ് ഈ കുരിശ്? ഗോഗുൽത്തായിൽ ഉയർത്തിയ കുരിശ്, രക്ഷകൻ നിന്നു കരഞ്ഞ കുരിശ്, രക്ഷകൻ ചോര ഒഴുക്കിക്കൊണ്ട് നിലവിളിച്ച കുരിശ്, എനിക്കു

ദാഹിക്കുന്നു എന്നു പറഞ്ഞു കരഞ്ഞ കുരിശ്.

ആ-സമയം ദയനീ-യം!
വിട്ടു-മശിഹാ പുരി യേറൂശലേം
രോഗങ്ങളെയങ്ങാറ്റിയതിൽ -പകരം ത-ന്നെ
ക്രൂശി-ച്ചീടാൻ-കൊണ്ടിഹ പോയി-ധൃഷ്ടന്മാർ.
ആ-സമയം ദയനീ-യം!
നുകരാൻ മശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും-കാടിയുമേ-കി
തൻ നാ-ദത്താൽ-ആഴിയുമാഴവുമങ്ങഞ്ചി.

മഹാസമുദ്രങ്ങൾ, ആഴികൾ ഭ്രമിച്ചുപോയി. എന്താണ് ആ ശബ്ദം? മഹാസമുദ്രങ്ങളെ മെനഞ്ഞവൻ! അണ്ഡകടാഹങ്ങളെ സൃഷ്ടിച്ചവൻ! ജലരാശിയെ നിർമ്മിച്ചവൻ! എല്ലാ ജലാശയത്തിലെയും വെള്ളത്തെ തന്റെ കൈകുമ്പിളിൽ ഏന്തുന്നവനാണ് പറയുന്നത് എനിക്ക് ദാഹിക്കുന്നു എന്ന്.

എന്റെ വീണ്ടെടുപ്പുകാരനായ യേശുവേ, നീ എനിക്കുവേണ്ടിയാണല്ലോ ദാഹിച്ചത്. ഈ പാപിയായ എന്നെ രക്ഷിക്കാൻ, അശുദ്ധ പാപിയായ എന്നെ വീണ്ടെടുക്കാൻ, ഈ ദുഷ്ടപാപിയായ എന്നെ രക്ഷിക്കാൻവേണ്ടിയാണല്ലോ നീ ക്രൂശിൽ മരിച്ചത്; എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞത്.

അന്നത്തെ യഹൂദന്മാരും പടയാളികളും വിചാരിച്ചു വെള്ളത്തിനുവേണ്ടിയുള്ള ദാഹമാണെന്ന്. അതുകൊണ്ട് ഓടത്തണ്ടിന്മേൽ അവർ പുളിച്ച വീഞ്ഞ് അവന്റെ നാവോടടുപ്പിച്ചു. പക്ഷേ, വെള്ളത്തിനുവേണ്ടിയുള്ള ദാഹമായിരുന്നില്ല, ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമായിരുന്നു അത്. സ്നേഹിതരേ, ഇന്നീ വാക്കുകൾ വായിക്കുമ്പോൾ ആത്മാക്കൾക്കുള്ള ദാഹത്താൽ വിജൃംഭരിതരായി നിങ്ങൾക്ക് ഇറങ്ങി പുറപ്പെടാമോ? ആത്മാക്കൾക്കുവേണ്ടി ഹൃദയം ജ്വലിച്ചുകൊണ്ട് ഇറങ്ങി പുറപ്പെടാമോ? കർത്താവിനുവേണ്ടി ഓടിയിറങ്ങാൻ നിങ്ങൾ തയ്യാറാണോ? യേശുക്രിസ്തുവിനുവേണ്ടി അദ്ധ്വാനിക്കാൻ

നിങ്ങൾ തയ്യാറാണോ?

ആരെല്ലാം എതിർത്താലും തെറ്റിദ്ധരിച്ചാലും പരിഹസിച്ചാലും ഞാൻ എന്റെ യേശുവിന്റെ സാക്ഷിയായി നിൽക്കും, ഉറപ്പാണത്. മരണത്തോളം, ജീവശ്വാസമുള്ള കാലത്തോളവും യേശുവിന്റെ സാക്ഷിയായി നില്ക്കാൻ ഈ ജീവിതം വിട്ടു കൊടുത്തിരിക്കയാണ്. ഈ ആയുസ്സ് ഭരമേൽപ്പിച്ചിരിക്കയാണ്.

വേറെ ലാക്കില്ല. വേറെ ലക്ഷ്യമില്ല. യേശുവിനുവേണ്ടി ജീവിതം കൊടുക്കുന്നത്, ജീവിതം കൈമാറുന്നത്, യേശുവിനെ രക്ഷകനായി കൈക്കൊള്ളുന്നത്, യേശുവിന്റെ വീണ്ടെടുപ്പു വിലയായ രക്തത്തെ സ്വീകരിക്കുന്നത് ഭാഗ്യമാണ്. ആ രക്തത്താൽ ഇന്ന് വിശുദ്ധീകരണം പ്രാപിക്കുന്നത് മഹാഭാഗ്യമാണ്. അത് ഞാൻ അനുഭവിച്ചുകൊണ്ടാണ് പറയുന്നത്. ഞാൻ അനുഭവി ക്കാത്ത ഒരു കാര്യം പ്രസംഗിക്കുകയില്ല, എഴുതുകയില്ല.

പ്രിയപ്പെട്ടവരേ, ഇന്ന് നിങ്ങളെ തേടി യേശു വന്നിരിക്ക യാണ്. മനസ്സമാധാനമില്ലാത്ത നിന്നെ തേടി യേശു വന്നിരിക്കയാണ്. ജീവിതക്ലേശംകൊണ്ട് വലയുന്ന മകളേ, നിന്നെ തേടി യേശു വന്നിരിക്കയാണ്. രോഗഗ്രസ്തയായി നാളുകളായി കിടക്കമേൽ കിടക്കുന്ന നിന്നെത്തേടി യേശു വന്നിരിക്കയാണ്.

മരണക്കിടക്കയിൽ കിടക്കുന്നവരെയും കണ്ടിട്ട് യേശു ദാഹിക്കയാണ്. യേശു നിങ്ങളെ സ്നേഹിക്കയാണ്. യേശു നിങ്ങളുടെ അരികിലേക്ക് വരികയാണ്. അവനെ വിളിക്കൂ നിങ്ങൾ. യേശു ഇതാ കടന്നുപോകുന്നു. യേശു നടന്ന കലുന്നതിനു മുൻപ് വേഗം വിളിച്ചുകൊള്ളുക.

സക്കായി യേശുവിനെ കാണാൻ മരത്തിന്മേൽ കയറി. അന്ന് സക്കായി അത് ചെയ്തില്ലായിരുന്നു എങ്കിൽ! യേശു പിന്നെ പോയത് നേരെ യെരൂശലേമിലേക്കാണ്. യെരൂശലേമിൽ ചെന്നപ്പോൾ വിസ്താരമാണ് വരുന്നത്. പിന്നെ ക്രൂശാരോഹണമാണ് വരുന്നത്. പിന്നീട് സക്കായിയുടെ

ചുങ്കം ഓഫീസിന്റെ അരികിലേക്ക് യേശു ഒരിക്കലും വരികയില്ല. സക്കായി ആ last moment, അവസാന നിമിഷം ഉപയോഗപ്പെടുത്തി.

നാളെ എന്തെല്ലാമാണ് സംഭവിക്കാൻ പോകുന്നത്? ദൈവം മാത്രം അറിയുന്നു. ഇന്ന് നിന്റെ ഹൃദയം യേശുവിനുവേണ്ടി വിട്ടുകൊടുക്കുക. നഷ്ടമല്ല പ്രിയരേ. യേശുവിനു വേണ്ടി ആയുസ്സ് കൊടുക്കുന്നത് ലാഭമാണ്. നിന്നേയും നിനക്കുള്ളതിനേയും യേശുവിനുവേണ്ടി മാറ്റിവയ്ക്കാൻ നിനക്ക് മനസ്സുണ്ടോ? യേശുക്രിസ്തു ഇതാ, നിന്റെ അരികത്തു വന്നു നിന്നെ വിളിക്കുന്നു. യേശുവിന്റെ വിളി നിങ്ങൾ കേൾക്കുക.

നിത്യരക്ഷകൻ നിങ്ങൾക്ക് രക്ഷ തരാൻ വന്നിരിക്കുന്നു; വീണ്ടെടുപ്പു തരാൻ വന്നിരിക്കുന്നു. ഇപ്പോൾ നമുക്ക് യേശുവിനെ വിളിക്കാം. കർത്താവേ, എന്നെ രക്ഷിക്കണമേ;

“യേശുവേ, എനിക്കുവേണ്ടി ക്രൂശിൽ മരിച്ച യേശുവേ! തിരുരക്തത്താൽ എന്നെ വീണ്ടെടുത്ത യേശുവേ! ഇന്നുമുതൽ ഞാൻ നിന്റെ വക.”

# അഞ്ച്

*"മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ; അവർ പ്രഭുക്കന്മാരുടെ വാതിലുകൾക്കകത്തു കടക്കേണ്ട തിന് ശബ്ദം ഉയർത്തി അവരെ കൈകാട്ടി വിളിപ്പിൻ."*
*യെശയ്യാവ് 13 : 2*

"മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ." വളരെ അർത്ഥ സമ്പുഷ്ടമായ ഒരു വചനമാണ് ഇത്. ഒരു പുൽനാമ്പുപോലും മുളച്ചുവരാത്ത കുന്നാണ് മൊട്ടക്കുന്ന്. എല്ലാം ഊഷരമായ മരുപ്പറമ്പുപോലെ കിടക്കുന്നു. എന്നാൽ ആ മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ എന്നാണ് ദൈവത്തിന്റെ ആത്മാവ് കല്പിക്കുന്നത്.

നാം വേദപുസ്തകം വായിക്കുമ്പോൾ പലതരത്തിലുള്ള കൊടികളെക്കുറിച്ച് കാണാം. അതിൽ ഒന്നാണ് സത്യത്തിന്റെ കൊടി.

*"സത്യം നിമിത്തം ഉയർത്തേണ്ടതിന് നീ നിന്റെ ഭക്തന്മാർക്ക് ഒരു കൊടി നൽകിയിരിക്കുന്നു. നിനക്കു പ്രിയമുള്ളവർ വിടുവിക്കപ്പെടേണ്ടതിന് നിന്റെ വലംകൈകൊണ്ടു രക്ഷിച്ചു ഞങ്ങൾക്ക് ഉത്തരമരുളേണമേ."* *സങ്കീർത്തനങ്ങൾ 60 : 4, 5*

**3. സത്യത്തിന്റെ കൊടി:**

നാം വിശ്വാസികളായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നു എങ്കിൽ അസത്യത്തിന്റെ ഒരു കണികപോലും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കരുത്. ഇത് ജീവിതത്തിന്റെ ഒരു

അനുഭവമാക്കി തീർത്താൽ നമുക്ക് അനുഗ്രഹം പ്രാപിക്കാൻ സാധിക്കും. കർത്താവിന്റെ വചനം പറയുന്നു:

*“ജീവനെ ആഗ്രഹിക്കയും നന്മ കാണേണ്ടതിന്നു ദീർഘായുസ്സ് ഇച്ഛിക്കയും ചെയ്യുന്നവൻ ആർ? ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തു കൊൾക.” സങ്കീർത്തനങ്ങൾ 34 : 12, 13*

*“ജീവനെ ആഗ്രഹിക്കയും ശുഭകാലം കാണ്മാൻ ഇച്ഛിക്കയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ”*

*1 പത്രോസ് 3 : 10*

മാനസാന്തരപ്പെട്ട അനേകം ദൈവമക്കൾ ചിലപ്പോഴെല്ലാം അർദ്ധസത്യങ്ങൾ പറഞ്ഞുപോകുന്നു. പകുതി നേരും പകുതി നുണയും. വളരെ അപകടകരമാണ് ഇത്. പെട്ടെന്ന് ഇതിന്റെ പ്രയാസം അറിയാൻ പറ്റുകയില്ല. പക്ഷേ, മുന്നോട്ട് പോകുമ്പോൾ നമ്മുടെ ജീവിതത്തിലെ നന്മകൾ നഷ്ടപ്പെട്ടു പോകും. ഐശ്വര്യം നഷ്ടപ്പെട്ടുപോകും. നമ്മുടെ ആയുസ്സിനും അത് കേടാണ്.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഇത് കുറച്ചുകൂടി വ്യക്തമായി കാണാം:

*“നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായത് ദുഷ്ടനിൽനിന്നു വരുന്നു.” മത്തായി 5 : 37*

ഭാഗികമായ അർദ്ധസത്യങ്ങൾ പറയുമ്പോൾ ദുഷ്ടനായ പിശാചിന് നിങ്ങൾ ഇടം കൊടുക്കുന്നു. വ്യാജം പറയുന്നു എങ്കിൽ നമ്മുടെ ഉള്ളിൽ ഇരിക്കുന്നത് പിശാചാണ്. എപ്പോഴും ഓർത്തുകൊള്ളണം, ‘Honesty is the best policy’ എന്നൊരു

ചൊല്ലുണ്ട്. ഏറ്റവും നല്ല ജീവിതമാർഗ്ഗം സത്യസന്ധതയാണ്.

ഇതുവരെയുള്ള നമ്മുടെ ജീവിതത്തിൽ എത്ര എത്ര അസത്യങ്ങൾ വന്നുപോയിട്ടുണ്ട്? ചിലപ്പോൾ മനുഷ്യരെ ഭയം കൊണ്ടായിരിക്കും. മറ്റുള്ളവർ എന്തു ചിന്തിക്കും എന്നതുകൊണ്ടാകും. പക്ഷേ, "മാനുഷഭയം ഒരു കെണിയാണ്" – snare. നമ്മുടെ ജീവിതത്തിലെ തെറ്റായ സമീപനങ്ങൾ മാറ്റണം. സത്യം സത്യമായിരിക്കണം. വേദപുസ്തകത്തിൽ വളരെ വ്യക്തമായ ഒരു ചിത്രം കാണാൻ സാധിക്കും, രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ:

> *"പിന്നെ അവൻ അകത്തു കടന്നു യജമാനന്റെ മുമ്പിൽ നിന്നു. എന്നാറെ എലീശാ അവനോട്: ഗേഹസിയേ, നീ എവിടെ പോയിരുന്നു എന്നു ചോദിച്ചു. അടിയൻ എങ്ങും പോയില്ല എന്ന് അവൻ പറഞ്ഞു. അതിന് അവൻ: ആ പുരുഷൻ രഥത്തിൽനിന്ന് ഇറങ്ങി നിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോടു കൂടെ പോന്നിരുന്നില്ലയോ? ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നീവക മേടിപ്പാനും ഇതാകുന്നുവോ സമയം?"*
>
> *2 രാജാക്കന്മാർ 5 : 25, 26*

എലീശാപ്രവാചകന്റെ കാലത്ത് ദേശത്തെമ്പാടും വലിയ അഭിവൃദ്ധിയായിരുന്നു. നാം ഓരോരുത്തരും ആത്മീയ അഭിവൃദ്ധിക്ക് ഉതകുന്ന ജീവിതം നയിക്കുന്നവരായിരിക്കണം എവിടേയും; നമ്മുടെ വീട്ടിൽ, മക്കളുടെ അടുക്കൽ, അയല്ക്കാരുടെ അടുക്കൽ, ബന്ധുജനങ്ങളുടെ അടുക്കൽ, നമ്മുടെ ജോലിസ്ഥലത്ത്, അങ്ങനെ നമ്മുടെ ജീവിത തുറകളിലെല്ലാം നാം സമ്പൂർണ്ണമായും വ്യാജത്തിന്റെ കണിക യില്ലാതെ നിന്നാൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കാം.

എലീശാ ഒരു പ്രവാചകനായിരുന്നു. നമ്മുടെ നാവ് പ്രവചനത്തിന് വിട്ടുകൊടുക്കണം. എന്റെ നാവിൽ ദൈവത്തിന്റെ വചനം വരച്ചുതരണം. എന്റെ നാവിൽ സ്വർഗ്ഗത്തിലെ തീക്കനൽ തൊടുവിച്ചു തരണമെന്ന് പ്രാർത്ഥിക്കണം.

പ്രിയപ്പെട്ട ജോൺ കുര്യാക്കോസ് ഡൽഹിക്ക് കൺവെൻഷനുവേണ്ടി പോവുകയായിരുന്നു. പോകുന്നതിനു മുൻപ് പ്രാർത്ഥിച്ചപ്പോൾ കണ്ട ദർശനം: കർത്താവ് ജോണിന്റെ നാവിൽ ഒരു തീക്കനൽ എടുത്തുവച്ചുകൊടുക്കുന്നു.

പ്രിയപ്പെട്ടവരേ, സ്വർഗ്ഗത്തിന്റെ തീക്കനൽ നമ്മുടെ നാവിൽ ഉണ്ടായിരിക്കണം. സ്വർഗ്ഗത്തിന്റെ ശക്തി നമ്മുടെ നാവിൽ ഉണ്ടായിരിക്കണം. നമ്മുടെ നാവ് തീക്കടുത്ത നാവ് ആയിരിക്കണം. അത് സ്വർണ്ണനാവ് ആയിരിക്കണം. ജീവനുള്ള ക്രിസ്തുവിന്റെ വചനം ഈ വായിൽ വരച്ചു കിട്ടണം. എപ്പോഴെങ്കിലും വ്യാജമോ സൂത്രമോ കൗശലമോ കാപട്യമോ നമ്മുടെ നാവിൽ വന്നാൽ ആ നാവിൽ ദൈവത്തിന്റെ വചനം തൊടുകയില്ല, പരിശുദ്ധാത്മാവ് വരികയില്ല.

നിങ്ങൾ ശാന്തമായിട്ട് ചിന്തിക്കണം. എന്റെ ജീവിതത്തിൽ എവിടെ എല്ലാമാണ് വ്യാജം വന്നുപോയിട്ടുള്ളത്? എവിടെ എല്ലാമാണ് തെറ്റുപറ്റിയിട്ടുള്ളത്? എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ അബദ്ധം പറ്റിപ്പോയല്ലോ, തെറ്റുപറ്റിപ്പോയല്ലോ എന്ന് തിരിച്ചറിഞ്ഞ് അനുതപിക്കണം.

എലീശാപ്രവാചകന് ഒരു ശിഷ്യനുണ്ടായിരുന്നു. അവന്റെ പേര് ഗേഹസി എന്നാണ്. എന്തൊരു ഭാഗ്യാവസ്ഥയാണ് ഒരു പ്രവാചകന്റെ ശിഷ്യനായി നടക്കുക! പ്രവാചകൻ പോകുന്നിടത്തെല്ലാം പോകാൻ പറ്റുന്നു! പ്രവാചകൻ ചെയ്യുന്ന ദൈവിക കാര്യങ്ങൾ എല്ലാം കാണാൻ പറ്റുന്നു! പ്രവാചകന്റെ ശബ്ദം കേൾക്കാൻ പറ്റുന്നു! ഗേഹസി എപ്പോഴും പ്രവാചകന്റെ കൂടെ ഉണ്ടായിരുന്നു; ഒരു നല്ല സമർത്ഥനായ യുവാവായിരുന്നു ഗേഹസി.

എന്നാൽ പ്രവാചകന്റെ അടുക്കൽ അരാം രാജാവിന്റെ (സിറിയയിൽനിന്ന്) പട്ടാളത്തലവനായ നയമാൻ വന്നു. നയമാന് കുഷ്ഠരോഗമുണ്ട്. നയമാന്റെ വീട്ടിലെ ഒരു വേലക്കാരിപെൺകുട്ടി പറഞ്ഞു: ഞങ്ങളുടെ നാട്ടിൽ, അങ്ങ് ശമര്യയിൽ ഒരു പ്രവാചകനുണ്ട്. യജമാനൻ ആ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നിരുന്നെങ്കിൽ തീർച്ചയായിട്ടും കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു. അവൾ പറഞ്ഞതനുസരിച്ച് നയമാൻ, പ്രവാചകന്റെ അടുക്കൽ പോയി.

> *"എലീശാ ആളയച്ചു: നീ ചെന്ന് യോർദ്ദാനിൽ ഏഴുപ്രാവശ്യം കുളിക്ക; അപ്പോൾ നിന്റെ ദേഹം മുമ്പിലത്തെപ്പോലെയായി നീ ശുദ്ധമാകും എന്നു പറയിച്ചു." 2 രാജാക്കന്മാർ 5 : 10*

നയമാൻ പട്ടാളമേധാവി അല്ലേ? അവന് പ്രവാചകൻ പറഞ്ഞത് ഇഷ്ടപ്പെട്ടില്ല. അവൻ ക്രുദ്ധിച്ചു തിരികെ പോകാൻ തുടങ്ങിയപ്പോൾ കൂടെ ഉള്ള അവന്റെ ഭൃത്യന്മാർ അവനോട്: പ്രവാചകൻ വലിയോരു കാര്യം നിന്നോടു പറഞ്ഞിരുന്നെങ്കിൽ ചെയ്യുകില്ലായിരുന്നോ? പിന്നെ ഒന്നു കുളിക്കാൻ പറഞ്ഞത് അനുസരിച്ചാൽ എന്താണ് എന്ന് ചോദിച്ചു. അങ്ങനെ നയമാൻ യോർദ്ദാനിൽ ഏഴുപ്രാവശ്യം മുങ്ങി.

> *"അവൻ ചെന്ന് ദൈവപുരുഷന്റെ വചനപ്രകാരം യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങി; അവന്റെ ദേഹം ചെറിയ ബാലന്റെ ദേഹം പോലെ ആയി; അവൻ ശുദ്ധനായ്ത്തീർന്നു." 2 രാജാക്കന്മാർ 5 : 14*

തുടർന്ന് നയമാൻ തന്റെ സകല പരിവാരങ്ങളുമായി എലീശാപ്രവാചകന്റെ അടുക്കൽ ഭയഭക്തിയോടെ കടന്നു ചെന്നു പറയുകയാണ്:

> *"യിസ്രായേലിൽ അല്ലാതെ ഭൂമിയിൽ എങ്ങും ഒരു ദൈവം ഇല്ല എന്നു ഞാൻ ഇപ്പോൾ അറിയുന്നു;*

*ആകയാൽ അടിയന്റെ കൈയിൽനിന്ന് ഒരു പ്രതിഗ്രഹം കൈക്കൊള്ളേണമേ എന്നു പറഞ്ഞു. അതിന് അവൻ: ഞാൻ സേവിച്ചുനില്ക്കുന്ന യഹോവയാണ, ഞാൻ ഒന്നും കൈക്കൊള്ളുകയില്ല എന്നു പറഞ്ഞു. കൈക്കൊൾവാൻ അവനെ നിർബ്ബന്ധിച്ചിട്ടും അവൻ വാങ്ങിയില്ല."*

*2 രാജാക്കന്മാർ 5 : 15, 16*

ഇതെല്ലാം കണ്ടുകൊണ്ട് എലീശാപ്രവാചകന്റെ ശിഷ്യൻ ഗേഹസി നില്ക്കുകയാണ്. ഗേഹസി ചിന്തിച്ചു: യജമാനന് വേണ്ടായെങ്കിൽ അത് എനിക്ക് കിട്ടിയിരുന്നെങ്കിൽ നല്ലതായിരുന്നല്ലോ. നയമാൻ രഥത്തിൽ കയറിപ്പോകുമ്പോൾ ഗേഹസി തന്ത്രപൂർവ്വം നയമാന്റെ പിന്നാലെ ഓടി:

*"അങ്ങനെ അവൻ നയമാനെ പിൻതുടർന്നു. അവൻ തന്റെ പിന്നാലെ ഓടി വരുന്നതു നയമാൻ കണ്ടപ്പോൾ രഥത്തിൽ നിന്നിറങ്ങി അവനെ എതിരേറ്റു: സുഖം തന്നെയോ എന്നു ചോദിച്ചു. അതിനു അവൻ: സുഖം തന്നെ; ഇപ്പോൾ തന്നെ പ്രവാചകശിഷ്യന്മാരിൽ രണ്ടു യൗവ്വനക്കാർ എഫ്രയീംമലനാട്ടിൽ നിന്ന് എന്റെ അടുക്കൽ വന്നിരിക്കുന്നു; അവർക്ക് ഒരു താലന്തു വെള്ളിയും രണ്ടുകൂട്ടം വസ്ത്രവും തരേണമേ എന്നു പറവാൻ എന്റെ യജമാനൻ എന്നെ പറഞ്ഞയച്ചിരിക്കുന്നു എന്നു പറഞ്ഞു. ദയ ചെയ്തു രണ്ടു താലന്തു വാങ്ങേണമേ എന്നു നയമാൻ പറഞ്ഞു. അവൻ അവനെ നിർബ്ബന്ധിച്ചു രണ്ടു സഞ്ചിയിൽ രണ്ടു താലന്തു വെള്ളിയും രണ്ടുകൂട്ടം വസ്ത്രവും കെട്ടി തന്റെ ബാല്യക്കാരിൽ രണ്ടുപേരുടെ പക്കൽ കൊടുത്തു; അവർ അതു ചുമന്നുകൊണ്ട് അവന്റെ മുമ്പിൽ നടന്നു. കുന്നിന്നരികെ എത്തിയപ്പോൾ അവൻ അത് അവരുടെ കൈയിൽ നിന്നു വാങ്ങി വീട്ടിൽ*

*സൂക്ഷിച്ചുവച്ചിട്ടു ബാല്യക്കാരെ അയച്ചുകളഞ്ഞു; അവർ പോകയും ചെയ്തു. പിന്നെ അവൻ അകത്തു കടന്ന് യജമാനന്റെ മുമ്പിൽ നിന്നു. എന്നാറെ എലീശ അവനോടു: ഗേഹസിയേ, നീ എവിടെ പോയിരുന്നു എന്നു ചോദിച്ചു. അടിയൻ എങ്ങും പോയില്ല എന്ന് അവൻ പറഞ്ഞു. അതിനു അവൻ: ആ പുരുഷൻ രഥത്തിൽ നിന്ന് ഇറങ്ങി നിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോടു കൂടെ പോന്നിരുന്നില്ലയോ? ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നീവക മേടിപ്പാനും ഇതാകുന്നുവോ സമയം? ആകയാൽ നയമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തിക്കും എന്നേക്കും പിടിച്ചിരിക്കും എന്ന് അവനോടു പറഞ്ഞു. അവൻ ഹിമംപോലെ വെളുത്ത് കുഷ്ഠരോഗിയായി അവനെ വിട്ടു പുറപ്പെട്ടുപോയി."*

*2 രാജാക്കന്മാർ 5 : 21 – 27*

ഗേഹസി എല്ലാം തന്ത്രപൂർവ്വം വീട്ടിൽ കൊണ്ടുപോയി ഒളിച്ചുവച്ചു. ആരും അറിഞ്ഞില്ല. വളരെ രഹസ്യമായിട്ടാണ് ചെയ്തത്. പക്ഷേ, എലീശാപ്രവാചകൻ അവനോട് ചോദിച്ചു: നീ വിചാരിച്ചു ആരും അറിഞ്ഞില്ല എന്ന്. മനുഷ്യർ ആരും അറിഞ്ഞില്ല പക്ഷേ, ദൈവത്തിന്റെ ആത്മാവ് അറിഞ്ഞു. അതു കൊണ്ട് ദൈവം അത് എനിക്ക് വെളിപ്പെടുത്തി തരികയും ചെയ്തു. ഭയാനകമായ ഒരു രംഗമാണ് അത്. "ആ പുരുഷൻ രഥത്തിൽ നിന്നിറങ്ങി നിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോടുകൂടെ പോന്നിരുന്നില്ലയോ?" വളരെ കർക്കശമായിട്ട് എലീശാ ചോദിക്കുകയാണ്.

ഇത്രയും നാൾ എലീശാപ്രവാചകന്റെ ശിഷ്യനായി കൂടെ നടന്നു; അനേകം അത്ഭുതങ്ങൾ കണ്ടു: 2 രാജാക്കന്മാർ നാലാം അദ്ധ്യായത്തിൽ ശൂനേംകാരിയുടെ മരിച്ചുപോയ കുഞ്ഞിന്

ജീവൻ കൊടുത്തത് ഗേഹസി നേരിൽ കണ്ടുകൊണ്ട് നിന്നതാണ്.

മറ്റൊരിക്കൽ ഗില്ഗാലിൽ വച്ച് ദേശത്തു ക്ഷാമം ഉണ്ടായപ്പോൾ പ്രവാചകൻ പറഞ്ഞതനുസരിച്ച് പായസം ഉണ്ടാക്കിയപ്പോൾ ആരോ ഒരു ശിഷ്യൻ അബദ്ധത്തിൽ പേച്ചുര പറിച്ചു കൊണ്ടുവന്ന് അതിൽ ഇട്ടു. കുടിച്ചവർ കുടിച്ചവർ ഛർദ്ദിക്കാൻ തുടങ്ങി. “അയ്യോ, യജമാനനേ കലത്തിൽ മരണം” എന്നുപറഞ്ഞ് എല്ലാവരും നിലവിളിച്ചു. അപ്പോൾ എലീശാപ്രവാചകൻ മാവുകൊണ്ടുവരുവാൻ പറഞ്ഞു. അതു പ്രവാചകൻ തന്റെ കൈയിൽ എടുത്തു പായസക്കലത്തിൽ ഇട്ടു. കലത്തിലെ മരണം മാറിപ്പോയി. ഇതെല്ലാം കണ്ട ആളാണ് ഗേഹസി.

അത്ഭുതങ്ങൾ കാണാൻ അവസരം കിട്ടിയ ആളാണ് ഗേഹസി. പക്ഷേ, അവൻ അതു നഷ്ടപ്പെടുത്തി. അവന്റെ ജീവിതത്തിൽ അസത്യം വന്നു. എലീശാപ്രവാചകൻ പറഞ്ഞു:“നയമാന്റെ കുഷ്ഠരോഗം നിനക്കും നിന്റെ സന്തതിക്കും എന്നേക്കും പിടിച്ചിരിക്കും.”

തലമുറകളായി ആ ശാപം വരികയാണ്. പ്രിയപ്പെട്ടവരേ, ഒരു നുണയേ പറഞ്ഞുള്ളൂ. താത്ക്കാലികമായ ലാഭം. പ്രവാചകൻ സങ്കടത്തോടെ പറയുകയാണ്: ദ്രവ്യം സമ്പാദിപ്പാനിതാണോ സമയം?

സഹോദരങ്ങളേ, നിങ്ങൾ ചിന്തിക്കണം: എന്റെ ജീവിതത്തിൽ എത്രയോ ശാപകരമായ കാര്യങ്ങളാണ് വന്നുപോയിട്ടുള്ളത്? മനുഷ്യരുടെ പ്രീതിക്കുവേണ്ടി അസത്യങ്ങൾ പറഞ്ഞുപോയിട്ടുണ്ട്. തത്ക്കാലത്തേക്ക് രക്ഷപ്പെടാൻ വേണ്ടി അസത്യങ്ങൾ പറഞ്ഞുപോയിട്ടുണ്ട്. എനിക്ക് ലാഭം കിട്ടാൻ അസത്യം പറഞ്ഞുപോയിട്ടുണ്ട്. കർത്താവേ, തെറ്റുപറ്റിപ്പോയല്ലോ. നിങ്ങൾ ഇരുന്ന് കരഞ്ഞുകൊള്ളുക, അനുതപിച്ചുകൊള്ളുക.

“സത്യം നിമിത്തം ഉയർത്തേണ്ടതിന്നു നീ നിന്റെ ഭക്തന്മാർക്ക് ഒരു കൊടി നൽകിയിരിക്കുന്നു.”

സത്യത്തിന്റെ കൊടി ഉയർത്തിപ്പിടിക്കുക. നിങ്ങളുടെ ജീവിതത്തിൽ ഏതു രംഗങ്ങളിലും, എവിടെ ചെന്നാലും പറയുന്നതു സത്യം. ഉവ്വ് എന്നുപറഞ്ഞാൽ ഉവ്വ്, ഇല്ല എന്നു പറഞ്ഞാൽ ഇല്ല. അതിനപ്പുറത്തേക്ക് ഒന്നും വരരുത്. തന്ത്രപൂർവ്വം സംസാരിക്കരുത്; ഏതെങ്കിലും ഉപായം കാണിച്ചു സംസാരിക്കരുത്. ആരെയെങ്കിലും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സംസാരിക്കരുത്.

യാക്കോബിന്റെ ലേഖനത്തിൽ പറയുന്നു:

*"നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല: അത് അടങ്ങാത്ത ദോഷം: മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽ നിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു." യാക്കോബ് 3 : 8, 9*

ശപിക്കുന്ന നാവ്! കുറ്റം പറയുന്ന നാവ്! ദൂഷണം പറയുന്ന നാവ്! മറ്റുള്ളവരെ തരം താഴ്ത്തുന്ന നാവ്! തുച്ഛീകരിക്കുന്ന നാവ്! എന്തെല്ലാം തെറ്റുകളാണ് നാവുകൊണ്ട് വരുന്നത്? നാവ് അടങ്ങാത്ത ദോഷം! ഈ നാവ് ഒരു കാരണവശാലും ശത്രുവിന് ഇടം കൊടുക്കുന്നതായി ഒന്നും വരാതെ സൂക്ഷിച്ചുകൊള്ളുക. നാവു മാത്രമല്ല എല്ലാ അവയവങ്ങളും.

ജീവനെ നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നന്മ കാണാൻ നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജംപറയാതെ നിന്റെ അധരത്തേയും കാത്തുകൊൾക.

സഹോദരങ്ങളേ, എവിടെയെല്ലാം ഏതെല്ലാം കാര്യങ്ങളിൽ അസത്യം വന്നുപോയിട്ടുണ്ട്? തീർത്താൽ തീരാത്ത നഷ്ടങ്ങളാണ് സംഭവിച്ചുപോയത്. ശാപകരമായ കാര്യങ്ങളാണ് സംഭവിച്ചുപോയത്. അതുകൊണ്ട് അപകടം വരുന്നത്

നിനക്കു മാത്രമല്ല, നിന്റെ സന്തതികൾക്കും കൂടിയാണ്. “നയമാന്റെ കുഷ്ഠരോഗം നിനക്കും നിന്റെ സന്തതിക്കും എന്നേക്കും പിടിച്ചിരിക്കും.” തലമുറ തലമുറയായുള്ള ശാപം വരികയാണ്. ആരും അറിയുന്നില്ല.

ഗേഹസിക്ക് വിചാരിക്കാം: ഞാൻ ആർക്കും ദോഷം ചെയ്തില്ല. ആരുടേയും തട്ടിപ്പറിക്കാൻ പോയില്ല. അദ്ദേഹം യജമാനന് കൊടുക്കാൻ കൊണ്ടുവന്നതല്ലേ? അത് പ്രവാചകൻ മേടിച്ചില്ല, അതുകൊണ്ട് എനിക്കിരിക്കട്ടെ എന്നു ഞാൻ വിചാരിച്ചു. വഞ്ചിച്ചൊന്നും എടുത്തില്ലല്ലോ? വേണമെങ്കിൽ ഗേഹസിക്ക് ന്യായം പറയാം.

സത്യസന്ധത! ജീവിതത്തിന്റെ അധിഷ്ഠിതമായ അടിസ്ഥാനശില ആയിരിക്കട്ടെ. ജീവിതത്തിന്റെ ഉറപ്പുള്ള പാറ ആയിരിക്കട്ടെ. എന്തു നഷ്ടം വന്നാലും ശരി എന്റെ നാവിൽ നിന്ന് അസത്യം വരികയില്ല. ഇത് നിങ്ങളുടെ ജീവിതത്തിന്റെ പ്രമാണമായി നിങ്ങൾ സ്വീകരിക്കുക.

എല്ലാം കാണുന്ന ദൈവം, എല്ലാം അറിയുന്ന ദൈവം, അവിടുന്ന് ഓരോരുത്തരുടേയും ഹൃദയങ്ങളെ ശോധന ചെയ്തുകൊണ്ടിരിക്കുന്നു. അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്നു. ഉൾപ്പൂവുകളെ ശോധന ചെയ്യുന്നു. അവൻ നമ്മെ തുലാസിൽ തൂക്കിനോക്കി കുറവുള്ളവനായി കാണാൻ ഇടവരരുത്. ദൈവസന്നിധിയിൽ നിങ്ങളെത്തന്നെ താഴ്ത്തുവിൻ. കർത്താവിനോട് ഇപ്പോൾ വാക്കു പറയുവിൻ.

കർത്താവേ, സത്യം മാത്രമായ യേശുവേ, എന്നെ നിന്റെ സത്യത്താൽ വിശുദ്ധീകരിക്കണമേ. പീലാത്തോസ് ചോദിച്ചു സത്യം എന്നാൽ എന്ത് എന്ന്. ലോകം ഇന്ന് സത്യം കാണാൻ ആഗ്രഹിക്കുകയാണ്. സത്യസന്ധത മാത്രമേ എന്നിൽ നിന്നു വരികയുള്ളൂ എന്ന് ലോകം കാണട്ടെ. അസത്യത്തിന്റെ കണിക പോലുമില്ലാതെ എന്റെ ജീവിതത്തിൽ പൂർണ്ണ വിശുദ്ധനായി നിൽപ്പാൻ നാഥാ, ഇന്ന് ഞാൻ എന്റെ ജീവിതം നിന്റെ

കരങ്ങളിലേക്ക് ഭരമേല്പിക്കുന്നു.

എനിക്ക് നീ തന്ന നാവ് നിന്നെ സ്തുതിക്കാനുള്ളതാണ്, നീ തന്ന നാവ് നിന്നെ വാഴ്ത്തിപ്പാടാനുള്ള നാവാണ്. കർത്താവേ, നിന്റെ വചനം പറയുവാനുള്ള നാവാണ്, അനേകരെ ധൈര്യപ്പെടുത്താനുള്ള നാവാണ്. എനിക്ക് നീ തന്ന നാവ് അനേകർക്ക് ആശ്വാസം കൊടുക്കാനുള്ള നാവാണ്. ദു:ഖത്തിൽ വലഞ്ഞുകൊണ്ടിരിക്കുന്നവർക്ക് സമാധാനം കൊടുക്കാനുള്ള നാവാണ്. ഈ നാവ് ഒരിക്കലും അസത്യത്തിലേക്ക് പോകുകയില്ല. പിശാചിന് വിട്ടുകൊടുക്കുകയില്ല. നിങ്ങൾക്ക് തീരുമാനിക്കാം. അവയവം അവയവംപ്രതി ദൈവകരങ്ങളിലേക്ക് കൊടുക്കാം. നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അവിടുന്ന് തന്ന വചനങ്ങൾക്കായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. തിരുവചനത്താൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ. സത്യസന്ധത ഞങ്ങളുടെ കൈമുതലാക്കുവാൻ, സത്യസന്ധതയിൽ അടിത്തറ ഊന്നിയ ഒരു നല്ല ക്രിസ്തീയജീവിതം കെട്ടിപ്പടുക്കുവാൻ നാഥാ, ഞങ്ങൾക്ക് ഭാഗ്യം നൽകണമേ. യേശുക്രിസ്തുവിന്റെ ജയകരമായ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

## ആറ്

*“മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ.”*

*യെശയ്യാവ് 13 : 2*

കൊടി ജയത്തിന്റെ ചിഹ്നമാണ്. കൊടി സമാധാനത്തിന്റെ ചിഹ്നമാണ്. കൊടി സന്തോഷത്തിന്റെ അടയാളമാണ്. കൊടി ഉയർത്തുവിൻ! ഈ പുസ്തകത്തിൽ തന്നെ പ്രവാചകൻ വേറൊരിടത്തും പറയുന്നുണ്ട്: “കൊടി ഉയർത്തുവിൻ” എന്ന്.

*‘‘കടപ്പിൻ; വാതിലുകളിൽകൂടി കടപ്പിൻ; ജനത്തിനു വഴി ഒരുക്കുവിൻ; നികത്തുവിൻ, പെരുവഴി നികത്തുവിൻ; കല്ലു പെറുക്കിക്കളവിൻ; ജാതികൾക്കായിട്ട് ഒരു കൊടി ഉയർത്തുവിൻ. ഇതാ നിന്റെ രക്ഷ വരുന്നു; കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയിലും ഉണ്ട് എന്ന് സീയോൻ പുത്രിയോടു പറവിൻ എന്നിങ്ങനെ യഹോവ ഭൂമിയുടെ അറുതിയോളം ഘോഷിപ്പിച്ചിരിക്കുന്നു.” യെശയ്യാവ് 62 : 10, 11*

തോൽവി അടഞ്ഞവരുണ്ട്. കുടുംബ കാര്യങ്ങളിൽ ഭാരത്തോടെ ഇരിക്കുന്ന ആളുകളുണ്ട്. രോഗം വന്നതുകൊണ്ട്, ചികിത്സ ഫലപ്പെടാത്തതുകൊണ്ട് നിരാശയിലിരിക്കുന്ന ആളുകളുണ്ട്. പരീക്ഷ തോറ്റുപോയതുകൊണ്ട് സങ്കടത്തിലിരിക്കുന്നവരുണ്ട്. ഒരു നല്ല തൊഴിൽ ലഭിക്കാത്തതുകൊണ്ട് യാതനയിലും വേദനയിലും കഴിയുന്ന ആളുകളുണ്ട്. ഇങ്ങനെ പല രീതിയിൽ മനസ്സ് ഉഷ്ണിച്ചും വേദനിച്ചും കഴിയുന്ന

ധാരാളം പേരുണ്ട്.

എല്ലാം മൊട്ടക്കുന്നിന്റെ അനുഭവമാണ്. ഒരു ചെറുചെടി പോലും മുളയ്ക്കാൻ പറ്റാത്തതുപോലെ, ഒരു നറുമുള മുളയ്ക്കാൻ പറ്റാത്തതുപോലെ മൊട്ടക്കുന്നായി കിടക്കുന്നു. മനുഷ്യരുടെ ഹൃദയം ഇന്ന് മൊട്ടക്കുന്നാണ്. പ്രതീക്ഷയ്ക്കു വക കാണുന്നില്ല. എന്തെല്ലാമോ പ്രതീക്ഷയോടെയാണ് ജീവിച്ചു തുടങ്ങിയത്. പക്ഷേ, പ്രതീക്ഷകൾ എല്ലാം കത്തിക്ക രിഞ്ഞുപോയി. സ്വപ്നങ്ങൾ കരിഞ്ഞുപോയി. ആശയ്ക്കു വകയില്ല.

വളരെ സന്തോഷത്തോടെയാണ് ഭാര്യ ഗർഭിണിയാണെ ന്നറിഞ്ഞത്. പക്ഷേ, പിന്നീട് അറിയുന്നു ആ കുഞ്ഞിനെ കിട്ടാൻ പറ്റാത്തതുപോലെ പ്രയാസങ്ങൾ വന്നിരിക്കുന്നു എന്ന്. പിന്നീടാണ് അറിയുന്നത്, ഒരു കാരണവശാലും ഗർഭിണിയാകാൻ സാധ്യതയില്ല, ഇനി ഒരു കുഞ്ഞിനെ കിട്ടാൻ സാദ്ധ്യതയില്ല എന്ന്. മൊട്ടക്കുന്നാണ്!

വയസ്സ് നാൽപതോ നാൽപത്തഞ്ചോ ആയി. ഇതുവരെ ഒരു കല്യാണാലോചന വന്നിട്ടില്ല; മൊട്ടക്കുന്നാണ്. നിരാശയിലാണ്ടുപോയ അനേകമനേകം ആളുകളുണ്ട്. ഒരു പക്ഷേ, ഈ വാക്കുകളെ വായിക്കുന്ന നിങ്ങൾ ഓരോരുത്തരു ടേയും ജീവിതത്തിലേക്കു നോക്കിയാൽ ഒരു മൊട്ടക്കുന്നിന്റെ അനുഭവമായിരിക്കും.

ഏതോ ഒരു അസംതൃപ്തി. എന്തിനോ വേണ്ടിയുള്ള ദാഹം. ഒരു സന്തോഷമില്ലായ്മ. എവിടെയോ ചില പോരായ്മ കൾ. മൊട്ടക്കുന്നാണ്.

വളരെ നല്ല സ്നേഹമുള്ള കുടുംബമായിരുന്നു. പക്ഷേ, എവിടെയാണ് പടലപ്പിണക്കം വന്നത് എന്നറിഞ്ഞുകൂടാ. ഇപ്പോൾ സ്നേഹമില്ല. ഭാര്യ ഭർത്താവിന്റെ സ്നേഹത്തിനുവേണ്ടി കൊതിക്കുന്നുണ്ട്. പക്ഷേ, ഭർത്താവിന്റെ സ്നേഹം കിട്ടുന്നില്ല.

അദ്ദേഹത്തിന്റെ സ്നേഹം വേറെ എങ്ങോട്ടോ പോകുകയാണ്. നഷ്ടമാണ്, മൊട്ടക്കുന്നാണ്.

ഭർത്താവ് നേരത്തെ കടന്നുപോയി. പ്രതീക്ഷ നശിച്ചിരിക്കുന്നു, മൊട്ടക്കുന്നാണ്. ഇങ്ങനെ അനേകമനേകം കാര്യങ്ങൾ നിങ്ങൾക്ക് ഓർക്കാൻ കഴിയും. മൊട്ടക്കുന്നായ വിഷയങ്ങൾ! ഒരു ചെറുചെടിപോലും മുളയ്ക്കാൻ സാദ്ധ്യതയില്ല. എല്ലാം തരിശുഭൂമി പോലെ കിടക്കുന്നു.

കർത്താവ് പറയുന്നു: ഈ മൊട്ടക്കുന്നിന്മേൽ ജയത്തിന്റെ കൊടി ഉയർത്താമെന്ന്. ഈ മൊട്ടക്കുന്നിന്മേൽ സത്യത്തിന്റെ കൊടി ഉയർത്താമെന്ന്. ഈ മൊട്ടക്കുന്നിന്മേൽ ഇനിയും കൊടി ഉയർത്താനുള്ള സാദ്ധ്യതയുണ്ട് എന്ന്. നിരാശപ്പെടേണ്ട എന്നാണ് കർത്താവ് പറയുന്നത്.

നിങ്ങളുടെ മനസ്സിൽ ഏതെല്ലാം തരത്തിലുള്ള നിരാശ ഉണ്ടെങ്കിലും ഇനി നിരാശപ്പെട്ടിരിക്കേണ്ട. ഇന്ന് മൊട്ടക്കുന്നാണ് എന്നു തോന്നുന്നെങ്കിലും ഇവിടെ ഇനിയും മുളകൾ മുളച്ചു വരും. ഇനിയും ഇവിടെ അഭിവൃദ്ധിയുണ്ടാകും.

കെട്ടുപോയി എന്നു വിചാരിച്ചിരുന്നു. ബിസിനസ്സ് നഷ്ടത്തിലായിപ്പോയി, ഇനി എല്ലാം വിറ്റാലും കടം തീരുകയില്ല എന്ന് വിചാരിച്ചിരുന്നു. എന്തൊരത്ഭുതം! ആ മൊട്ടക്കുന്ന് ഇനി പ്രത്യാശയുടെ കുന്നായി മാറാൻ പോകുകയാണ്. ആശയുടെ, പ്രതീക്ഷയുടെ നറുനാമ്പുകൾ കാണാൻ പോകുകയാണ്. ഭയപ്പെടേണ്ട എന്ന് കർത്താവ് പറയുന്നു.

ക്രിസ്തുവിന്റെ വചനമാണ് പറയുന്നത്, മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ! നമ്മുടെ ജീവിതത്തിൽ നമുക്ക് അനേകമനേകം കൊടികൾ ഉയർത്താനുണ്ട്. ജയത്തിന്റെ കൊടിയെക്കുറിച്ചും വീണ്ടെടുപ്പിന്റെ കൊടിയെക്കുറിച്ചും നാം ചിന്തിച്ചു.

**4. സാക്ഷ്യത്തിന്റെ കൊടി**

The banner of testimony. The flag of testimony. സാക്ഷ്യത്തിന്റെ കൊടി.

*“കടപ്പിൻ. വാതിലുകളിൽക്കൂടി കടപ്പിൻ”*

*യെശയ്യാവ് 62 : 10*

വാതിലുകളിൽക്കൂടി കടപ്പിൻ. മടിച്ചു നിൽക്കണ്ട. വാതിൽ അടഞ്ഞുപോയി എന്നു വിചാരിക്കേണ്ട കാര്യമില്ല. എല്ലാം തീർന്നു എന്നു വിചാരിക്കേണ്ട. ഇത് എന്നന്നേക്കുമായി അസ്തമിച്ചു പോയിട്ടില്ല. പേടിക്കണ്ട മോനേ, നീ അകത്തു കടന്നുകൊള്ളൂ. നിരാശപ്പെടണ്ട, തളരണ്ട, നീ മടുത്തുപോകണ്ട. വാതിൽ തുറന്നിട്ടുണ്ട്.

ജനത്തിന് വഴി ഒരുക്കുവിൻ. നികത്തുവിൻ, പെരുവഴി നികത്തുവിൻ. പെരുവഴിയാണ്. പക്ഷേ, വഴിയിൽ കുഴി ഉള്ളതുകൊണ്ട് ആ കുഴികളെല്ലാം നികത്തുവിൻ. കേടു പറ്റിയിരിക്കുന്ന ഭാഗങ്ങൾ എല്ലാം നികത്തി എടുക്കണം.

കൊടി ഉയർത്താനായി നിങ്ങൾ ചിലതെല്ലാം ചെയ്യണം. മുന്നോട്ടുള്ള ഗതിയിൽ ജീവിതത്തിന്റെ മുന്നേറ്റത്തിൽ നിങ്ങൾക്ക് ഇന്ന് പ്രയാസമായി, നടന്നുപോകാൻ പറ്റാത്തതായി കാണുന്ന ചില വഴികൾ. ആ വഴികൾ ഇന്ന് കല്ലും മുള്ളും നിറഞ്ഞു നിൽക്കുന്നു. അവിടെ ധാരാളം കുഴികൾ കാണുന്നു.

കുഴിയെല്ലാം നികത്തുവിൻ. പോരാ, അവിടെയുള്ള കല്ല് പെറുക്കിക്കളയുവിൻ. അങ്ങനെ അവിടെ ഒരു കൊടി ഉയർത്തുവിൻ. ജാതികൾക്ക് നിങ്ങൾ ഒരു സാക്ഷ്യമായി നിൽപ്പിൻ. നിങ്ങൾ ജാതികളുടെ മുമ്പിൽ ഒരു സാക്ഷ്യമായി ജീവിപ്പിൻ. മറ്റുള്ളവർ നോക്കുമ്പോൾ, ദൈവം ആരാണെന്ന് അറിയാത്തവർ നോക്കുമ്പോൾ, സത്യദൈവം എന്നു

പറഞ്ഞാൽ എന്താണെന്ന് പിടികിട്ടാത്തവർ നോക്കുമ്പോൾ നിങ്ങൾ ഒരു കൊടി ഉയർത്തുവിൻ. സാക്ഷ്യത്തിന്റെ കൊടി ഉയർത്തുവിൻ.

ക്രിസ്തീയജീവിതം എന്നെക്കൊണ്ടു സാദ്ധ്യമല്ല എന്നു പലരും പറയുന്നു. അങ്ങനെ വിശുദ്ധനായും മറ്റും ജീവിക്കാൻ പറ്റുമോ എന്ന് പലരും ചോദിക്കുന്നു. ഒരു തെറ്റും പറ്റാതെ ജീവിക്കാൻ ആർക്കു സാധിക്കും? മനുഷ്യനല്ലേ, ചില ബലഹീനതകളൊക്കെ വരികയില്ലേ എന്ന് പലരും ചോദിക്കുന്നു. പക്ഷേ, അവിടെ നിങ്ങൾ സാക്ഷ്യമുള്ളവരായി നിൽപ്പിൻ.

ഇന്ന് അസാദ്ധ്യം എന്നു തോന്നുന്ന ഓരോ കാര്യവും സാദ്ധ്യമാക്കിത്തരാൻ കർത്താവായ യേശുക്രിസ്തു ഉണ്ട്. മറ്റുള്ളവർ കാൺകെ നിങ്ങൾ സത്യസാക്ഷികളായി നിൽക്കണം. ജീവിതവിജയം സാദ്ധ്യമാണ് എന്ന് നിങ്ങൾ തെളിയിച്ചുകൊണ്ടു നിൽക്കണം.

ഒരു സത്സ്വഭാവം സാദ്ധ്യമാണെന്ന്, ഒരു അഴുക്കും പറ്റാതെ ജീവിക്കുന്നത് സാദ്ധ്യമാണെന്ന് നിങ്ങൾ തെളിയിപ്പിൻ. ഒരു അശുദ്ധിയും ഏശാതെ നില്പാൻ സാദ്ധ്യമാണെന്ന് നിങ്ങൾ തെളിയിപ്പിൻ. ഈ ഭൂമിയിൽ വച്ച് വിശുദ്ധിയോടെ ജീവിക്കാൻ സാദ്ധ്യമാണ് എന്ന്, ആവശ്യക്കാരനാണെങ്കിൽ സാധിക്കും എന്ന് നിങ്ങൾ തെളിയിച്ചു കൊടുപ്പിൻ. സാക്ഷ്യത്തിന്റെ കൊടി ഉയർത്തുവിൻ.

ജാതികൾക്കു മുമ്പിൽ നിങ്ങൾ കൊടി ഉയർത്തുവിൻ. മറ്റുള്ളവരുടെ മുമ്പിൽ യേശുക്രിസ്തു ഇതു സാദ്ധ്യമാക്കിത്തന്നു എന്നു പറയത്തക്കവണ്ണമുള്ള ഒരു സാക്ഷ്യജീവിതം നിങ്ങൾക്ക് ഉണ്ടായിരിക്കട്ടെ.

സാക്ഷ്യജീവിതം നിങ്ങൾക്കു സാധിക്കും. നിങ്ങളുടെ ഇന്നത്തെ കെടുതികൾ തീരും. ഇന്നത്തെ പ്രാരബ്ധങ്ങൾ തീരും. നിങ്ങളുടെ ജീവിതത്തിന്റെ ഇന്നത്തെ യാതനകൾ

തീരും. ഇന്ന് മൊട്ടക്കുന്നാണ്. പക്ഷേ, നിങ്ങൾക്ക് അവിടെ ഒരു കൊടി ഉയർത്താം.

നിങ്ങൾക്ക് കൊടി ഉയർത്തുന്നതിന് തടസ്സമായി വഴിയിലുള്ള കുഴികളെ നിങ്ങൾ നികത്തി എടുക്കണം. അനേക ജീവിതങ്ങളിൽ ഇന്ന് കുഴികളുണ്ട്. അനേക ജീവിതങ്ങളിൽ ഇന്ന് കല്ലുകളുണ്ട്. സുഗമമായി നടന്നു പോകുവാൻ പറ്റാത്തതായി പലതും നമ്മുടെ ജീവിതത്തിലുണ്ട്.

നിങ്ങൾ ആരെയും പഴിക്കണ്ട. ഓരോരുത്തരും അവനവനെത്തന്നെ കാണണം. എന്റെ ജീവിതത്തിൽ സത്യസാക്ഷ്യം വരാത്ത തരത്തിൽ എന്തെല്ലാമാണുള്ളത്? ചിന്തിക്കണം. എന്റെ ജീവിതത്തിൽ എന്തെല്ലാം പാപങ്ങളാണ് വന്നത്? കല്ലുകൾ എന്തെല്ലാമാണ് പെറുക്കിക്കളയുവാനുള്ളത്? എന്റെ ജീവിതത്തിലെ കുഴികൾ ഏതെല്ലാമാണ് നികത്താനുള്ളത്? കുഴികൾ നികത്താനുണ്ട്, കല്ലുകൾ പെറുക്കിക്കളയാനുണ്ട്.

പല കുടുംബങ്ങളിലും സ്നേഹമില്ല. മാതാപിതാക്കളും മക്കളും തമ്മിൽ ഐക്യമില്ല. മക്കൾക്ക് മാതാപിതാക്കൾ പറയുന്നത് ഇഷ്ടപ്പെടുന്നില്ല. സുഖിക്കുന്നില്ല. അവർക്ക് നീരസം വരുന്നു. കുട്ടികൾ ചുമതലാബോധമില്ലാതെ പോകുമ്പോൾ മാതാപിതാക്കൾക്ക് നീറ്റലും വേദനയും സങ്കടവും വർദ്ധിച്ചു വരുന്നു.

മക്കളെക്കുറിച്ച് ശുഭപ്രതീക്ഷയാണ് ഉണ്ടായിരുന്നത്. നല്ല നിലയിൽ വളർന്നുവരും എന്ന് പ്രതീക്ഷിച്ചിരുന്നു. പക്ഷേ, നിർഭാഗ്യവശാൽ കുട്ടികൾ നേരെ ആകുന്നില്ല. അവർ എന്തെല്ലാമോ ചില കൂട്ടുകെട്ടുകളിൽ പോകുന്നു. അവർക്ക് ആത്മീയം മനസ്സിലാകുന്നില്ല. ചിലപ്പോൾ അവർ യോഗത്തിനു വന്നു എന്നിരിക്കും. വന്നാൽപോലും ഉള്ളിലേക്ക് ഒന്നും കടക്കുന്നില്ല. അവരുടെ ഹൃദയവാതിൽ അടഞ്ഞു കിടക്കുകയാണ്. അടഞ്ഞവാതിലുകൾ!

ഇന്ന് അനേകരുടേയും വാതിൽ അടഞ്ഞിരിക്കയാണ്. എന്തെല്ലാം കേട്ടാലും ഒരു അനക്കവുമില്ല.

കർത്താവ് പറഞ്ഞു: കഫർന്നഹൂമേ, നീ സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളംവരെ താണുപോകും. നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടുതന്നേ രട്ടിലും വെണ്ണീറിലും ഇരുന്നു കരയുമായിരുന്നു. അനുതപിക്കുമായിരുന്നു. മാനസാന്തരപ്പെടുമായിരുന്നു.

“യരൂശലേമേ, യരൂശലേമേ, പ്രാവാചകന്മാരെ കൊല്ലുകയും തന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്തവളേ”. യെരൂശലേം നഗരത്തെ നോക്കി യേശു കരയുകയാണ്.

നിങ്ങൾ പ്രവാചകന്മാരെ കൊന്നവരാണ്. തന്റെ അടുക്കൽ അയച്ചവരെ കല്ലെറിഞ്ഞവരായ നിങ്ങൾക്ക് വലിയ ശിക്ഷാവിധി വരുന്നു. ഇനി നിങ്ങൾക്ക് രക്ഷ വേണമെങ്കിൽ കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് നിങ്ങൾ പറയണം. അതുവരേയും നിങ്ങൾക്ക് രക്ഷ കിട്ടുകയില്ല. ശാപമോചനം കിട്ടുകയില്ല. സമാധാനം കിട്ടുകയില്ല.

സമാധാനം വേണമെങ്കിൽ കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് നിങ്ങൾ പറയണം. എന്റെ യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ എന്നു നിങ്ങൾ നിലവിളിക്കണം. കല്ലെല്ലാം ഞാൻ പെറുക്കിക്കളഞ്ഞു കൊള്ളാം എന്ന് കർത്താവിനോട് വാക്കു പറയണം.

എന്റെ ജീവിതത്തിൽ വന്ന എല്ലാമുള്ളുകളും കല്ലുകളും പെറുക്കിക്കളയുകയും എന്റെ ജീവിതത്തിൽ വന്ന കുഴികൾ എല്ലാം നികത്തുകയും ചെയ്ത് നിനക്കു ഞാൻ വഴി ഒരുക്കാം എന്നു പറയണം.

“കർത്താവിനു വഴി ഒരുക്കുവിൻ. അവന്റെ പാത നിരപ്പാക്കുവിൻ.”

നിങ്ങൾ പള്ളിയിൽ പോകുന്നവരായിരിക്കും. വിശുദ്ധ ആരാധനയിൽ പങ്കെടുക്കുന്നവരായിരിക്കും. മാറാനായ പെരുന്നാളുകൾ ആചരിക്കുന്നവരായിരിക്കും. പക്ഷേ, നിങ്ങളുടെ ഹൃദയം എങ്ങനെയിരിക്കുന്നു? നിങ്ങളുടെ കുടുംബം എങ്ങനെയിരിക്കുന്നു? കുടുംബത്തിൽ സ്നേഹമുണ്ടോ? പരസ്പരം ഐക്യമുണ്ടോ? പരസ്പരം ഒരു കൂറിണക്കമുണ്ടോ? പരസ്പരം ഒരുമനസ്സ് കിട്ടുന്നുണ്ടോ?

പലപ്പോഴും ഭാര്യയുടെ നെടുവീർപ്പുകൊണ്ട് വീടിന്റെ അന്തരീക്ഷം മുഴുവനും കലുഷിതമായിരിക്കയല്ലേ? ഭർത്താവിന്റെ നിരാശകൊണ്ടും ഭർത്താവിന്റെ വേദനകൊണ്ടും ആ കുടുംബാന്തരീക്ഷം മുഴുവൻ കലുഷമായിരിക്കയല്ലേ? നിങ്ങൾ ചിന്തിക്കൂ. സ്നേഹമുണ്ടോ നിങ്ങളുടെ വീട്ടിൽ? മക്കൾക്ക് മാതാപിതാക്കളോടു സ്നേഹമില്ല. മാതാപിതാക്കൾക്ക് മക്കളോടു സ്നേഹമില്ല. മക്കളുടെ ആത്യന്തിക നന്മ അവർ ആഗ്രഹിക്കുന്നില്ല.

നിങ്ങളുടെ മോൻ അല്ലെങ്കിൽ മോൾ, ‘നീറ്റ്’ പരീക്ഷ എഴുതി, കിട്ടിയില്ല. നിങ്ങൾക്ക് എന്തു വേദനയായിരിക്കും? എന്നാൽ നിങ്ങൾക്കറിയാം ആ കുട്ടി ഇന്നും പാപത്തിലാണ് എന്ന്. ആ കുട്ടി ഇന്ന് മരിച്ചുപോയാൽ ദൈവരാജ്യത്തിൽ പോകയില്ല എന്ന്. ‘നീറ്റ്’ പരീക്ഷ എഴുതിയിട്ട് കിട്ടിയില്ല എന്ന അത്രയും വേദനയുണ്ടോ നിങ്ങളുടെ മക്കൾ നരകത്തിലേക്കു പോകുന്നു എന്നതിൽ?

എന്റെ കർത്താവേ, എന്റെ കുഞ്ഞ് പരീക്ഷ പാസ്സായിട്ടില്ലെങ്കിലും വേണ്ടില്ല അവൻ അല്ലെങ്കിൽ അവൾ നരകത്തിലേക്ക് പോകല്ലേ എന്നു പ്രാർത്ഥിക്കാൻ പറ്റുന്നുണ്ടോ? അങ്ങനെ പ്രാർത്ഥിക്കാൻ പറ്റാത്തത് എന്തുകൊണ്ടാണെന്നറിയാമോ?

നിങ്ങളും നരകത്തിലേക്ക് പോകുന്നു. പക്ഷേ, തിരിച്ചറിയുന്നില്ല.

ഞാൻ പ്രാർത്ഥിക്കാറുണ്ട്: കർത്താവേ, എന്തു പറഞ്ഞാൽ ഈ ജനത്തിനു മനസ്സിലാകും? ഞാൻ എന്താണ് ചെയ്യേണ്ടത്? എനിക്ക് മറുപടി കിട്ടി: നീ നിന്നെത്തന്നെ വിശുദ്ധീകരിക്ക. നീ ഒരു വിശുദ്ധനായി നിൽക്കുക. മറ്റൊന്നും ചെയ്യേണ്ട.

നിന്റെ കുടുംബത്തിന്റെ വീണ്ടെടുപ്പിനായിട്ട്, നിന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് നീ ഒരാൾ വിശുദ്ധനായിട്ടു നിൽക്കൂ. ഞാൻ ഒരാൾ ശരിയാകാതെ എന്റെ മക്കളെ എങ്ങനെ ശരിയാക്കും? മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുക.

പാത നിരപ്പാക്കുവാൻ കർത്താവ് പറയുന്നു. വഴിയിലുള്ള കല്ലുകൾ പെറുക്കിക്കളയുവാൻ കർത്താവ് പറയുന്നു. കുഴികളെല്ലാം നികത്താൻ കർത്താവ് പറയുന്നു. “കർത്താവിന് വഴി ഒരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ!”

അങ്ങനെ നിങ്ങൾ നിൽക്കുമ്പോൾ നിങ്ങളിൽ സാക്ഷ്യ ജീവിതം ഉണ്ടാകും. ജീവിതം സാക്ഷ്യമായിത്തീരും. നിങ്ങളുടെ ഓരോ വാക്കും സാക്ഷ്യമായിത്തീരും. അളന്നു കുറിച്ച വാക്കുകളായിരിക്കും. മറ്റൊരാൾക്കു വേദന വരാതെ, മറ്റൊരാൾക്കു ദു:ഖം വരാതെ, ആരുടേയും ഹൃദയത്തിൽ മുറിവേൽപ്പിക്കാതെ സ്നേഹത്തിന്റെ വാക്കുകളായിരിക്കും. ഹൃദയം പൊട്ടുന്ന വാക്കുകളായിരിക്കും. ഉള്ളിൽ നിറഞ്ഞ വേദനയിൽനിന്നു വരുന്ന വാക്കുകളായിരിക്കും. നിങ്ങൾ നിങ്ങളുടെ ഭർത്താവിന് ആശ്വാസം കൊടുക്കുന്നവരായിരിക്കും.

ഇന്ന് പല കുടുംബങ്ങളും സ്നേഹത്തിനുവേണ്ടി കേഴുകയാണ്. ഭർത്താവ് മരിച്ചുപോയി. മക്കൾക്ക് വേണ്ടത്ര പരിഗണനയില്ല. മനസ്സ് നിരാശപ്പെട്ടിരിക്കയാണ്. എന്റെ സഹോദരങ്ങളേ, ആരെല്ലാം പോയാലും ആരെല്ലാം ഗൗനിച്ചില്ലെങ്കിലും യേശുക്രിസ്തു ഹൃദയത്തിലുണ്ടെങ്കിൽ നിങ്ങൾ മഹാഭാഗ്യശാലി ആയിരിക്കും.

അപ്പൻ ഗൗനിച്ചില്ലെങ്കിലും അമ്മ കണക്കാക്കിയില്ലെങ്കിലും സഹോദരന്മാർ സ്നേഹിച്ചില്ലെങ്കിലും സ്വന്തം ഭാര്യപോലും വെറുത്താലും യേശു അകത്തുണ്ടെങ്കിൽ നീ ഭാഗ്യവാനായിരിക്കും. യേശുക്രിസ്തു അകത്തുള്ളതാണ് ഭാഗ്യം. കർത്താവുള്ള ജീവിതം, യേശു ഹൃദയത്തിൽ വാഴുന്ന ജീവിതം, അതെന്തു ഭാഗ്യമാണെന്നോ? എന്തൊരു അനുഗ്രഹമാണെന്നോ?

ഇന്ന് ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ പറയണം, യേശു ഉള്ളത്തിൽ വരുന്ന ഭാഗ്യം എനിക്കു തരണമേ എന്ന്.

അതാണ് കിട്ടാവുന്ന ഏറ്റവും വലിയ ഭാഗ്യം. എനിക്കാരുമില്ലെങ്കിലും എന്റെ മാതാപിതാക്കൾ എന്നെ ഗൗനിച്ചില്ലെങ്കിലും സാരമില്ല. ഒരു പരിഭവവും കൂടാതെ, ഒരു പരാതിയും കൂടാതെ, ഒരു നീരസവും കൂടാതെ, അല്പംപോലും ഹൃദയത്തിൽ കലുഷതയില്ലാതെ ഒരേയൊരു കാര്യത്തിൽ മാത്രം ഞാൻ ദൃഷ്ടി വയ്ക്കും. യേശുവേ, നീ എന്റെ ഉള്ളത്തിൽ വാഴണമേ. എനിക്ക് യേശുവിന്റെ സ്വഭാവം തരണമേ.

നിങ്ങൾക്ക് അത് ഇപ്പോൾത്തന്നെ പ്രാപിക്കാം. നാളേക്കു മാറ്റി വയ്ക്കേണ്ട കാര്യമില്ല. “എന്റെ പാപം നിന്നോട് ഏറ്റു പറയുമെന്ന് ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു.” ഏറ്റു പറഞ്ഞില്ല, ഏറ്റു പറയുമെന്ന് പറയുമ്പോൾ തന്നെ പാപം ക്ഷമിച്ചു തരുന്നു. എന്തൊരു സ്നേഹം! നിസ്തുല സ്നേഹം! ഞാൻ എന്റെ അകൃത്യം മറച്ചുവയ്ക്കാതെ നിന്നോട് അറിയിക്കും എന്നു ഞാൻ ഏറ്റുപറഞ്ഞു. ഇനിമേൽ പാപം ഇല്ല എന്നു ഞാൻ ഏറ്റുപറഞ്ഞു. അപ്പോൾ തന്നെ കർത്താവ് എന്റെ പാപം ക്ഷമിച്ചു തന്നു.

നാം ഒരു ചുവടുവയ്ക്കുമ്പോൾ പത്തു ചുവട് കർത്താവ് നമ്മോട് അടുത്തുവരും. ഇന്ന് അനേകരും യേശു ഇല്ലാത്തവരാണ്. ചുണ്ടിൽ യേശുവുണ്ട്. പ്രാർത്ഥനയിൽ യേശു ഉണ്ട്. ഗീതങ്ങളിൽ

യേശു ഉണ്ട്. എന്നാൽ യേശു ഹൃദയത്തിൽ ഇല്ല.

കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ എന്നു നാം പ്രാർത്ഥിക്കുന്നു. യേശുവിനോടാണ് പ്രാർത്ഥിക്കുന്നത്. ആ യേശുവിനെ നിങ്ങൾക്ക് വിശ്വാസ മുണ്ടോ? അനുഗ്രഹം കിട്ടും എന്നു വിശ്വാസമുണ്ടോ?

ജീവിതം തിരുത്താൻ തയ്യാറാണോ? എല്ലാ തെറ്റുകളും കുറ്റങ്ങളും ജീവിതത്തിൽ നിന്നു മാറ്റിക്കളയാൻ നിങ്ങൾ തയ്യാറാണോ? നിങ്ങൾക്ക് ഓർമ്മവച്ചകാലം മുതൽ ഇന്നുവരെയുള്ള ജീവിതത്തിൽ നിങ്ങളെക്കൊണ്ട് ആർക്കെങ്കിലും ഒരു തണുപ്പ് കിട്ടിയിട്ടുണ്ടോ? നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങളെക്കൊണ്ട് ഒരു ആശ്വാസം കിട്ടിയിട്ടുണ്ടോ? നിങ്ങളുടെ അമ്മയ്ക്ക് നിങ്ങളെക്കൊണ്ട് ഒരു ആശ്വാസം കിട്ടിയിട്ടുണ്ടോ? നിങ്ങളുടെ കൂടെ ജോലി ചെയ്യുന്നവർക്ക് നിങ്ങളെക്കൊണ്ട് ഒരു കുളിർമ കിട്ടിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതം സാക്ഷ്യജീവിതം ആയിരിക്കണം. The banner of Testimony! സാക്ഷ്യത്തിന്റെ കൊടി!

നിങ്ങളുടെ ജീവിതം സാക്ഷ്യജീവിതമാണെങ്കിൽ മാത്രമേ മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് ആനയിക്കാൻ പറ്റുകയുള്ളൂ. അതുമാത്രമേ അക്കരെ ചെല്ലുമ്പോൾ നില നിൽക്കുന്ന ധനമുള്ളൂ. ഇവിടെ എന്തെല്ലാം നേടിയാലും ഇവിടെ തീരും. ആത്മാക്കളെ നേടിയാലോ നിത്യതയിൽ നമുക്കു പ്രതിഫലം കിട്ടും.

> *“കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയിലും ഉണ്ട്.” യെശയ്യാവ് 62 : 11*

കൂലിയും പ്രതിഫലവും കരുതിവച്ചിരിക്കുകയാണ്. ഇന്ന് നിങ്ങളുടെ പ്രാണൻ പറന്നുപോയാൽ ഈ ശരീരത്തിൽ ഇന്ന് കുടി കൊള്ളുന്ന ആത്മാവ് എവിടെ പോകും?

ഇന്ന് നിങ്ങൾ അനേകം കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്നു; ഈ ലോകത്തിലെ അനേകം ബദ്ധപ്പാടുകൾ. മക്കളെക്കുറിച്ചുള്ള ആകുലങ്ങൾ. നാളയെക്കുറിച്ചുള്ള വ്യാകുലങ്ങൾ.

പക്ഷേ, നിന്റെ ആത്മാവ് എവിടെ ഇരിക്കുന്നു? ഇന്നു കടന്നുപോയാൽ സ്വർഗ്ഗരാജ്യത്തിൽ പോകുമോ? ഒരു നിമിഷം ചിന്തിക്കൂ. പാപത്തിന്റെ ശമ്പളമായ മരണമാണോ നിങ്ങളിൽ വാഴുന്നത്? മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു. ഏതെല്ലാം മോഹങ്ങളാണ് നിങ്ങൾക്കുള്ളത്? ധനമോഹം! ഇവിടെയുള്ള ഈ പണമെല്ലാം വെറും മണ്ണാങ്കട്ടയാണ്. ഇന്ന് നീ കടന്നുപോയാൽ വല്ലതും നിന്റെ കൂടെ കൊണ്ടുപോകുമോ?

ഒരു കോടിശ്വരനായ മനുഷ്യൻ മരിച്ചു കഴിഞ്ഞതിനു ശേഷം കേൾക്കാൻ ഇടയായി, അദ്ദേഹത്തിന് ഒട്ടേറെ ബാങ്ക് അക്കൗണ്ട്സ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിലല്ല, വേറെ ആരുടെ ഒക്കെയോ പേരിൽ. ഉടമസ്ഥനില്ലാത്ത ആ അക്കൗണ്ടുകളെല്ലാം ബാങ്കിലേക്ക് കണ്ടുകെട്ടി. ഒന്നും അദ്ദേഹത്തിന് കൊണ്ടുപോകാൻ സാധിച്ചില്ല.

അദ്ദേഹത്തിന്റെ ചുറ്റുപാടും കഷ്ടപ്പെടുന്ന അനേകരുണ്ടായിരുന്നു. ആർക്കും കൊടുക്കാൻ സാധിച്ചില്ല. ഏതെങ്കിലും ഒരു കാരുണ്യപ്രവൃത്തി ചെയ്യാൻ പറ്റിയോ? അതിനും സാധിച്ചില്ല. പൈസ ആവശ്യമാണ്. ഭൂമി വേണം. പക്ഷേ ഇതൊന്നും നമ്മെ സ്ഥായിയായി സഹായിക്കില്ല.

ആരെല്ലാം ഉണ്ടായാലും ആരെല്ലാം സഹായിക്കാൻ തയ്യാറായാലും എന്തെല്ലാം ഉണ്ടായാലും ഒന്നും നമ്മെ നിത്യതയിലേക്ക് കൊണ്ടുപോകയില്ല. നിത്യതയിലേക്ക് പോകാൻ സാധിക്കണമെങ്കിൽ യേശു അകത്തുവേണം.

ഇതുവായിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവിനോട് ഒരുവാക്ക് ഏറ്റുപറയാം. എന്റെ കർത്താവേ, ഇത്രയുംകാലം

ഞാൻ ചിന്തയില്ലാത്തവനായി ജീവിച്ചു. ഇത്രയുംകാലം ആത്മാവിനെ ക്കുറിച്ച് കരുതലില്ലാത്തവനായി ഞാൻ ജീവിച്ചു. ഇത്രയും കാലം എന്റെ ജീവിതം പാഴാക്കിക്കളഞ്ഞു. എന്റെ കർത്താവേ, എല്ലാം നഷ്ടപ്പെട്ട കാലങ്ങൾ!

*"തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു." യോവേൽ 1 : 4*

ഇതുപോലെ എല്ലാം നശിച്ചവരായിട്ട് ആരെങ്കിലും ഉണ്ടോ? അനേകം തെറ്റുകൾ. ആരേയും കുറ്റം പറയണ്ട. എല്ലാ തെറ്റും വന്നത് നിന്നിൽ നിന്നു തന്നെയാണ്. എല്ലാം നഷ്ടപ്പെട്ടു കിടക്കുന്നു. മനസ്സ് വിഷാദവിവശമായിരിക്കുന്നു. എങ്ങനെ ഇതിൽനിന്നു കരേറും?

*"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ എങ്കലേക്കു തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്."*

*യോവേൽ 2 : 12*

എല്ലാം നഷ്ടപ്പെട്ടു, സാരമില്ല. ഇപ്പോഴെങ്കിലും പൂർണ്ണ ഹൃദയത്തോടെ വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങൾ എങ്കലേക്കു തിരിയുവിൻ.

*"ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി ഞാൻ നിങ്ങൾക്ക് പകരം നൽകും." യോവേൽ 2 : 25*

പകരം തരും എന്നാണ് പറഞ്ഞത്. നഷ്ടപ്പെട്ടു, ശരിയാണ്. പക്ഷേ, എല്ലാംം മടക്കിത്തരും എന്ന് സർവ്വവല്ലഭനായ

ക്രിസ്തു പറയുന്നു. ജീവന്റെ ദാതാവ് പറയുന്നു. മോനേ, നിനക്കു പറ്റിയ അബദ്ധങ്ങളെല്ലാം തിരുത്തിത്തരാം. മോളേ, നിനക്കു പറ്റിയ നഷ്ടങ്ങളെല്ലാം നികത്തിത്തരാം. എല്ലാ നിരാശയും ഞാൻ മാറ്റിത്തരാം.

നിങ്ങൾക്ക് കർത്താവിങ്കലേക്കു മടങ്ങിവരാൻ താത്പര്യമുണ്ടോ? ക്രിസ്തുവിനെ സ്വീകരിക്കാൻ താത്പര്യമുണ്ടോ? എങ്കിൽ നിങ്ങളെ സ്നേഹിക്കുന്ന, നിങ്ങളുടെ അരികത്തു നിൽക്കുന്ന, നിങ്ങൾക്കുവേണ്ടി ആണി അടിച്ചു തകർക്കപ്പെട്ട കരങ്ങൾ നീട്ടിക്കൊണ്ട് നിൽക്കുന്ന രക്ഷകനെ ഒന്നു കാണൂ. ഗോഗുൽത്തായിലെ കുരിശിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്ന ആ രക്ഷകനായ മശിഹായെ നിങ്ങൾ ഒന്നു കാണൂ.

പ്രിയപ്പെട്ടവരേ, ആ സ്നേഹനിധി ക്രൂശിൽ കിടന്നു പിടയുന്നു. കാലിലും കൈയിലും ആണി അടിച്ചു തകർത്തതു കൊണ്ട് രക്തം ചാലുകളായി ശരീരത്തിൽ കൂടി ഒഴുകി ക്കൊണ്ടിരിക്കുന്നു.

കുഷ്ഠരോഗംപോലെ നിങ്ങളെ ബാധിച്ചിരിക്കുന്ന മാരകമായ പാപത്തിന്റെ തിന്മകൾ തിരുരക്തം തൊട്ടാൽ മാറിപ്പോകും. ഭീകരപിശാചുക്കൾ എല്ലാം ഓടിപ്പോകും. ജീവിതത്തിൽ ഇതുവരെ കിട്ടിയിട്ടില്ലാത്ത ഒരു ശാന്തി നിങ്ങൾക്കു ലഭിക്കും. വലിയ ഒരു ആനന്ദം നിങ്ങൾക്കു കിട്ടും. വലിയ സമാധാനം നിങ്ങൾക്കു കിട്ടും.

സഹോദരങ്ങളേ, നിങ്ങൾ വിശ്വസിക്കുമെങ്കിൽ ഇപ്പോൾ ആ തിരുരക്തം നിങ്ങളുടെ നേരെ ഒഴുകി വരികയും നിങ്ങളുടെ മേൽ തഴുകുകയും നിങ്ങളുടെമേൽ തൊടുകയും ചെയ്യും. ആ തിരുരക്തം നിങ്ങളെ തൊടുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും. അയ്യോ, എന്റെ രോഗം മാറിയല്ലോ. കർത്താവേ, ആസ്ത്മ രോഗം വിട്ടുപോയല്ലോ! ശ്വാസംമുട്ടൽ മാറിപ്പോയല്ലോ! എന്റെ

heart-ൽ ഉള്ള പ്രശ്നങ്ങൾ മാറിപ്പോയല്ലോ! എന്തൊരു അത്ഭുതമാണിത്!

പഴങ്ങനാട് സമരിറ്റൻ ഹോസ്പിറ്റലിൽ അപ്പന്റിസൈറ്റിസിനു ചികിത്സക്കുവേണ്ടി പോയ ഒരു പെൺകുട്ടി. ഒൻപതാംക്ലാസ്സിലോ പത്താംക്ലാസ്സിലോ മറ്റോ പഠിക്കുന്നു. ഭയങ്കരമായ വയറുവേദന. ഇരിക്കാനോ, കിടക്കാനോ, നടക്കാനോ പറ്റാത്ത അത്ര വേദന. കുട്ടി ഉറക്കെ കരയുകയാണ്. ഡോക്ടർ പറഞ്ഞു: ഇത് അപ്പന്റിസൈറ്റിസ് ആണ്. സർജറി ചെയ്യണം. ഇന്ന് ഇവിടെ കിടന്ന് നാളെ രാവിലെ സർജറി ചെയ്യാമെന്ന് പറഞ്ഞു.

ആ കുട്ടിയുടെ അമ്മ ചോദിച്ചു. ഒന്നു പ്രാർത്ഥിച്ചിട്ടു വരാൻ അനുവാദം തരാമോ. ഡോക്ടർ സമ്മതിച്ചു. അവർ മോളെ കൂട്ടിക്കൊണ്ട് എന്റെ അടുക്കൽ വന്നു. ഭയങ്കരമായ വേദനയാണ്. സഹിക്കാൻ പറ്റുന്നില്ല.

പ്രാർത്ഥിച്ചു. അവർ പോകാൻ നേരത്തു ഞാൻ പറഞ്ഞു; ഒരുപക്ഷേ ദൈവം കൃപ ചെയ്ത് ഒരു സർജറി കൂടാതെ കഴിഞ്ഞെങ്കിൽ നല്ലതായിരുന്നല്ലോ. പ്രാർത്ഥിക്കാം.

വേദന ഏതായാലും മാറി. രാവിലെ ഡോക്ടർ വന്നപ്പോൾ അവർ പറഞ്ഞു: ഒന്നുകൂടി ഒന്നു സ്കാൻ ചെയ്തെങ്കിൽ കൊള്ളാമായിരുന്നു. എന്തുപറ്റി? അല്ല, എനിക്ക് ഇന്നലെ വൈകുന്നേരം മുതൽ വേദനയില്ല.

ഡോക്ടർ സമ്മതിച്ചു. സ്കാൻ ചെയ്തു. സ്കാൻ ചെയ്തപ്പോൾ യാതൊരു കേടുമില്ല. അങ്ങനെ സർജറി ഒഴിവായി. എങ്ങനെ പോയി? ജീവിക്കുന്ന ക്രിസ്തു ഉണ്ട്. എല്ലാം കാണുന്ന, എല്ലാം കേൾക്കുന്ന ദൈവമുണ്ട്.

നിങ്ങൾ നൊമ്പരപ്പെട്ടുകൊണ്ട് എന്റെ യേശുവേ, ഇതുവരെ ജീവിച്ചതുപോലെയല്ല ഇനി ഞാൻ ജീവിക്കാൻ പോകുന്നത്, മനസ്സറിഞ്ഞ് ഒരു പാപവും എന്റെ ജീവിതത്തിൽ

വരികയില്ല എന്നു ദൈവത്തോടു വാക്കുപറഞ്ഞ് കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുത്താൽ അത്ഭുതങ്ങൾ നടക്കും. അത്ഭുതങ്ങളുടെ കാലങ്ങൾ തീർന്നിട്ടില്ല.

ജീവനുള്ള ക്രിസ്തു നമ്മെ സ്നേഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ സ്വന്തമായി അനുഭവം പ്രാപിച്ചിട്ട് നാം സാക്ഷിക്കണം. ക്രിസ്തുവിനെ നേരിട്ട് അനുഭവിക്കണം.

ഒരു റെയിൽവേസ്റ്റേഷൻ. പ്ലാറ്റ്ഫോമിൽ നിറയെ ആളുകളാണ്. ട്രെയിൻ നിന്നപ്പോഴേക്കും ട്രെയിനിൽ നിന്ന് ഇറങ്ങുന്നവർ അങ്ങനെ, ട്രെയിനിൽ കയറാൻ ധൃതി പിടിക്കുന്നവർ അങ്ങനെ.

ഒരു കുട്ടി, ഒരു കൊട്ട ഓറഞ്ച് തലയിൽ വച്ചുകൊണ്ട് ഓരോ കമ്പാർട്ടുമെന്റിന്റെ മുമ്പിലും ഓറഞ്ചു വേണോ, ഓറഞ്ചു വേണോ എന്നു ചോദിച്ചുകൊണ്ടിരിക്കുന്നു. കുറച്ചുപേരൊക്കെ മേടിക്കുന്നു. ആൾത്തിരക്കിൽപ്പെട്ട് ഒരബദ്ധം പറ്റി. ആരോ അവന്റെ ദേഹത്തൊന്നു മുട്ടി, അവന്റെ കൊട്ട താഴെ പോയി.

ഓറഞ്ച് എല്ലാം പ്ലാറ്റ്ഫോമിൽ തൂകിപ്പോയി. അയ്യോ! എന്നുപറഞ്ഞുകൊണ്ട് അവൻ എത്രയും വേഗം പെറുക്കി എടുക്കാൻ ശ്രമിച്ചു. അവൻ കരഞ്ഞുകൊണ്ടാണ് എടുക്കുന്നത്. കുറെയൊക്കെ ചതഞ്ഞുപോയി.

ഒരു മനുഷ്യൻ അടുക്കൽ വന്നു: മോനേ, നഷ്ടപ്പെട്ടല്ലോ, സാരമില്ല. അദ്ദേഹം ഓരോന്നു പെറുക്കി കൊട്ടയിൽ വെച്ചു. ചിലതെല്ലാം ചതഞ്ഞുപോയി. അദ്ദേഹം കുറച്ചു രൂപ എടുത്തു അവന്റെ പോക്കറ്റിൽ വച്ചുകൊടുത്തു: മോനേ, നഷ്ടം വന്നുവല്ലോ എന്നോർത്തു പേടിക്കണ്ട, എന്നു പറഞ്ഞ് അവന്റെ തലയിൽ ആ കൊട്ട എടുത്തുവച്ചു കൊടുത്തു.

അദ്ദേഹം പോകാൻ തുടങ്ങിയപ്പോൾ അവൻ ചോദിച്ചു: സാറേ, ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ, സാറാണോ യേശുക്രിസ്തു? യേശുക്രിസ്തു കരുണയുള്ളവനാണെന്ന് കേട്ടിട്ടുണ്ട്. യേശുക്രിസ്തു ദയാമയനാണെന്ന് കേട്ടിട്ടുണ്ട്. യേശുക്രിസ്തു വാത്സല്യം മാത്രമാണെന്ന് അവൻ കേട്ടിട്ടുണ്ട്. ഇത്രയും വലിയ സ്നേഹം! ഒരു കാരണവുമില്ലാതെ, എന്നോട് ഒരു കടപ്പാടുമില്ലാത്ത അങ്ങ് ഇത്രയും കാര്യങ്ങൾ എനിക്കു വേണ്ടി സൗജന്യമായി ചെയ്തല്ലോ. സാറാണോ യേശുക്രിസ്തു?

അദ്ദേഹം അവന്റെ പുറത്തുതട്ടി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: മോനേ, ഞാനല്ല യേശുക്രിസ്തു. പക്ഷേ, എന്റെ ഉള്ളിൽ യേശു ഉണ്ട്. എന്റെ ഹൃദയത്തിൽ യേശു ഉണ്ട്.

പ്രിയപ്പെട്ടവരേ, ഇതാണ് സാക്ഷ്യത്തിന്റെ കൊടി! എന്റെ ഹൃദയത്തിൽ യേശു ഉണ്ട്. ഇന്ന് നിങ്ങൾ ദയവായി ചിന്തിക്കൂ. നിങ്ങളുടെ വീട്ടിലുള്ളവർ പറയട്ടെ, എന്റെ അപ്പന്റെ ഉള്ളിൽ യേശുവുണ്ട്. എന്റെ അമ്മയുടെ ഉള്ളിൽ യേശുവുണ്ട്. എന്റെ മരുമകളുടെ ഉള്ളിൽ യേശുവുണ്ട്. എന്റെ അമ്മായിയമ്മയുടെ ഉള്ളിൽ യേശുവുണ്ട്. ഇങ്ങനെ സാക്ഷ്യം പ്രാപിക്കാൻ പറ്റുമോ നിങ്ങൾക്ക്? എന്റെ ഹൃദയത്തിൽ യേശു ഉണ്ട് എന്ന സാക്ഷ്യം.

ഏതെല്ലാം പ്രശ്നം വന്നാലും വാടാത്ത ഒരു ഹൃദയം. ഒരു ചാഞ്ചല്യവുമില്ല. എത്ര വലിയ ലാഭം കിട്ടും എന്നു കണ്ടാലും ശരി, എത്ര നന്മ കിട്ടും എന്നു കണ്ടാലും ശരി ഒരു തെറ്റു ചെയ്യുകയില്ല എന്ന നിർബ്ബന്ധം. എന്തെല്ലാം വന്നാലും ശരി, ഒരു പാപം വരികയില്ല. അക്കാര്യം ഉറപ്പാണ്.

അങ്ങനെ നിങ്ങൾക്കു നിൽക്കാൻ പറ്റുമോ? എന്നാൽ അതാണ് ഏറ്റവും വലിയ സാക്ഷ്യം. അതാണ് സാക്ഷ്യജീവിതം! ജീവിതത്തിൽ സാക്ഷ്യമുള്ളവരായി നിങ്ങൾ നിൽക്കുക. അതിനു പ്രതിഫലമുണ്ട്. കൂലി അവന്റെ കൈയിലും പ്രതിഫലം

അവന്റെ പക്കലും ഉണ്ട്.

> *"സമയം അടുത്തിരിക്കയാൽ ഈ പുസ്തക ത്തിലെ പ്രവചനം മുദ്രയിടരുത്. അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്. ഞാൻ അല്ഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ."*
>
> *വെളിപ്പാട് 22 : 10 – 14*

ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽക്കൂടി സ്വർഗ്ഗീയ യെരൂശലേമിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. സഹോദരങ്ങളേ, ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങളുടെ വസ്ത്രം അലക്കുക.

അലക്കാൻ യേശുവിന്റെ രക്തമുണ്ട്. ഏതു കറയും ഏത് അഴുക്കും മാറ്റുന്ന രക്തമുണ്ട്. ഏത് അഹങ്കാരവും മാറ്റുന്ന രക്തമുണ്ട്. ഏത് സ്വഭാവവും മാറ്റുന്ന രക്തമുണ്ട്. ഏത് രോഗവും മാറ്റുന്ന രക്തമുണ്ട്.

യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നതാണ്. ആ തിരുരക്തമാണ് നിങ്ങളോടു

സംസാരിക്കുന്നത്. ആ യേശു നിങ്ങളുടെ അരികിലേക്കു വരുന്നു. ക്രിസ്തു ആണ് നിങ്ങളുടെ അരികത്തു വന്നു നിൽക്കുന്നത്. അവനോടു നിങ്ങൾ പറയൂ:

കർത്താവേ, എനിക്കൊരു സാക്ഷ്യത്തിന്റെ ജീവിതം നയിക്കണം. സാക്ഷ്യത്തിന്റെ കൊടി എനിക്ക് ഉയർത്തണം. മൊട്ടക്കുന്നിന്മേൽ ഞാൻ കൊടി ഉയർത്തും. എന്റെ കുടുംബം ഇതുവരെയും ഒരു മൊട്ടക്കുന്നായിരുന്നു. കർത്താവേ, എന്റെ കുടുംബത്തിൽ സ്നേഹത്തിന്റെ കിനിവുണ്ടായിരുന്നില്ല. എന്റെ കുടുംബത്തിൽ അല്പംപോലും വാത്സല്യം ഉണ്ടായിരുന്നില്ല. എപ്പോഴും വഴക്കും ഇഷ്ടക്കുറവും കലഹവും പിണക്കവും മാത്രമായിരുന്നു. എന്നും വാഗ്വാദവും തർക്കവുമായിരുന്നു. ഞങ്ങളുടെ കിടപ്പുമുറിപോലും തർക്കംകൊണ്ട് യാതന അനുഭവിച്ച മുറിയാണ്.

ഞങ്ങളുടെ ജീവിതം വിരസമായിപ്പോയിരുന്നു. ഞാനും എന്റെ ഭർത്താവും തമ്മിൽ ഐക്യം ഉണ്ടായിരുന്നില്ല. ഭർത്താവിനെ ഏതോ ഒരു വെറുപ്പോടെയാണ് കണ്ടുകൊണ്ടിരുന്നത്. എന്റെ ഭാര്യയെ ഞാൻ അറപ്പോടെയാണ് കണ്ടത്. അവളോട് എനിക്ക് സ്നേഹം ഉണ്ടായിരുന്നില്ല. എനിക്ക് തിരിഞ്ഞുനോക്കുമ്പോൾ അഭിമാനിക്കാൻ ഒന്നുമില്ല. അഹങ്കരിക്കാൻ ഒന്നുമില്ല. ആകെ ലജ്ജിക്കാനേ വകയുള്ളു. പാപം നിറഞ്ഞ ഒരു ജീവിതം. അഴുക്കുപറ്റിയ ഒരു ജീവിതം, അശുദ്ധമായ ഒരു ജീവിതം.

എന്റെ ജീവിതം ഞാൻ ഇതാ, നിന്റെ തിരുമുമ്പാകെ തുറന്നു വയ്ക്കുന്നു. ഒന്നും നിനക്കു മറഞ്ഞിരിക്കുന്നില്ലല്ലോ. എല്ലാം നീ കണ്ടല്ലോ. നീ അറിയാത്തത് ഒന്നുമില്ലല്ലോ. എന്റെ ജീവിതത്തിലെ ഓരോ സെക്കന്റും നീ കണ്ടുകൊണ്ടിരുന്നല്ലോ. എന്റെ ഓരോ വാക്കും നീ ശോധന ചെയ്തുകൊണ്ടിരുന്നല്ലോ. എന്റെ ചിന്തകൾ ഒക്കെയും നീ കണ്ടുകൊണ്ടിരുന്നല്ലോ.

കർത്താവേ, എനിക്ക് ഒളിക്കാൻ ഇടമില്ല. ഓടിപ്പോയി സങ്കേതം പ്രാപിക്കാൻ വേറെ സങ്കേതസ്ഥലമില്ല. നിന്റെ കുരിശിൻചുവട്ടിലേക്ക് ഞാനിതാ ഓടിവരികയാണ്. നിന്റെ അനുഗ്രഹകവാടത്തിൽ മുട്ടിക്കൊണ്ടിരിക്കുകയാണ്.

കർത്താവേ, എനിക്കു തുറക്കണമേ. യേശുവേ, എന്റെ നേരെ നീ കനിയണമേ. എന്റെ ഹൃദയത്തിലേക്ക് നീ എഴുന്നള്ളി വരണമേ. നാഥാ! എന്റെ ജീവിതം നാശത്തിനു ഞാൻ വിട്ടുകൊടുക്കുകയില്ല. ഇനി തിന്മയ്ക്ക് വിട്ടുകൊടുക്കുകയില്ല. യേശുവേ, എന്റെ ജീവിതം നിനക്കു മാത്രമായിരിക്കും.

# ഏഴ്

**5. സ്നേഹത്തിന്റെ കൊടി!**

മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ! ക്രിസ്തുവുമായുള്ള സ്നേഹബന്ധത്തിൽ സ്നേഹത്തിന്റെ കൊടി ഉയർത്തണം. ക്രിസ്തുവുമായി വിട്ടുപിരിയാൻ പാടില്ലാത്ത അനുഭവത്തിൽ കൊടി ഉയർത്തുന്നതാണ് ക്രിസ്തീയജീവിതം.

> *"അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടു ചെന്നു; എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു."* *ഉത്തമഗീതം 2 : 4*

അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടുചെന്നു. ആന്തരാത്മാവിലുള്ള അവാച്യമായ അനുഭൂതിയുടെ മണ്ഡലങ്ങളിലേക്ക് അവൻ എന്നെ കൂട്ടിക്കൊണ്ടു വന്നു. അവൻ എന്റെ മീതെ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു.

സ്നേഹത്തിന്റെ കൊടി! കർത്താവ് നമുക്ക് ജയത്തിന്റെ കൊടി തരുന്നുണ്ട്. വീണ്ടെടുപ്പിന്റെ കൊടി തരുന്നുണ്ട്. രക്ഷയുടെ കൊടി തരുന്നുണ്ട്. സാക്ഷ്യത്തിന്റെ കൊടി തരുന്നുണ്ട്.

കൊടി ഉയർത്തുന്നത് ജയചിഹ്നമാണ്. കൊടി താഴ്ത്തിക്കെട്ടുക എന്നു പറഞ്ഞാൽ തോറ്റു, അല്ലെങ്കിൽ നഷ്ടപ്പെട്ടു എന്നാണ് അർത്ഥം. നാം മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തണം.

വരണ്ടുണങ്ങിയ അനുഭവത്തിലല്ലേ പലരും കഴിയുന്നത്? നിരാശാകരമായ സാഹചര്യത്തിലല്ലേ പലരും കഴിയുന്നത്?

ജനിച്ചതുകൊണ്ട് ജീവിച്ചുപോകുന്നു. മരിക്കാൻ ധൈര്യമില്ല, അതുകൊണ്ട് മരിക്കുന്നില്ലന്നേയുള്ളൂ. എങ്ങനെയെങ്കിലും മരിച്ചുപോയാൽ കൊള്ളാം എന്നു ചിന്തിച്ചിട്ടുണ്ട്.

നിരാശമുറ്റിയ ജീവിതം! ഇനി എന്തിനു ജീവിക്കണം? ആർക്കുവേണ്ടി ജീവിക്കണം? എന്നെ ആർക്കും വേണ്ട. ഞാൻ കൂടിയേ കഴിയൂ എന്ന് ആർക്കുമില്ല. പിന്നെ ഞാൻ എന്തിനു ജീവിക്കണം? ഇങ്ങനെ ചിന്തിക്കുന്ന അനേകം ആളുകളുണ്ട്. ജനിച്ചതുകൊണ്ട് ജീവിച്ചുപോകുന്നു. നിരാശ മുറ്റിയ അനുഭവങ്ങൾ!

നിങ്ങളുടെ ജീവിതത്തിൽ യേശുക്രിസ്തു വന്നാൽ നിരാശകൾ മാറും. ഹൃദയത്തിന്റെ നീറ്റലുകൾ മാറും. അങ്കലാപ്പുകൾ മാറും. നിങ്ങളുടെ പരിഭ്രാന്തി മാറും. ഭയപ്പാടുകൾ മാറും. ജീവിതത്തിന് കെട്ടുറപ്പു വരും. ജീവിതത്തിന് ധൈര്യം വരും. അവൻ നമ്മെ സ്നേഹത്തിന്റെ ഒരു കൊടികൊണ്ട് ആവരണം ചെയ്യുകയാണ്. ശലോമോൻ എഴുതിയ മൂന്നു പുസ്തകങ്ങളാണുള്ളത്. 1. സദൃശവാക്യങ്ങൾ, 2. സഭാപ്രസംഗി 3. ഉത്തമഗീതം.

സദൃശവാക്യങ്ങൾ ശരീരത്തെ ആസ്പദമാക്കിയും സഭാപ്രസംഗി മനസ്സിനെ ആസ്പദമാക്കിയും ഉത്തമഗീതം ആത്മാവിനെ ആസ്പദമാക്കിയുമുള്ള ചിന്തനങ്ങളാണ് ശരീരം, മനസ്സ്, ആത്മാവ്.

ഉത്തമഗീതം എന്ന പുസ്തകം അതിന്റെ പൊരുൾ അറിയാതെ നാം വായിച്ചാൽ പ്രണയകാവ്യങ്ങൾ വേദപുസ്തകത്തിൽ ചേർക്കുന്നത് എന്താണ് എന്നൊക്കെ തോന്നും. പക്ഷേ, അതിന്റെ സത്ത, അതിന്റെ അർത്ഥം നാം അറിഞ്ഞുകഴിഞ്ഞാൽ ഇത് ഉന്നതമായ ആത്മീയ അനുഭവമാണല്ലോ എന്നു മനസ്സിലാകും.

ഇതിൽ പ്രധാനമായി മൂന്നു കഥാപാത്രങ്ങളുണ്ട്. 1. ഒരു

ഇടയൻ. 2. ശലോമോൻ എന്നൊരു രാജാവ് 3. ശലോമി എന്നു പറയുന്ന ഒരു പെൺകുട്ടി.

ഇതൊരു പ്രണയകാവ്യമാണ്. A mystic poetry. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധം. പരമാത്മാവ് ദൈവം. ജീവാത്മാവ് മനുഷ്യൻ. മനുഷ്യന്റെ ആത്മാവും ദൈവത്തിന്റെ ആത്മാവും തമ്മിലുള്ള ബന്ധത്തെ സുദൃഢമാക്കി പറഞ്ഞുതരുന്ന പുസ്തകമാണ് ഉത്തമഗീതം. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം.

പരമാത്മാവിനെ തേടി മനുഷ്യാത്മാവ് പോകുന്നു. ജീവാത്മാവിനെതേടി പരമാത്മാവ് വരുന്നു. മനുഷ്യൻ ദൈവത്തെ തേടുന്നു. ദൈവം മനുഷ്യനെ തേടുന്നു. ഇതെല്ലാം വളരെ അർത്ഥവത്തായ കാര്യങ്ങളാണ്.

വേദപുസ്തകത്തിലെ ഒന്നാമത്തെ ചോദ്യം: നീ എവിടെ? ദൈവം മനുഷ്യനെ അന്വേഷിക്കുന്നു, നീ എവിടെ?

എന്നാൽ പുതിയ നിയമത്തിൽ ഒന്നാമത്തെ ചോദ്യം: യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? പുതിയ നിയമത്തിൽ മനുഷ്യൻ ദൈവത്തെ അന്വേഷിക്കുന്നു. പഴയ നിയമത്തിൽ ദൈവം മനുഷ്യനെ അന്വേഷിക്കുന്നു.

മനുഷ്യനും ദൈവവുമായുള്ള ബന്ധം വളരെ ദൃഢമാണ്. ദൈവവുമായി ഒരു അഭേദ്യമായ ബന്ധം നമുക്കു വേണം. നാം പ്രാർത്ഥിക്കാൻ മുട്ടുകുത്തുമ്പോഴോ, പള്ളിയിൽ നിൽക്കുമ്പോഴോ ഉള്ള ഒരു ബന്ധമല്ല. അതിനപ്പുറം മനുഷ്യനും ദൈവവും തമ്മിലുള്ള സ്നേഹബന്ധമാണത്. ആ സ്നേഹ ബന്ധം കിട്ടിക്കഴിയുമ്പോൾ നാം ഈ ലോകത്തിൽ അല്ലാതായിത്തീരും. ആത്മലോകത്തേയ്ക്ക് പറന്നുയരും.

ഈ ഭൂമിയിൽ നമ്മുടെ ശരീരം ഇരിക്കുന്നെങ്കിലും നാം അറിയാതെ തന്നെ ആത്മമണ്ഡലത്തിലേക്ക് ഉയർന്നുയർന്ന് പോകുന്ന ഒരു അനുഭവം നമുക്ക് ലഭിക്കും.

ശലോമോൻ രാജാവായി വാഴുന്ന കാലത്ത് ഒരിക്കൽ നാടു സന്ദർശിച്ചു. നാട്ടിലെ പല ഭാഗങ്ങളും കാണാനായി പുറപ്പെട്ടു. ഒരു ഗ്രാമത്തിൽ ചെന്നപ്പോൾ രാജാവ് ഒരു ഗ്രാമീണ പെൺകുട്ടിയെ കണ്ടു. അവളുടെ പേര് ശലോമി എന്നാണ്. ശലോമോൻ രാജാവിന് അവളെ വളരെ ഇഷ്ടപ്പെട്ടു. ശലോമോൻ രാജാവിന് അനേകം ഭാര്യമാരുണ്ട്. ഈ പെൺകുട്ടിയെ ഭാര്യയായി കിട്ടണമെന്ന് രാജാവ് വളരെ ആഗ്രഹിച്ചു. അദ്ദേഹം ഭൃത്യന്മാരെ വിട്ട് അന്വേഷിപ്പിച്ചു. പടയാളികൾ ചെന്ന് അന്വേഷിച്ചപ്പോൾ അവളുടെ സഹോദരന്മാരെ കണ്ടുകിട്ടി. അവൾക്ക് അപ്പനുമില്ല അമ്മയുമില്ല. സഹോദരന്മാരാണ് അവളെ വളർത്തുന്നത്.

സഹോദരന്മാരെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചിട്ട് ശലോമോൻ രാജാവ് പറഞ്ഞു: നിങ്ങളുടെ സഹോദരിയെ ഞാൻ കണ്ടു. എനിക്ക് ഇഷ്ടപ്പെട്ടു. അവളെ വിവാഹം കഴിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. സഹോദരന്മാർക്ക് വലിയ സന്തോഷമായി. അവർ സഹോദരിയോട് വിവരം പറഞ്ഞു.

ശലോമി പറഞ്ഞു: എനിക്ക് അതിന് നിർവ്വാഹമില്ല. ഞാൻ ഒരു ആട്ടിടയനുമായി നേരത്തെ പറഞ്ഞ് ഉറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. എന്റെ ഹൃദയം ഞാൻ ഒരു ആട്ടിടയന് കൊടുത്തു കഴിഞ്ഞു. അദ്ദേഹം എന്നെ വിവാഹം കഴിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ വിവാഹത്തിന് ഞാൻ തയ്യാറല്ല. ഒരു ആട്ടിടയനുമായി പറഞ്ഞുറപ്പിച്ച അവളുടെ ഹൃദയത്തിന്റെ തീരുമാനം! അത് ഒരിക്കലും മാറുകയില്ല എന്നുള്ളതാണ് അവളുടെ ഹൃദയത്തിലെ ദൃഢനിശ്ചയം.

ഇതു കേട്ടാൽ ഒരു കഥപോലെ തോന്നും. പക്ഷേ, അതിനപ്പുറമായി ഒരു കാര്യമുണ്ട്. ഓരോരുത്തരും ക്രിസ്തു എന്ന നല്ല ഇടയനുമായി വാക്കു പറഞ്ഞവരാണ്. ഏതെല്ലാം ഭൗതിക സന്തോഷങ്ങളുടെ ആഡംബരഭ്രമങ്ങൾ നമ്മെ

മാടിവിളിച്ചാലും ലോകസുഖസൗകര്യങ്ങൾ ആകുന്ന പ്രതാപങ്ങൾ നമ്മെ മാടിവിളിച്ചാലും യേശുക്രിസ്തുവിൽ നിന്നുള്ള സ്നേഹത്തിൽനിന്ന് നമ്മെ മാറ്റാൻ സാദ്ധ്യമല്ല എന്നുള്ള ഹൃദയത്തിന്റെ തീരുമാനമാണത്.

നിങ്ങൾക്ക് ക്രിസ്തുവുമായുള്ള സ്നേഹബന്ധം കിട്ടണമെങ്കിൽ എന്തെല്ലാം പ്രലോഭനങ്ങൾ വന്നാലും പാപത്തിന്റെ പ്രേരണകൾ വന്നാലും ഏതെല്ലാം തരത്തിലുള്ള ദുഷിച്ച പ്രലോഭനങ്ങൾ വന്ന് ആവരണം ചെയ്താലും ഇല്ല ഞാനില്ല. ക്രിസ്തുവിനെ എന്റെ അരുമ മണവാളനായി ഞാൻ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു, ഞാനും ക്രിസ്തുവും തമ്മിൽ വാക്കു പറഞ്ഞിരിക്കുന്നു എന്ന ഉറപ്പു വേണം.

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു എന്ന് ശിശുപ്രായത്തിൽ എനിക്കുവേണ്ടി തലതൊട്ടപ്പനോ തലതൊട്ടമ്മയോ പറഞ്ഞതാണ്. അന്ന് മാമോദീസായിൽ പറഞ്ഞ വാക്ക് ഞാൻ മാറുകയില്ല.

ഞാൻ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ക്രിസ്തുവിനു മണവാട്ടിയായി ഞാൻ എന്നെത്തന്നെ കൊടുത്തിരിക്കുന്നു. എനിക്കു വാക്കു മാറാൻ സാധ്യമല്ല. സ്നേഹത്തിന്റെ കൊടി നമ്മുടെ മീതെ പിടിക്കണമെങ്കിൽ ഈ തീരുമാനം നമുക്കു വേണം.

എന്തുവന്നാലും ശരി, എന്തെല്ലാം നഷ്ടപ്പെട്ടാലും ശരി, ആരെല്ലാം എന്നിൽ നിന്നു നഷ്ടപ്പെട്ടുപോയാലും ശരി, എന്തെല്ലാം കൈമോശം വന്നാലും ശരി യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽനിന്ന് എന്നെ മാറ്റാൻ ആർക്കും സാദ്ധ്യമല്ല. ആ ഒരു ഉറപ്പ് നമുക്കു വേണം.

യേശുക്രിസ്തുവിനോടുള്ള സ്നേഹബന്ധം ഇല്ലെങ്കിൽ നാം വാടിപ്പോകും. തളർന്നുപോകും. പാപത്തിന്റെ കഠിനമായ ശോധനകൾ വരുമ്പോൾ നാം താണുപോകും. സന്ദർഭത്തിനൊത്തു

ആടിപ്പോകും; വീണുപോകും.

പക്ഷേ, നമുക്കുള്ള നിധി നാം സൂക്ഷിച്ചുകൊള്ളുന്നതിനു വേണ്ടി പാപത്തിന്റെ പ്രേരണകൾ വരുമ്പോൾ, അതിനുള്ള സാഹചര്യം വരുമ്പോൾ, മന:പൂർവ്വം അതെന്നെ തൊടരുത് എന്ന നിർബ്ബന്ധത്തോടുകൂടി നാം നിൽക്കണം. അതിന് ക്രിസ്തുവിനോടുള്ള സ്നേഹം നമുക്കുണ്ടായിരിക്കണം. എങ്കിലേ നമുക്കു ജയിക്കാൻ പറ്റുകയുള്ളൂ.

ഈ പെൺകുട്ടി (ശലോമി) പറയുകയാണ്: എന്റെ സഹോദരന്മാർ, എന്റെ അമ്മയുടെ പുത്രന്മാർ എന്നോടു കോപിച്ചു. ഞാൻ ആ ഇടയനെ മാത്രമേ സ്വീകരിക്കയുള്ളൂ എന്നു പറഞ്ഞപ്പോൾ അവർക്കു ദേഷ്യം വന്നു.

> *"എനിക്ക് ഇരുൾനിറം പറ്റിയിരിക്കയാലും ഞാൻ വെയിൽകൊണ്ടു കറുത്തിരിക്കയാലും എന്നെ തുറിച്ചുനോക്കരുത്. എന്റെ അമ്മയുടെ പുത്രന്മാർ എന്നോടു കോപിച്ചു. എന്നെ മുന്തിരിത്തോട്ടങ്ങൾക്കു കാവലാക്കി; എന്റെ സ്വന്ത മുന്തിരിത്തോട്ടം ഞാൻ കാത്തിട്ടില്ലതാനും."* *ഉത്തമഗീതം 1: 6*

ഞാൻ വെയിൽകൊണ്ട് കറുത്തുപോയി. മുഖം കരുവാളിച്ചുപോയി. സഹോദരന്മാർ എന്നോട് കോപിച്ചു. ഭയങ്കരമായി കോപിച്ച് എന്നെ ശിക്ഷിച്ചു. എന്നെ മുന്തിരിത്തോട്ടങ്ങൾക്ക് കാവലാക്കി. പകലന്തിയോളം ഞാൻ വെയിലേറ്റു വാടിത്തളർന്ന് നിന്നു. ഒരിറ്റുവെള്ളം പോലും എനിക്കു കിട്ടിയില്ല.

മുമ്പ് ഞാൻ സുന്ദരിയായിരുന്നു. ശരീരത്തിന് സൗഭഗം ഉണ്ടായിരുന്നു. പക്ഷേ, എനിക്ക് ഇരുൾ നിറം പറ്റി. ഞാൻ കറുത്തവളായിപ്പോയി.

അവർ പലതരത്തിൽ അവളെ പ്രേരിപ്പിച്ചു. ആദ്യം മധുരവാക്കു പറഞ്ഞുനോക്കി. പിന്നെ ഉപദേശിച്ചുനോക്കി.

പിന്നെ ശാസിച്ചുനോക്കി. പിന്നെ ശിക്ഷണം കൊടുത്തു. പക്ഷേ, ഇതുകൊണ്ടൊന്നും അവളുടെ മനസ്സുമാറുന്നില്ല.

ശലോമോൻ രാജാവ് പറഞ്ഞു: മനസ്സുമാറിയില്ലെങ്കിലും സാരമില്ല, കുറച്ചു ദിവസം അവൾ എന്റെ കൊട്ടാരത്തിൽ വന്നു വസിക്കട്ടെ. അവിടെ യെരൂശലേം പുത്രിമാരായ ചിലരെ തോഴിമാരാക്കി കൊടുക്കുകയും ചെയ്യാം. അവർ എന്റെ കാര്യങ്ങൾ വർണ്ണിച്ചു കേൾപ്പിക്കുമ്പോൾ, എന്റെ പ്രൗഢിയും ജീവിതത്തിന്റെ പ്രതാപവും എല്ലാം കാണുമ്പോൾ മനസ്സു മാറിക്കൊള്ളും. അവളെ കൊട്ടാരത്തിലേക്ക് കൊണ്ടുവരിക.

അങ്ങനെ അവളെ കൊട്ടാരത്തിലെ അന്ത:പുരത്തിലേക്കു കൊണ്ടുവന്നു. നല്ല ബന്തവസ്സിലാണ്. അവളുടെ ചുറ്റും ചില കന്യകമാർ ഇരുന്നു പാട്ടുപാടും. പാടുന്നത്: അല്ലയോ സുന്ദരീ, ശലോമീ, നീ എന്തു ഭാഗ്യമുള്ളവൾ? നിനക്ക് ശലോമോൻ രാജാവിന്റെ ഭാര്യയാകാൻ സാധിക്കുക എന്നത് എന്തു മഹാഭാഗ്യമാണ്? ഇത്രയും സുന്ദരനായ ഒരു പുരുഷനെ നിനക്കു വേറെ കിട്ടുമോ? ഇത്രയും പരാക്രമിയായ മനുഷ്യനെ കിട്ടുമോ? ഇത്രയും യുദ്ധം നടത്തി വിജയം നേടിയ ആളെ വേറെ നിനക്കു കിട്ടുമോ?

എത്രയേറെ സൈന്യമാണ് അദ്ദേഹത്തിനുള്ളത്!എത്രയേറെ സമ്പത്താണ് അദ്ദേഹത്തിനുള്ളത്! അദ്ദേഹത്തിന്റെ മറ്റു ഭാര്യമാരേക്കാൾ നിന്നെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ നീ എത്ര ഭാഗ്യവതിയാണ്! ഇങ്ങനെ ശലോമോന്റെ കാര്യങ്ങൾ എല്ലാം വർണ്ണിച്ചുകേൾപ്പിക്കും.

അതെല്ലാം കേൾക്കുമ്പോൾ അവൾ പറയും

*“യെരൂശലേംപുത്രിമാരേ, ചെറുമാനുകളാണ, പേടമാനുകളാണ, പ്രേമത്തിന് ഇഷ്ടമാകുവോളം അതിനെ ഇളക്കരുത്, ഉണർത്തുകയുമരുത്.”*

*ഉത്തമഗീതം 3 : 5*

*"യെരൂശലേംപുത്രിമാരേ, പ്രേമത്തിന് ഇഷ്ടമാകുവോളം അതിനെ ഇളക്കരുത്, ഉണർത്തുകയുമരുത് എന്ന് ഞാൻ നിങ്ങളോട് ആണയിട്ടപേക്ഷിക്കുന്നു."*

*ഉത്തമഗീതം 8 : 4*

എന്റെ ഹൃദയത്തിൽ രൂഢമൂലമായിരിക്കുന്ന ഒരു സ്നേഹബന്ധം എന്റെ ഹൃദയനാഥനായ ആ ഇടയനോടു വന്നുകഴിഞ്ഞിരിക്കുന്നു. അത് ഇളക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല. ഒരിക്കലും സാദ്ധ്യമല്ല.

വീണ്ടും വീണ്ടും യെരൂശലേം പുത്രിമാർ അവളെ പ്രേരിപ്പിക്കുന്നു. ഇവളെ ശലോമോന്റെ വശത്തേക്ക് ആക്കാൻ ശ്രമിക്കുന്നു.

എന്താണിതിന്റെ അർത്ഥം? ഒരു പ്രാവശ്യം പിശാചു തോറ്റാലും അവൻ തോൽക്കാതെ പിന്നെയും വന്ന് നമ്മെ തിന്മയിലേക്ക് പ്രേരിപ്പിക്കുന്നു. പൈശാചികന്റെ പക്ഷത്തിലേക്ക് പ്രേരിപ്പിക്കുന്നു. അശുദ്ധ ജീവിതത്തിലേക്ക് പ്രേരിപ്പിക്കുന്നു.

അയ്യോ, ഈ മദ്യപാനം ഒന്നു വിട്ടാൽ മതിയായിരുന്നു എന്നു പലർക്കും തോന്നുന്നില്ലേ? മാറ്റണമെന്നുണ്ട്, മാറുന്നില്ല. ഞാൻ എന്തുചെയ്യും? ചിലർ പറയും: അയ്യോ, എനിക്ക് അരുതാത്ത ജീവിതമുണ്ട്. പുറത്തുപറയാൻ കൊള്ളാത്ത ഒരു ജീവിതമുണ്ട്. വേണ്ട, വേണ്ട എന്നു ഞാൻ പലപ്പോഴും തീരുമാനിച്ചിട്ടുണ്ട്, മാറുന്നില്ല. ഞാൻ എന്തു ചെയ്യും?

പ്രലോഭനങ്ങൾ വരുമ്പോൾ അനേകരും വാടിപ്പോകുകയാണ്. തീരുമാനങ്ങൾ പതറിപ്പോകുന്നു. ദൈവസന്നിധിയിലെടുത്ത സമർപ്പണങ്ങൾ എല്ലാം വിട്ടുപോകുന്നു.

യേശുക്രിസ്തുവിനോടുള്ള സ്നേഹബന്ധത്തിൽ നിന്ന് നമ്മെ വേർതിരിക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികളുടെ പ്രേരണകൾക്ക് അനേകർ വശംവദരായിത്തീർന്നു പോകുകയാണ്. ഒരിക്കലും സംഭവിക്കരുത്. അങ്ങനെ പിടിച്ചു

നിൽക്കുന്നവരാണ് രക്ഷപ്രാപിക്കുന്നത്.

എന്തു വന്നാലും ശരി, എന്റെ യേശുവിനെ ഞാൻ വിടുകയില്ല. എന്തെല്ലാം മേന്മകൾ എനിക്കു കിട്ടിയാലും ശരി യേശുവിനെ ഞാൻ വിടുകയില്ല. ഏതെല്ലാം പ്രതാപങ്ങൾ എനിക്കു തരാമെന്നു പറഞ്ഞാലും ശരി, യേശുവിനെ ഞാൻ വിടുകയില്ല. എന്റെ കർത്താവേ, നിന്നോടുള്ള സ്നേഹ ബന്ധത്തിൽനിന്ന് എന്നെ വേർപെടുത്താൻ ഒരു ശക്തിക്കും കഴിയുകയില്ല.

യെരൂശലേം പുത്രിമാരെൻ ചുറ്റും നിന്നു രാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ
സുന്ദരനാം മനോഹരാ, നിന്നേപ്പിരിഞ്ഞീ ലോകയാത്ര
പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ,
മണ്ണേപ്രതി മാണിക്യം വെടിയുകില്ല ഞാൻ.

മണ്ണേപ്രതി മാണിക്യം കൈവെടിയരുത്. താത്ക്കാലികമായ സുഖത്തിനും സന്തോഷത്തിനും വേണ്ടി നിത്യസമാധാനം, നിത്യസന്തോഷം കളയരുത്. സ്വർഗ്ഗതീരത്തെത്തിയില്ലെങ്കിൽ ജീവിതം നഷ്ടമാണ്.

മരണയോർദ്ദാനക്കരെ കരുണയുള്ള കർത്താവ് തന്റെ പ്രിയപ്പെട്ട വിശ്വാസിയെ സ്വീകരിപ്പാൻ കരംനീട്ടി നിൽക്കുന്നതു കണ്ടുകൊണ്ട് മരണത്തിന്റെ വിനാഴികകൾ കഴിയണം.

യോർദ്ദാനക്കരെ മനോഹരമായ ഒരു കനാനുണ്ട്. ഇന്നിവിടെ ഊഷരമായ മരുപ്പറമ്പാണ്. ഇന്ന് മരുഭൂമിയിലൂടെയുള്ള യാത്രയാണ്.

സ്നേഹം കിട്ടും എന്ന് വിചാരിച്ചിടത്ത് സ്നേഹം കിട്ടാതെ പോകുന്ന യാത്രയാണ്. കരുണ പ്രതീക്ഷിക്കുന്നിടത്ത് കരുണ കിട്ടാതെ പോകുന്ന യാത്രയാണിത്. എന്തെല്ലാം ദുരിതങ്ങളാണ് വരുന്നത്? ഏറ്റവും പ്രിയപ്പെട്ടവർ പെട്ടെന്ന് കടന്നു പോകുന്നു.

ഓമനക്കുഞ്ഞുങ്ങൾക്ക് ചില മാരകമായ വ്യാധി

പിടിക്കുന്നു. ഭാര്യ പെട്ടെന്ന് ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടു പോകുന്നു. വളരെ നാളുകൾ കാത്തിരുന്നു കിട്ടിയ കുട്ടി രോഗിയായിത്തീരുന്നു. എന്തെന്തെല്ലാം പ്രശ്നങ്ങളാണ് നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നത്!

കടം വന്നു പെരുകുന്നു. മുന്നോട്ടു പോകാൻ വഴി കാണുന്നില്ല. ഹൃദയം അന്ത:സംഘർഷത്തിൽ ഉലയുകയാണ്. അകത്ത് ഒരു യുദ്ധം നടക്കുകയാണ്. ഉറങ്ങാൻ പറ്റുന്നില്ല. ഉറങ്ങാത്ത രാവുകൾ! സമാധാനമില്ല. എല്ലാ വഴിയും എല്ലാ വാതിലും അടഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ ജീവിതം വഴിമുട്ടിയവർ ആരെങ്കിലും ഉണ്ടോ? നിത്യനായ രാജാധിരാജനെ, കരുണയുള്ള കർത്താവിനെ പിടിച്ചുകൊള്ളൂ.

യേശുവിനെ മുറുകെ പിടിച്ചുകൊള്ളൂ. ആ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിങ്ങളെത്തന്നെ ഏല്പിച്ചു കൊടുത്തുകൊള്ളൂ. ആ കരം നിങ്ങളെ പിടിക്കും. കർത്താവ് ധൈര്യം തരുന്നു. സമാധാനം തരുന്നു. നിങ്ങൾക്ക് സമർപ്പിക്കാം. യെരൂശലം പുത്രിമാർ വന്ന് പ്രലോഭിപ്പിച്ചാലും എന്നെ കിട്ടുകയില്ല. ഞാൻ കർത്താവിന്റെ വഴിവിട്ട് മാറുകയില്ല. യേശുക്രിസ്തുവിന്റെ പാദംവിട്ട് ഞാൻ മാറുകയില്ല. നല്ല ഇടയനായ യേശുവിനെ പ്രസാദിപ്പിച്ചുകൊണ്ട് എന്റെ ജീവിതയാത്ര ഞാൻ തുടരും.

എന്തെല്ലാം സംഭവിച്ചാലും ശരി, എന്റെ പ്രിയനായ ആ നല്ല ഇടയനോടുള്ള വാക്ക് ഞാൻ മാറുകയില്ല. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നവനാണ്. ഞാൻ യഹോവയോടു പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ.

നിങ്ങളുടെ സമർപ്പണം ആഴത്തിലാക്കുക. കർത്താവേ, കഴിഞ്ഞ കാലങ്ങളെല്ലാം കഴിഞ്ഞുപോയി. നഷ്ടപ്പെട്ടു പോയി. പാഴായിപ്പോയ കാലങ്ങൾ! ക്രിസ്തുവിനെ അറിയാതെ ജീവിച്ചുപോയ കാലങ്ങൾ! ക്രിസ്തുവിനെ സ്നേഹിക്കാതെ ജീവിച്ച കാലങ്ങൾ! ചില ആചാരങ്ങൾ അനുഷ്ഠിച്ചും ചില

അനുഷ്ഠാനങ്ങളിൽ മുഴുകിയും ജീവിച്ച കാലങ്ങൾ!

ശലോമി വലയത്തിൽ പെട്ടിരിക്കയാണ്. പക്ഷേ, യരൂശലേം പുത്രിമാർക്കു നിരാശയില്ല. പിന്നെയും പാടും, പിന്നെയും പറയും: നീ എന്തു ഭാഗ്യവതി!

ഇല്ല, ഞാൻ വഴങ്ങുകയില്ല. എന്റെ ഹൃദയത്തിൽ ഒരു നാഥനുണ്ട്. ഒരിക്കലായിട്ട് ഞാൻ വാക്കുപറഞ്ഞ, എന്നോടു വാക്കുപറഞ്ഞ ഒരു നാഥനുണ്ട്. അതുകൊണ്ട് ഞാൻ മാറുകയില്ല.

പ്രിയപ്പെട്ടവരേ, ഈ ഒരു വലിയ അനുഭവത്തിലിരിക്കുമ്പോഴാണ് സ്നേഹത്തിന്റെകൊടി മീതെ പിടിക്കുന്നത്. അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നു. എന്റെ മീതെ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു. സന്തോഷഭവനത്തിലേക്ക് അവൻ എന്നെ കൂട്ടിക്കൊണ്ടുവന്നു.

കൈകാലുകൾ തളരുന്നു. കണ്ണുകൾ മങ്ങുന്നു. കാതിന്റെ കേൾവി കുറയുന്നു. ശബ്ദം അടയുന്നു. ഇതാ, എല്ലാമെല്ലാം തീർന്നുതീർന്നു പോകുന്നു. ശരീരം ക്ഷീണിച്ചു ക്ഷീണിച്ചു വരുന്നു. ബോധം മങ്ങിമങ്ങി വരുന്നു. മയങ്ങിമയങ്ങിപ്പോകുന്നു. മരണം ആസന്നമായി അടുത്തടുത്തു വരുന്നു. അപ്പോഴാണ് ഇതാ, പ്രിയൻ വന്നു തലോടുന്നത്. രാജാധിരാജൻ വന്നു തലോടുന്നത്.

പാവപ്പെട്ട ശലോമിയുടെമേൽ ഇടയന്റെ കരം വരുന്നതുപോലെ ഇതാ ആ കരം നമ്മുടെ മേൽ വന്ന് കൊടിപിടിക്കുന്നു. വിരുന്നുവീട്ടിലേക്കു കൂട്ടിക്കൊണ്ടു വരുന്നു.

സഹോദരങ്ങളേ, നിങ്ങൾക്കു വേണമോ വിരുന്നുവീട്ടിലേക്കുള്ള പ്രവേശനം? ഈ വിരുന്നു വീട്ടിലേക്കു നിങ്ങൾക്ക് ആർക്കും വരാം. എങ്ങനെയുള്ള ജീവിതമാണെങ്കിലും സാരമില്ല. കർത്താവ് എല്ലാം കാണുന്നു. എല്ലാം ക്ഷമിക്കുന്നു. എല്ലാം പൊറുക്കുന്നു. എല്ലാം മറക്കുന്നു. Forgetting and forgiving love of God.

മറക്കുന്ന, പൊറുക്കുന്ന സ്നേഹം. ആ സ്നേഹം നിങ്ങളുടെ അരികത്തു വന്നു കെഞ്ചുകയാണ്. മോനേ, നിന്റെ ഹൃദയം എനിക്കു തരിക. മോളേ, നിന്റെ ഹൃദയം എനിക്കു തരിക. എന്റെ കൈയിലെ ആണിപ്പാട് നീ കാണുന്നില്ലേ? നിനക്കുവേണ്ടിയാണ് ഞാൻ അടിയേറ്റത്. നിനക്കു വേണ്ടിയാണ് ഞാൻ മാരകമായ മുറിവേറ്റത്.

നീ ഏൽക്കേണ്ട മുറിവാണ് ഞാൻ ഏറ്റത്. നീ ഏൽക്കേണ്ട ശിക്ഷയാണ് ഞാൻ ഏറ്റത്. എന്റെ മുഖത്ത് അവർ തുപ്പി. നിന്റെ മുഖത്താണ് തുപ്പേണ്ടിയിരുന്നത്. എന്റെ കന്നത്ത് അവർ അടിച്ചു. നിനക്കുവേണ്ടി ഞാൻ അടികൊണ്ടു.

നിന്റെ ജീവിതത്തിന്റെ എല്ലാ തിന്മകളും രഹസ്യവും പരസ്യവുമായ സകല പാപങ്ങളും മാറ്റി ശുദ്ധിമാനാക്കിത്തീർക്കാൻ വേണ്ടി ഞാൻ ഇതെല്ലാം ഏറ്റിരിക്കയാണ്.

ഇന്ന് നിങ്ങളെ സ്വന്തമാക്കാൻ യേശു ആഗ്രഹിക്കുന്നു. നിങ്ങളുടെ കൂടെ പോരാൻ യേശു ആഗ്രഹിക്കുന്നു. നിങ്ങളുടെ വീട്ടിലേക്ക് യേശു വരും. നിങ്ങളുടെ കുഞ്ഞുങ്ങൾ അനുഗൃഹീതരായിത്തീരും. നിങ്ങൾമൂലം അനേകർക്ക് അനുഗ്രഹം ലഭിക്കും. അനേകർക്ക് സമാധാനം ലഭിക്കും. ജീവിതം എന്നെന്നേയ്ക്കുമായി ക്രൂശിന്റെ പാദത്തിൽ സമർപ്പിക്കുക.

# എട്ട്

ഒരു മുന്നേറ്റം കിട്ടുന്നില്ല; എന്തോ ഒരു അസ്വസ്ഥത. ഈ അസ്വസ്ഥതകളെല്ലാം മൊട്ടക്കുന്നിന്റെ അനുഭവമാണ്.

നിരാശ മുറ്റിയവരുണ്ട്. മനസ്സു വേദനിച്ചിരിക്കുന്നവരുണ്ട്. ഓരോരോ കാര്യങ്ങളിൽ മനസ്സു പതറിയിരിക്കുന്നു. മനസ്സിനൊരു ഉത്സാഹം കിട്ടുന്നില്ല. എന്നാൽ അവിടെയെല്ലാം കൊടി ഉയർത്താമെന്നാണ് കർത്താവ് പറയുന്നത്.

സ്നേഹത്തിന്റെ കൊടി ഉയർത്താം. സ്നേഹം എല്ലാറ്റിനേയും മൂടും. നമ്മുടെ ജീവിതത്തിൽ സ്നേഹമുണ്ടെങ്കിൽ എല്ലാറ്റിനും പരിഹാരമുണ്ട്. കുറച്ചു പൈസയ്ക്കു കുറവുണ്ടായാലും ആഹാരം അത്ര രുചികരമായില്ല എങ്കിലും സ്നേഹമുണ്ടെങ്കിൽ പരിഹാരമുണ്ട്.

> *"അവൻ എന്നെ വീഞ്ഞു വീട്ടിലേക്കു കൂട്ടിക്കൊണ്ടുചെന്നു; എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു."* *ഉത്തമഗീതം 2 : 4*

എന്നെ വീഞ്ഞുവീട്ടിലേക്ക് കൊണ്ടുവന്നിരിക്കയാണ്. ആനന്ദത്തിന്റെ ലഹരിയുള്ള സ്ഥലത്തേക്ക് എന്നെ കൊണ്ടുവന്നിരിക്കുന്നു.

നമ്മുടെ പലരുടേയും വീട് മ്ലാനതയുള്ളതാണ്. ആകെ ഒരു അസ്വസ്ഥമായ അന്തരീക്ഷം. പുകപിടിച്ച അടുക്കളപോലെ പലരുടേയും ഹൃദയം പുക പിടിച്ചിരിക്കുകയാണ്. നിരാശയുടേതായിരിക്കാം. കോപത്തിന്റെ ആയിരിക്കാം.

വാശിയുടെ ആയിരിക്കാം. വൈരാഗ്യത്തിന്റെ ആയിരിക്കാം. പരസ്പര സ്പർദ്ധയുടേതായിരിക്കാം. ഏതെല്ലാമോ ചില പുക കൾ പിടിച്ചിരിക്കുന്നു. നിങ്ങളുടെ പലരുടേയും ഹൃദയം അങ്ങ നെയല്ലേ?

ആ പുക പിടിച്ചിരിക്കുന്ന അന്തരീക്ഷത്തിലേക്ക് ഒരു അതിഥി വന്നാൽ അയാൾക്ക് ശ്വാസംമുട്ടൽ ഉണ്ടാകും. അന്ത രീക്ഷം മുഴുവൻ പുകപടലം പിടിച്ചിരിക്കുന്നു.

സ്നേഹത്തിന്റെ അഭാവമാണത്. സ്നേഹത്താൽ ഏതു പ്രശ്നത്തേയും നമുക്കു നേരിടാം. സ്നേഹത്താൽ ഏതു പ്രതിസന്ധിയേയും നമുക്കു നേരിടാം. സ്നേഹം എന്നു പറ ഞ്ഞാൽ അവിടെ ക്ഷമയുണ്ട്. തെറ്റു തെറ്റായിട്ട് കാണുക യില്ല. 1 കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ പറയുന്നു. സ്നേഹം ദോഷം കണക്കിടുന്നില്ല. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല.

നമുക്ക് ഒരാളോട് സ്നേഹമുണ്ടെങ്കിൽ അയാളുടെ തെറ്റ് തെറ്റായിട്ടു തോന്നുകയില്ല. ആ ആളോട് നമുക്ക് ഇഷ്ടക്കുറവ് തോന്നുകയില്ല. ചെയ്യുന്ന തെറ്റ് തെറ്റായിട്ട് തോന്നുകയില്ല. സ്നേഹം എല്ലാറ്റിനേയും മൂടും. ആ സ്നേഹത്താൽ നമ്മുടെ ജീവിതം അനുഗൃഹീതമായിത്തീരണം.

നമ്മുടെ പലരുടേയും ജീവിതത്തിൽ അതില്ല. പല വീടു കളിലും ഇന്ന് പൊട്ടലും ചീറ്റലും ഉണ്ടാകുന്നു. ഭാര്യ പറയു ന്നത് ഭർത്താവിന് ഇഷ്ടപ്പെടുന്നില്ല. ഭർത്താവ് എന്തെങ്കിലും ഒരു കാര്യം ചെയ്താൽ അത് ഭാര്യയ്ക്ക് ഇഷ്ടപ്പെടുന്നില്ല. എന്നോടു ചോദിച്ചില്ല, എന്റെ അഭിപ്രായം ആരാഞ്ഞില്ല, ഇങ്ങനെയെല്ലാം വളരെ നിസ്സാരമായ കാര്യങ്ങളെച്ചൊല്ലി അഭി പ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നു. സ്നേഹമുണ്ടെങ്കിൽ എല്ലാം മാറും.

*"ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷ*

*കളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവരം ഉണ്ടായിട്ട് സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻതക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതു മില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജന വും ഇല്ല. സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കു ന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല; സ്വാർത്ഥം അന്വേ ഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കി ടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യ ത്തിൽ സന്തോഷിക്കുന്നു; എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല.” 1 കൊരിന്ത്യർ 13 : 1 – 8*

യേശുക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ഹൃദയത്തിൽ എപ്പോഴും വളർന്നുകൊണ്ടിരിക്കണം; എപ്പോഴും ജ്വലിച്ചുകൊ ണ്ടിരിക്കണം. സ്നേഹം കത്തിക്കൊണ്ടിരിക്കണം. ഹൃദയ ത്തിൽ സ്നേഹമുണ്ടെങ്കിൽ നമുക്ക് ഏതു പ്രശ്നത്തേയും നേരിടുവാൻ സാധിക്കും. എന്തെല്ലാം പോരായ്മകൾ ഉണ്ടെ ങ്കിലും ഏതെല്ലാം കുറവുകൾ ഉണ്ടെങ്കിലും, സ്നേഹമുണ്ടെ ങ്കിൽ എല്ലാറ്റിനും പരിഹാരമായി.

സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല. സ്വന്തം കാര്യം മാത്രം നോക്കുകയില്ല. സ്നേഹം മറ്റുള്ളവരെ ശ്രേഷ്ഠരായിട്ട് എണ്ണും. ആരേക്കുറിച്ചും നമുക്ക് ഒരു ചീത്ത അഭിപ്രായം

ഉണ്ടാകയില്ല.

നിങ്ങൾ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആളാണെങ്കിൽ അവിടെയുള്ള എല്ലാവരേയും നിങ്ങൾ മാനിക്കുകയും ആദരിക്കുകയും ചെയ്യണം. അവിടെയുള്ള എല്ലാവരേയും ശ്രേഷ്ഠരായിട്ട് എണ്ണണം. അവരുടെ തെറ്റൊന്നും നാം കാണരുത്. എന്റെ നന്മയൊന്നും കാണുകയില്ല, മറ്റുള്ളവരുടെ നന്മ ഞാൻ കാണും. ഇതാണ് ജീവിതത്തിൽ ജയം കിട്ടാനുള്ള മാർഗ്ഗം.

ഇതൊരു കൊടിയാണ്. സ്നേഹത്തിന്റെ കൊടി. ഈ കൊടി നാം ഉയർത്തിപ്പിടിക്കണം. കുടുംബത്തിൽ ഈ സ്നേഹം പുലരുന്നുണ്ടോ? മാതാപിതാക്കൾക്ക് മക്കളോടുള്ള പെരുമാറ്റത്തിൽ ഈ സ്നേഹമുണ്ടോ? മക്കളുടെ ഹൃദയത്തെ മുറിപ്പെടുത്തുന്ന രീതിയിൽ മാതാപിതാക്കൾ പെരുമാറരുത്. അവരുടെ തെറ്റുകൾ വീണ്ടും വീണ്ടും പറഞ്ഞ് അവരെ പ്രകോപിപ്പിക്കരുത്. സൗമ്യതയിൽ അവരെ ചേർത്തിരുത്തി അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അവർക്കുവേണ്ടി പ്രാർത്ഥിക്കണം. ഒരു ദൈവപൈതൽ ചെയ്യേണ്ടത് അതാണ്. അവരുടെ ബലഹീനതകൾ കണ്ട് അവരെ സ്നേഹിക്കണം.

മക്കൾ മാതാപിതാക്കളെ സ്നേഹിക്കണം. സ്നേഹിക്കുക എന്നാൽ ബഹുമാനമാണ്, ആദരവാണ്. മാതാപിതാക്കൾ ഒരുപക്ഷേ കുറവുള്ളവരായിരിക്കാം. വിദ്യാഭ്യാസം ഇല്ലായിരിക്കും. കഴിവ് കുറഞ്ഞവരായിരിക്കും. കുടുംബകുലീനത ഇല്ലാത്തവരായിരിക്കും. പക്ഷേ, അപ്പന്റെയും അമ്മയുടെയും നിലവാരത്തിൽ നിന്നുകൊണ്ട് നാം അവരെ കാണണം. അവരെ നാം ആദരിക്കണം. അവരെ അനുസരിക്കണം.

> *"നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നതു വാഗ്ദത്ത*

*ത്തോടുകൂടിയ ആദ്യ കല്പന ആകുന്നു."*
*എഫെസ്യർ 6 : 2, 3*

നിനക്കു നന്മ ഉണ്ടാകണമോ? മാതാപിതാക്കളെ ബഹുമാനിച്ചുകൊള്ളണം. നിങ്ങൾക്ക് ഭൂമിയിൽ ദീർഘായുസ്സോടിരിക്കണമോ? അപ്പനെയും അമ്മയെയും ബഹുമാനിച്ചുകൊള്ളണം. നിങ്ങളുടെ മാതാപിതാക്കൾ മരിച്ചുപോയതിനുശേഷം, അവരെ കാര്യമായിട്ട് നോക്കിക്കൊള്ളാമായിരുന്നു, അവരോട് അഹങ്കാരത്തോടെ പറയണ്ടായിരുന്നു, അമ്മയോട് നീരസപ്പെട്ടു പറയണ്ടായിരുന്നു എന്നൊക്കെ ചിന്തിച്ചിട്ട് എന്താണു പ്രയോജനം? ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ അവരെ ബഹുമാനിച്ചുകൊള്ളുക. അവർക്കുവേണ്ടി ഏറ്റവും നല്ലത് ചെയ്തുകൊള്ളുക.

*"സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു; പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചുകളഞ്ഞു."* *1 കൊരിന്ത്യർ 13 : 8 – 11*

സമ്പത്ത് മാറിപ്പോകും. നമുക്കുള്ള പദവികൾ മാറിപ്പോകും. നമ്മുടെ സ്ഥാനമാനങ്ങൾ മാറിപ്പോകും. നിലനിൽക്കുന്നത് സ്നേഹമാണ്. ആ സ്നേഹം ക്രിസ്തുവാണ്.

ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. എന്നാൽ അപ്പോൾ സ്നേഹമായ ക്രിസ്തുവിനെ മുഖാമുഖമായി കാണും. അന്ന് ദൈവവിശ്വാസികൾക്ക് എന്ത് ആനന്ദമാ

യിരിക്കും!

അവൻ നമുക്കുവേണ്ടി കരുതിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല. ചെവി കേട്ടിട്ടില്ല. ഒരു മനുഷ്യന്റെയും ഹൃദയത്തിൽ നിരൂപിച്ചിട്ടുപോലുമില്ല. അത്ഭുതകരമായ അനുഗ്രഹങ്ങളാണ് കർത്താവ് നമുക്കു വേണ്ടി കരുതി വച്ചിരിക്കുന്നത്.

നിങ്ങൾ ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയുവിൻ. സ്നേഹത്തിന്റെ കൊടിയാണ് അവൻ നിങ്ങളുടെമീതെ പിടിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ സ്നേഹത്താൽ നിങ്ങൾ നിറഞ്ഞാൽ എല്ലാം നിസ്സാരമായി തോന്നും. ഇവിടെയുള്ള പണം നിസ്സാരമാണ്. ആരോഗ്യം നിസ്സാരമാണ്. വരുമാനം നിസ്സാരമാണ്. എല്ലാം പോകാൻ എത്രനേരം വേണം. ഉണ്ടാകാൻ എത്ര നേരം വേണം.

എല്ലാറ്റിനേയും മറികടക്കാൻ സ്നേഹം എന്ന ഒരേയൊരു ആയുധം മതി.

> *“ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെതന്നേ അറിയും. ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ.”*
>
> *1 കൊരിന്ത്യർ 13 : 12, 13*

ഏറ്റവും വലിയത് സ്നേഹമാണ്. ഞാൻ എന്റെ വേദപുസ്തകത്തിൽ ഇങ്ങനെ എഴുതിവച്ചു: സ്നേഹിപ്പാൻ ഒരു ഹൃദയവും വിശ്വസിപ്പാൻ ഒരു മനസ്സും സഹിപ്പാൻ ഒരു ശരീരവും തരണമേ എന്ന്. അത് എന്റെ ജീവിതത്തിന്റെ പ്രമാണമാണ്.

“സഹിച്ചിടുവാനൊരു ശരീരമിന്ന്
വിശ്വസിപ്പാൻ മനസ്സും
സ്നേഹിപ്പതിന്നൊരു ഹൃദയവും പാരിലെൻ
മുക്തിയിൽ മാർഗ്ഗമതേ”

ഈ പാട്ട് ഞാൻ എഴുതിയത് എന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്ന ആശയമാണ്. സ്നേഹിപ്പാൻ ഒരു ഹൃദയം! വിശ്വസിപ്പാൻ ഒരു മനസ്സ്! സഹിപ്പാൻ ഒരു ശരീരം! അതുമതി കർത്താവേ.

ദൈവത്തിന്റെ സ്നേഹത്തിൽ നിങ്ങൾ വിശ്വസിച്ചാൽ നിങ്ങൾ മതിമറന്നുപോകും. ആ സ്നേഹം നിങ്ങൾക്ക് അനുഭവിക്കാൻ കഴിഞ്ഞാൽ നിങ്ങൾ നിങ്ങളല്ലാതായിത്തീരും.

ഒരു ദൈവപൈതലിനു നിശ്ചയമായും ആക്ഷേപം ഏൽക്കേണ്ടിവരും. എന്റെ യേശു ഏറ്റ അത്രത്തോളം ഞാൻ ഏറ്റില്ലല്ലോ. ഗുരുവിനെപ്പോലെ ആകുന്നതു ശിഷ്യനു മതി. യജമാനനെപ്പോലെ ആകുന്നതു ദാസനു മതി.

കർത്താവായ യേശുക്രിസ്തു എന്തുമാത്രം ആക്ഷേപം ഏറ്റു? ഭാരമേറിയ മരക്കുരിശും പേറി പോകുമ്പോൾ എല്ലാവരും തൂക്കുക, തൂക്കുക എന്ന് ആർത്ത് അട്ടഹസിച്ചു. കൂടെ പോരാൻ യോഹന്നാൻശ്ലീഹായും കുറച്ച് യെരൂശലേംപുത്രിമാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. യോഹന്നാൻശ്ലീഹ ഒഴികെ ബാക്കി ശിഷ്യന്മാരെല്ലാം ഓടിപ്പോയി.

ആ യേശുവിന്റെ സ്നേഹമാണ് നമ്മുടെ സ്വത്ത്. നിങ്ങൾ അതിൽ ഉറച്ചുനിൽക്കണം. മൊട്ടക്കുന്നിന്മേൽ ഈ സ്നേഹത്തിന്റെ കൊടി ഉയർത്തണം. നിങ്ങളുടെ ജീവിതത്തിലെ മൊട്ടക്കുന്നുകൾ മാറും. അവിടം പുഷ്പലതാദി സസ്യാദികളാൽ നിറയും. അവിടെ നല്ല വിളവെടുപ്പുണ്ടാകും.

മൊട്ടക്കുന്നിന്മേൽ സ്നേഹത്തിന്റെ കൊടി ഉയർത്തിയാൽ നിങ്ങളുടെ ഊഷരമായ കുടുംബജീവിതം ഭദ്രമായിത്തീരും. സുരക്ഷിതമായിത്തീരും. വരണ്ടുപോയ നിങ്ങളുടെ ജീവിതം അനുഗ്രഹമായിത്തീരും.

നിങ്ങളുടെ ഹൃദയത്തിൽ ഈ സ്നേഹത്തിന്റെ കൊടി ഉയർത്തിയാൽ നിങ്ങൾ മഹാഭാഗ്യശാലികളായിത്തീരും. ഈ

സ്നേഹം നിങ്ങളുടെ ഹൃദയത്തിൽ കിനിയുന്നുണ്ടോ? യേശുവിനോടുള്ള സ്നേഹം. യേശുവിൽക്കൂടി മറ്റുള്ളവരോടുള്ള സ്നേഹം.

യേശുവിനോടുള്ള സ്നേഹത്താൽ ഹൃദയം ജ്വലിക്കട്ടെ. എന്റെ യേശു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു. അത് രുചിച്ചറിയുമ്പോഴാണ് സ്നേഹത്താൽ നാം നിറയപ്പെടുന്നത്.

ക്രിസ്തു നമ്മുടെ ഹൃദയത്തിൽ ജ്വലിച്ചു നിൽക്കുന്ന അനുഭവം. യേശുക്രിസ്തുവിന്റെ സ്നേഹം നമ്മെ പൊതിഞ്ഞിരിക്കുന്ന അനുഭവം. നാം വേറൊരു മണ്ഡലത്തിൽ ആയിത്തീരുന്ന അനുഭവം. നമ്മുടെ ഹൃദയത്തിൽ ഒരു ഭാരവും അലട്ടാതിരിക്കുന്ന അനുഭവം. ഒരു കാര്യവും നമ്മെ വെപ്രാളപ്പെടുത്താതിരിക്കുന്ന, വിഭ്രാന്തികൾ മാറിപ്പോകുന്ന അനുഭവം.

ഹൃദയത്തിൽ സ്വസ്ഥത അനുഭവിക്കുന്ന ഭാഗ്യാനുഭവം! അതാണ് ക്രിസ്തു നമുക്ക് തരുന്നത്. അതാണ് സ്നേഹം. അവൻ എന്റെ മീതെ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു.

ഈ സ്നേഹത്തിന്റെ കൊടി തകർത്തുകളഞ്ഞ് വേറൊരു കൊടി ഉയർത്താനാണ് പിശാച് നോക്കുന്നത്.

> *"നിന്റെ വൈരികൾ നിന്റെ സമാഗമന സ്ഥലത്തിന്റെ നടുവിൽ അലറുന്നു; തങ്ങളുടെ കൊടികളെ അവർ അടയാളങ്ങളായി നാട്ടിയിരിക്കുന്നു. അവർ മരക്കൂട്ടത്തിന്മേൽ കോടാലി ഓങ്ങുന്നതുപോലെ തോന്നി. ഇതാ, അവർ മഴുകൊണ്ടും ചുറ്റിക കൊണ്ടും അതിന്റെ ചിത്രപ്പണികളെ ആകപ്പാടെ തകർത്തുകളയുന്നു."*
>
> *സങ്കീർത്തനങ്ങൾ 74 : 4 – 6*

ശത്രു തങ്ങളുടെ കൊടികളെ അടയാളമായി നാട്ടിവച്ചിരിക്കുകയാണ്. വലിയ ഒരു വനപ്രദേശമാണ്. മുഴുവനും കോടാ

ലികൊണ്ട് വെട്ടി നശിപ്പിക്കുന്നു. നല്ല തളിർത്തുലഞ്ഞു പ്രശോഭിച്ചു നിൽക്കുന്ന ആ സസ്യലതാദിവൃക്ഷങ്ങളെ എല്ലാറ്റിനേയും തകർത്തു കളയുന്നു. മുടിച്ചുകളയുന്നു. ശത്രു അതാണ് ചെയ്യുന്നത്.

മനോഹരമായി പണിതിരിക്കുന്ന പണിപ്പാടുകൾ ഉണ്ട്. ചിത്രപ്പണികൾ ഉണ്ട്. അതെല്ലാം മഴുകൊണ്ടും ചുറ്റികകൊണ്ടും തകർത്തുകളയുക എന്നതാണ് പിശാചിന്റെ പ്രവൃത്തി. സ്നേഹത്തിനു വിരുദ്ധമായ പ്രവൃത്തിയാണിത്. യേശുക്രിസ്തുവിന്റെ പ്രവൃത്തി സ്നേഹത്തിന് അനുരൂപമായ പ്രവൃത്തിയാണ്.

പിശാചും കൊടി നാട്ടുകയാണ്. ഇവൻ എന്റെ വക. ഇവൾ എന്റെ വക. ഇന്ന കാര്യത്തിൽ ഇവൾ തെറ്റു ചെയ്തിരിക്കുന്നു. അതുകൊണ്ട് എന്റെ വകയായി. ഇവൻ എന്റെ വകയാണ്. അതുകൊണ്ടാണ് കോപിച്ചത്. ഇവൾ അരുതാത്ത കാര്യങ്ങളിലേക്കു നീങ്ങിയിരിക്കുന്നു. തെറ്റായ പ്രസ്താവനകൾ നടത്തുന്നു. പരദൂഷണം പറയുന്നു. ഭർത്താവിനു വിനയപ്പെടുന്നില്ല. ഭർത്താവിനെ സ്നേഹിക്കുന്നില്ല. ഭർത്താവിനെ കരുതുന്നില്ല. മക്കളെ കരുതുന്നില്ല. ഇവൾ എന്റെ വകയാണ്. പിശാച് കൊടി നാട്ടുന്നു.

നമ്മുടെ ജീവിതത്തിൽ എവിടെയെങ്കിലും പിശാച് കൊടി നാട്ടിയിട്ടുണ്ടോ?

*"നിത്യ ശൂന്യങ്ങളിലേക്ക് നിന്റെ കാലടി വയ്ക്കേണമേ; ശത്രു വിശുദ്ധമന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു." സങ്കീർത്തനങ്ങൾ 74 : 3*

ശത്രുവായ പിശാച് വിശുദ്ധമന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു. നാം ആണ് ദൈവത്തിന്റെ വിശുദ്ധമന്ദിരം. ഈ വിശുദ്ധമന്ദിരത്തിൽ പിശാച് സകലവും നശിപ്പിച്ചിരിക്കുന്നു. അവൻ കൊടി നാട്ടിയിരിക്കുകയാണ്. അവന്റേതാണെന്ന്

അവകാശം പറയുകയാണ്.

നല്ല സ്വഭാവശുദ്ധിയുള്ള മനുഷ്യനായിരുന്നു. എന്നാൽ ഇപ്പോൾ വീട്ടിൽ വഴക്കും പിണക്കവും കലാപവും. കുടുംബ ജീവിതത്തിൽ കലഹം ഉണ്ടാകുന്നു.

നല്ല ഓജസ്സുള്ള ചെറുപ്പക്കാരൻ മദ്യം വിളമ്പുന്നു, മദ്യം കുടിക്കുന്നു, കുടിപ്പിക്കുന്നു. മദ്യത്തിന് അടിമയായിത്തീരുന്നു. ഫലമോ, ശത്രു എല്ലാം നശിപ്പിക്കുകയാണ്. ശത്രു അവകാശം പറയുകയാണ്. കൊടി നാട്ടുകയാണ്. ഇത് എന്റെ അവകാശത്തിൽപ്പെട്ടത് എന്നുപറഞ്ഞ് പിശാച് കൊടി നാട്ടിയിട്ടു പോകുന്നു.

നാം നോക്കുമ്പോൾ കൊടിയൊന്നും കാണുന്നില്ല. ഈ കൊടി നമ്മുടെ ജീവിതത്തിൽ വരുന്നത് നാം സൂക്ഷിച്ചുകൊള്ളണം. നമുക്ക് ആരോടെങ്കിലും ഒരു നീരസം വരുമ്പോൾ ശത്രു കൊടി നാട്ടുകയാണ്. ആരോടെങ്കിലും വൈരാഗ്യം വരുമ്പോൾ ശത്രു കൊടി നാട്ടുകയാണ്. നമുക്കു പരാതിയോ പരിഭവമോ വരുമ്പോൾ ശത്രു കൊടി നാട്ടുകയാണ്. ദ്രവ്യാഗ്രഹം വരുമ്പോൾ, അഴുക്കായ ജീവിതത്തിലേക്കുള്ള ആസക്തി വരുമ്പോൾ, അശുദ്ധജീവിതത്തിലേക്കുള്ള വെമ്പൽ വരുമ്പോൾ പിശാച് കൊടി നാട്ടുകയാണ്. ശത്രു വിശുദ്ധമന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു.

വിശുദ്ധമന്ദിരം നാം ഓരോരുത്തരുമാണ്.

> *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും."*
>
> *1 കൊരിന്ത്യർ 3 : 16, 17*

നിങ്ങളാണ് ദൈവത്തിന്റെ മന്ദിരം! You are the temple of God! ഈ ആലയം വിശുദ്ധമാണ്. ആലയം അശുദ്ധമാക്കുന്ന

വനെ ദൈവം നശിപ്പിക്കും. ആലയത്തെ അശുദ്ധമാക്കരുത്. ശത്രു കൊടി നാട്ടാൻ ഇടവരരുത്.

നമ്മുടെ ഈ ശരീരത്തിൽ, ഒരു അവയവത്തിൽപ്പോലും ശത്രു കൊടി നാട്ടരുത്. കണ്ണിൽ ശത്രു കൊടി നാട്ടരുത്. ഈ കണ്ണ് യേശുവിന്റെ വിശുദ്ധി കാണാനുള്ള കണ്ണാണ്. ഈ കണ്ണ് ദൈവത്തിന്റെ മക്കളെ വാത്സല്യഭാവത്തോടെ നോക്കാനുള്ള കണ്ണാണ്. ഈ കണ്ണ് വേദനിക്കുന്നവരുടെ വേദനയിൽ പങ്കു ചേർന്നു വേദനിക്കാൻ കരുണയൂറുന്ന കണ്ണാണ്. ഇത് യേശു വിന്റെ കണ്ണായി മാറിയിരിക്കുന്നു.

ഈ കണ്ണ് ബ്ലൂഫിലിം കാണാൻ പാടില്ല. ചീത്ത ചിത്ര ങ്ങൾ കാണാൻ പാടില്ല. അശുദ്ധചിത്രങ്ങൾ കാണാൻ പാടില്ല. എന്നാൽ ഇന്ന് അനേകർ ഈ കണ്ണുകൊണ്ട് അരുതാത്ത പട ങ്ങൾ കണ്ട് രസിക്കുന്നു. ഫലമോ, അവിടെ പിശാച് തന്റെ കൊടി നാട്ടുകയാണ്.

സ്നേഹത്തിന്റെ കൊടി നാട്ടിയിരുന്നിടത്ത് പിശാചിന്റെ കൊടി നാട്ടുന്നു.

എന്റെ കൈകൾ യേശുവിനുവേണ്ടി സമർപ്പിക്കപ്പെട്ട കൈകളാണ്. യേശു പ്രസാദിക്കാത്തതൊന്നും ഈ കൈ ചെയ്യുകയില്ല. യേശു ചെയ്യുന്നതു മാത്രമേ ഈ കൈ ചെയ്യൂ. ഈ വേദപുസ്തകം പിടിക്കുന്ന കൈ അരുതാത്തതൊന്നും തൊടാനോ പിടിക്കാനോ പാടില്ല.

എന്റെ നാവ് യേശുവിനെ സ്തുതിക്കാനുള്ളതാണ്. യേശുവിനുവേണ്ടി സംസാരിക്കാനുള്ളതാണ്. യേശുവിനു വേണ്ടി വേർതിരിക്കപ്പെട്ടതാണ്. ഈ നാവിൽ അരുതാത്ത വാക്ക് വരാൻ പാടില്ല. ആരേയും ശപിക്കാൻ പാടില്ല. പ്രാകാൻ പാടില്ല. നിരാശയുടെ വാക്കു വരാൻ പാടില്ല. എനിക്ക് ജീവി ക്കണം എന്നില്ല എന്നൊന്നും പറയാൻ പാടില്ല. ഈ നാവ് യേശുവിനെ സ്തുതിക്കാനുള്ളതാണ്. യേശുവിന്റെ സ്നേഹം

വർണ്ണിക്കാനുള്ളതാണ്. അനേകരോട് ആർദ്രതയോടെ സംസാരിക്കാനുള്ള നാവാണ്. ഈ നാവിൽക്കൂടി സംസാരിച്ചിട്ടു വേണം അനേകരെ യേശുവിങ്കലേക്ക് അടുപ്പിക്കാൻ.

ഇന്ന് ഓരോ അവയവത്തിലും ശത്രു കൊടിനാട്ടിയിരിക്കുകയാണ്. നിങ്ങളുടെ കുടുംബത്തിൽ പിശാച് കൊടി നാട്ടിയിരിക്കുന്നു. നിങ്ങളുടെ കിടപ്പറയിൽ പിശാച് കൊടി നാട്ടിയിരിക്കുന്നു. അതുകൊണ്ടാണ് കിടപ്പറയിൽ ഭാര്യയും ഭർത്താവും തമ്മിൽ വഴക്കുണ്ടാകുന്നത്.

നിങ്ങളുടെ കിടക്കയിൽ നിങ്ങളുടെ ഭർത്താവല്ലാതെ, നിങ്ങളുടെ ഭാര്യ അല്ലാതെ വേറൊരാൾ വരാൻ പാടില്ല. അനേകരുടെ കിടപ്പുമുറികളിൽ പിശാച് കൊടി നാട്ടി വച്ചിരിക്കുകയാണ്. ശത്രു വിശുദ്ധമന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു എന്നാണ് പറയുന്നത്.

> *"നിത്യശൂന്യങ്ങളിലേക്കു നിന്റെ കാലടി വെക്കേണമേ; ശത്രു വിശുദ്ധമന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു. നിന്റെ വൈരികൾ നിന്റെ സമാഗമന സ്ഥലത്തിന്റെ നടുവിൽ അലറുന്നു; തങ്ങളുടെ കൊടികളെ അവർ അടയാളങ്ങളായി നാട്ടിയിരിക്കുന്നു."* *സങ്കീർത്തനങ്ങൾ 74 : 3, 4*

മൊട്ടക്കുന്നിമേൽ കൊടി ഉയർത്തുവിൻ! നമ്മുടെ വീട് നമുക്ക് സ്വർഗ്ഗമാക്കിത്തീർക്കാം! കർത്താവ് സ്വർഗ്ഗമാക്കിത്തരും. നമ്മുടെ വീട് സമാധാനത്തിന്റെ കേന്ദ്രമായിത്തീരും; ഉത്സവസ്ഥാനമായി മാറും. നിങ്ങളുടെ വീട്, നിങ്ങളുടെ ഓഫീസ് സ്നേഹത്തിന്റെ കേന്ദ്രസ്ഥാനമായി മാറും. ആരോടും വഴക്കടിക്കുന്നില്ല. ആരോടും കുശുമ്പു കാണിക്കുന്നില്ല. ആരേയും തരം താഴ്ത്തുന്നില്ല.

നിങ്ങൾ വിശ്വസിക്കൂ. ദൈവം സ്നേഹമാണ്. അതേ സമയം ദൈവം വിശുദ്ധനുമാണ്. വിശുദ്ധിക്ക് നിരക്കാത്ത

തൊന്നും നിങ്ങളുടെ ജീവിതത്തിലേക്കു വരരുത്.

പരിശുദ്ധനായ ദൈവം പരിശുദ്ധി നമുക്കു തരികയാണ്. നിങ്ങൾക്ക് വേണമെങ്കിൽ അത് കൈ നീട്ടി വാങ്ങാം. കർത്താവേ, ഇന്ന് സ്നേഹമാകുന്ന ക്രിസ്തുവിനെ എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് എഴുന്നേൽക്കാൻ എനിക്കു കൃപ തരണമേ.

കർത്താവേ, എന്റെ ഹൃദയത്തിലേക്കു വരണമേ. എന്റെ ഹൃദയത്തിൽ നീ ഇരിപ്പുറപ്പിക്കണമേ. കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

## ഒൻപത്

*“അതുനിമിത്തം യഹോവയുടെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിക്കും; അവൻ അവരുടെ നേരെ കൈ നീട്ടി അവരെ ദണ്ഡിപ്പിക്കും; അപ്പോൾ മലകൾ വിറയ്ക്കയും അവരുടെ ശവങ്ങൾ വീഥികളുടെ നടുവിൽ ചവറുപോലെ ആയിത്തീരുകയും ചെയ്യും; ഇതെല്ലാംകൊണ്ടും അവന്റെ കോപം അടങ്ങാതെ അവന്റെ കൈ ഇനിയും നീട്ടിയിരിക്കും. അവൻ ദൂരത്തുള്ള ജാതികൾക്ക് ഒരു കൊടി ഉയർത്തി, ഭൂമിയുടെ അറ്റത്തുനിന്ന് അവരെ ചൂളകുത്തി വിളിക്കും; അവർ ബദ്ധപ്പെട്ട് വേഗത്തിൽ വരും.”*

*യെശയ്യാവ് 5 : 25, 26*

ദൈവത്തിന്റെ കോപം വരുന്നത് മനുഷ്യന്റെ പാപം മൂലമാണ്. ആദിമകാലത്ത്, നോഹയുടെ കാലത്ത് ദൈവകോപം ജനത്തിന്റേമേൽ വന്നു. കാരണം, മനുഷ്യർ പാപികളായിത്തീർന്നു പോയി. എത്രമാത്രം അനുഗ്രഹം ലഭിച്ചിട്ടും അവർ പാപികളായിത്തീർന്നു. വഷളത്തത്തിലേക്ക് പോയി. അസ്സാന്മാർഗ്ഗികത്വം അവിടെ നടമാടി. അശുദ്ധി ദേശത്തെല്ലാം പരന്നു. സ്ത്രീകളും പുരുഷന്മാരും ഏറ്റവും ഹീനമായ ജീവിതത്തിലേക്ക് വഴിതെറ്റിപ്പോയി. തിന്മയും അശുദ്ധിയും അക്രമവും ഭിന്നതയുമെല്ലാം വളർന്നു വന്നപ്പോൾ ആ ദേശത്ത് ദൈവത്തിന്റെ കോപം ജ്വലിച്ചു.

ജീവനുള്ള ദൈവം തീരുമാനിച്ചു, ഈ ഭൂമിയെ കഴുകിയെടുക്കണമെന്ന്. അങ്ങനെയാണ് ദൈവം ജലപ്രളയം അയച്ചത്. ഒന്നും യാദൃച്ഛികമല്ല. എല്ലാം കഴുകിയെടുക്കാൻ ദൈവം ആഗ്രഹിക്കുകയായിരുന്നു. ഒരു വിശുദ്ധതലമുറ, വിശ്വാസികളുടെ ഒരു കൂട്ടം ഉണ്ടാകുവാൻ ദൈവം ആഗ്രഹിക്കുകയായിരുന്നു.

പക്ഷേ, ഈ വലിയ പ്രളയം വരുന്നതിനു മുമ്പെ ദൈവം അവർക്ക് മുന്നറിയിപ്പു കൊടുത്തു. ഈ ഭൂമിയിൽ മഴ പെയ്യും. മഴ എന്നുപറഞ്ഞാൽ എന്താണെന്ന് ജനത്തിനറിഞ്ഞുകൂടാ. നോഹ വിളിച്ചുപറഞ്ഞു: മഴ പെയ്യും. ആകാശത്തുനിന്ന് വെള്ളം ഭൂമിയിലേക്ക് തുരുതുരാ വീണുകൊണ്ടിരിക്കും. ഇന്ന് ഉണങ്ങിക്കിടക്കുന്ന ഈ ഭൂമി എല്ലായിടവും വെള്ളത്തിനടിയിലാകും. നിങ്ങൾക്ക് രക്ഷപ്പെടണമെങ്കിൽ, ഞാൻ ദൈവകല്പന പ്രകാരം ഒരു പെട്ടകം പണിതുകൊണ്ടിരിക്കുകയാണ്, ഈ പെട്ടകത്തിലേക്ക് കയറിക്കൊൾവിൻ.

ജനം വിശ്വസിച്ചില്ല. മഴയെന്നുള്ള ഒരു കാര്യം അതുവരെയും അവർ കണ്ടിട്ടില്ല. ഭൂമിയിൽ മഴ പെയ്തിട്ടില്ല. അതുവരെയും കാണാത്ത കാര്യത്തെക്കുറിച്ചാണ് നോഹ പറയുന്നത്.

നൂറ്റിയിരുപതു കൊല്ലം നോഹ അത് പറഞ്ഞുകൊണ്ടേയിരുന്നു. പക്ഷേ, ആരും ശ്രദ്ധിച്ചില്ല.

ദിവസങ്ങൾ മുന്നോട്ടുപോയി. നോഹ പറഞ്ഞതു കൂട്ടാക്കാൻ ആരും തയ്യാറായില്ല. പക്ഷേ, വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങൾ തയ്യാറായി. പെട്ടകത്തിന്റെ വാതിൽ തുറന്നു വച്ചിരിക്കുകയായിരുന്നു. സിംഹം കയറുന്നു, പുള്ളിപ്പുലി കയറുന്നു, കടുവ കയറുന്നു, കരടി കയറുന്നു, ചെന്നായ് കയറുന്നു, ആട്ടിൻകുട്ടി കയറുന്നു, മാൻപേടകൾ കയറുന്നു. പരസ്പരം വൈരാഗ്യമുള്ള ജീവികൾ അകത്തേക്കു കടന്നു.

അവിടെ വഴക്കില്ല. പെട്ടകത്തിന്റെ പുറത്താണെങ്കിൽ ചെന്നായ് മാൻകുട്ടിയെ കടിച്ചുകീറും, ആട്ടിൻകുട്ടിയെ കടിച്ചുകീറും. പെട്ടകത്തിനകത്തു കയറിയാലോ? പിന്നെ അവിടെ വഴക്കില്ല. അവരെല്ലാം ഒരുമിച്ചു കഴിയുകയാണ്.

പക്ഷേ, വിശേഷബുദ്ധിയുള്ള മനുഷ്യൻ മാത്രം ചിന്തിച്ചു: ഇങ്ങനെ ഒരു കാര്യം നടക്കുമോ? ആർക്ക് വിശ്വസിക്കാൻ പറ്റും? എന്തു മണ്ടത്തരമാണിത്? വിശേഷബുദ്ധിയുള്ള മനുഷ്യൻ സ്വയം ബുദ്ധികൊണ്ടാലോചിച്ചു. ഫലമോ? അവൻ വെള്ളത്തിൽ മുങ്ങിപ്പോയി. ദൈവം പറഞ്ഞ സമയത്തുതന്നെ മഴ പെയ്യാൻ തുടങ്ങി. ഏഴുദിവസം ദൈവം കാത്തിരുന്നു.

ദിവസം ഒന്നുകഴിഞ്ഞു, മഴ പെയ്യുന്നില്ല. രണ്ടുകഴിഞ്ഞു, മഴ പെയ്യുന്നില്ല. ആളുകളെല്ലാം നാൽക്കവലകളിലെല്ലാം ഇരുന്നു സംസാരമായി. ആ കാരണവർ പറഞ്ഞത് മണ്ടത്തരം. ദിവസം ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്. ഏഴുദിവസം കഴിഞ്ഞപ്പോഴിതാ ആകാശത്തുനിന്ന് മഴവെള്ളം താഴോട്ടു പെയ്യുന്നു. ഇതെന്തൊരത്ഭുതം! ഇതുവരെ കണ്ടിട്ടില്ല. വീടുകളിൽ കയറിപ്പറ്റിയവർ വീടിനുള്ളിലേക്ക് വലിയുന്നു. വീടിനകത്തേക്കും വെള്ളം കയറുന്നു. അവർ മുകൾത്തട്ടിലേക്ക് കയറി. അങ്ങോട്ടും വെള്ളം കയറുന്നു. മരത്തലപ്പുകളിൽ വെള്ളം നിറയുന്നു. ഭൂമി മുഴുവൻ വെള്ളംകൊണ്ട് നിറഞ്ഞു.

വെള്ളത്തിൽ തുടിച്ചു നീന്തി എല്ലാവരും പെട്ടകത്തിന്റെ അടുക്കൽ ചെന്നു നോഹയെ വിളിക്കുന്നു. അയ്യോ! ഞങ്ങൾക്ക് തുറന്നു തരണമേ. ഞങ്ങൾക്ക് അബദ്ധം പറ്റിപ്പോയി. ക്ഷമിക്കണമേ. ഞങ്ങൾക്കുവേണ്ടി വാതിൽ തുറന്നുതരണമേ.

നോഹ വിളിച്ചുപറഞ്ഞു: എനിക്ക് തുറക്കാൻ അധികാരമില്ല. അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നത് ജീവനുള്ള ദൈവമാണ്. നിങ്ങൾക്ക് വചനം തരാൻ എന്നെ ഏല്പിച്ച

ദൈവം തന്നെയാണ് ഇത് അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നത്. ദൈവം അടച്ചു. ഇനി ആർക്കും തുറക്കാൻ സാദ്ധ്യമല്ല. ആ ജനങ്ങളെല്ലാം വെള്ളത്തിൽ മുങ്ങിത്താണു പോയി. കൂട്ടത്തോടെയുള്ള മരണം!

അന്നു വലിയ ജലപ്രളയമുണ്ടായി. ഭൂമിയെ മുഴുവൻ കഴുകി എടുക്കുകയായിരുന്നു. ദൈവത്തിന്റെ വചനം വളരെ വ്യക്ത മായി പറഞ്ഞു: നിങ്ങൾ രക്ഷപ്പെടുവിൻ എന്ന്. രക്ഷപ്പെടു വാൻ ദൈവം അവസരം ഒരുക്കി. പക്ഷേ, മനുഷ്യൻ അനുസരി ച്ചില്ല.

യെശയ്യാപ്രവാചകൻ ഇവിടെ പറയുന്ന കൊടി എന്തിനെ കാണിക്കുന്നു? ദൈവകോപത്തിന്റെ കൊടി! ന്യായവിധിയുടെ കൊടി!

> *"അതുനിമിത്തം യഹോവയുടെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിക്കും; അവൻ അവരുടെ നേരെ കൈ നീട്ടി അവരെ ദണ്ഡിപ്പിക്കും; അപ്പോൾ മലകൾ വിറെക്കയും അവരുടെ ശവങ്ങൾ വീഥികളുടെ നടുവിൽ ചവറുപോലെ ആയിത്തീരുകയും ചെയ്യും; ഇതെല്ലാംകൊണ്ടും അവന്റെ കോപം അടങ്ങാതെ അവന്റെ കൈ ഇനിയും നീട്ടിയിരിക്കും. അവൻ ദൂരത്തുള്ള ജാതികൾക്ക് ഒരു കൊടി, ഉയർത്തി, ഭൂമിയുടെ അറ്റത്തുനിന്ന് അവരെ ചൂളകുത്തി വിളിക്കും; അവർ ബദ്ധപ്പെട്ട് വേഗത്തിൽ വരും."*
>
> *യെശയ്യാവ് 5 : 25, 26*

ദൂരത്തുള്ള ജാതികൾക്കുനേരെ ന്യായവിധിയുടെ കൊടി ഉയർത്തി, എല്ലാവരേയും ചൂളകുത്തി വിളിക്കും. എല്ലാ വരും വരികയാണ്. വലിയോരു നാശത്തിനുവേണ്ടി, വലിയോ രനർത്ഥത്തിനുവേണ്ടി, ന്യായവിധി ദിവസത്തേക്ക്, ന്യായവി

സ്താരസ്ഥലത്തേക്ക് എല്ലാവരേയും ചൂളകുത്തി വിളിക്കുക യാണ്.

> *"ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്ന് ഭൂമിയും ആകാശവും ഓടി പ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്ന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തി കൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നി ലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു; ഓരോരുത്തന്ന് അവനവന്റെ പ്രവൃ ത്തികൾക്കടുത്ത വിധി ഉണ്ടായി."*
>
> *വെളിപ്പാട് 20 : 11 – 13*

പ്രവൃത്തി എങ്ങനെ അറിയും? പുസ്തകങ്ങളിൽ എഴുതി വെച്ചിരിക്കുന്നു. സ്മരണയുടെ പുസ്തകത്തിൽ എല്ലാം സ്വർഗ്ഗത്തിൽ എഴുതിവെച്ചിരിക്കുന്നു. നമ്മുടെ ഓരോ ചല നവും അവിടെ രേഖപ്പെടുത്തിയിരിക്കുകയാണ്. ഓരോ വാക്കും ഓരോ നോക്കും ഓരോ പെരുമാറ്റവും! ഓർമ്മയുടെ പുസ്തകവും ജീവന്റെ പുസ്തകവും തുറന്നു. പുസ്തകങ്ങ ളിൽ എഴുതിയിരുന്നതിനൊത്തവണ്ണം ഓരോരുത്തന്നും അവ നവന്റെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി.

> *"മരണത്തെയും പാതാളത്തെയും തീപ്പൊയ്ക യിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാ*

*ണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*
*വെളിപ്പാട് 20 : 14, 15*

ജീവന്റെ പുസ്തകത്തിൽ പേരുള്ളവരെ മാത്രം അകത്തേക്കെടുക്കുന്നു. അല്ലാത്തവരെ തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നു.

ഇതെല്ലാം സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണ്. ഇന്ന് നമുക്ക് ഇതൊക്കെ കേൾക്കുമ്പോൾ ഒരു കെട്ടുകഥപോലെ തോന്നും. ശാസ്ത്രബോധമുള്ള മനുഷ്യർക്ക് ഇതൊന്നും മനസ്സിലാവുകയില്ല. ബുദ്ധിയിൽ വിശകലനം ചെയ്താൽ ഒന്നും മനസ്സിലാവുകയില്ല. ആത്മീയകാര്യങ്ങൾ ബുദ്ധിയിൽ എങ്ങനെ വിശകലനം ചെയ്യും?

ഇലക്ട്രിസിറ്റി ഒഴുകുന്ന വയറിൽ നാം തൊട്ടുകഴിഞ്ഞാൽ മരണം സംഭവിക്കുമെന്ന് നമുക്ക് അറിയാം. ഇലക്ട്രിസിറ്റി കാണിച്ചുതരാൻ പറഞ്ഞാൽ പറ്റുമോ? നാം ശ്വാസോച്ഛ്വാസം ചെയ്യുന്നു. നാം ഓക്സിജൻ വലിച്ചെടുക്കുന്നു. ആ പ്രാണവായു ഉണ്ടെന്നുള്ളതിന് എന്താണ് തെളിവ്? പ്രാണവായു കാണിച്ചുകൊടുക്കാൻ പറ്റുമോ? സ്വന്തം കണ്ണുപോലും നമുക്ക് കാണാൻ പാടില്ല. സ്വന്തം കണ്ണിലേക്ക് നോക്കാൻ പറ്റുമോ? മറ്റുള്ളവരുടെ കണ്ണിലേക്ക് നോക്കാം. എനിക്ക് കണ്ണാടിയുടെ മുമ്പിൽ നിന്ന് എന്റെ കണ്ണു കാണാം. പക്ഷേ, എനിക്ക് സ്വയം എന്റെ കണ്ണിലേക്ക് നോക്കാൻ പറ്റുകയില്ല. എല്ലാം കാണുന്നവനായ യേശുക്രിസ്തു എല്ലാം രേഖപ്പെടുത്തിവയ്ക്കുന്നു.

ന്യായവിധിയെക്കുറിച്ച് അറിയാമെന്നുള്ളതുകൊണ്ടാണ് പൂർവ്വികപിതാക്കന്മാർ പാടിയത്:

നീതിയിൽ വിധി ചെയ്യും ന്യായാധിപതേ നീ
ഏറ്റരുതേ വിധിയിൽ കടമോർത്തീടരുതേ
ബലഹീനത നീക്കി തുണചെയ്യുക നാഥാ

രാപ്പകലടിയങ്ങൾക്കാശ്രയമങ്ങല്ലോ.

നീതിയിൽ വിധി ചെയ്യുന്ന ന്യായാധിപതിയായ കർത്താവേ, ന്യായവിസ്താരദിവസത്തിൽ എന്നോടു കരുണ ചെയ്യണമേ. ഒരു ന്യായവിസ്താരദിവസം ഉണ്ട്. പ്രിയപ്പെട്ടവരേ, നാം എല്ലാവരും ഇന്ന് ഈ ഭൂമിയിൽ ജീവിക്കുന്നു. ഇന്ന് നമുക്ക് ആയുസ്സുണ്ട്, ആരോഗ്യമുണ്ട്, ജോലിയുണ്ട്, വരുമാനമുണ്ട്, വീടുണ്ട്, ഒരു കുടുംബമുണ്ട്. അതല്ലെങ്കിൽ ഒരുപക്ഷേ നിങ്ങൾക്ക് വരുമാനമില്ല, വാടകവീട്ടിലാണ് കിടക്കുന്നത്. അർദ്ധപട്ടിണിയാണ്.

എന്തുതന്നെയായാലും ഇന്നത്തെ ഈ ജീവിതം കഴിഞ്ഞ് നാം മരിക്കും. പിന്നെ ഇതാ, അടുത്തുതന്നെ വരാൻ പോകുന്നു ഒരു ന്യായവിധി. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന് മുമ്പിൽ നിൽക്കുന്നത് ഞാൻ കണ്ടു. ബാലൻ മുതൽ വൃദ്ധൻ വരെ മരിച്ചുപോയവർ എല്ലാവരും വന്നു ചേരുന്നു. ജീവന്റെ പുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും. ഓരോരുത്തന്റെ പേരിലുള്ള കുറ്റങ്ങൾ ഉറക്കെ വായിച്ചു കേൾപ്പിക്കും.

എല്ലാം അന്ന് അവിടെ ന്യായവിസ്താരദിവസം വായിച്ചു കേൾപ്പിക്കും. അന്ന് മറുപടി പറയാനൊന്നുമില്ല. മിണ്ടടങ്ങിപ്പോകും. അതിനെക്കുറിച്ചാണ് പിതാക്കന്മാർ പാടിയത്.

ദുഷ്ടന്മാരിൽ കാ–രുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ–ന്യായത്തീർപ്പിന്നാൾ
ദുഃഖം പൂണ്ടോർ നിൻ–വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽ–കേണം യാചനയെ
സ്വർഗ്ഗസ്ഥൻ താതാ! –പ്രാർത്ഥിക്കുന്നടിയാർ
കൈക്കൊണ്ടിക്കർമ്മം–കാരുണ്യം ചെയ്ക
വിണ്ണവർ തൻ നാഥാ–മൺമയരാശയുമേ
കൈക്കൊണ്ടിക്കർമ്മം–കാരുണ്യം ചെയ്ക

പിതാക്കന്മാർക്ക് ഇതെല്ലാം അറിയാമായിരുന്നു. അന്നുള്ള പിതാക്കന്മാർ വിശുദ്ധന്മാരായിരുന്നു. മഹാജ്ഞാനികളായിരുന്നു. അവർ ഭക്തരായിരുന്നു. ഇന്ന് നിർഭാഗ്യവശാൽ പലർക്കും ഇതൊന്നും അറിഞ്ഞുകൂടാ.

ന്യായാധിപ ന്യായാധിപതേ-യങ്ങേയ്ക്കരിശം
ചേർത്ത കടത്താലെൻ തല താഴ്ത്തരുതേ-വിധിഗേഹേ
മോചനയോഗ്യതയില്ലെങ്കിലു-മെന്നിലിരിക്കും
നിന്തിരുമെയ്യും രക്തവുമോർത്തെന്മേൽ-കൃപചെയ്ക.
നിൻസ്നേഹാൽ-സ്ളീബാ ഞാൻ കൂപ്പി;
പിഴപോക്കി-നിൻമെയ്രുധിരങ്ങൾ.
ഹിതമൊടുകരുണാമയനീശോ മമ നൽ-കുക മുക്തി.

ന്യായാധിപതികളുടെ ന്യായാധിപതിയായ കർത്താവേ, നിന്റെ ന്യായവിസ്താരദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ. മോചനത്തിനു യോഗ്യതയില്ല എങ്കിലും നിന്റെ തിരുശരീരവും തിരുരക്തവും എന്നിൽ ഇരിക്കുന്നതുകൊണ്ട് കർത്താവേ, എന്നോടു മനസ്സലിഞ്ഞ് നിന്റെ തനുരുധിരങ്ങളാൽ എനിക്കു നീ മോചനം തരണമേ.

*"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു."* *എബ്രായർ 9 : 27*

അതുകൊണ്ടാണ് പത്രോസ്ശ്ലീഹാ പറയുന്നത്:

*''മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായംവിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ."*
*1 പത്രോസ് 1 : 17*

എത്ര ഗൗരവമേറിയ ശാസനയാണത്! മുഖപക്ഷം ഇല്ല.

*"ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്കു ബോധിപ്പിക്കേണ്ടി വരും."* *1 പത്രോസ് 4 : 5*

*"അവൻ ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും."* *റോമർ 2 : 6*

ഇന്ന് കൃപയുടെ കാലമാണ്. ഇന്നു കൃപാസനം ഒരുക്കിയിരിക്കുകയാണ്. ഇന്ന് കൃപയുടെ നാഥൻ എഴുന്നള്ളി വന്നിരിക്കുകയാണ്. ഇന്ന് ഏതു പാപിക്കും അടുത്തു വരാം. അവന്റെ പാപങ്ങൾ അവൻതന്നെ തിരിച്ചറിഞ്ഞുകൊണ്ട് ഓരോ പാപത്തെയോർത്ത് അനുതപിച്ചുകൊണ്ട് എണ്ണിയെണ്ണി പറഞ്ഞുകൊണ്ട് കർത്താവിന്റെ അടുക്കലേക്ക് ചെല്ലാം. പാപത്തിന്റെ ലിസ്റ്റ് കർത്താവിന്റെ കൈയിലുണ്ട്. നിങ്ങൾ പറഞ്ഞില്ലെങ്കിലും പറഞ്ഞാലും ആ ലിസ്റ്റ് കർത്താവിന്റെ കൈയിലുണ്ട്. അകൃത്യങ്ങളുടെ ലിസ്റ്റ്, കടച്ചീട്ട്.

അനുതാപത്തോടെയാണ് നിങ്ങൾ ഏറ്റുപറഞ്ഞതെങ്കിൽ ആ കടച്ചീട്ട് കർത്താവ് കീറിക്കളയും. കടച്ചീട്ട് കർത്താവ് ക്രൂശിന്മേൽ തറയ്ക്കും. യേശുക്രിസ്തു ക്രൂശിന്മേൽ തറയ്ക്കപ്പെട്ട്, വധിക്കപ്പെട്ടതുപോലെ എന്റെ പാപങ്ങൾ, എന്റെ കടങ്ങൾ, എന്റെ തെറ്റുകൾ എല്ലാം കർത്താവെടുത്തു ക്രൂശിൽ തറച്ചിട്ട് എനിക്ക് മോചനം തരും. അപ്പോൾ ഓർമ്മയുടെ പുസ്തകത്തിൽ പാപങ്ങൾ ഒന്നും കാണുകയില്ല; എല്ലാം ക്ഷമിച്ചു കിട്ടി.

നിത്യതയിലേക്ക് ചെല്ലുമ്പോൾ, ന്യായവിസ്താരസ്ഥലത്തു ചെല്ലുമ്പോൾ, പുസ്തകങ്ങൾ തുറക്കുമ്പോൾ ഒരു തെറ്റും കാണാനില്ല. ജീവന്റെ പുസ്തകം തുറക്കുമ്പോൾ എന്റെ പേര് അവിടെ കാണും. ഭാഗ്യം! ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും. ജീവന്റെ പുസ്തകത്തിൽ പേരു വേണം.

ഞാൻ ഈ വാക്കുകൾ എഴുതുമ്പോൾ ഞെട്ടിപ്പോകുന്നു. ഞാൻ കർത്താവിന്റെ വചനം പ്രസംഗിക്കുന്ന മനുഷ്യനാണ്. ജീവിതം അതിനുവേണ്ടി ഉഴിഞ്ഞുവെച്ചിരിക്കുകയാണ്. പക്ഷേ, ദൈവത്തിന് മുഖപക്ഷം ഇല്ലല്ലോ. ഞാൻ ചിലപ്പോൾ രഹസ്യമായി കർത്താവിനോടു പറയും:

കർത്താവേ, ഞാൻ ഈ ജനത്തോട് ഇതെല്ലാം പറഞ്ഞു. എന്റെ ജീവിതത്തിൽ ഒരകൃത്യമെങ്കിലും ഉണ്ടെങ്കിൽ ഞാൻ ലജ്ജിതനായിപ്പോകുമല്ലോ. ഞാൻ കളിക്കളത്തിന് പുറത്താ യിപ്പോകുമല്ലോ. കർത്താവേ, ഇതെല്ലാം പറഞ്ഞ് ജനത്തെ ഉപ ദേശിച്ചിട്ട് ഏതെങ്കിലും അകൃത്യം എന്റെ ജീവിതത്തിൽ ഉണ്ടെ ങ്കിൽ ഞാൻ അഗതിയായി വെളിയിൽപ്പോകുമല്ലോ. അതു കൊണ്ട് എന്റെ പേരിലുള്ള അകൃത്യങ്ങളെല്ലാം നീ മായിച്ചുതര ണമേ. എന്നെ നീ ഒരു പൂർണ്ണവിശുദ്ധനാക്കിത്തീർക്കണമേ. കറകളെല്ലാം കഴുകണമേ. അറിഞ്ഞും അറിയാതെയും വന്നു പോയ പാപങ്ങൾ എല്ലാം ക്ഷമിക്കണമേ. നിന്റെ ക്രൂശിലെ തിരുരക്തം എല്ലാ പാപങ്ങളേയും കഴുകുമല്ലോ. ഞാൻ വിശ്വ സിക്കുന്നു.

നിന്റെ മാറിൽ കുന്തംകൊണ്ട് കുത്തേറ്റതും നിന്റെ കൈകളും കാലുകളും തുളയ്ക്കപ്പെട്ടതും നിന്റെ മുഖത്ത് തുപ്പലേറ്റതും കന്നത്ത് അടിയേറ്റതും ശിരസ്സിൽ മുൾമുടിയേ റ്റതും അവർ ചാട്ടവാറുകൊണ്ട് നിന്നെ ആഞ്ഞാഞ്ഞ് അടിച്ച പ്പോൾ ആ പ്രഹരമെല്ലാം ഏറ്റ് നിന്റെ പുറമെല്ലാം കീറിപ്പി ളർന്നതും ഞാൻ ഏല്ക്കേണ്ട ശിക്ഷയായിരുന്നല്ലോ. കർത്താവേ, ഞാനാണ് ശിക്ഷിക്കപ്പെടേണ്ടിയിരുന്നത്. നീയോ നിരപരാധി. നിഷ്ക്കളങ്കൻ. നീ പാപമില്ലാത്തവൻ. എനിക്കു വേണ്ടി നീ ഇതെല്ലാം സഹിച്ചല്ലോ. അതുകൊണ്ട് കർത്താവേ, ഇപ്പോൾ അവിടുത്തെ മഹത്വമേറിയ സന്നിധാനത്തിൽ വന്ന് എളിമയോടെ ഞാൻ യാചിക്കുന്നു: നാഥാ! നീ കുരിശിൽ നിന്ന് ഇറങ്ങിവന്ന് എന്റെ ഈ അശുദ്ധമായ ഹൃദയത്തിൽ

വാഴണമേ.

നീ കുരിശിന്മേൽ കിടന്ന് ജീവിതം അവസാനിപ്പിക്കേണ്ട വനല്ല. നീ വസിക്കേണ്ടത് ഇവിടെ ഈ മനുഷ്യന്റെ ഹൃദയത്തി ലാണ്. ഈ ഹൃദയത്തിൽ നീ വസിക്കാൻ എന്നെ ഞാനിതാ നിനക്ക് തരുന്നു. എന്റെ ജീവിതം ഞാൻ നിനക്കിതാ തരുന്നു. ജീവിതത്തിൽ പാളിച്ചകൾ പറ്റിപ്പോയിട്ടുണ്ട്. അബദ്ധങ്ങൾ പറ്റിപ്പോയിട്ടുണ്ട്. അവിവേകങ്ങൾ വന്നുപോയിട്ടുണ്ട്. അശ്രദ്ധ കൾ വന്നുപോയിട്ടുണ്ട്. അലസതകൾ വന്നുപോയിട്ടുണ്ട്. അഹങ്കാരം വന്നുപോയിട്ടുണ്ട്. അശുദ്ധി വന്നുപോയിട്ടുണ്ട്.

എന്റെ കർത്താവേ, ഇതെല്ലാം എന്റെ ജീവിതത്തിൽ നിത്യതയിലേക്ക് എനിക്ക് വിനയായി വരരുതേ. അതെല്ലാം ഇന്ന് ഈ ഭൂമിയിൽ ഞാൻ ജീവനോടിരിക്കുമ്പോൾ, എനിക്ക് ബുദ്ധിയുള്ളപ്പോൾ, എനിക്ക് ബോധമുള്ളപ്പോൾ, ഓർമ്മയു ള്ളപ്പോൾ ഞാൻ തിരുമുമ്പാകെ ഏറ്റുപറയുന്നു. എല്ലാം എന്നിൽ നിന്ന് മാറ്റി എന്നെ കഴുകി എടുക്കണമേ. വിശുദ്ധീക രിക്കണമേ.

അതാണ് ക്രിസ്തീയജീവിതത്തിന്റെ മാധുര്യം. എല്ലാം കഴുകിത്തരുന്ന സ്നേഹം. കണക്കുതീർക്കുന്ന ഒരു നാളുണ്ട്. ഇവിടെവെച്ച് കഴുകപ്പെട്ടില്ലെങ്കിൽ അന്ന് കണക്കുനോക്കും. ഇവിടെവെച്ച് നാം കഴുകൽ പ്രാപിച്ചില്ലെങ്കിൽ അന്ന് നാം കഠി നമായ ശിക്ഷാവിധിയ്ക്ക് വിധേയരായിത്തീരും. ദൈവം കരുണയുള്ളവനാണ്. പക്ഷേ, ദൈവം മുഖപക്ഷമില്ലാത്തവ നാണ്. ദൈവം നമുക്ക് ഒരവസരം തന്നിട്ടുണ്ട്. ഒരു സമയം ഒരു ക്കീട്ടുണ്ട്.

ഇന്ന് ഈ പ്രളയം വരുന്നതിനുമുമ്പുതന്നെ പെട്ടകം ഒരു ക്കീട്ടുണ്ട്. രക്ഷപ്പെടാനിതാ ഒരു പെട്ടകം. ന്യായവിധിക്കു വേണ്ടി എല്ലാ ദേശത്തുനിന്നുമുള്ളവരെ ചൂളകുത്തി വിളിക്കും. ന്യായവിധിയുടെ കൊടി!

*"അവൻ ദൂരത്തുള്ള ജാതികൾക്കു ഒരു കൊടി ഉയർത്തി, ഭൂമിയുടെ അറ്റത്തുനിന്ന് അവരെ ചൂള കുത്തിവിളിക്കും." യെശയ്യാവ് 5 : 26*

അവിടെ മഞ്ഞനിറമുള്ള ചൈനാക്കാരുണ്ടായിരിക്കും. അവിടെ മംഗോളിയൻസ് കാണും. അവിടെ ഇന്തോനേഷ്യ യിൽ നിന്നോ ഫിലിപ്പൈൻസിൽ നിന്നോ ഉള്ള ആളുകൾ കാണും. അവിടെ ആഫ്രിക്കയിലെ കിരാതന്മാരും കാട്ടാള ന്മാരും കറുത്തവർഗ്ഗക്കാരും കാണും. അവിടെ അമേരിക്ക യിലെ വെള്ളക്കാർ കാണും. ഇംഗ്ലണ്ടിലെ വെള്ളക്കാർ കാണും. ഇന്ത്യയിലെ ഇരുനിറമുള്ള സാധാരണക്കാരായ ആളുകൾ കാണും. നാനാദേശങ്ങളിൽ നിന്ന് എല്ലാവരും ഉണ്ടാകും. എല്ലാവരേയും ചൂളകുത്തി വിളിക്കും. എങ്ങോട്ട്? ന്യായവിസ്താരസ്ഥലത്തേക്ക്. അവിടെ ന്യായവിധിയുടെ കൊടി ഉയർത്തും.

സ്നേഹിതരേ, നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, ന്യായവിസ്താരത്തിൽ ഞാൻ ലജ്ജിതനായി പോകരുതേ. ഞാൻ നാണിച്ചുപോകാൻ ഇടവരരുതേ. പോകുവിൻ, നിന്നെ ഞാൻ അറിയുന്നില്ല എന്ന ശബ്ദം കേട്ടു ഞാൻ വേദനയോടെ, നിരാശയോടെ ഇറങ്ങിപ്പോകാൻ ഇടവരരുതേ.

നിരാശയുടെ പല്ലുകടി. യാതനയുടേയും ദണ്ഡനത്തി ന്റെയും കരച്ചിലും പല്ലുകടിയും. അയ്യോ! നല്ല നല്ല അവസര ങ്ങൾ ഞാൻ പാഴാക്കിപ്പോയല്ലോ എന്നുള്ള നിരാശ. എനിക്ക് മാനസാന്തരപ്പെടാൻ സമയം തന്നതായിരുന്നല്ലോ. ദൈവ ത്തിന്റെ വചനം തന്നതായിരുന്നല്ലോ. പക്ഷേ, എന്റെ സ്വഭാവം മാറ്റിയില്ലായിരുന്നല്ലോ. ഇങ്ങനെ നിരാശയുടെ പല്ലുകടി. കഠി നമായ വേദനയും യാതനയുമായി ദണ്ഡനമേറ്റു പിടയു മ്പോൾ ഉണ്ടാകുന്ന ഭയങ്കരമായ വേദന.

യാതന ഒരു ദിവസത്തേക്കല്ല, പത്തു ദിവസത്തേക്കല്ല,

നൂറു ദിവസത്തേക്കല്ല, ആയിരം കോടി ദിവസത്തേക്കല്ല, കോടാനുകോടി ദിവസത്തേക്കല്ല, കോടാനുകോടി വർഷങ്ങളിലേക്കുമല്ല, നിത്യനിത്യയുഗങ്ങൾ യാതനയിൽ! നിത്യയാതന! നിത്യമായ ദണ്ഡനം!

എന്നാൽ അതിലേക്ക് നാം ആരും പോകരുതെന്ന് കർത്താവ് ആഗ്രഹിക്കുന്നു. അതുകൊണ്ട് കർത്താവ് നമുക്ക് വചനം തരുന്നു. ഇന്നു മാനസാന്തരപ്പെടാം. ഇന്നു വേണമെങ്കിൽ അനുതപിക്കാം. ഇന്നുവേണമെങ്കിൽ തിരിയാം.

> *"എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു."  അപ്പൊ. പ്രവൃത്തികൾ 17 : 30*

ദൈവത്തിന്റെ കല്പനയാണ്, മാനസാന്തരപ്പെടുക എന്ന്.

പതിനേഴാമത്തെ വയസ്സിൽ ഞാൻ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ ഹൃദയത്തിലേക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആഞ്ഞടിച്ചു. വചനത്തിൽക്കൂടി എന്റെ ഹൃദയത്തെ പിളർന്നു. വചനമാകുന്ന വാളുകൊണ്ട് എന്റെ ഹൃദയത്തെ വെട്ടി. ഞാൻ തകർന്നുപോയി. ഞാൻ അവിടെയിരുന്നു വിതുമ്പലോടെ പറഞ്ഞു: കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. വർഷങ്ങൾ വർഷങ്ങൾക്കുമുമ്പ് പറഞ്ഞ ആ വാക്ക് കർത്താവ് സ്വീകരിച്ചു. ആ വാക്ക് കർത്താവ് കൈക്കൊണ്ടു. ആ സമർപ്പണം കർത്താവ് ഏറ്റു വാങ്ങി. കർത്താവ് കരുണയോടെ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവന്നു.

കർത്താവ് വാഗ്ദത്തങ്ങൾ തന്ന് എന്നെ നടത്തി. ഈ വാർദ്ധക്യത്തിൽ, ഇപ്പോഴും ഞാൻ പറയുകയാണ്, ഇത്രയും കാലം എന്നെ നടത്തിയ യേശു നിങ്ങളേയും നടത്താൻ ശക്തി

യുള്ളവനാണ്. നിങ്ങൾക്ക് നല്ലകാലം തരുവാൻ അവന് മനസ്സുണ്ട്. നിങ്ങളുടെ ഭാരങ്ങൾ, നിങ്ങളുടെ വേദനകൾ, നിങ്ങളുടെ ആകുലങ്ങൾ, എല്ലാം അവൻ നീക്കിത്തരും. നിങ്ങളുടെ പ്രയാസങ്ങൾക്കു പരിഹാരം തരും.

നിങ്ങളുടെ കുടുംബത്തിലെ വേദനാവിഷയങ്ങൾ അവൻ മാറ്റിത്തരും. ഭാര്യയും ഭർത്താവും ഒരു ഹൃദയമായിത്തീരും. മാതാപിതാക്കളും മക്കളും ഒരു ഹൃദയമായിത്തീരും. അനുഗൃഹീതമായ നല്ല കുടുംബജീവിതത്തിന്റെ സൗഭാഗ്യം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും. സന്തോഷസമന്വിതമായ, അനുഗ്രഹസമൃദ്ധമായ ഒരു നല്ല ജീവിതം കർത്താവു നിങ്ങൾക്കു തരും.

ഒന്നേ ഒന്നുമാത്രം. ഇതാ, നിങ്ങളുടെ അരികത്തേക്ക് വരുന്ന യേശുവിനെ നിങ്ങൾ ഹൃദയത്തിലേക്ക് എതിരേൽക്കുവിൻ. യേശു നിങ്ങളുടെ ഹൃദയത്തിലേക്ക് വരുവാൻ ആഗ്രഹിക്കുന്നുണ്ട്. അവനുവേണ്ടി നിങ്ങളുടെ ഹൃദയം തുറന്നുകൊടുക്കുക.

“എന്റെ യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ സാത്താനെ ഉപേക്ഷിച്ച് മശിഹായെ സ്വീകരിച്ച് വിശുദ്ധജീവിതം നയിക്കും.”

# പത്ത്

*"അവൻ ദൂരത്തുള്ള ജാതികൾക്ക് ഒരു കൊടി ഉയർത്തി, ഭൂമിയുടെ അറ്റത്തുനിന്ന് അവരെ ചൂളകുത്തിവിളിക്കും; അവർ ബദ്ധപ്പെട്ട് വേഗത്തിൽ വരും."* *യെശയ്യാവ് 5 : 26*

നിത്യനായ ദൈവം യെശയ്യാപ്രവാചകന്റെ നാവിൽക്കൂടി അരുളിച്ചെയ്യുകയാണ്, ദൂരത്തുള്ള ജാതികൾക്ക് ഒരു കൊടി ഉയർത്തും. ഭൂമിയുടെ അറ്റത്തുനിന്നും എല്ലാ ദൂരത്തുള്ള ജാതികളെയും ചൂളകുത്തി വിളിച്ച് വരുത്തും. അവർ ബദ്ധപ്പെട്ട് വേഗത്തിൽ വരും.

എല്ലാ ദേശത്തുമുള്ള എല്ലാവരേയും വിളിച്ചുവരുത്തുന്ന ഒരു കൊടിയെക്കുറിച്ചാണ് ഇവിടെ പ്രവാചകൻ പറയുന്നത്. ദൂരത്തുള്ള ജാതികളിൽനിന്നുപോലും ആളുകൾ ബദ്ധപ്പെട്ടുവരും. അനേകർ വന്ന് ജീവനുള്ള ദൈവത്തിന്റെ പാദപീഠത്തിങ്കൽ വന്ന് സമാധാനം അനുഭവിക്കും.

ഇവിടെ പറഞ്ഞിരിക്കുന്ന കൊടിക്ക്, പല അർത്ഥങ്ങളുണ്ട്.

ഒന്ന്, ദൈവത്തിൽനിന്ന് ദൂരെദൂരെ അകന്നു പോയവരെ ദൈവം വിളിക്കുന്നു.

പുറജാതികളെപ്പോലെ, ദൈവം ഇല്ലാത്തവരെപ്പോലെ ജീവിക്കുന്ന മനുഷ്യരെ ദൈവം വിളിക്കുന്നു. ദൈവം അവരോട് കരുണ കാണിച്ച് അവരെ വിളിക്കുന്നു.

നാം ഓരോരുത്തരും ഇന്ന് നമ്മുടെ യഥാർത്ഥമായ

അവസ്ഥ ചിന്തിക്കുകയാണെങ്കിൽ ദൈവത്തിൽനിന്ന് ദൂരെദൂരെയാണ് നിൽക്കുന്നതെന്ന് മനസ്സിലാകും. നമ്മുടെ സ്വഭാവത്തിലുള്ള അനേകം ന്യൂനതകൾ മൂലം, കുടുംബത്തിലെ ചില അഭിപ്രായവ്യത്യാസങ്ങൾ മൂലം, വഴക്കുകൾ മൂലം, സഹോദരങ്ങൾ തമ്മിൽ ഭിന്നിച്ചിരിക്കുന്നതുമൂലം, ചില അരുതാത്ത ശീലങ്ങളിലേക്ക് പോകുന്നതുമൂലം, ദുസ്സ്വഭാവങ്ങളിലേക്ക് പോകുന്നതുമൂലം ഇന്ന് നാം ദൈവത്തിൽനിന്ന് ദൂരെദൂരെ പോയിരിക്കുകയാണ്.

ആത്മീയജീവിതത്തിൽ നമുക്ക് നേടാൻ കഴിഞ്ഞ പല കാര്യങ്ങളെക്കുറിച്ചും നാം അഭിമാനിച്ചുകൊണ്ടിരിക്കുന്നു. അഭിമാനം മാത്രമേയുള്ളൂ, നമുക്ക് സ്വന്തമായി ക്രിസ്തുവുമായി ഒരു ബന്ധം കിട്ടിയിട്ടില്ല. ഇത് ദൈവമക്കൾ മനസ്സിലാക്കിയിരിക്കണം. യേശുക്രിസ്തുവുമായി ഇവിടെ വച്ചു തന്നെ ഒരു ബന്ധം കിട്ടണം.

അതിന് ദൈവം പറയുന്നത്: ഞാൻ ദൂരത്തുള്ളവരെ ചൂളകുത്തി വിളിക്കും. ഞാൻ കാഹളം ഊതി വിളിക്കും. ദൂരത്തുള്ളവർ, എന്നിൽനിന്ന് അകന്നു പോയവർ, എന്റെ അരികിലേക്ക് വരാത്തവർ, അവരെ ഞാൻ കാഹളമൂതി വിളിക്കും. ദൈവം എന്നും വിളിച്ചുകൊണ്ടേയിരിക്കുകയാണ്.

ദൈവത്തിന്റെ വിളി ആദ്യം നാം കാണുന്നത് ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായത്തിലാണ്. ദൈവം മനുഷ്യനെ വിളിച്ചു: നീ എവിടെ എന്നു ചോദിച്ചു. ആദാമിനെ വിളിച്ചതാണ്. ദൈവം വിളിക്കുന്നത് ആദാം കേട്ടെങ്കിലും അവന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാകുന്നില്ല.

അവന് സ്വന്തമായി ന്യായീകരണങ്ങൾ പറയാനുണ്ട്. സ്ത്രീ എനിക്കു തന്നു; ഞാൻ തിന്നു. അവൾ എന്നോടുകൂടെ ഇരിപ്പാനല്ലേ നീ ആഗ്രഹിച്ചത്? അവൾ തിന്നു. അതുകൊണ്ട് അവൾ ഏദെൻ തോട്ടത്തിൽ നിന്നു വെളിയിൽ പോകും.

ഞാനും തിന്നില്ലെങ്കിൽ ഞങ്ങൾ എങ്ങനെ ഒരുമിച്ചു ജീവിക്കും? ആദാം ന്യായീകരണമാണ് പറയുന്നത്. അവൾ ഏദെൻ തോട്ടത്തിൽനിന്ന് പുറത്തുപോവുകയും ഞാൻ അകത്തു നില്ക്കുകയും ചെയ്താൽ എന്നോടു കൂടെ അവൾ ഇരിക്കയില്ലല്ലോ. അതുകൊണ്ട് നിന്റെ വചനം തെറ്റിപ്പോകാതിരിക്കാൻ ഞാൻ ആ പഴം തിന്നുപോയി എന്ന്.

ദൈവത്തെത്തന്നെ കുറ്റപ്പെടുത്തിക്കൊണ്ടാണ് ആദാം സംസാരിക്കുന്നത്. എന്നാൽ ദൈവം പറഞ്ഞ വചനം കേട്ടപ്പോൾ അവന്റെ ഹൃദയം തകർന്നു. ഇനി വേറെ പോംവഴിയില്ല, ഏദെൻതോട്ടത്തിനു പുറത്തുപോയേ കഴിയൂ.

ഒരു വലിയ അനർത്ഥം മുന്നിൽവന്നുചേരുകയാണ്. ആദാം അതിന്റെ ഗൗരവം ആദ്യം മനസ്സിലാക്കിയില്ല. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കല്പന ലംഘിച്ചതിന്റെ പരിസമാപ്തി ഇതാണെന്ന്, ഏദനിൽ നിന്ന് പുറത്തേക്കു പോകേണ്ടി വരുമെന്ന് ആദാം അത്രയ്ക്കു മനസ്സിലാക്കിയില്ല. ആദാം ദൈവത്തിന്റെ വചനത്തിന് വിലകൊടുത്തില്ല. വചനം എന്തു പറഞ്ഞു എന്നുള്ളത് അപ്പാടെ സ്വീകരിക്കാൻ ആദാമിനു കഴിഞ്ഞില്ല.

എന്നാൽ ആദാം തെറ്റിപ്പോയപ്പോഴും വിലക്കപ്പെട്ട കനി തിന്നപ്പോഴും അരുതാത്ത കാര്യം ചെയ്തപ്പോഴും പാപം ജീവിതത്തിൽ വന്നപ്പോഴും പിശാചിനു ജീവിതത്തിൽ ഇടം കൊടുത്തപ്പോഴും ആദാമിനെത്തേടി ദൈവം വരുന്നു. ദൈവം വിളിക്കുന്നു, നീ എവിടെ എന്നു ചോദിക്കുന്നു. അത് പ്രത്യാശാകരമായ ഒരു കാര്യമാണ്.

എന്നും വെയിലാറുന്ന സമയത്ത് ഏദെൻ തോട്ടത്തിലേക്ക് ദൈവം ഇറങ്ങി വരാറുണ്ട്. ആദാമിനെ ചേർത്ത് നിർത്തിക്കൊണ്ട് യഹോവയായ ദൈവം തോട്ടത്തിൽക്കൂടെ നടക്കാറുണ്ട്.

യഹോവയുടെ തോട്ടം! മനോഹരമായ തോട്ടം! തോട്ടം

നനപ്പാൻ നാലു നദികൾ പുറപ്പെട്ടു. പീശോൻ, ഗീഹോൻ, ഹിദ്ദേക്കൽ, ഫ്രാത്ത്. ഇന്നത്തെ യൂഫ്രട്ടീസ് ടൈഗ്രീസ് നദിയാണ് ഫ്രാത്ത് എന്നു പറയുന്നത്. ഈ നദികൾ തോട്ടത്തിൽക്കൂടി ഒഴുകിക്കൊണ്ടിരിക്കുകയായിരുന്നു. നല്ല ഫലസമൃദ്ധിയുള്ള മനോഹരമായ ഒരു തോട്ടം. ആ തോട്ടത്തിൽ ആദാമും ഹവ്വായും വസിക്കുവാനും എന്നും അതിലെ ഫലങ്ങൾ ഭുജിക്കുവാനും ദൈവം ആഗ്രഹിച്ചതാണ്. ദൈവം പ്രതീക്ഷിച്ചതങ്ങനെയാണ്. പക്ഷേ, ഹവ്വാ പാപം ചെയ്തു, ആദാമും പാപം ചെയ്തു. അവർ തോട്ടത്തിൽനിന്ന് പുറത്ത് പോകേണ്ടിവന്നു.

ദൈവം ആദാമിനേയും ഹവ്വായേയും അവർ ചെയ്ത പാപം എന്ത് എന്ന് അറിഞ്ഞുകൊണ്ടു തന്നെ വിളിച്ചു. നീ എവിടെ എന്നു ചോദിച്ചു. നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. നമ്മെ ഓരോരുത്തരേയും തന്റെ ഭവനത്തിലേക്ക് ചേർക്കാൻ കർത്താവ് ആഗ്രഹിച്ചു കൊണ്ടിരിക്കുന്നു. വന്നുപോയ പാപത്തിന്റെ പരിഹാരം വരുത്താൻ കർത്താവ് ആഗ്രഹിക്കുന്നു.

അതുകൊണ്ടാണ് ദൈവം ആദാമിനോട് പറയുന്നത്: സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കുമെന്ന്. നൂറ്റാണ്ടുകൾ നൂറ്റാണ്ടുകൾ കഴിഞ്ഞ് സ്ത്രീയുടെ സന്തതിയായി ജനിച്ച കർത്താവായ യേശുക്രിസ്തു, ദുഷ്ടപ്പിശാചാകുന്ന പാമ്പിന്റെ തല ക്രൂശിന്മേൽ ചതച്ചു.

എന്തൊരു അനുഗൃഹീതമായ ജീവിതമായിരുന്നു ആദാമിന് ഏദൻ തോട്ടത്തിൽ ഉണ്ടായിരുന്നത്! ആ തോട്ടം മുഴുവൻ അവരുടെ സ്വന്തമായിരുന്നു. എല്ലാ ഫലങ്ങളും തിന്നാമായിരുന്നു.

ആദാം വീട്ടിലില്ലാത്ത സമയത്ത് ഒരു അതിഥി കയറിവന്ന് ഹവ്വായോട് സംസാരിച്ചു. പുരുഷൻ വീട്ടിൽ

ഇല്ലാത്തപ്പോൾ ഹവ്വായ്ക്ക് പറയാമായിരുന്നു, ക്ഷമിക്കണം പുരുഷൻ ഇവിടെ ഇല്ല, അദ്ദേഹം ഉള്ളപ്പോൾ വരിക എന്ന്. എങ്കിൽ രക്ഷപ്പെടാമായിരുന്നു. അതൊരു പക്വതയുടെ ലക്ഷണമാണ്.

ഹവ്വാ അതൊന്നും ചിന്തിച്ചില്ല. ഒരു സുമുഖനായ അതിഥി വന്നിരിക്കുന്നു. അന്ന് ഈ അതിഥി പാമ്പിന്റെ രൂപത്തിലല്ല, സാധാരണ മനുഷ്യരൂപത്തിലാണ് വന്നിരിക്കുന്നത്.

ഇന്നും മനുഷ്യരൂപത്തിൽ നടക്കുന്ന പിശാചുക്കളുണ്ട്. മനുഷ്യന്റെ നാവിൽക്കൂടി സംസാരിക്കുന്ന പിശാചുക്കളുണ്ട്. മനുഷ്യന്റെ കൈകളിൽക്കൂടി പ്രവർത്തിക്കുന്ന പിശാചുണ്ട്. ഇന്ന് നമ്മുടെ കൂട്ടായ്മയെ എതിർക്കുന്ന ആളുകൾ പിശാചിന്റെ കളിപ്പാവകളാണ്. സത്യവചനം മാത്രം പറയുന്ന, പത്തുപൈസപോലും പിരിക്കാതെ, ആരോടും സംഭാവന ചോദിക്കാതെ, സഭ മാറ്റാതെ, സഭ മാറാതെ, പുതിയ സഭയുണ്ടാക്കാതെ, നില്ക്കുന്ന സഭയിൽത്തന്നെ നില്ക്കുവാൻ ഉപദേശിക്കുന്ന ഈ കൂട്ടായ്മയെ എന്തിനു ദുഷിക്കണമെന്ന് നമുക്ക് മനസ്സിലാവുകയില്ല. പക്ഷേ, അവർക്ക് ദുഷിച്ചേ മതിയാവുകയുള്ളൂ. കാരണം, അവർ സാത്താന്റെ ഏജന്റുമാരായിപ്പോയിരിക്കുന്നു.

ഹവ്വാ പിശാചിന് ഇടം കൊടുത്തു. സൂക്ഷിക്കേണ്ടതായിരുന്നു. ഹവ്വാ അവനോട് സംസാരിച്ചുകൊണ്ടിരുന്നു. അവൻ ചോദിച്ചു: നിങ്ങൾക്കു നല്ല വീടുണ്ടല്ലോ. നല്ല മനോഹരമായ തോട്ടമാണല്ലോ. ഹവ്വാ അഭിമാനത്തോടെ പറഞ്ഞു: ഞങ്ങളുടെ കർത്താവ് ഞങ്ങൾക്കു തന്നതാണ്.

വീണ്ടും സാത്താൻ ചോദിച്ചു: ഇതെല്ലാം നിങ്ങൾക്ക് അനുഭവിക്കാമോ? എല്ലാ വൃക്ഷങ്ങളുടേയും ഫലം നിങ്ങൾക്കു ഭക്ഷിക്കാമോ? ഇല്ല, നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത് എന്നു പറഞ്ഞിട്ടുണ്ട്. ഹവ്വാ പറഞ്ഞു.

“തിന്നാൽ എന്താ?”

“തിന്നുന്ന നാളിൽ മരിക്കും.” പിശാച് പരിഹസിച്ച് ചിരിച്ചു. തിന്നാൽ മരിക്കുമെന്നോ? എന്തൊരു വിഡ്ഢിത്തമാണീ പറയുന്നത്? നിങ്ങൾ ഇതു തിന്നാൽ ദൈവത്തെപ്പോലെയാകും എന്ന് ദൈവത്തിനറിയാം. അതുകൊണ്ടാണ് ദൈവം അങ്ങനെ പറഞ്ഞത്. പിശാച് ഒരു കൊള്ളിവയ്ക്കുകയാണ്.

അങ്ങനെ പറഞ്ഞുകൊണ്ടിരിക്കെ സാത്താൻ ആ മരത്തിലേക്ക് നോക്കി. തുടുത്തു ചുമന്ന് കാണുന്ന പഴങ്ങൾ! എന്തു മനോഹരമായിരിക്കുന്നു! എന്ത് മധുരമായിരിക്കും അതിന്? കാണ്മാൻ ഭംഗിയുള്ളത്. തിന്മാൻ നല്ലത്. ജ്ഞാനം പ്രാപിപ്പാൻ കാമ്യം. ഏറ്റവും മനോഹരമായ ഫലങ്ങളാണല്ലോ. ഒന്നും പറയാതെ തന്നെ അവൻ അതിന്റെ ചുവട്ടിലേക്ക് നീങ്ങി.

അവൻ ചോദിച്ചു: ഞാൻ ഇതൊരെണ്ണം നിനക്ക് പറിച്ചു തരട്ടേ? അവൾ കൈ നീട്ടി. അപകടത്തിൽപെട്ടു കഴിഞ്ഞു. സാത്താൻ ആ പഴം പറിച്ച് അവൾക്കു കൊടുത്തു. ഒരെണ്ണംകൂടി പറിച്ചെടുത്തു. അത് ആദാമിനുവേണ്ടി അവൾ വച്ചിരുന്നു. ആദാം വന്നപ്പോൾ ആദാമിനും കൊടുത്തു. ഫലമോ? ആദാം പാപം ചെയ്തു. ഹവ്വായും പാപം ചെയ്തു. ആദിമനുഷ്യൻ പാപം ചെയ്തു.

പൈശാചികൻ തന്ത്രപൂർവ്വം അടുത്തുവരികയാണ്. വശീകരിക്കാൻ ശ്രമിക്കുകയാണ്.

നിത്യനായ ദൈവം ഇറങ്ങി വന്നപ്പോൾ ആദാം ഒളിച്ചിരിക്കുകയാണ്. നീ എവിടെ എന്നു ദൈവം ചോദിച്ചു. ആദാം പറഞ്ഞു: ഞാനിവിടെ ഒളിച്ചിരിക്കുകയാണ്. ദൈവം ചോദിച്ചു: നീ എന്തിന് ഒളിച്ചു? ഞാൻ പറഞ്ഞ കല്പന ഏതെങ്കിലും നീ ലംഘിച്ചുവോ? ആദാം പേടിച്ചു വിറച്ചു ദൈവത്തിന്റെ മുമ്പിലേക്ക് വന്നു. ഹവ്വായും വന്നു. ആദാമും

ഹവ്വായും പേടിച്ചു വിറകൊണ്ട് നിൽക്കുകയാണ്. സംഭവം അപകടത്തിലായി എന്നു മനസ്സിലായി.

ദൈവം ആദാമിനോട് ചോദിച്ചു: നീ എന്തുകൊണ്ട് ഇതു ചെയ്തു? എന്നോടുകൂടി ഇരിപ്പാൻ തന്ന ഈ സ്ത്രീ എനിക്കു പറിച്ചു തന്നു, ഞാൻ തിന്നു എന്ന് ആദാം പറഞ്ഞു. ദൈവം സ്ത്രീയോടു ചോദിച്ചു. നീ എന്തിന് അങ്ങനെ ചെയ്തു? പിശാച് എന്നെ ചതിച്ചു. ഞാൻ തിന്നു.

ദൈവം പാമ്പിനെ വിളിച്ചു: ഇനി നീ നിവർന്നു നടക്കുകയില്ല. നീ ഇഴഞ്ഞു നടക്കും. ഉരസ്സുകൊണ്ട് ഗമിക്കും – ഉരഗം – നിന്റെ നെഞ്ച് മണ്ണിൽത്തൊട്ട് ഇഴഞ്ഞു നടക്കും. നീ മൂലം ഈ തോട്ടത്തിൽ വസിച്ചിരിക്കുന്നവർക്ക് ദോഷം വന്നിരിക്കുന്നു. നീ മൂലം സർവ്വജാതിക്കും ദോഷം വന്നിരിക്കുന്നു. നീ എന്നും മനുഷ്യന് എതിരെ പാർക്കുന്നവനായിരിക്കും. നീ എന്നും എതിരാളിയായിരിക്കും. എന്നാൽ നിന്റെ തല ചതയ്ക്കാൻ ഒരു സ്ത്രീയുടെ സന്തതി എഴുന്നേൽക്കാൻ പോകുന്നു എന്നും നിത്യനായ ദൈവം പാമ്പിനോടു പറഞ്ഞു.

“സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും.”

അന്ന് അതു വായിക്കുന്ന ആർക്കും അതു മനസ്സിലാവുകയില്ല. – സ്ത്രീയുടെ സന്തതി. – എല്ലാവരും പുരുഷ സന്തതികളാണല്ലോ. ഓരോരുത്തരും പുരുഷന്റെ സന്തതിയാണ്. എന്നാൽ സ്ത്രീയുടെ സന്തതി ഒരാൾ മാത്രമുണ്ട് ലോകത്ത്. നൂറ്റാണ്ടുകൾക്കുശേഷം ജനിക്കാനിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചാണ്, “സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും” എന്ന് പറഞ്ഞത്.

ഭയാനകമായ ഒരു വലിയ വിപത്ത് ആദാമിനും ഹവ്വായ്ക്കും നേരിട്ടു. ദൈവം അവരെ തോട്ടത്തിൽ നിന്ന് വെളിയിലേക്കിറക്കി വിട്ടു. തോട്ടത്തിന്റെ ചുറ്റും തിരിയുന്ന വാളിന്റെ ജ്വാലയുമായി ക്രോബേമാലാഖമാരെ ദൈവം

കാവൽ നിർത്തി.

> *"ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻതോട്ടത്തിന് കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി."* *ഉല്പത്തി 3 : 24*

ഈ വിശുദ്ധമായ തോട്ടത്തിലേക്ക് ഇനി അശുദ്ധിയുള്ള ആരും കടന്നുവരാതിരിക്കാൻ തക്കവണ്ണം യഹോവയുടെ തോട്ടത്തിന് കാവൽക്കാരെ ആക്കി. തീജ്വാല പോലത്തെ വാൾ ഏദെൻ തോട്ടത്തിനു ചുറ്റും തിരിഞ്ഞുകൊണ്ടിരിക്കുന്നു, കറങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങോട്ട് ആർക്കും കടന്നു ചെല്ലാൻ സാദ്ധ്യമല്ല.

ഏദൻ തോട്ടത്തിലേക്ക് കടന്നുചെല്ലണമെന്ന് ആദാമിന് ആഗ്രഹമുണ്ട്. എന്നും വെയിലാറുന്ന സമയത്ത് ആദാം കരഞ്ഞുകൊണ്ട് ഈ തോട്ടത്തിന്റെ വാതില്ക്കലേക്ക് ചെല്ലും. ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ മുമ്പോട്ടുപോയി. ആദാം തൊള്ളായിരത്തി മുപ്പതുവർഷം പിന്നെ ജീവിച്ചിരുന്നു. ആദാം എന്നും വെയിലാറുന്ന സമയത്ത് ദൈവത്തിന്റെ സഖിത്വത്തെ യോർത്ത് കരഞ്ഞുകൊണ്ട് ചെല്ലും. പ്രവേശനം കിട്ടുന്നില്ല. മാലാഖമാർ തടഞ്ഞുനില്ക്കുന്നു.

ആദാം തൊള്ളായിരത്തി മുപ്പതു വയസ്സുള്ളവനായി മരിച്ചു. പാപത്തിന്റെ ശിക്ഷ അവനേറ്റു.

എന്നാൽ വിശുദ്ധകന്യകമാതാവിന്റെ ഉദരത്തിൽ പുരുഷസ്പർശമില്ലാതെ സ്ത്രീയുടെ സന്തതിയായി യേശുക്രിസ്തു ജനിച്ചു. കർത്താവായ യേശുക്രിസ്തു ഈ ദുഷ്ടനായ പാമ്പിന്റെ തല ക്രൂശിന്മേൽ ചതച്ചു. നിത്യനായ ദൈവം പണ്ട് അരുളിച്ചെയ്ത വാഗ്ദത്തം നിറവേറുകയായിരുന്നു. കർത്താവായ യേശുക്രിസ്തു ക്രൂശിൽ തന്റെ ത്യാഗമരണത്താൽ

സാത്താനെ തോല്പിച്ചു. സാത്താന്റെമേൽ ജയോത്സവം കൊണ്ടാടി.

മൂന്നാം ദിവസം കർത്താവ് ഉയിർത്തെഴുന്നേറ്റ് പാതാളത്തിലേക്കിറങ്ങിച്ചെന്നു. അവിടെ മൃതരായി കിടക്കുന്ന ഓരോരുത്തരേയും നോക്കിക്കൊണ്ട് കർത്താവ് നടക്കുകയാണ്. ഈ ഭൂമിയിൽനിന്ന് മരിച്ചുവന്നവരെ ഓരോരുത്തരേയും നോക്കുന്നു. അങ്ങനെ നോക്കി നോക്കി ചെന്നപ്പോൾ ആദാമിനെ കണ്ടെത്തി. ആദാം ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് ഏദനിലെ സൗഭാഗ്യം നഷ്ടപ്പെട്ടുപോയല്ലോ എന്നു പറഞ്ഞ് കരഞ്ഞുകൊണ്ട് കിടക്കുകയാണ്.

യേശുക്രിസ്തു ആദാമിനെ തട്ടിയുണർത്തി. അതാണ് പിതാക്കന്മാർ പാടുന്നത്:

“നാഥൻ മൃതരിടയിലുറപ്പി-ച്ചാദത്തെ
ഖേദിക്കേണ്ടാ നിൻപാപ-ത്തെയോർ-ത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനാൽ കയ്പ്പും- കുടിച്ചേൻ ഞാൻ

നഗ്നതയാൽ- നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ്-കോപം താതന്റെ”

പാപത്തോടുള്ള ദൈവത്തിന്റെ കോപം പോയി. പാപിയായ മനുഷ്യൻ പാപം ചെയ്തതിനോടുള്ള ദൈവത്തിന്റെ കോപം പോയി. എന്തുകൊണ്ട്? പാപത്തിന്റെ ശിക്ഷ യേശു ഏറ്റു. പാപത്തിന്റെ ശിക്ഷ യേശു വഹിച്ചു. കർത്താവായ യേശുക്രിസ്തു ആദാമിനോടു പറഞ്ഞു: ആദാമേ, നീ ഖേദിക്കേണ്ട. നീ ഏല്ക്കേണ്ടിയിരുന്ന എല്ലാ ശിക്ഷയുടെ ദുരിതങ്ങളും ഞാനേറ്റു കഴിഞ്ഞു. നീ കുറ്റം ചെയ്തതിനല്ലേ ഞാൻ അടികളേറ്റത്? ഏദെൻ കനി നീ തിന്നതിനല്ലേ ഞാൻ കയ്പുകാടി കുടിച്ചത്? ഞാൻ ചിന്തിയ രക്തത്താൽ പിതാവാം

ദൈവത്തിന്റെ കോപം പോയി.

ആദാം പാപം ചെയ്തതുമൂലം മനുഷ്യജാതി മുഴുവൻ ശാപഗ്രസ്തരായിത്തീർന്നു. സ്നേഹവാനായ ദൈവം, മനുഷ്യനെ വീണ്ടും സ്വർഗ്ഗീയ പറുദീസയിലേക്ക് ചേർക്കാൻ ക്രൂശിൽ മരിച്ചു.

ഇന്ന് അനേകരും ദൈവത്തെ വിട്ട് ദൂരെ ദൂരെ പോയിരിക്കുകയാണ്. പ്രാർത്ഥനയുണ്ട്, നമസ്കാരമുണ്ട്, പള്ളിയുണ്ട്, കഷ്ടാനുഭവ ആഴ്ചയുണ്ട്, ദു:ഖവെള്ളിയാഴ്ച എല്ലാവരും പള്ളിയിൽ വരും. ഓശാന പെരുന്നാളിന് കുരുത്തോല കൈയിൽ പിടിച്ചുകൊണ്ട് പ്രദക്ഷിണത്തിൽ പങ്കെടുക്കും. ഇതെല്ലാം ഉണ്ട്. പക്ഷേ ആത്മാവ് ദൂരെദൂരെ പോയിരിക്കുക യാണ്. ദൈവസ്നേഹത്തിൽനിന്ന് നിങ്ങൾ ദൂരെദൂരെ അകന്ന് പോയിരിക്കുകയാണ്. ഇതൊരു പരമസത്യമാണ്.

ആദാം വിലക്കപ്പെട്ട കനി തിന്നപ്പോൾ ആത്മാവിൽ മരിച്ചു. പിന്നെയും ആദാം തൊള്ളായിരത്തി മുപ്പതുവർഷം ജഡത്തിൽ ജീവിച്ചിരുന്നു. ഇന്ന് അനേകരും ആത്മാവിൽ മരിച്ചിരിക്കുകയാണ്. പക്ഷേ, ശരീരം ജീവിച്ചിരിക്കുന്നുണ്ട്. അനേകരുടെ അവസ്ഥ ഇതാണ്. ഇന്നത്തെ സ്ഥിതിയിൽ കടന്നുപോയാൽ പലരും ദൈവരാജ്യത്തിൽ എത്തുകയില്ല. ഇന്നത്തെ സ്ഥിതിയിൽ കർത്താവായ യേശു വീണ്ടും വരികയാണെങ്കിൽ പലരും കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടുകയില്ല.

ചൂളകുത്തി വിളിക്കുന്നതുപോലെ കാഹളനാദം മുഴങ്ങും. കർത്താവായ യേശു വരുമ്പോൾ, കർത്താവ് വിളിക്കുമ്പോൾ, നിങ്ങൾ ആ വിളി കേൾക്കുകയില്ല. പറക്കാനുള്ള സ്തുതിയുടെ ചിറക് നിങ്ങൾക്ക് കിട്ടിയിട്ടില്ല. ആത്മാവിന്റെ സ്തുതി നിങ്ങൾക്ക് കിട്ടിയിട്ടില്ല. ആത്മാവിന്റെ ആരാധന തുടങ്ങിയിട്ടില്ല. യേശുക്രിസ്തുവുമായിട്ടുള്ള ബന്ധം കിട്ടിയിട്ടില്ല. നിങ്ങൾ

പ്രാർത്ഥിക്കുന്നുണ്ട്. നമസ്ക്കാരം ചൊല്ലുന്നുണ്ട്. നോമ്പു നോക്കുന്നുണ്ട്. ആത്മീയമായ കാര്യങ്ങളിൽ താത്പര്യമുള്ള വരാണ്. വചനം കേൾക്കാൻ താത്പര്യപൂർവ്വം വരുന്നവരാണ്.

പക്ഷേ, ഇതെല്ലാം ഉണ്ടെങ്കിലും ഇന്നത്തെ സ്ഥിതിയിൽ നിങ്ങൾ കടന്നുപോയാൽ ദൈവരാജ്യത്തിൽ എത്തുകയില്ല. വളരെ ഗൗരവമേറിയ കാര്യമാണീ പറയുന്നത്. ശരീരം ഇന്നു ജീവിച്ചിരിക്കുന്നുണ്ട്, ആത്മാവോ മരിച്ചിരിക്കുന്നു. Dead in spirit. അതിനെക്കുറിച്ച് എഫെസ്യലേഖനം പറയും.

*"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായി രുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു."*

*എഫേസ്യർ 2 : 1*

അതിക്രമങ്ങളും പാപങ്ങളും! പുറമെ യാതൊരു സ്വഭാവദൂഷ്യവുമില്ല. പക്ഷേ, ജീവിതത്തിൽ നിരാശ. ആത്മാവ് മരിച്ചു കിടക്കുന്നു. നിങ്ങൾ പലതിലും തൃപ്തിപ്പെട്ടു കഴിയുകയാണ്. ദൈവവേലക്കുവേണ്ടി നിങ്ങൾ പലതും ചെയ്യുന്നുണ്ട്. ആത്മീയമായ ശുഷ്ക്കാന്തിയോടെ പല കാര്യങ്ങളും ചെയ്യുന്നുണ്ട്. എങ്കിലും ഹൃദയത്തിൽ നീരസം മാറിയിട്ടില്ല. മുഷിച്ചിൽ മാറിയിട്ടില്ല. ചിലരോടെല്ലാം മുൻവിധിയുണ്ട്. ചിലരോട് പകയോ വിദ്വേഷമോ ഉണ്ട്. ചിലരോട് ചില അകൽച്ചകളുണ്ട്. ഇണക്കക്കുറവുകളുണ്ട്.

വാസ്തവമായ, നിഷ്ക്കളങ്കമായ സ്നേഹം നിങ്ങളുടെ ഹൃദയത്തിലുണ്ടോ? സ്വന്തം ഭർത്താവിനോട് നിർമ്മലമായ സ്നേഹം എത്ര പേർക്കുണ്ട്? ഭാര്യയോടു നിർമ്മലമായ സ്നേഹം എത്രപേർക്കുണ്ട്? സ്നേഹമാണ് പക്ഷേ, നിത്യനായ ദൈവത്തിന്റെ പരിശുദ്ധമായ കണ്ണുകളിൽക്കൂടി നോക്കുമ്പോ ളാണ് നമ്മുടെ തനിനിറം വെളിവാകുന്നത്.

ഏറ്റവും അശുദ്ധമായ ഒരവസ്ഥ. ഏറ്റവും ദരിദ്രമായ ഒരവസ്ഥ. ഏറ്റവും ഭയാനകമായ ഒരവസ്ഥ.

ഞാൻ ഒരു കഥ കേട്ടിട്ടുണ്ട്. ആഫ്രിക്കയിൽ ഇംഗ്ലണ്ടിൽനിന്ന് ഒരു മദാമ്മ ചെന്നു. ആഫ്രിക്കൻ വൻകരയിൽക്കൂടിയെല്ലാം സഞ്ചരിച്ചു. പോരുമ്പോൾ മദാമ്മ അവിടെനിന്ന് ഒരു നീഗ്രോ പെൺകുട്ടിയെ കൂട്ടിക്കൊണ്ടു വന്നു. കറുത്ത് വികൃതമായ രൂപമുള്ള ഒരു പെൺകുട്ടി. അവളെ മദാമ്മ സ്വന്തം മകളെപ്പോലെ വളർത്തി. എല്ലാ ആഹാരവും കൊടുത്തു. എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. അവൾ മിടുക്കിയായി വളർന്നു വരികയാണ്.

ഒരുദിവസം മദാമ്മ ഒരു വലിയ അലർച്ച കേട്ടുകൊണ്ട് ഓടിച്ചെന്നു. അപ്പോൾ അവൾ നിലക്കണ്ണാടിയുടെ മുമ്പിൽ നിൽക്കുകയാണ്. അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു. ഭൂതം! ഭൂതം! മദാമ്മ നോക്കിയപ്പോൾ അവളുടെ തനി രൂപമാണ് കണ്ണാടിയിൽ പതിഞ്ഞിരിക്കുന്നത്.

അവൾ ചെറുപ്രായത്തിനുശേഷം കറുത്തവർഗ്ഗക്കാരെ കണ്ടിട്ടില്ല. വെള്ളക്കാരുടെ കൂടെയാണ് താമസിക്കുന്നത്. ഇത്രയും വികൃതമായ കറുത്തിരുണ്ട മുഖമാണ് അവളുടേതെന്ന് അവൾക്ക് അറിഞ്ഞുകൂടായിരുന്നു. അവൾ, “അയ്യോ എനിക്കു പേടിയാകുന്നു” എന്നു പറഞ്ഞ് ഉറക്കെ കരഞ്ഞു.

മദാമ്മ അവളെ ചേർത്തു നിർത്തിപ്പറഞ്ഞു: മോളേ, ഇത് നിന്റെ തന്നെ രൂപമാണ്. ഭൂതമോ പിശാചോ ഒന്നുമല്ല. നിങ്ങൾ ജീവിച്ച നാട്ടിൽ നിങ്ങളുടെ മാതാപിതാക്കൾ, നിങ്ങളുടെ സ്വന്തക്കാർ എല്ലാം കറുത്ത വർഗ്ഗക്കാരാണ്. അതിൽ പോരായ്മ യൊന്നുമില്ല. ഒരു കുറവുമില്ല. ഞങ്ങൾ വെള്ളക്കാരെപ്പോലെയുള്ള നിറം നിങ്ങൾക്കില്ല എന്നുള്ളതുകൊണ്ട് ഒരു പോരായ്മയുമില്ല. മോളേ, പേടിക്കണ്ട എന്നു പറഞ്ഞു സമാധാനപ്പെടുത്തി.

നിങ്ങളുടെ തനി രൂപം കണ്ടാൽ നിങ്ങൾ ഭയന്നുപോകും. പല കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നുണ്ട്. നല്ല നല്ല ഉപകാരങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ, അകം എങ്ങനെയിരിക്കുന്നു? അകം

മരിച്ചിരിക്കുകയാണ്. അകത്ത് പൈശാചികൻ വാഴുകയാണ്. സാത്താന്റെ കുടില സ്വഭാവങ്ങളുണ്ട്. സാത്താന്റെ ക്രൂര സ്വഭാവമുണ്ട്. പെട്ടെന്ന് ശുണ്ഠിപിടിക്കുന്ന സ്വഭാവമില്ലേ?

കോപം വരുന്നതിനു കാരണം പിശാചാണ്. അവന്റെ രൂപം നമ്മിൽ കെട്ടിയേല്പിച്ചിരിക്കുകയാണ്. പെട്ടെന്ന് വാശി വരുന്നു. ചിലപ്പോൾ അപ്പനോട് വാശി അല്ലെങ്കിൽ അമ്മയോട് വാശി. അല്ലെങ്കിൽ സഹോദരങ്ങളോട് വാശി. അദ്ധ്യാപകരോട് വാശി. ഇതെല്ലാമുണ്ടായിരുന്നു എനിക്ക്. ഭയങ്കര കോപമുണ്ടായിരുന്നു. ഭയങ്കരമായ വാശിയുണ്ടായിരുന്നു. ദുശ്ശാഠ്യമുണ്ടായിരുന്നു. നിർബ്ബന്ധബുദ്ധിയുണ്ടായിരുന്നു.

ഭാഗ്യവശാൽ കർത്താവായ യേശുക്രിസ്തുവിന്റെ അത്ഭുതകൃപ എന്റെ ഉള്ളത്തിലേക്ക് വന്നപ്പോൾ, യേശുക്രിസ്തുവിന്റെ വചനം കേട്ടപ്പോൾ ഞാനവിടെ തല താഴ്ത്തി. വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ഞാൻ വിനയപ്പെട്ടു. ഞാൻ ഏങ്ങലടിച്ചു. കരച്ചിൽ ആരും കേൾക്കാതിരിക്കാൻ ഞാൻ എന്റെ തല താഴ്ത്തിപ്പിടിച്ചു. ഞാൻ അറിയാതെ ഉറക്കെപ്പറഞ്ഞു: “കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.” പതിനേഴാമത്തെ വയസ്സിൽ അങ്ങനെ ഒരനുഭവം എനിക്കുണ്ടായി.

നിരാശപൂണ്ട ജീവിതമായിരുന്നു. ഒരുവയസ്സുള്ളപ്പോൾ അപ്പൻ മരിച്ചതിനു ശേഷം എനിക്കു രണ്ടുവയസ്സുള്ളപ്പോൾ ചേട്ടനും മരിച്ചു. അങ്ങനെ അനാഥമായിപ്പോയ ഒരു കുടുംബം. വാസ്തവത്തിൽ നിരാശമുറ്റിയ ഒരു ജീവിതം. ആശയറ്റുപോയ ഒരു ജീവിതം. എന്നും അമ്മ കരയുമ്പോൾ ഞങ്ങളും കരയും. അമ്മയ്ക്ക് രോഗം, പെങ്ങൾക്ക് രോഗം, എനിക്കു രോഗം. എന്നും ചികിത്സ. എന്നും കഷായം, എന്നും മരുന്ന്, എന്നും കുഴമ്പ്, എന്നും നെയ്യ്. ആയുർവ്വേദവിധിപ്രകാരമുള്ള സമ്പ്രദായങ്ങളെല്ലാം ഉണ്ടായിരുന്നു. പക്ഷേ, രോഗം മാറുന്നുമുണ്ടായിരുന്നില്ല.

ജീവിതം ക്ലേശകരമായിരുന്നു. ദുരിതം പിടിച്ച ജീവിതമായിരുന്നു. അങ്ങനെ നിരാശനായി ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം മങ്ങി. പത്താം ക്ലാസ്സ് കഴിഞ്ഞപ്പോൾ പഠിത്തം നിറുത്തി, നിരാശനായി പതിനേഴാമത്തെ വയസ്സിൽ ഞങ്ങളുടെ ഇടവകപ്പള്ളിയിൽ, അച്ചൻ പറഞ്ഞതനുസരിച്ച് ഞങ്ങൾ വചനം കേൾക്കാൻ പോയി.

അന്ന് എന്തെങ്കിലും പ്രത്യേക കാര്യം സംഭവിക്കുമെന്ന് ഞാനറിഞ്ഞില്ല. ചിന്തിച്ചുമില്ല. കാരണം, എന്റെ നോട്ടത്തിൽ പാപമൊന്നും എനിക്കില്ല. വന്നിരിക്കുന്ന ആളുകൾക്കല്ലേ പാപം? മദ്യപാനം ഉള്ളവരുണ്ട്. പ്രകടമായ മോഷണസ്വഭാവമുള്ള വരുണ്ട്. കവർച്ചാസ്വഭാവമുള്ളവരുണ്ട്. വഴക്കടിക്കുന്നവരുണ്ട്. പിണങ്ങുന്നവരുണ്ട്. വീട്ടിൽ കലഹം ഉണ്ടാക്കുന്നവരുണ്ട്. പക്ഷേ, എനിക്കിതൊന്നും ഇല്ലല്ലോ.

ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. കുമ്പിട്ട് നമസ്ക്കരിക്കുന്നുണ്ട്. എല്ലാ കൗമായും ചൊല്ലുന്നുണ്ട്. കൃത്യമായ പ്രാർത്ഥനയുണ്ട്. പിന്നെ എനിക്കെന്താ കുഴപ്പം? അതുകൊണ്ട് ഞാൻ വലിയ പ്രതീക്ഷയൊന്നും വച്ചുകൊണ്ടല്ല പോയത്. അച്ചൻ വിളിച്ചു പറഞ്ഞപ്പോൾ പോയി എന്നു മാത്രം.

പക്ഷേ, വചനം പറഞ്ഞുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് പെട്ടെന്ന് എന്റെ നേരെ വിരൽ ചൂണ്ടി, ലാസറേ, പുറത്തുവരിക എന്നു പറഞ്ഞു. ലാസറിന്റെ കല്ലറയ്ക്കകം ചീഞ്ഞിരിക്കുകയാണ്. അവിടെ ദുർഗ്ഗന്ധമുണ്ട്. കല്ലറക്കു പുറത്ത് ഒരു കുഴപ്പവുമില്ല. അവിടെ ഒരു ദുർഗ്ഗന്ധവുമില്ല. ഇതുപോലെ അകം ചീഞ്ഞിരിക്കുന്നവർ, ദുർഗ്ഗന്ധം നിറഞ്ഞവർ ചിലർ ഈ പള്ളിയകത്ത് ഇരിപ്പുണ്ട്. അങ്ങനെയുള്ളവർ ലാസർ മരിച്ചുകിടക്കുന്നതുപോലെ ജീർണ്ണിച്ചു മരിച്ച് പല ദിവസങ്ങളായി ദുർഗന്ധം വമിച്ചു കിടക്കുകയാണ്. അവരുടെ ആത്മാവ് മരിച്ചതാണെന്നു മാത്രമല്ല ദുർഗന്ധപൂരിതമായി കഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ളവരെ

യേശു ഇതാ, രക്ഷിക്കാൻ പോകുന്നു. ലാസറേ, പുറത്തു വരിക.

അതു കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. പെട്ടെന്ന് കണ്ണു തുറന്നുനോക്കി. അദ്ദേഹം എന്റെ നേരെ വിരൽ ചൂണ്ടുന്നതു പോലെ എനിക്കു തോന്നിപ്പോയി. ഞാൻ തലതാഴ്ത്തി. പിന്നെ എനിക്ക് ഒന്നും ആലോചിക്കേണ്ടിവന്നില്ല. കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക എന്നുപറഞ്ഞു.

അതോടെ ജീവിതമാകെ മാറി. യേശുക്രിസ്തു നാഥ നായി വന്നു. മരിച്ച ആത്മാവിന് ജീവൻ കിട്ടി. സമാധാനം കിട്ടി. സ്തുതിയും സ്തോത്രവുമൊക്കെ പറയുന്നത് ഒരു മോശമായി ട്ടാണ് ഞാൻ കരുതിയിരുന്നത്. അതുവരെ ഞങ്ങളുടെ പള്ളി യിൽ കൺവൻഷന് വരുന്നവർ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുമ്പോൾ എനിക്കു ദേഷ്യമായിരുന്നു. തന തുപ്രാർത്ഥനപോലും എനിക്ക് ദേഷ്യമായിരുന്നു. അതൊന്നും പാടില്ലെന്നായിരുന്നു എന്റെ ധാരണ. എഴുതപ്പെട്ട പ്രാർത്ഥനയ ല്ലാതെ തനിയെ ഇരുന്നു പ്രാർത്ഥിക്കുന്നത് തെറ്റാണ് എന്നായി രുന്നു എന്റെ ചിന്ത. അങ്ങനെ ചില മൂഢവിശ്വാസങ്ങളൊക്കെ എനിക്കുണ്ടായിരുന്നു. ഒരിക്കൽ ഞങ്ങളുടെ കൺവൻഷന് ഒരു ദൈവദാസൻ തനതുപ്രാർത്ഥന പ്രാർത്ഥിച്ചു. എനിക്ക് നല്ല ദേഷ്യം വന്നു. ഇഷ്ടക്കുറവ് തോന്നി. ഞാൻ അത്രയും സമയം അലസനായി അവിടെ ഇരുന്നു.

സ്തുതിയെന്നോ സ്തോത്രമെന്നോ പറയുന്നതൊക്കെ എനിക്ക് അറപ്പായിരുന്നു, മോശമായിരുന്നു. അത് ഇത്തിരി ആഢ്യത്വമുള്ളവർക്കൊന്നും ചേർന്നതല്ല എന്നുള്ള ചിന്താഗ തിയാണ് എന്റെ മനസ്സിൽ ഉണ്ടായിരുന്നത്.

എന്നാൽ യേശുക്രിസ്തു അകത്തുവന്നതോടുകൂടി എല്ലാം പൊട്ടിച്ചിതറി. പഴയ ധാരണകൾ പൊട്ടിപ്പോയി. പഴയ ചിന്താഗതികളെല്ലാം തകർന്നുപോയി. പഴയ മനോഭാവങ്ങ ളെല്ലാം തകർന്നുപോയി. എന്റെ ദു:ശീലങ്ങളെല്ലാം - കോപം,

ദുശ്ശാഠ്യം, അമ്മയോട് വഴക്കടിക്കുക-മാറിപ്പോയി. അന്നു ഞാൻ പറഞ്ഞു: കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക. അന്ന് ഒരു പുതിയ ജീവിതം ആരംഭിക്കുകയായിരുന്നു.

ദൈവം നിങ്ങളെ ചൂളകുത്തി വിളിക്കുകയാണ്. ദൈവം നിങ്ങളെ കാഹളനാദത്തോടെ വിളിക്കുകയാണ്. സ്നേഹത്തിന്റെ കാഹളമാണ് നിങ്ങൾ കേൾക്കുന്നത്. നിങ്ങളെ ക്ഷണിക്കുന്ന ക്രിസ്തുവിന്റെ ശബ്ദം നിങ്ങൾ കേൾക്കുകയാണ്. നിങ്ങളിന്ന് എഴുന്നേറ്റ് വരുമോ? കർത്താവിന്റെ വചനം കേട്ട് നിങ്ങളെത്തന്നെ താഴ്ത്തുമോ? കർത്താവേ, കഴിഞ്ഞകാലങ്ങളെല്ലാം പാഴായിപ്പോയല്ലോ. കഴിഞ്ഞകാലങ്ങളെല്ലാം നഷ്ടമായിപ്പോയല്ലോ. എന്റെ നാഥാ, ഇന്നു നീ കടന്നുവന്ന് എന്റെ മേൽ തൃക്കരം ഒന്നു വയ്ക്കണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കുമോ? കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കാൻ നിങ്ങൾ തയ്യാറാകുമോ?

നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി നിങ്ങളുടെ പാപങ്ങൾ നിങ്ങൾ കാണുമോ? നിങ്ങളുടെ തെറ്റുകൾ നിങ്ങൾ കാണുമോ? നിങ്ങൾ മനുഷ്യരിലേക്ക് നോക്കണ്ട. ആശ്രയിക്കാൻ യോഗ്യനായി ഒരാളുണ്ട്. അതെന്റെ കർത്താവായ യേശുക്രിസ്തുവാണ്. ക്രിസ്തുവിലേക്ക് നിങ്ങൾ നോക്കുക. ഒരു സഭയിലേക്ക് നിങ്ങൾ നോക്കണ്ട. ഒരു സമുദായത്തിലേക്ക് നോക്കണ്ട. ഒരു സമുദായ നേതാവിലേക്കും നോക്കണ്ട. ഒരു സുവിശേഷകനിലേക്കും നോക്കണ്ട. നോക്കാൻ കൊള്ളാവുന്ന ഒരാളുണ്ട്. അവനാണ് കർത്താവായ യേശുക്രിസ്തു. അവിടുന്ന് ഇന്ന് ഉയിർത്തെഴുന്നേറ്റ് ജീവിക്കുകയാണ്.

എവിടെ വേദനയുണ്ട്? വേദന ആറ്റി അകറ്റാൻ അവിടുന്ന് വരികയാണ്. എവിടെ ദു:ഖമുണ്ട്? എവിടെ രോഗമുണ്ട്? എവിടെ ആവലാതിയുണ്ട്? എവിടെ കണ്ണീരുണ്ട്? കണ്ണീർ തുടയ്ക്കുവാൻ അവൻ വരികയാണ്.

പ്രിയ മകളേ, നിന്റെ കണ്ണീര് തോർന്നുകിട്ടണമെന്ന് നിനക്ക് ആഗ്രഹമുണ്ടോ? യൗവ്വനക്കാരാ, നിന്റെ ജീവിതത്തിൽ സമാധാനം വേണമെന്ന് നിനക്ക് ആഗ്രഹമുണ്ടോ? യേശു നിന്റെ അരികിലേക്ക് വരികയാണ്.

ചൂളകുത്തി വിളിക്കുകയാണ്. കൊടി ഉയർത്തി ചൂളകുത്തി വിളിക്കുകയാണ്. സുവിശേഷത്തിന്റെ കൊടി ഉയർത്തി വിളിക്കുകയാണ്. തിരികെ വരാൻ വിളിക്കുകയാണ്.

ഇന്ന് ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തെ ഒന്നു കാണാൻ പറ്റുമോ? കർത്താവേ, ഞാൻ പാപിയായൊരു മനുഷ്യൻ. മറ്റാരേയും ഞാൻ നോക്കുന്നില്ല. മറ്റുള്ളവരുടെ പാപം ഞാൻ നോക്കുന്നില്ല. എന്റെ കാര്യമാണ് ഞാൻ നോക്കുന്നത്. എനിക്കു പാപമുണ്ട്. എന്റെ പാപത്തിന് മറ്റൊരാൾ ആണ് ഉത്തരവാദി എന്നു ഞാൻ പറയുന്നത് തെറ്റാണ്.

ഹവ്വാമൂലം എനിക്കു പാപം വന്നു എന്ന് ആദാം പറഞ്ഞത് തെറ്റിപ്പോയി. പാമ്പുമൂലം എനിക്കു പാപം വന്നു എന്ന് ഹവ്വാ പറഞ്ഞത് തെറ്റിപ്പോയി.

ഞാൻ എന്നിലേക്ക് നോക്കുന്നു. എനിക്ക് പാപം വന്നു. അതു വാസ്തവമാണ്. ഞാനൊരാളാണ് കാരണക്കാരൻ. ഞാനൊരാളാണ് കുറ്റക്കാരൻ.

മാതാപിതാക്കളെ നിങ്ങൾ മാനിച്ചുകൊള്ളണം. അപ്പനേയും അമ്മയേയും നിങ്ങൾ ദൈവത്തെപ്പോലെ കരുതിക്കൊള്ളണം. കാണപ്പെടുന്ന ദൈവമാണ് അവർ. മാതാപിതാക്കളെ നിങ്ങൾ ആദരിച്ചുകൊള്ളണം. ഒരു കാരണവശാലും അവരോട് വൈരാഗ്യം വരരുത്. അവരെക്കുറിച്ച് നിങ്ങൾക്ക് ഒരിക്കലും ഈർഷ്യ തോന്നരുത്. മാതാപിതാക്കളെ നിങ്ങൾ ബഹുമാനിച്ചുകൊള്ളണം.

നിങ്ങളുടെ ജീവിതത്തിൽ പാപത്തിലേക്ക് ഇനി പോക

രുത്. ഇനി മദ്യപാനത്തിലേക്ക് പോകരുത്. ഇനി അഴുക്കായ ബന്ധങ്ങളിലേക്ക് പോകരുത്. ചീത്ത കൂട്ടുകെട്ടിലേക്ക് പോകരുത്. അഴുക്കായ ശീലങ്ങൾ പഠിക്കരുത്. കഞ്ചാവ്, പാൻപരാഗ് മുതലായ ലഹരിസാധനങ്ങൾ, മയക്കുമരുന്നുകൾ നിങ്ങൾ തൊട്ടുപോകരുത്. കുട്ടികൾ പ്രത്യേകം ശ്രദ്ധിക്കണം. നിർബ്ബന്ധിച്ചാൽ പോലും ഒരിക്കലും ഉപയോഗിക്കരുത്.

അങ്ങനെ നിങ്ങളുടെ ജീവിതം ഭാസുരമാക്കണം, പ്രശോഭിതമാക്കണം. നിങ്ങൾ മൂലം ഒരു കുടുംബം അനുഗ്രഹിക്കപ്പെടണം. നിങ്ങൾമൂലം ഒരു തലമുറ അനുഗ്രഹിക്കപ്പെടണം. നിങ്ങൾക്കു തീരുമാനിക്കാം. ഇനിമുതൽ ഞാനൊരു പുതിയ സൃഷ്ടിയായിരിക്കും. ഇനിമുതൽ ഞാൻ എന്റെ കുടുംബത്തെ സ്വർഗ്ഗമാക്കും. ഇനിമുതൽ ഞാൻ മൂലം ഒരു പ്രയാസം ആർക്കും വരികയില്ല. ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ഞാൻ മൂലം ഒരു പ്രയാസം വരികയില്ല. ഞാൻ പ്രവർത്തിക്കുന്ന രംഗങ്ങളിൽ എവിടെയാണെങ്കിലും ഞാൻ മൂലം ഒരു പ്രയാസം വരികയില്ല. എന്റെ കൂട്ടായ്മയിൽ ഞാൻ മൂലം ഒരു പ്രയാസം വരികയില്ല. എന്റെ കുടുംബത്തിൽ ഞാൻ മൂലം ആർക്കും വേദന വരികയില്ല. എല്ലാവരെയും ഞാൻ സ്നേഹിക്കും. എല്ലാവരോടും ഞാൻ ക്ഷമിക്കും. എന്റെ തെറ്റുകൾ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ഞാൻ മാപ്പുചോദിച്ചു നിരപ്പാകും.

തീരുമാനിക്കാൻ പറ്റുമോ? ചൂളകുത്തി വിളിക്കുകയാണ്. ദൈവം നിങ്ങളെ സ്നേഹത്തോടെ, കാഹളനാദത്തോടെ വിളിക്കുകയാണ്. ഓരോരുത്തരേയും വിളിക്കുകയാണ്. കർത്താവിന് നിങ്ങളുടെ പേരറിയാം. സക്കായിയേ എന്നു വിളിച്ച കർത്താവ്, മാർത്തയേ, മാർത്തയേ എന്നു വിളിച്ച കർത്താവ്, അബ്രാഹാമേ, അബ്രാഹാമേ എന്നു വിളിച്ച കർത്താവ്, ശമൂവേലേ, ശമൂവേലേ എന്നു വിളിച്ച കർത്താവ്, നിങ്ങളെയും പേരുചൊല്ലി വിളിക്കുകയാണ്. ചൂളകുത്തി വിളിക്കുകയാണ്.

ആ കൊടി അവന്റെ കൈയിലുണ്ട്. ചൂളകുത്തി കൊടിക്കീഴിലേക്ക് വരുവാൻ യേശു വിളിക്കുന്നു. മനോഹരമായ ഒരു കൊടി നാട്ടിയിരിക്കുന്നു. അതിസുന്ദരമായ കൊടി! അത് സ്നേഹത്തിന്റെ കൊടിയാണ്. അത് ജയത്തിന്റെ കൊടിയാണ്. അത് വിശ്വാസത്തിന്റെ കൊടിയാണ്. അത് സത്യത്തിന്റെ കൊടിയാണ്. അത് ന്യായവിധിയുടെ കൊടിയാണ്.

കൊടിക്കീഴിലേക്ക് നിങ്ങൾ ഓടിവരുവിൻ. നിങ്ങൾ വിശ്വാസസമ്പന്നരാകുവിൻ. കർത്താവിന്റെ രക്ഷ നിങ്ങളുടെ സ്വന്തമാക്കിയെടുത്തുകൊണ്ട് ഇന്ന് നിങ്ങൾ പുതിയ തീരുമാനമെടുക്കുവിൻ.

യേശുവേ, ഇപ്പോൾ ഞാനിതാ തിരികെ വരാൻ ആഗ്രഹിക്കുന്നു. മടങ്ങി വരാൻ ആഗ്രഹിക്കുന്നു. ഞാൻ ദൂരെ ദൂരെ പോയിരുന്നു. ദൂരെ ദേശത്തുനിന്നു ഞാനിതാ മടങ്ങിവരാൻ തീരുമാനിക്കുന്നു. ഇപ്പോൾ നാഥാ, നിന്റെ ശബ്ദം കേട്ടുകൊണ്ട്, ആ കാഹളനാദം കേട്ടുകൊണ്ട് സ്നേഹത്തിന്റെ കൊടിക്കീഴിലേക്ക്, ജയത്തിന്റെ കൊടിക്കീഴിലേക്ക്, തിരിച്ചുവരവിന്റെ കൊടിക്കീഴിലേക്ക് ഞാനിതാ വരുന്നു. കർത്താവേ. എന്നെ നീ സ്വീകരിക്കണമേ. മുടിയൻ പുത്രൻ വന്നതുപോലെ ഞാനിതാ വരുന്നു. എന്നെ കൈക്കൊള്ളണമേ. കർത്താവേ, പാപിയായ മനുഷ്യൻ ഇതാ, തിരുമുമ്പാകെ വരുന്നു. എന്നെ സ്വീകരിക്കണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## പതിനൊന്ന്

*"ഭൂതലത്തിലെ സർവ്വനിവാസികളും ഭൂമിയിൽ പാർക്കുന്നവരും ആയുള്ളോരേ, പർവ്വതത്തിന്മേൽ കൊടി ഉയർത്തുമ്പോൾ, നിങ്ങൾ നോക്കുവിൻ; കാഹളം ഊതുമ്പോൾ കേൾപ്പിൻ."*

*യെശയ്യാവ് 18 : 3*

ആശ്വാസം-സ്മൃതിയൊടു മൃതതാതാ
ഭ്രാതാക്കൾക്കേകീടണമേ
നിർത്തണമേ-താവക പൂജകരെ
പരിശുദ്ധന്മാരുടെ നിരയിൽ
സിംഹാസന സംസ്ഥിതനായ് നീ
സത്തമരെത്തിരയുന്നേരം
വിധിനിലയേ ദയ കണ്ടെത്തി-
താവക മഹിമോദയ ദിവസേ
നിൻവലമായവർ നിൽക്കണമെ.

താവകമഹിമോദയ ദിവസേ-യേശുവേ, നിന്റെ മഹിമ ഉദിക്കുന്ന ഒരു ദിവസമുണ്ടല്ലോ-ആ ദിവസത്തിൽ ഞങ്ങളുടെ വാങ്ങിപ്പോയവർ നിന്റെ വലഭാഗത്തു നിൽക്കണമേ. നിന്റെ ന്യായവിധിയുടെ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഞങ്ങളുടെ വാങ്ങിപ്പോയവർ നിൽക്കുമാറാകണമേ. നിന്റെ ആരാധകരായി ഈ ഭൂവിൽ ജീവിച്ചവരെ പരിശുദ്ധന്മാരുടെ നിരയിൽ നിർത്തണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നീ സിംഹാസനാരൂഢനായി വരുമ്പോൾ ഞങ്ങളുടെ വാങ്ങിപ്പോയവർക്ക് നിന്റെ സന്നിധിയിൽ പ്രവേശനം നൽകുമാറാകണമേ.

നിന്റെ മഹത്വമുദിക്കുംനാൾ, അത് കർത്താവായ യേശു വീണ്ടും വരുന്ന ദിവസമാണ്. കാഹളമൂതുന്ന ഒരു ദിവസമുണ്ട്. ഗംഭീരനാദം പുറപ്പെടുന്ന ഒരു ദിവസമുണ്ട്. മീഖായേലിന്റെ ശബ്ദം മുഴങ്ങുന്ന ഒരു ദിവസമുണ്ട്.

നാം ഭൂമിയിൽ ജീവിച്ചിരിക്കുമ്പോഴാണോ ആ ദിവസം? നമുക്കറിഞ്ഞുകൂടാ. കർത്താവായ യേശു വീണ്ടും വരുമ്പോൾ മൂന്നു കാര്യങ്ങൾ സംഭവിക്കും.

1. കർത്താവിന്റെ ഗംഭീരനാദം
2. പ്രധാന ദൂതന്റെ ശബ്ദം
3. ദൈവത്തിന്റെ കാഹളം

*"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും."*

*1 തെസ്സലോനിക്യർ 4 : 16, 17*

ഇന്നെന്നപോലെ ഒരു ദിവസം കർത്താവിന്റെ ഗംഭീരനാദം മുഴങ്ങും. രണ്ടുപേർ കിടക്കയിലായിരിക്കും. ഒരുത്തനെ സ്വീകരിക്കും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും. രണ്ടുപേർ ഒരേ വയലിൽ വേല ചെയ്യുകയായിരിക്കും. ഒരുത്തനെ സ്വീകരിക്കും മറ്റവനെ ഉപേക്ഷിക്കും.

കർത്താവായ യേശു വീണ്ടും വരും. ഒരുപക്ഷേ നാം ഉറങ്ങിക്കിടക്കുമ്പോഴായിരിക്കും. യാത്ര ചെയ്യുമ്പോഴായിരിക്കും.

നാം ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴായിരിക്കും. അടുക്കളയിൽ ധൃതിപിടിച്ച് ജോലി ചെയ്യുകയായിരിക്കും. നാം വിളമ്പിക്കൊടുത്തുകൊണ്ടിരിക്കുകയായിരിക്കും. ഭക്ഷണം കഴിക്കുമ്പോഴായിരിക്കും. ഏതോ ഒരു സമയത്ത് പെട്ടെന്ന് ഒരു ശബ്ദം കേൾക്കും. കർത്താവിന്റെ ഗംഭീരനാദമുണ്ടാകും. പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദം കേൾക്കും.

ജീവനോടെ ശേഷിക്കുന്ന കുറച്ചു പേരുണ്ടാകും. വാങ്ങിപ്പോയവർ എല്ലാവരും ഉയിർത്തെഴുന്നേൽക്കുകയില്ല. വാങ്ങിപ്പോയ വിശുദ്ധന്മാർ മാത്രം ഉയിർത്തെഴുന്നേൽക്കും. സെമിത്തേരികളിലെ എല്ലാ കല്ലറയും തുറക്കുകയില്ല. വിശുദ്ധന്മാരുടെ കല്ലറ തുറക്കപ്പെടും. കർത്താവിന്റെ ഗംഭീരനാദം കേട്ട്, പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദം കേട്ട്, ദൈവത്തിന്റെ കാഹളനാദം കേട്ട് വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. അതിന് ഒന്നാമത്തെ പുനരുത്ഥാനം എന്നു പറയുന്നു.

രണ്ടാമത്തെ പുനരുത്ഥാനമുണ്ട്. അത് വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേൽപ്പല്ല; മാനസാന്തരപ്പെടാതെ അവിശ്വാസികളായി, രക്ഷ നഷ്ടപ്പെടുത്തിയവരുടെ പുനരുത്ഥാനമാണ്. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാണെന്ന് വെളിപ്പാടുപുസ്തകത്തിൽ പറയുന്നു.

> *"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു."*
>
> *വെളിപ്പാട് 20 : 6*

നാം വിശുദ്ധരായി ജീവിച്ചാൽ, യേശുക്രിസ്തുവിന്റെ പുണ്യാഹരക്തത്താൽ കഴുകപ്പെട്ടവരായി ജീവിച്ചാൽ, പാപമില്ലാത്ത ജീവിതം നയിച്ചാൽ അഥവാ വന്നുപോയ പാപങ്ങൾ കർത്താവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ട അനുഭവത്തിൽ ജീവിച്ചാൽ ഈ ഭൂമിയിൽനിന്ന് വാങ്ങിപ്പോയതിനുശേഷമാണെങ്കിലും കർത്താവിന്റെ വരവിൽ നമുക്ക് ഉയിർത്തെഴുന്നേൽക്കാം. ഒരാത്മശരീരം നമുക്ക് കിട്ടും.

പൊടിയായിപ്പോയ ശരീരമാണെന്നിരിക്കട്ടെ, ജീർണ്ണിച്ചു പോയ ശരീരമാണെന്നിരിക്കട്ടെ, ആ ശരീരത്തിന്റെ ഒരു പൊടി പോലും ഭൂമിയിൽ ബാക്കിയില്ലെന്നിരിക്കട്ടെ, സമുദ്രത്തിൽവെച്ച് നഷ്ടപ്പെട്ടുപോയതായിരിക്കട്ടെ എന്നാലും പഴയ ശരീരം രൂപാന്തരം പ്രാപിച്ച്, ആത്മശരീരം പ്രാപിച്ച് ഉയിർത്തെഴു ന്നേൽക്കും.

മാനസാന്തരപ്പെട്ടു ക്രിസ്തുവിനായി ജീവിതം സമർപ്പിച്ച് യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിച്ച് തിരുര ക്തത്താൽ പാപങ്ങളെല്ലാം മോചിക്കപ്പെട്ടവരായി നാം ഈ ഭൂമിയിൽ ജീവിക്കുമെങ്കിൽ നമുക്ക് കർത്താവിന്റെ രണ്ടാ മത്തെ വരവിൽ പുനരുത്ഥാനം ലഭിക്കും. അല്ലാത്തവരെല്ലാം തള്ളപ്പെട്ടുപോകും.

ഇപ്പോഴാണ് കർത്താവിന്റെ ഗംഭീരനാദം മുഴങ്ങുന്നതെ ങ്കിൽ, പ്രധാനദൂതന്റെ ശബ്ദം മുഴങ്ങുന്നതെങ്കിൽ, ദൈവ ത്തിന്റെ കാഹളം മുഴങ്ങുന്നതെങ്കിൽ എത്രപേർ പറന്നുയരും? ജീവനോടിരിക്കുന്ന വിശുദ്ധന്മാർക്ക് രൂപാന്തരം സംഭവിക്കും. ശരീരം പഴയതുപോലെയുള്ള ആകൃതി, പഴയ രൂപം, പഴയ മുഖം, പഴയ ഛായ. പക്ഷേ, ആ ശരീരത്തിന് വേണമെങ്കിൽ ദൂരെ ദൂരെ യാത്ര ചെയ്യാം.

നാം ഡൽഹിയിൽ പോയിട്ടുണ്ടെങ്കിൽ നമുക്ക് ഇപ്പോൾ ഇവിടെ ഇരുന്നുകൊണ്ട് ഡൽഹിയിലേക്ക് മനസ്സുകൊണ്ട് യാത്ര ചെയ്യാം. നാം തിരുവനന്തപുരത്ത് പോയിട്ടുള്ളവരാണെ ങ്കിൽ തിരുവനന്തപുരത്തേക്ക് മനസ്സുകൊണ്ട് യാത്ര ചെയ്യാം. ന്യൂയോർക്കിൽ പോയിട്ടുള്ളവരാണെങ്കിൽ ഇപ്പോൾ നിങ്ങൾക്ക് ന്യൂയോർക്കിൽ മുമ്പുപോയ സ്ഥലങ്ങളെല്ലാം മനസ്സിൽ കാണാൻ പറ്റും. അത്രവേഗം ഈ മനസ്സ് പായുന്നു എന്നതു പോലെ ഉയിർത്തെഴുന്നേറ്റ ശരീരം സ്ഥലകാല പരിമിതി കൾക്കപ്പുറമായി എവിടെയും കടന്നുചെല്ലാം. വാതിലും ജനലും അടച്ചിട്ടിരുന്നാലും കടന്നുവരാം. വേണമെങ്കിൽ ആ ശരീരത്തിന് ഭക്ഷണം കഴിക്കാം. കഴിക്കണമെന്നില്ല.

കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർ കൊടുത്ത തേൻകട്ടയും അപ്പത്തിന്റെ കഷണവും ഭക്ഷിച്ചല്ലോ. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശരീരമായിട്ടും ഭക്ഷണം കഴിച്ചു. യേശുക്രിസ്തു വാതിലും ജനലും അടച്ചിരുന്ന മുറിയ്ക്കകത്ത് പ്രവേശിച്ചു.

യേശുക്രിസ്തു വീണ്ടും വരും. നൂറ്റാണ്ടുകൾക്കുമുമ്പ് യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ ശിഷ്യന്മാർ എല്ലാവരും മുകളിലേക്ക് നോക്കി നിൽക്കുന്നു. അവരെ വിട്ട് കർത്താവ് പോകുകയാണ്. അപ്പോൾ ആകാശത്തിൽ രണ്ടു മാലാഖമാർ വന്നു നിന്നിട്ട് പറഞ്ഞു:

*"ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു." അപ്പൊസ്തലപ്രവൃത്തികൾ 1 : 11*

യേശു വീണ്ടും വരും. മാലാഖമാരുടെ സാക്ഷ്യം. അപ്പൊസ്തലന്മാർ എല്ലാവരും സാക്ഷ്യം പറഞ്ഞു, പൗലോസ്ശ്ലീഹാ സാക്ഷ്യം പറഞ്ഞു, യാക്കോബുശ്ലീഹാ പറഞ്ഞു, പത്രോസ്ശ്ലീഹാ പറഞ്ഞു: യേശു വീണ്ടും വരും.

*"അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും." 2 പത്രോസ് 3 : 10*

യേശുക്രിസ്തു വീണ്ടും വരും.

ഇന്ന് യേശു വന്നാൽ മകനേ, നീ യേശുവിന്റെ അടുക്കലേക്ക് ചേർക്കപ്പെടുമോ? മകളേ, ഇന്ന് യേശു വന്നാൽ യേശുക്രിസ്തുവിന്റെ അരികിലേക്ക് നീ ചേർക്കപ്പെടുമോ? ഇന്നത്തെ

സ്വഭാവം വച്ചുകൊണ്ട് അങ്ങോട്ടു കടന്നുചെല്ലുവാൻ സാധിക്കുമോ?

നിങ്ങൾക്ക് ഈ യേശുവിനെ എതിരേൽക്കാൻ സമ്മതമാണോ? യേശുവിനെ സ്വീകരിക്കാൻ നിങ്ങൾക്ക് സമ്മതമാണോ? യേശുവിന്റെ രണ്ടാമത്തെ വരവിൽ പറന്നുയരാൻ എനിക്കും ഭാഗ്യം ലഭിക്കണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

ഈ ഭൂമിയിൽ നേടേണ്ടതായി ഒന്നേയുള്ളൂ. കർത്താവിന്റെ രണ്ടാമത്തെ വരവിൽ പറന്നുയരുക. ഇപ്പോൾത്തന്നെ നിങ്ങൾ കർത്താവിനോടു പറയണം: "കർത്താവേ, എനിക്ക് ആ മഹാഭാഗ്യം തരണമേ. അവിടുത്തെ രണ്ടാമത്തെ വരവിൽ കൊടി ഉയർത്തി കാഹളം ഊതുമ്പോൾ നിന്റെ അരികിലേക്ക് വരാൻ എനിക്ക് ഭാഗ്യം തരണമേ. അനേകം വിശുദ്ധന്മാർ പറന്നെത്തുന്ന ആ സ്ഥലത്തേക്ക് ചെല്ലാനുള്ള യോഗ്യതയൊന്നും എനിക്കില്ല. ഞാൻ ഒരു വിശുദ്ധൻ എന്നു പറയാറായിട്ടില്ല. കർത്താവേ, എങ്കിലും ഞാൻ എളിമയോടെ തിരുമുമ്പിൽ വരുന്നു. മശിഹാ, മഹാപാപിയായ എന്നോടു കരുണ തോന്നണമേ."

ഞാൻ തികഞ്ഞവനായിട്ടില്ല. കർത്താവിന്റെ രണ്ടാമത്തെ വരവിൽ കർത്താവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങലിലേക്ക് കൈനീട്ടിക്കൊണ്ട് എത്തിപ്പിടിക്കാൻ ഞാൻ നോക്കും. അങ്ങനെ ആ തൊങ്ങലിൽ പിടിച്ചുകൊണ്ട് ഞാൻ കയറിപ്പോകും.

വലത്തുഭാഗത്തെ കള്ളൻ നിലവിളിച്ചു. അതുവരെയും കർത്താവിനെ ദുഷിച്ചവനാണ്. കർത്താവിനെ പഴിച്ചവനാണ്. കർത്താവിനെ നിന്ദിച്ചവനാണ്. എന്നാൽ അവൻ പറഞ്ഞു: "മശിഹാ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളേണമേ" എന്ന്. അപ്പോൾ കർത്താവ് പറഞ്ഞു: "ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും."

അതുവരെയും കൊള്ളക്കാരനായിരുന്നു. അതുവ

രെയും കവർച്ചക്കാരനായിരുന്നു. അതുവരെയും ഘാതകനായിരുന്നു. അതുവരെയും കൊലയാളിയായിരുന്നു. അതുവരെയും ദുഷ്ടനായിരുന്നു. അതുവരെയും നിഷ്ഠൂരനായിരുന്നു. എന്നാൽ അപ്പോൾ, ആ അവസാനസമയത്ത് അവന്റെ ജീവിതത്തിൽ അവന് കർത്താവിനെ അടുക്കൽ കിട്ടിയ സമയത്ത്, അവന്റെ ജീവിതത്തിൽ കർത്താവിന്റെ ശബ്ദം കേൾക്കാൻ ഇടയായ ആദ്യത്തെ സമയത്തു തന്നേ, അവൻ നിലവിളിച്ചു: മശിഹാ നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെക്കൂടി ഓർത്തു കൊള്ളേണമേ.

ഇപ്പോൾ നിങ്ങൾക്ക് പ്രാർത്ഥിക്കാൻ പറ്റുമോ? യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കാൻ പറ്റുമോ? യേശു നിങ്ങളെ തൊടും. അത്ഭുതകരമായ ഒരു വ്യതിയാനം നിങ്ങളുടെ ജീവിതത്തിൽ വരും. നിങ്ങൾ രക്ഷിക്കപ്പെട്ടവരായിത്തീരും. രക്ഷയുടെ സന്ദേശം പറയുന്നവരായിത്തീരും. നിങ്ങൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരായിത്തീരും. ദൈവത്തെ സ്നേഹിക്കുന്നവരായിത്തീരും. ദൈവവഴിയിലേക്ക് തിരിയുന്നവരായിത്തീരും.

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവാണ് ഈ കൊടി സൂചിപ്പിക്കുന്നത്. സ്വർഗ്ഗീയകാഹളം ഊതും.

നാം ഓരോരുത്തരും ജയത്തിന്റെ കൊടി ഉയർത്തേണ്ടവരാണ്. ജയത്തിന്റെ കൊടി ഉയർത്തി കർത്താവിന്റെ രണ്ടാമത്തെ വരവിൽ കർത്താവിനെ എതിരേല്പാൻ പുറപ്പെടേണ്ടവരാണ്. നാം ഓരോരുത്തരും സത്യത്തിന്റെ കൊടി ഉയർത്തി യേശുവിനെ എതിരേല്പാൻ പുറപ്പെടേണ്ടവരാണ്. നാം ഓരോരുത്തരും സാക്ഷ്യത്തിന്റെ കൊടി ഉയർത്തി ദൈവത്തെ എതിരേല്പാൻ പുറപ്പെടേണ്ടവരാണ്. നാം ഓരോരുത്തരും ജീവിതത്തിൽ അനുഭവങ്ങളുടെ കൊടികൾ, അനുഗ്രഹത്തിന്റെ കൊടികൾ ഉയർത്തിക്കൊണ്ട് കർത്താവിനെ എതിരേല്പാൻ പോകേണ്ടവരാണ്. ജയജീവിതം നയിക്കുന്നവർക്കാണ് സമാധാനം ലഭിക്കുന്നത്.

അനേകരുടെ തലമേൽ ശാപമുണ്ട്. ഈ ശാപങ്ങൾമൂലം മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നുപോയിരിക്കുന്നു. ആത്മീയകാര്യങ്ങൾ ചിന്തിക്കുന്നില്ല. ഈ ലോകത്തിലെ കാര്യ ങ്ങൾ മാത്രമാണ് ചിന്തിക്കുന്നത്.

ഈ ലോകത്തിലെ ധനം നിന്നെ വിട്ടുപോകും. നീ സമ്പാ ദിച്ചതെല്ലാം നിന്നെ വിട്ടുപോകും. നീ അറിയുന്നുണ്ടോ?

> *"യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സു എത്ര എന്നതിനെയും എന്നെ അറി യിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളു കളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു; എന്റെ ആയുസ്സു നിന്റെ മുമ്പാകെ ഏതുമില്ലാത്തതു പോലെയിരിക്കുന്നു; ഏതു മനുഷ്യനും ഉറച്ചുനി ന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം; അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം; അവൻ ധനം സമ്പാദിക്കുന്നു; ആർ അനുഭവിക്കും എന്നറി യുന്നില്ല."* *സങ്കീർത്തനങ്ങൾ 39 : 4 – 6*

ധനം സമ്പാദിക്കുന്നുണ്ട്. നാം നമ്മുടേതെന്നു വിചാരിച്ച് എല്ലാം സ്വരുക്കൂട്ടി വയ്ക്കുന്നു. പക്ഷേ, മക്കൾക്കു കിട്ടണമെ ന്നില്ല. അടുത്ത തലമുറയാകുമ്പോഴേക്കും എന്തെല്ലാമാണ് സംഭവിക്കുന്നതെന്ന് ആരറിഞ്ഞു? ഇന്നുള്ള അഭിവൃദ്ധിയും ഐശ്വര്യവും അതുപോലെ നിൽക്കും എന്നു വിചാരിക്കരുത്.

ഒരു സമയത്ത് നാം മരണത്തെ നേരിടും. അന്ന് ഒരുറച്ച വിശ്വാസം വേണം. യേശുക്രിസ്തു വീണ്ടും വരുമ്പോൾ ഞാൻ ഉയിർത്തെഴുന്നേൽക്കും. പുനരുത്ഥാനശരീരം എനിക്കു ലഭിക്കും. വിശുദ്ധന്മാർ വാനമേഘങ്ങളിൽ പറക്കും. മരിച്ചുപോയ വിശുദ്ധന്മാരുടെ ശരീരം ഉയിർത്തെഴു ന്നേൽക്കയും ജീവനോടിരിക്കുന്ന വിശുദ്ധന്മാരുടെ ശരീരം

രൂപാന്തരപ്പെടുകയും ചെയ്ത് ആകാശമേഘങ്ങളിലേക്ക് എടുക്കപ്പെടും.

നാഥാ! ഇന്നെന്നപോലെ ഒരു ദിവസം നീ വീണ്ടും വരുമ്പോൾ ചിറകടിച്ച് പറക്കുന്ന പ്രാവുകളെപ്പോലെ ഞാനും പറക്കും. കർത്താവേ, ഞാൻ വിശ്വസിക്കുന്നു, കുറുപ്രാവുകളെപ്പോലെ കുറുകിക്കരഞ്ഞുകൊണ്ടിരിക്കുന്ന ഞാനും അന്ന് പറക്കും. എന്റെ യേശുവിന്റെ സന്നിധിയിലേക്ക് ഞാനും പറന്നെത്തും. എന്റെ രാജാധിരാജന്റെ അരികിലേക്ക്, എനിക്കുവേണ്ടി ആണിയടിച്ച് തകർക്കപ്പെട്ട ആ പാദത്തിങ്കലേക്ക്, എനിക്കുവേണ്ടി ആണിയടിച്ചു തകർക്കപ്പെട്ട ആ തൃക്കരങ്ങളിലേക്ക്, എനിക്കുവേണ്ടി ചങ്കു തുറന്ന ആ തിരുശരീരത്തിലേക്ക് ഞാനും അണഞ്ഞുചേരും.

ആ തിരുരക്തം എന്റെ പാപങ്ങളെല്ലാം കഴുകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ കർത്താവേ, ആ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെമേൽ വന്ന് പതിഞ്ഞ് എന്നെ ഞാനല്ലാതാക്കി മാറ്റണമേ. എന്റെ പഴയ സ്വഭാവം മാറ്റണമേ. എന്റെ പഴയ പ്രകൃതം മാറ്റണമേ. ഇപ്പോൾത്തന്നെ സ്വർഗ്ഗത്തിന്റെ അഗ്നി എന്റെ ശരീരത്തിലൂടെ ഇറങ്ങി, എന്റെ സിരകളിലൂടെ ഒഴുകി എന്റെ അവയവം മുഴുവൻ നിറയണമേ. യേശുവേ, എന്റെ ഹൃദയത്തിൽ ആ തീ തിങ്ങണമേ. ആ തീ തിങ്ങിയിട്ട് തീയുടെ ഭാഷയിൽ സംസാരിപ്പാൻ എനിക്ക് ഭാഗ്യം തരണമേ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ**

**കടയിരുപ്പ്** (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)

**Ph : 0484 -2689489, 9142 303096**

---

**രണ്ടാം ശനിയാഴ്ച** 9.00am - 2.00pm

**സാക്ഷ്യയോഗം** 4.30pm - 9.00pm

**രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള**

**രണ്ടാം ഞായറാഴ്ച** 12.30pm - 5.00pm

**മൂന്നാം ഞായറാഴ്ച** 12.30pm - 5.00pm

**എല്ലാ തിങ്കളാഴ്ചയും** 6.00pm - 8.30pm

**എല്ലാ വെള്ളിയാഴ്ചയും** 6.00pm - 8.30pm

(ബൈബിൾ ക്ലാസ്സ്)

**ഒന്നാം ചൊവ്വാഴ്ച** 9.00am - 12.45pm

(വനിതകളുടെ യോഗം)

**എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** 6.30pm - 9.00pm

യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ)